


# ദൈവം
## മനസ്സിൽ സൂക്ഷിച്ച
# ഉണർവ്

സുനിൽ വർഗീസ്

SONORA
PUBLISHING
Kozhencherry P. O. Kerala - 689 641
Phone: 0097444118954; Mob. 09605050050
E-mail: sonora64@gmail.com

# Daivam Manassil
# Sookshicha Unarvu

(Malayalam)

By

**Sunil Varghese**
Cheravalliyil House, Kozhencherry P. O.
Pathanamthitta Dist . Kerala
Phone: ~~09739281392~~
e-mail: theministryoftoday@gmail.com

© Sunil Varghese 2010
All rights reserved.

1st edition: November 2010

**Published by:**
Sonora Publishing
Kozhencherry P. O. Kerala - 689 641
Phone: 0097444118954; Mob. 09605050050
E-mail: sonora64@gmail.com

**Type setting & Cover:**
Gilgal Creations, Thiruvalla, Mob. 9495238069

**Printed at:**

**Price: ₹ 70.00**

Downloaded from www.GodsOwnLanguage.com/mal/Books

സമർപ്പണം

എന്റെ പ്രിയനായ
യേശുവിന്

# ഇതളുകൾ


| | | |
|---|---|---|
| നന്ദിയുടെ നദികൾ ഒഴുകുമ്പോൾ | | 7 |
| ദൈവം മനസ്സിൽ ഉണർവു സൂക്ഷിച്ചുവോ? | | 9 |
| നിങ്ങളുടെ ധ്യാനത്തിനു മുമ്പ് | | 11 |
| 1. | ശത്രുവിന്റെ നെറ്റി | 15 |
| 2. | എന്നെപ്പോലെയുള്ള ഒരുവൻ | 18 |
| 3. | മേൽക്കൂര പൊളിക്കുക | 22 |
| 4. | ദൈവത്തെ തെളിയിക്കുക | 24 |
| 5. | ദൈവം ബഹുമാനിക്കുന്ന തലം | 27 |
| 6. | ആരവം കേൾക്കുന്ന ശത്രു | 30 |
| 7. | ഗിദെയോനിലെ ബലം | 33 |
| 8. | യേശു വരുന്നത് | 36 |
| 9. | വാഗ്ദത്തം എന്ന കവചം | 39 |
| 10. | യാഗവസ്തുവിൽ വെള്ളമൊഴിക്കുക | 41 |
| 11. | ഗലീലയ്ക്കു ലഭിച്ച വെളിച്ചം | 44 |
| 12. | ദൈവമേ, നിന്റെ വേദന തരൂ | 47 |
| 13. | യേശുവിന്റെ ഭാവം കണ്ടുപിടിക്കുക | 50 |
| 14. | മൊർദ്ദെഖായിയെക്കുറിച്ചുള്ള ഭയം | 54 |
| 15. | അഭിഷേകത്തിന്റെ രേഖീയ പാതകൾ | 57 |
| 16. | ഒരു തലേരാത്രിയെക്കുറിച്ച് | 61 |

17. ദൈവത്തിന്റെ പാഠശാല 65
18. ദൈവഹൃദയത്തിലേക്കു നോക്കുക 69
19. മടക്കിത്തരുന്ന യേശു 72
20. നീനെവേയെയും അവൻ സ്നേഹിച്ചു 76
21. അപമാനിക്കപ്പെട്ടവരുടെ ദൈവം 79
22. ആ കപ്പൽച്ചേതത്തിനു പിന്നിൽ 82
23. ഒരു കുഷ്ഠരോഗി തിരിച്ചോടുന്നു 86
24. ഉപേക്ഷിക്കപ്പെട്ടു കിടന്ന പടകുകൾ 90
25. ഈ അധികാരം നിനക്കു തന്നത് ആർ? 94
26. ദൈവത്തിന് ആളുകളെ ആവശ്യമുണ്ട് 99
27. ഇടവേളകൾ നൽകുന്ന ദൈവം 103
28. നമ്മിൽ വസിക്കുന്ന ദൈവസാന്നിധ്യം 107
29. വിശുദ്ധിയുടെ അളവറ്റ ആഴം 112
30. രൂപാന്തരപ്പെടുത്തുന്നവർ 115


# നന്ദിയുടെ നദികൾ ഒഴുകുമ്പോൾ

വളരെ പുറകിൽ, കെടാത്ത ഒരു മെഴുകുതിരി നാളമായി ആ ദൈവദാസനുണ്ട്. മനസ്സിലെ ഓരോ ചുവരുകളിലും പതിഞ്ഞു കിടന്നിരുന്ന യുക്തിചിന്തയും ദൈവവിരോധവും വളരെ സാവധാനം ഒപ്പിയെടുത്ത് യേശുവിനെ പ്രകാശിപ്പിച്ചു തന്ന നല്ല മനുഷ്യൻ. ഇപ്പോഴും ആ പനിച്ചൂട് നിറഞ്ഞ ദിനങ്ങളെ ഓർത്തെടുക്കുമ്പോൾ മിഴികൾ തുടിക്കും, ഉള്ളിലെ നദി പൊട്ടിപ്പുറപ്പെടാൻ വെമ്പും.

പിന്നീട് ദൈവവചനത്തിലേക്ക് കൈ പിടിച്ചു നടത്തിയ എത്രയോ പേർ. ആ കയറ്റങ്ങളിലും തിരിവുകളിലുമൊക്കെ സ്മരണയോടെ തിരികെ ചെല്ലുമ്പോൾ കൈകൂപ്പി നിൽക്കുവാനേ കഴിയൂ.

വഴി മാറിപ്പോകാതെ, കത്തിത്തുടങ്ങിയ റാന്തൽ വെളിച്ചമണയാതെ, വന്മഴയും കൊടുങ്കാറ്റും ആഞ്ഞടിച്ചപ്പോഴൊക്കെ സങ്കേതമായി, തണലായി അവർ കൂട്ടിരുന്നു.

"ദൈവം മനസ്സിൽ സൂക്ഷിച്ച ഉണർവ്" എന്ന ഈ പുസ്തകത്തിൽ നിങ്ങൾ വായിക്കുന്നതിൽ ഏറിയ പങ്കും 2005 -ൽ ചാലായിക്കര ബെഥേൽ വർഷിപ്പ് സെന്ററിൽ പ്രസംഗിക്കപ്പെട്ടവയാണ്. വചനം പ്രസംഗിക്കണമെന്ന് നിർബന്ധിച്ച് ശുശ്രൂഷയിലേക്ക് കൈപിടിച്ചു നടത്തിയ ഷാലുച്ചായനെക്കുറിച്ച് ഓർക്കാതെ ഈ പുസ്തകം പ്രകാശിപ്പിക്കുവാൻ കഴിയുകയില്ല. ഈ ആശയങ്ങൾ പുസ്തകരൂപത്തിലാകുവാൻ അദ്ദേഹം എത്രയോ രാത്രികളിൽ പ്രാർത്ഥിച്ചിരിക്കണം. അന്ന് സഹശുശ്രൂഷകനായി നിന്ന പ്രിയ സ്നേഹിതൻ ബിജിയെയും മറക്കുവാനാവില്ല.

പിന്നീട് ഇവ സ്വർഗ്ഗീയധ്വനി ദ്വൈവാരികയിൽ 2008 അവസാന മാസങ്ങൾ മുതൽ തുടർച്ചയായി പ്രസിദ്ധീകരിച്ച ചീഫ് എഡിറ്റർ ഫിന്നി പി. മാത്യുവിനോടുള്ള സ്നേഹം അളവറ്റതാണ്.

സ്വർഗ്ഗീയധ്വനിയിൽ നിന്ന് വായിച്ചതിനു ശേഷമാണ് ബാല്യകാല സുഹൃത്തും സഹപാഠിയുമായിരുന്ന ലിജു ജി. തോമസ് ഈ പുസ്തകത്തെക്കുറിച്ചുള്ള സ്വപ്നം വീണ്ടും പകർന്നത്. ലിജു തന്നെയാണ് ഇത് പ്രസിദ്ധീകരിക്കുന്നത്. പരസ്പരം മത്സരിച്ച് വചനത്തിൽ നിന്ന്

ഞങ്ങൾ പുതിയ റീമകൾ വാരിയെടുത്ത്, പങ്കുവെച്ച ആ പഴയ കാലം വീണ്ടും കൺമുൻപിൽ പൂത്തു നിൽക്കുന്നു.

പിന്നെയും എഴുതുവാൻ, വചനം പഠിക്കുവാൻ ഒക്കെ എന്നും പ്രോത്സാഹനമായിരിക്കുന്ന പാസ്റ്റർ ഫിന്നി സ്റ്റീഫൻ സാമുവൽ ആണ് ഈ പുസ്തകത്തിന് അവതാരിക എഴുതി അനുഗ്രഹിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ സ്വാധീനമാണ് ചിന്തകളിലെ തീ അണയാതെ നിർത്തിയിട്ടുള്ളത്.

ബാംഗ്ലൂരിലുള്ള എന്റെ പ്രാദേശിക ചർച്ചിലെ പാസ്റ്റർ ജോമോൻ ജോൺ ചമ്പക്കുളത്തിനോടുള്ള നന്ദിയും ഈ പുസ്തകത്തോടുള്ള ബന്ധത്തിൽ സ്മരിക്കാതിരിക്കാനാവില്ല. വചനത്തിൽ വരുന്ന സംശയങ്ങൾ ചർച്ച ചെയ്യുവാൻ അദ്ദേഹത്തെയായിരുന്നു ദൈവം നൽകിയത്.

1999-ൽ എന്റെ ആദ്യ കഥ പ്രസിദ്ധീകരിച്ച മാത്യു പാലത്തുങ്കൽ ആണ് ആദ്യ പുസ്തകത്തിന്റെ എഡിറ്റിംഗും ലേ ഔട്ടും കവർ ഡിസൈനിംഗും നിർവഹിച്ചിരിക്കുന്നത്. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിൽ അദ്ദേഹം നൽകിയ ഉപദേശങ്ങളും സ്മരണീയമാണ്.

എന്റെ പ്രിയ പിതാവ് വി.എ. വർഗ്ഗീസ്, മാതാവ് ലാലി വർഗ്ഗീസ് അനുജന്മാർ അനിലും സനിലും പ്രാർത്ഥനയിലും വചനധ്യാനത്തിലും കൂട്ടിരിക്കുന്ന എന്റെ ഭാര്യ ഷീന എന്നിവരുടെ ഊഷ്മള സാന്നിദ്ധ്യമാണ് ഇപ്പോഴും എന്നെ മുന്നോട്ടു നയിക്കുന്നത്.

വചനങ്ങൾ തന്റെ ഇഷ്ടാനുസരണം പ്രകാശിപ്പിച്ചു നൽകുകയും പിന്നീട് അവയ്ക്ക് ആശയപരമായ ശുദ്ധി നൽകുകയും ചെയ്ത യേശുനാഥനിലേക്കും നന്ദിയുടെ ഈ നദി ഒഴുകിച്ചെല്ലുന്നു.

ക്രിസ്തുവിൽ സ്നേഹം

**സുനിൽ വർഗീസ്**



# ദൈവം മനസ്സിൽ ഉണർവു സൂക്ഷിച്ചുവോ?

**ഫിന്നി സ്റ്റീഫൻ സാമുവൽ**



ദൈവം മനസ്സിൽ സൂക്ഷിച്ച ഉണർവ് എന്ന തലക്കെട്ടിൽ സഹോദരൻ സുനിൽ വർഗ്ഗീസ് രചിച്ച ഈ പുസ്തകം ഉണർവിനു കാത്തിരിക്കുന്ന തലമുറയ്ക്കുള്ള അഗ്നിമയ സന്ദേശമാകുന്നു.

മനുഷ്യ മനസ്സിനെക്കുറിച്ചറിയാനും അതിനെ നിർവചിക്കാനും വിവിധ ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്ന കാലത്താണല്ലോ നാം വസിക്കുന്നത്. പക്ഷേ മനുഷ്യമനസ്സ് ഇന്നും ഒരു പ്രഹേളികയായി തുടരുന്നു. മനുഷ്യ മനസ്സിനെത്തന്നെ ഗ്രഹിക്കുവാനും അറിയുവാനുമുള്ള നമ്മുടെ ശ്രമങ്ങൾ എങ്ങുമെത്താതെ നിൽക്കുമ്പോൾ ദൈവമനസ്സിന്റെ ആഴം എത്ര അധികമായിരിക്കും!

"ഹാ, ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവ് എന്നിവയുടെ ആഴമേ, അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവുമാകുന്നു. കർത്താവിന്റെ മനസ്സ് അറിഞ്ഞവൻ ആർ?" എന്നാകുന്നു പൗലൊസിന്റെ വെല്ലുവിളി (റോമർ 11:33-36). അതിനു പൗലൊസ് തന്നെ നൽകുന്ന മറുപടി ഇങ്ങനെയാണ്: "ആത്മാവ് സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു" (1 കൊരി. 2:10).

ദൈവത്തിന്റെ ആത്മാവ് ഗ്രഹിപ്പിച്ചു തരാതെ ദൈവിക മർമ്മങ്ങളെ ഗ്രഹിക്കുവാൻ ആർക്കും കഴിയുകയില്ല. യേശുക്രിസ്തുവിൽ വസിക്കുന്ന നമുക്കാകുന്നു ദൈവഹിതത്തിന്റെ മർമ്മം പരിശുദ്ധാത്മാവിനാൽ വെളിപ്പെട്ടു കിട്ടുന്നത്. ദൈവത്തിന്റെ മനസ്സിൽ സൂക്ഷിച്ച ഉണർവുകൾ കാലത്തികവുകളിൽ അവിടുന്നു തന്റെ ദാസന്മാർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നുണ്ട്.

എഫെസ്യർ 3-ാം അധ്യായം പൗലൊസ് ആരംഭിക്കുന്നത് വെളിപ്പാടിനാൽ തനിക്കു വെളിപ്പെട്ടു കിട്ടിയ ഒരു മർമ്മത്തെക്കുറിച്ചു വിവരിച്ചു കൊണ്ടാണ്. ആ മർമ്മം ഇപ്പോൾ ദൈവത്തിന്റെ വിശുദ്ധ അപ്പൊസ്തലന്മാർക്കും പ്രവാചകന്മാർക്കും വെളിപ്പെട്ടുകിട്ടിയതു പോലെ പൂർവ്വകാലങ്ങളിൽ അതു മനുഷ്യർക്കു വെളിപ്പെട്ടിരുന്നില്ല എന്നു പൗലൊസ് എഴുതുന്നു. ആ മർമ്മം ഇന്നും തുടർന്നു പോരുന്ന ഒരു ഉണർവാണ്.

അങ്ങനെയെങ്കിൽ ദൈവത്തിന്റെ മനസ്സിൽ പല കാര്യങ്ങൾ അവൻ കരുതിവെച്ചിട്ടുണ്ടാവും. അതെല്ലാം ആരാഞ്ഞറിയുവാൻ ആർക്കും കഴിയുകയില്ല. എന്നാൽ നാം അറിയേണം എന്ന് അവൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ സമയാസമയം അവന്റെ ആത്മാവു നമുക്കു വെളിപ്പെടുത്തി തരും.

വില്യം ജെ. സെയ്മൂറിന്റെ കാലത്തു നടക്കേണ്ട ഉണർവ്വ്, ജോൺ വെസ്‌ളിയുടെ കാലത്തു നടന്ന ആത്മീയ മുന്നേറ്റങ്ങൾ ഒക്കെ അതിനും അനാദികാലം മുൻപു തന്നെ ദൈവം ആ കാലഘട്ടത്തിനായി സൂക്ഷിച്ചു വെച്ചിരിക്കുകയായിരുന്നു. ഈ കാലത്തു നടക്കേണ്ട ഉണർവ്വിന്റെ ആ വലിയ ആരവത്തെ കഴിഞ്ഞ വർഷങ്ങളിൽ ഒന്നും അവൻ വെളിപ്പെടുത്തിയില്ല. പക്ഷേ അത് അവന്റെ മനസ്സിൽ രേഖപ്പെട്ടു കിടപ്പുണ്ടായിരുന്നു. അതിനെ ഇതാ, ഈ കാലഘട്ടത്തിൽ കർത്താവു വെളിപ്പെടുത്തും.

അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരുമെന്ന പത്രൊസിന്റെ പ്രഖ്യാപനത്തിന്റെ അസാധാരണവും അപൂർവ്വവുമായ ഒരു പൂർത്തീകരണമാണ് ആത്മപകർച്ചയുടെ അഗ്നിയായി ലോകമെമ്പാടും കത്തിത്തുടങ്ങിയിരിക്കുന്നത്. അതു പ്രാർത്ഥിച്ചറിഞ്ഞും കണ്ടറിഞ്ഞും അനുഭവിച്ചറിഞ്ഞുമാണ് സഹോ. സുനിൽ വർഗീസ് നമ്മെ ആ ഉണർവിന്റെ ഉള്ളിലാക്കുവാൻ തന്റെ തൂലിക ചലിപ്പിക്കുന്നത്. ഏറ്റവും ഒടുവിൽ കർത്താവിന്റെ മടങ്ങിവരവാണ് നമ്മുടെ കാലഘട്ടത്തിൽ നടക്കുവാൻ പോകുന്ന ഏറ്റവും വലിയ ഉണർവ്വ്. അതു പുത്രനുപോലും വെളിപ്പെട്ടു കിട്ടാതെ ദൈവമനസ്സിൽ മറയപ്പെട്ടു കിടക്കുകയാണല്ലോ!



## ആമുഖം

# നിങ്ങളുടെ ധ്യാനത്തിനു മുമ്പ്

നിശ്ചയമായും നിങ്ങളെ തീ പിടിപ്പിക്കുന്ന ഒരു തലത്തിലേക്കുള്ള പ്രയാണമാണിത്. നിങ്ങൾ അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്ന ചിലതിലേക്കുള്ള ആ സഞ്ചാരത്തിനു മുമ്പ് ഈ മഴച്ചാറ്റൽ നിങ്ങൾക്ക് ഹൃദ്യമാവും.

പലപ്പോഴും എന്റെ ചിന്തയിൽ, ഒരുവനെ എപ്പോഴാണ് ദൈവം ഉപയോഗിക്കുന്നത് എന്ന് ഞാൻ അതിശയിച്ചിട്ടുണ്ട്. കാത്തിരിക്കുമ്പോഴോ ശരിക്കും അതിനായി വെമ്പുമ്പോഴോ ഒക്കെ അത് സംഭവിക്കണമെന്നില്ല. മറിച്ച് അപ്രതീക്ഷിതമായി മുന്തിരിച്ചക്കിനരികിൽ ഗോതമ്പ് മെതിക്കുമ്പോഴോ, ആടുകളെ മേയിച്ച് ഹോരേബോളം ചെല്ലുമ്പോഴോ അതുമല്ലെങ്കിൽ ജ്യേഷ്ഠന്മാരുടെ ക്ഷേമമറിയാൻ ആഹാര സാമാനങ്ങളുമായി ഏലാ താഴ്‌വരയിലേക്കു ചെല്ലുമ്പോഴോ ആയിരിക്കുമത്.

പക്ഷേ ഒരു കാര്യം ഉറപ്പാണ്, ദൈവം നിങ്ങളെ ഉപയോഗിക്കണം എന്ന് ആഗ്രഹിക്കുന്ന ആ ഒത്ത സമയത്താവും നിങ്ങൾ ദൈവമുമ്പിൽ നിൽക്കുന്നത്!

ആഹാബിന്റെ കാലഘട്ടത്തിൽ വെളിപ്പെടേണ്ട ഉണർവ് ദൈവമനസ്സിൽ നിന്ന് വായിച്ചറിഞ്ഞ ഒരു തിശ്ബ്യക്കാരൻ ഉടനടി അതിനായി ചാടിയിറങ്ങുന്നത് നിങ്ങൾ വായിച്ചിട്ടുണ്ടാകും. തിശ്ബ്യ എന്ന കുഗ്രാമത്തിലെ നാട്ടിൻപുറത്തുകാരൻ, ആഹാബ് രാജാവിന്റെ മുമ്പിൽ ചങ്കൂറ്റത്തോടെ നിൽക്കാൻ കാരണം ദൈവമനസ്സിലെ ഉണർവ് കണ്ടതിനാലാണ്. ഈ കാലഘട്ടത്തിൽ, അതെ, സകല ജഡത്തിന്മേലും ആത്മാവ്

പൊരുന്നിരിക്കേണ്ട ഈ കാലഘട്ടത്തിൽ, ദൈവമനസ്സിലേക്കു സാകൂതം നോക്കിയിരിക്കുന്ന നിങ്ങളെ ഒരു ചെറുപുഞ്ചിരിയോടെ ദൈവം ശ്രദ്ധിക്കുന്നുവെന്നു നിങ്ങൾ മറക്കരുത്.

പണ്ടൊക്കെ വർഷങ്ങളുടെ കാത്തിരിപ്പും സമർപ്പണവും ആവശ്യമായിരുന്നു. എന്നാൽ ഈ ദിനങ്ങൾ, ഭൂതകാലത്തിൽ എന്തു നടന്നുവെന്നും പൂർവ്വപിതാക്കന്മാർ എത്രത്തോളം സഹിച്ചുവെന്നും പഠിച്ച് ആ പാത പിന്നിടേണ്ട കാലമല്ല. പൂർവ്വപിതാക്കന്മാരുടെ ഇതിഹാസങ്ങൾ ഒരേസമയം നമ്മെ ഞെട്ടിപ്പിക്കുന്നതും ഉത്തേജിപ്പിക്കുന്നതുമാണ്.

എന്നാൽ നിന്റെ കാലഘട്ടത്തിലെ ഇതിഹാസം നീയാവാൻ ദൈവം ആഗ്രഹിക്കുന്നു. ഇതു പാരമ്പര്യമായി പകരപ്പെടുന്ന ഒന്നല്ല, നിനക്കു നിശ്ചയിച്ച വഴി ഇരുവശത്തും അത്ഭുതങ്ങളും അടയാളങ്ങളുമായി നീണ്ടു കിടക്കുമ്പോൾ മറ്റൊരാൾ സഞ്ചരിച്ച വഴിയെ ധ്യാനിച്ച് അതു പിൻപറ്റാൻ ശ്രമിച്ച് നിന്റെ ചരിത്രത്തെ നിഷ്ഫലമാക്കരുത്.

സ്നേഹിതാ, നമ്മുടെ ഓരോരുത്തരുടെയും ജീവിതവുമായി ബന്ധപ്പെട്ട് ദൈവം ഉണർവ്വിന്റെ ഊർജ്ജങ്ങളെ സംഭരിച്ചുവെച്ചിട്ടുണ്ട്. അതു കണ്ടുപിടിക്കുകയാണ് നമ്മുടെ പ്രഥമ കർത്തവ്യം. ഒരിക്കൽ വഴിതെളിഞ്ഞാൽ, ഒരിക്കൽ നീ പിശാചിന് പിടികിട്ടാപ്പുള്ളിയായിക്കഴിഞ്ഞാൽ, പിന്നെ ഓരോ തെരുവിലും നിന്നിലെ തീ പടർന്നുപിടിക്കും. അതായിരുന്നുവല്ലോ പഴയ കാലഘട്ടങ്ങളിലെ ചരിത്രവും!

ഇന്ന്, ഇപ്പോൾ ദൈവം എന്തു ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് എന്നതായിരിക്കണം നമ്മിലെ അസ്വസ്ഥത. തിരുവചനം പഠിക്കുമ്പോൾ ചെങ്കടലിനു മുമ്പിൽ വലിയൊരു ഉണർവിന്റെ അമരക്കാരനായി വന്നുപെട്ട മോശെയുടെ പതർച്ച കാണുവാൻ കഴിയും.

തുടർന്ന് അതേ ചെങ്കടലിലൂടെ വഴിതുറക്കുവാൻ, അങ്ങനെ മോശെ നേടിയ വിജയത്തിന് കാരണം ആ സമയം ദൈവം എന്തുചെയ്യുവാൻ പോകുന്നു എന്ന തിരിച്ചറിവ് പ്രാപിച്ചതാണ് എന്നു ഗ്രഹിക്കുവാൻ നമുക്കും കഴിയണം. അതേ, ജനം ദാഹം കൊണ്ട് മരുഭൂമിയിൽ വലഞ്ഞപ്പോൾ ദൈവം എന്തിനായി തുനിയുന്നു എന്നു മോശെ ആരാഞ്ഞു. ഫലമോ പാറയിൽ നിന്ന് നദി പുറപ്പെട്ടു.

അതുപോലെ ഇപ്പോൾ, ഈ പ്രത്യേക സമയത്ത് ദൈവം എന്താണ് പദ്ധതിയിട്ടിരിക്കുന്നത് എന്ന് അറിഞ്ഞാൽ എത്ര വലിയ പ്രതികൂലത്തിന്റെ നടുവിലും നാം കുലുങ്ങാതെയിരിക്കും. ഏതെല്ലാം വഴികളി





ലൂടെ ആക്രമണമുണ്ടായാലും നാം നിർഭയമായി ദൈവപ്രവൃത്തിക്കു സമർപ്പിതരാകും.

“ദൈവം മനസ്സിൽ സൂക്ഷിച്ച ഉണർവ്” എന്ന ഈ ചെറുപുസ്തകത്തിലൂടെ അത്തരം ചില പ്രകാശ നുറുങ്ങുകൾ നിങ്ങൾക്കു മുമ്പിൽ നിരത്തുകയാണ് എന്റെ ലളിതമായ കടമ.

ഈ റീമകൾ നിങ്ങളെ ഉത്തേജിപ്പിക്കുമെന്നോ നിങ്ങളെ രൂപാന്തരപ്പെടുത്തുമെന്നോ എനിക്ക് പറയുവാൻ കഴിയില്ല. പക്ഷെ ദിവസങ്ങൾക്കുള്ളിൽ നിങ്ങൾ ചിന്തിക്കുവാൻ തുടങ്ങും. കാരണം ഇവ വെറും പഠന കുറിപ്പുകളല്ല, നിങ്ങൾക്കായി ദൈവാത്മാവ് പകരുന്ന ഒരു കൈമാറ്റമാണ്.

അങ്ങനെ ഈ ദിനങ്ങളിൽ നിങ്ങളെക്കുറിച്ചുള്ള ദൈവത്തിന്റെ ഡയറിക്കുറിപ്പുകൾ നിങ്ങൾ തിരയാൻ തുടങ്ങിയാൽ ദൈവം തന്റെ മനസ്സിൽ സൂക്ഷിച്ച ആ വലിയ ഉണർവ് നിങ്ങൾക്കു കണ്ടെത്താൻ കഴിയും. ഒരിക്കൽ ആ മനസ്സു വായിക്കാൻ ശ്രമിച്ചാൽ പിന്നീടുള്ള കാര്യങ്ങൾ നിങ്ങൾക്ക് സ്വയം ആസ്വദിക്കാൻ സാധിക്കും.

## ഒന്ന്

# ശത്രുവിന്റെ നെറ്റി

ഒരു ദിവസം യിശ്ശായി ദാവീദിനോട്, 'ഇന്ന് ആടിനെ മേയിക്കാൻ പോകണ്ട' എന്ന് പറഞ്ഞപ്പോളവൻ തുള്ളിച്ചാടിക്കാണും. ആഹാരസാധനങ്ങളുമായി യുദ്ധമുന്നണിയിലേക്കു ജ്യേഷ്ഠന്മാരുടെ ക്ഷേമം അന്വേഷിക്കാനായി ദാവീദിനെ പറഞ്ഞുവിടുമ്പോൾ അവൻ മതിമറന്നുപോയിക്കാണും. എന്നും കാടും കുന്നുകളും ഒറ്റപ്പെടലുകളുമായി കഴിഞ്ഞിരുന്ന ദാവീദിന് ഏലാ താഴ്‌വരയിലേക്കുള്ള ആ യാത്ര പുത്തൻ അനുഭവമായിരുന്നു. നടന്നകലുന്ന ദാവീദിനെ നോക്കി യിശ്ശായി ചിന്തിക്കുന്നത് വീരന്മാരായ തന്റെ മക്കളുടെ വിശേഷങ്ങൾ അറിയാൻ ഇളയവൻ പോകുന്നു എന്നത്രെ.

എന്നാൽ ഏലാ താഴ്‌വരയിലേക്കു പോകുന്ന ദാവീദിനെ നോക്കി എന്താവും യഹോവ ചിന്തിച്ചിരിക്കുക? എല്ലാ യിസ്രായേലും വിറളി പിടിച്ചവരായി ഒളിച്ചിരിക്കുമ്പോൾ, മുഴു യിസ്രായേലിനും വേണ്ടി യുദ്ധം ചെയ്യുവാൻ എന്റെ അഭിഷിക്തൻ പോകുന്നു എന്നത്രെ.

മനുഷ്യർ നിങ്ങളെക്കുറിച്ച് എന്തു ചിന്തിക്കുന്നു എന്നതിൽ വ്യാകുലപ്പെടരുത്. ദൈവം നിങ്ങളെക്കുറിച്ച് എന്തു ചിന്തിക്കുന്നു എന്നതിലാവണം നിങ്ങളുടെ ശ്രദ്ധ. യിശ്ശായിക്ക് യഥാർത്ഥത്തിൽ ദാവീദ് ആരെന്നറിയില്ല. യുദ്ധം കാണാനാണോ വന്നത് എന്നു ദേഷ്യപ്പെടുന്ന അവന്റെ ചേട്ടന്മാർക്കും അവനിൽ പകർന്നത് എന്താണെന്നറിയില്ല. എന്നാൽ ദൈവം അതറിയുന്നവനാണ്. അതുകൊണ്ടാണ് ആടുകളെ മേയിച്ച് ഒതുങ്ങിപ്പോകാതെ അവനെ ദൈവം എത്തേണ്ട ഇടത്ത് - യുദ്ധമുന്നണിയിൽ - എത്തിക്കുന്നത്.

യിശ്ശായി പറയും: "ദാവീദേ, നീ ആട്ടിടയനാണ്. വനാന്തരങ്ങളി ലാണ് നീ കഴിയേണ്ടത്" എന്ന്. എന്നാൽ എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ദാവീദ് ശൗലിന്റെ മുമ്പിൽ എത്തിച്ചേരുക തന്നെ ചെയ്യും. ലോകക്കാരോ, പ്രിയപ്പെട്ടവരോ നിങ്ങളെ വിലയിരുത്തുന്നതിൽ നിങ്ങൾ പതറിപ്പോകരുത്. അവർ നിശ്ചയിക്കുന്ന ക്രമത്തിലല്ല നിങ്ങളുടെ ഭാവി ആയിത്തീരുന്നത്. ദാവീദിനറിയാം അവനിൽ വീണ രാജകീയ അഭിഷേകത്തെക്കുറിച്ച്. അതുപോലെ ദൈവത്തിനും അറിയാം ദാവീദിൽ പകർന്നത് എന്താണെന്ന്.

പലപ്പോഴും നാം ചിന്തിക്കുന്നത് ദൈവം മറ്റു ചിലരെ ഉപയോഗി ക്കാൻ പോകുന്നു എന്നാണ്. യിസ്രായേൽ ജനത മുഴുവനും ശൗലി നെയും പടനായകന്മാരെയുമാണു ശ്രദ്ധിച്ചുകൊണ്ടിരുന്നത്. കാരണം മുന്നണിയിൽ നിൽക്കുന്നത് അവരാണ്. അധികാരം അവരിലാണ്, യുദ്ധം അവരിലാണ്. ആ സമയം ഭക്ഷണ പദാർത്ഥങ്ങളുമായി അവിടെ എത്തിയ ഒരു ആട്ടിടയനെ ആരും ശ്രദ്ധിച്ചുകൂടി കാണില്ല. പക്ഷേ ദാവീദ് എത്തുവാൻ നാല്പതുദിവസം എടുത്തു. ഗൊല്യാത്ത് നാല്പതു ദിവസവും വെല്ലുവിളിച്ചുകൊണ്ടിരുന്നു. നാം എത്തേണ്ട ഇടത്ത് എത്തു വാൻ വൈകുന്നതുകൊണ്ട് പലപ്പോഴും ഒരു ദേശത്തിന്റെ അനുഗ്രഹം വൈകിയേക്കാം. ദൈവം മിക്കപ്പോഴും അപ്രതീക്ഷിതമായ വ്യക്തിക ളെയാവും തന്റെ ശുശ്രൂഷയ്ക്കായി ഉപയോഗിക്കുക. ജനം രാജാവിനെ ശ്രദ്ധിച്ചുകൊണ്ടിരുന്നപ്പോൾ, ദൈവം ഒരു ദാവീദിന്റെ വരവിനായി കാത്തു നിൽക്കുകയായിരുന്നു.

ഇവിടെ ദാവീദ് പറയുന്നു, ശൗലിന്റെ പടച്ചട്ട അവനു ചേരില്ലെന്ന്. ശീലിച്ചിട്ടില്ലായ്കയാൽ അവ ധരിച്ചു നടപ്പാൻ തനിക്കു കഴിയുകയി ല്ലെന്ന് ദാവീദ് സമ്മതിക്കുന്നു. ശൗൽ അന്തിച്ചുകാണും. അവനു യുദ്ധം എന്നു പറഞ്ഞാൽ പടച്ചട്ടയും വാളും കാലാളും കുതിരപ്പടയും ഒക്കെ യാണ്. എന്നാൽ ദാവീദിന്റെ കാഴ്ചപ്പാടു വിഭിന്നമായിരുന്നു. വാളി ലല്ല, കുന്തത്തിലല്ല അവൻ ആശ്രയിച്ചത്. "നീ നിന്ദിച്ച യിസ്രായേൽ നിരകളുടെ ദൈവമായ യഹോവയുടെ നാമത്തിൽ ഞാൻ വരുന്നു" എന്നാണ് അവൻ വിളിച്ചുപറഞ്ഞത്.

ദാവീദ് ഇവിടെ തന്റെ കൂടെ ദൈവത്തെ ചേർത്തു നിർത്തുന്നു. പിന്നീട് പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞു ചെന്നപ്പോഴൊക്കെ ദാവീദ് അതു തന്നെ ആവർത്തിച്ചു. 'നിന്നാൽ', 'എന്റെ ദൈവത്താൽ' എന്നി ങ്ങനെയാണ് അവൻ പറയുന്നത്. അപ്പോൾ എന്തു സംഭവിക്കുന്നു? ദാവീദിന്റെ കൂടെ നിൽക്കാതിരിക്കാൻ ദൈവത്തിനു കഴിയാതെ വരുന്നു.





ശത്രുവിന്റെ നേരെ, അതിപ്രബലനായ ഗൊല്യാത്തിന് എതിരെ ഒരു പയ്യൻ യഹോവയുടെ നാമവും പറഞ്ഞ് ഓടി ചെന്നപ്പോൾ സ്വർഗ്ഗം ഞെട്ടിക്കാണും. എത്ര ശക്തനാണെങ്കിലും ഇവിടെ ദാവീദിനെ കൊല്ലാൻ ഗൊല്യാത്തിന് കഴിയില്ല. കാരണം ഈ യുദ്ധത്തിൽ ദാവീ ദിന്റെ കൂടെ ദൈവം പങ്കാളിയാകുന്നു. ഏതു പ്രശ്നത്തിലേക്ക് ഇറങ്ങി ചെല്ലുമ്പോഴും നമ്മുടെ കവചവും യേശുവിന്റെ നാമം ആയിരിക്കേണം.

ദൈവം ഇവിടെ ദാവീദിനു കാണിച്ചുകൊടുക്കുന്ന ഭാഗമാണ് ഗൊല്യാത്തിന്റെ തിരുനെറ്റി. താമ്രശിരസ്ത്രം, 5000 ശേക്കെൽ തൂക്ക മുള്ള താമ്രകവചം, താമ്ര കാൽച്ചട്ട എന്നിങ്ങനെ ഗോല്യാത്ത് പൂർണ്ണ മായി താമ്രം കൊണ്ടു പൊതിഞ്ഞിരുന്നു. പാഞ്ഞുവരുന്ന കല്ല് താമ്ര ത്തിൽ പതിച്ചാൽ കല്ല് ചിതറിപ്പോവുകയേ ഉള്ളൂ. ദൈവം പറഞ്ഞു: 'ദാവീദേ, തിരുനെറ്റിയിൽ താമ്രമില്ല. കല്ല് അവിടെയാണ് പതിക്കേണ്ട ത്.' കല്ല് തിരുനെറ്റിയിൽ തുളഞ്ഞുകയറി എന്നാണല്ലോ രേഖപ്പെടു ത്തിയിരിക്കുന്നത്.

ശത്രുവിന്റെ താമ്രകവചമോ, കാൽച്ചട്ടയോ, ശിരസ്ത്രമോ വിഷ യമാകരുത്. വിഷയം തിരുനെറ്റിയാണ്. ദാവീദ് പ്രാപിക്കേണ്ടതും അതേ തിരുനെറ്റിയെക്കുറിച്ചുള്ള അറിവാണ്. അപ്പോൾ ഒരു ഏറ് മതിയാ കും. ആ ഒറ്റ ഏറിൽ ദാവീദ് നാല്പതു ദിവസം നീണ്ട ശത്രുവിന്റെ വെല്ലുവിളിയെ ജയിച്ചു. തുടർന്ന് ഓടിച്ചെന്ന ദാവീദ് ഗൊല്യാത്തിന്റെ വാൾകൊണ്ട് തന്നെ അവന്റെ ശിരസ്സ് വെട്ടിയെടുത്തു.

*ശത്രു എത്ര പ്രബലനാണെങ്കിലും നിന്റെ പ്രാർത്ഥനയും ശാസ നയും പതിയുന്ന ഇടങ്ങൾ ഉണ്ട്. ദൈവത്തെ നിന്റെ ആത്മീയ യുദ്ധ ത്തിൽ കൂട്ടുപിടിച്ചാൽ അവനത് കാട്ടിത്തരും (വചനഭാഗങ്ങൾ: 1 ശമൂവേൽ 17).*

## രണ്ട്

# എന്നെപ്പോലെയുള്ള ഒരുവൻ

നെഹെമ്യാവിലുണ്ടായിരുന്ന നിയോഗതലം വ്യത്യസ്തമായിരുന്നു. ചിതറിപ്പോയ ഒരു രാജ്യത്തെ, ദൈവം അതീവഗൗരവത്തോടെ കാണുന്ന ആരാധനയിലേക്ക് വിളിച്ചടുപ്പിക്കാനുള്ള വിളിയായിരുന്നു അത്. പ്രവാസത്തിലേക്ക് എറിയപ്പെട്ട മുഴുവൻപേരെയും തിരികെ കൊണ്ടുവരാൻ ദൈവം ചിലരെ തിരഞ്ഞെടുത്തു. ദൈവം എപ്പോഴും അങ്ങനെയാണ്. ഒരു സമൂഹത്തെ വീണ്ടെടുക്കാൻ അതിൽ ഒന്നിനെ ദൈവം ആദ്യം ശേഖരിക്കും. ഒരു സഭയെ പുതിയൊരു ഉണർവിലേക്കു നയിക്കാൻ അതിൽ ഒരുവനെയാവും ദൈവം ലക്ഷ്യമിടുക.

ഇവിടെ നെഹെമ്യാവ് ആ ഒരുവനായിരുന്നു. എന്നാൽ ശൂശൻ രാജധാനിയിൽ പാനപാത്രവാഹകനായി കഴിയുകയായിരുന്നു അവൻ. സാധാരണ രാജകുടുംബത്തിൽ പിറന്ന ഒരുവനു മാത്രമേ പാനപാത്രവാഹകനാകാൻ കഴിയുമായിരുന്നുള്ളൂ. പക്ഷേ വെറും യെഹൂദ അടിമമാത്രമായിരുന്ന നെഹെമ്യാവ്, യോഗ്യതകൾ ഒന്നും തന്നെ ഇല്ലാതിരുന്നിട്ടും ദൈവത്താൽ മാനിതനായി പ്രവാസദേശത്ത് ഉയർന്ന പദവിയിൽ എത്തി.

മറ്റ് യെഹൂദന്മാർ പ്രവാസദേശത്തു കഷ്ടത അനുഭവിക്കുമ്പോൾ നെഹെമ്യാവ് തനിക്കു ലഭിച്ച ആ വലിയ പദവിയിൽ സംതൃപ്തനായിരുന്നില്ല. താനും ഊഴിയവേല ചെയ്യേണ്ട സ്ഥാനത്ത് കൊട്ടാരത്തിൽ രാജകീയ സുഭിക്ഷതയിൽ കഴിയുന്നതിന്റെ പിന്നിൽ, തന്നെ മാത്രം ഉയർത്തിയതിനു പിന്നിൽ, ദൈവത്തിന് എന്തോ ഉദ്ദേശ്യമുണ്ട് എന്നവൻ ഉറച്ചു.





ഏറ്റവും താഴത്തെ തട്ടിൽ നിന്ന് തന്നെ ഇത്രത്തോളം രാജാവിനോടൊപ്പം നിർത്തുവാൻ ഇടവരുത്തിയ ദൈവം അതുകൊണ്ട് എന്താണ് ആഗ്രഹിക്കുന്നതെന്നറിയാൻ അവൻ ദൈവമനസ്സിനെ ഉറ്റു നോക്കിക്കൊണ്ടിരുന്നു.

നിങ്ങളെ ഒരുപക്ഷേ ദൈവം പെട്ടെന്ന് അനുഗ്രഹിച്ചിട്ടുണ്ടെങ്കിൽ അതിനു പിന്നിൽ ഒരു ദൈവിക പദ്ധതിയുണ്ടെന്ന കാര്യം വിസ്മരിച്ചുപോകരുത്. ചിലർ പറയാറുണ്ട്, തങ്ങളുടെ ആരാധനയും സമർപ്പണവും കാരണം ദൈവം മാനിച്ചു വലിയ സ്ഥാനത്താക്കിയെന്ന്. അങ്ങനെ ദൈവം ഉയർന്ന സ്ഥിതി നൽകിയതുകൊണ്ട് നമ്മിൽ നിന്ന് എന്താണ് ദൈവം ആഗ്രഹിക്കുന്നത് എന്ന് നാം അന്വേഷിക്കേണ്ടതാവശ്യമാണ്.

ദൈവം യെരുശലേമിന്റെ തകർച്ചയെ ഓർത്ത് വേദനിക്കുന്നതായി നെഹെമ്യാവ് കണ്ടുപിടിച്ചു. വേണമെങ്കിൽ അവന് പലരും ചെയ്യുന്നതുപോലെ ലഭിച്ച നന്മയിൽ ദൈവത്തെ സ്തുതിച്ച് രാജകൊട്ടാരത്തിൽ സസന്തോഷം കഴിയാമായിരുന്നു. അപ്പോൾ കോപിഷ്ടനായി ദൈവം അവനു നൽകിയ നന്മയെ തിരിച്ച് വാങ്ങുമോ? ഒരിക്കലുമില്ല. ദൈവം നെഹെമ്യാവിന് ഒരു നല്ല കാര്യം ചെയ്തതുപോലെ തിരിച്ചു ദൈവത്തിനു വേണ്ടിയും ചിലതു ചെയ്യണമെന്ന വ്യഗ്രതയാണ് അവനിൽ നിറഞ്ഞു നിന്നിരുന്നത്. പലപ്പോഴും നാം വാങ്ങുന്നവരായി മാത്രം തീരാറുണ്ട്. രോഗസൗഖ്യവും കടഭാരത്തിൽ നിന്നു മോചനവും ഉദ്യോഗക്കയറ്റവും ഒക്കെ നാം ചോദിച്ചുവാങ്ങാറുണ്ട്. പക്ഷേ, ദൈവമേ, നീ എനിക്കു നന്മകൾ ചെയ്യുന്നതുപോലെ, ഞാൻ നിനക്കായി എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ?'' എന്നു നാം ചോദിക്കാറില്ല. എന്നാൽ നമ്മുടെ യേശു അങ്ങനെ ഒരു ചോദ്യം പ്രതീക്ഷിക്കുന്നുണ്ട് എന്നുള്ള വസ്തുത നാം മറക്കരുത്.

ഇവിടെ നെഹെമ്യാവ് ആ ചോദ്യം തന്റെ മനസ്സിൽ എത്രയോ തവണ ചോദിച്ചു കാണും: "ദൈവമേ, അടിമയായ എന്നെ നീ മാനിച്ചു, ഞാൻ നിനക്കായി എന്താണു ചെയ്യേണ്ടത്?" ഒടുവിൽ യെരുശലേമിനെ പുനർനിർമ്മിക്കാനുള്ള, ഇടിഞ്ഞുകിടക്കുന്ന മതിൽ പണിയാനുള്ള, നിയോഗം തനിക്കാണെന്ന് അവൻ മനസ്സിലാക്കി.

പ്രാർത്ഥനയും ഉപവാസവും അനുതാപവും ഒക്കെയായി, ദൈവമേ കാര്യം സാധിപ്പിക്കേണം എന്നവൻ ദൈവത്തോട് അപേക്ഷിച്ചു. ദൈവം അനുകൂലമായതിനാൽ എല്ലാം ലഭിച്ചുവെന്ന് നെഹെമ്യാവ് പറയുന്നു (നെഹെ. 2:8).

പക്ഷെ യെരുശലേമിലെ സ്ഥിതി അതായിരുന്നില്ല. യിസ്രായേലിന് ഗുണം ചെയ്യുവാൻ ഒരുവൻ വന്നത് ചിലർക്ക് അനിഷ്ടമായി (നെഹെ. 2:10). തുടർന്ന് നെഹെമ്യാവിന് സൻബല്ലത്ത്, തോബിയാവ്, ഗേശെം എന്നവരിൽ നിന്ന് വലിയ നിന്ദയും എതിർപ്പും അനുഭവിക്കേണ്ടിവന്നു. 'ചണ്ടിക്കൂമ്പാരങ്ങളിൽ നിന്ന് കല്ല് ജീവിപ്പിക്കുമോ?', 'കുറുക്കൻ കയറിയാൽ എല്ലാം തകർന്നുവീഴും' എന്നിങ്ങനെ പരിഹാസവും ഏറെ വന്നു.

ആരാധനയില്ലാതെ, മതിൽ ഇടിഞ്ഞുവീണ് യെരുശലേം കിടന്നപ്പോൾ അവിടെ ഒരു സൻബല്ലത്തും എതിരാളിയായി ആർക്കുനേരെയും എഴുന്നേറ്റില്ല. നെഹെമ്യാവ് വന്ന് ചണ്ടിക്കൂമ്പാരങ്ങളെ കണ്ടു കേട്ട് പോയാലും ആരും എതിരിന് വരില്ല. എന്നാൽ എപ്പോഴാണ് പ്രതികൂലത്തിന്റെ ആ വലിയ കടന്നുകയറ്റം ഉണ്ടാകുന്നത്? അതെ, എഴുന്നേറ്റ് പണിയുക എന്ന് പറഞ്ഞ് ദൈവമനസ്സിലെ ഒരു ആഗ്രഹം നിവർത്തിക്കാൻ തയ്യാറാകുമ്പോൾ തന്നേ!

നിങ്ങൾ സമ്പന്നനാകുന്നതു കൊണ്ടോ വലിയ ജോലിയിൽ പ്രവേശിക്കുന്നതു കൊണ്ടോ പിശാചിന് ഒരു വിരോധവുമില്ല. എന്നാൽ എപ്പോഴാണോ നിങ്ങൾ ദൈവഹിതമനുസരിച്ച് ചില കാര്യങ്ങൾക്കായി തുനിയുന്നത് അപ്പോൾ മുതൽ പിശാച് നിങ്ങളെ ശ്രദ്ധിച്ചുതുടങ്ങും. ശൂശൻ രാജധാനിയിൽ നിൽക്കുന്ന നെഹെമ്യാവിനും യെരുശലേമിൽ നിൽക്കുന്ന നെഹെമ്യാവിനും തമ്മിൽ പിശാചിന്റെ നോട്ടത്തിൽ വലിയ അന്തരമുണ്ട്. നെഹെമ്യാവിന്റെ മാനസിക ധൈര്യം ചോർത്താൻ ശത്രു പരമാവധി ശ്രമിച്ചു. എന്നാലവൻ ചോദിക്കുന്നത്: "എന്നെപ്പോലെയുള്ള ഒരുവൻ ഓടിപ്പോകുമോ" എന്നാണ്. നെഹെമ്യാവിന് അറിയാം, തന്നെ യെരുശലേമിന്റെ മതിൽ പണിയാനായി സമ്മതം തന്നയച്ചത് രാജാവല്ല എന്ന്. രാജാവിന്റെ അധികാരപത്രം ഉണ്ടെങ്കിലും അതിനു കാരണം തന്നെ അടിമബാലൻ എന്ന പദവിയിൽ നിന്ന് രാജാവിന്റെ പാനപാത്രവാഹകൻ എന്ന പദവിയിലേക്ക് ഉയർത്തിയ ദൈവമാണെന്ന് നെഹെമ്യാവ് അറിഞ്ഞിരുന്നു.

ശൂശൻ രാജധാനിയിൽ വെച്ച്, നെഹെമ്യാവ് താനൊരു പാനപാത്രവാഹകന്റെ ജോലി ചെയ്യുന്നു എന്ന ബോധ്യമുള്ളവനായിരുന്നു. എന്നാൽ യെരുശലേമിലെത്തിയതോടെ അവനു തന്നെക്കുറിച്ചുള്ള ചിന്താഗതി മാറി. നാം ആരെന്ന് പിടികിട്ടിക്കഴിഞ്ഞാൽ പിന്നീട് എത്രത്തോളം പ്രതികൂലം വർദ്ധിച്ചാലും അസാമാന്യ വൈഭവത്തോടെ നാം അവയെ എല്ലാം അതിജീവിക്കും.





*നിങ്ങളെ മാനിച്ചതിനു പിന്നിൽ ദൈവം ഉദ്ദേശിക്കുന്നത് എന്താണെന്ന് കണ്ടുപിടിക്കണം. അതുപോലെ ചിലതു ചെയ്യുവാൻ നിയോഗിതനാകുമ്പോൾ ചെയ്യേണ്ട പ്രവൃത്തിയുടെ വ്യാപ്തിപോലെ പ്രതികൂലത്തെയും പ്രതീക്ഷിക്കണം. 'എന്നെപ്പോലെയുള്ള ഒരുവൻ' എന്ന ചിന്താഗതിയോടെ അവയെ അതിജീവിക്കുകയും വേണം. (വചനഭാഗങ്ങൾ: നെഹെമ്യാവ് 1, 2, 3, 4).*

## മൂന്ന്

# മേൽക്കൂര പൊളിക്കുക

മർക്കൊസ് സുവിശേഷം രണ്ടാമദ്ധ്യായം യേശുവിന്റെ രാജകീയ അഭിഷേകത്തിന്റെ അദ്ധ്യായമാണ്. അതിൽ, യേശു കഫർന്നഹൂമിൽ ഒരു വീട്ടിൽ ഉണ്ടെന്ന് ശ്രുതിയായി. അപ്പോൾ വാതിൽക്കൽപ്പോലും ഇടമില്ലാതെവണ്ണം പുരുഷാരം തടിച്ചുകൂടി. യേശു പറയുന്നത് കേൾപ്പാനാണവർ വന്നത്. യേശു അടയാളം ചെയ്യുമെന്ന് അവർക്കറിയാം. അത് കാണുവാനാണവർ വന്നത്.

മറ്റു ചിലർ യേശു ദൈവദൂഷണം പറയുന്നുവോ എന്നു കണ്ടെത്തി പ്രമാണികളെ അറിയിക്കാനും അവനെ വാക്കിൽ കുടുക്കാനുമാണ് എത്തിയത്. ചിലരാകട്ടെ, യേശുവിനെ എങ്ങനെ തിരുത്താൻ കഴിയും എന്നു ചിന്തിച്ചത്രെ വന്നത്. എന്നാൽ യേശു മനസ്സലിവുള്ളവനായി എല്ലാവരോടും തിരുവചനം പ്രസ്താവിച്ചു. എന്നാൽ നാമിവിടെ ഒരു പക്ഷവാതരോഗിയെ കാണുന്നു. സ്വയമേ വരുവാൻ അവനു കഴിവില്ലായിരുന്നു. യേശു അവിടെ ഉണ്ടെന്നു കേട്ട് യേശുവിന്റെ അരികിൽ വന്നാൽ ചിലത് പ്രാപിക്കാം എന്നു ചിന്തിച്ച് മറ്റുചിലരുടെ സഹായത്താലാണ് അവൻ അവിടെ എത്തിയത്.

പക്ഷേ പുരുഷാരം നിമിത്തം അവർക്ക് അകത്തു കയറുവാൻ കഴിഞ്ഞില്ല. യേശുവിന് അരികിൽ ചെല്ലേണ്ടതായ വാതിലുകൾ പുരുഷാരത്തിന്റെ തിരക്കു മൂലം അടഞ്ഞിരുന്നു. പക്ഷേ ആ പക്ഷവാതരോഗിക്കറിയാം യേശുവിന്റെ അരികിൽ ചെന്നാൽ സൗഖ്യം ഉറപ്പാണ് എന്ന്. പക്ഷേ പുരുഷാരം വഴി അടഞ്ഞ് അവിടെ ഉണ്ടായിരുന്നു.

യേശുവിന്റെ അരികിൽ ചെല്ലുന്നതിന് പല പ്രതിസന്ധികൾ





കാണും, എല്ലാ വഴികളും അടഞ്ഞ് പുരുഷാരം കണ്ടേക്കാം. എന്നാൽ പക്ഷവാതരോഗിയും അവനെ ചുമന്ന നാലുപേരും ഇങ്ങനെ ചിന്തിച്ചു: "പുരുഷാരം വഴി അടച്ചാൽ ഞങ്ങൾ യേശുവിന്റെ അരികിൽ ചെല്ലാൻ വഴി ഉണ്ടാക്കും."

മേൽക്കൂര പൊളിച്ച് അവർ വഴി ഉണ്ടാക്കുന്നു. നോക്കുക, വഴി തരില്ല എന്ന പറഞ്ഞ അതേ ആളുകൾ തന്നെ ഇപ്പോൾ മേൽക്കൂര പൊളിച്ച് ഇറങ്ങിവരുന്നവനെ തുറിച്ച കണ്ണുകളോടെയല്ലേ നോക്കുന്നത്? അതെ, യേശുവിന്റെ അരികിൽ നാം ചെല്ലുമ്പോൾ എല്ലാ വഴികളും അടച്ചു എന്ന് പിശാച് പറഞ്ഞാലും അവന് അടയ്ക്കാൻ കഴിയാത്ത ചിലതു കാണും. അതു കണ്ടുപിടിക്കുന്നവർ യേശുവിൽ നിന്ന് പ്രാപിക്കും.

യേശുവിൽ നിന്ന് സൗഖ്യം പ്രാപിക്കുന്ന പക്ഷവാതരോഗിയാണ് ശ്രദ്ധിക്കപ്പെടുന്നത്. ന്യായശാസ്ത്രികളും പരീശന്മാരും പല ഉന്നതന്മാരും അവിടെ ഉണ്ടായിരുന്നു. എന്നാൽ എല്ലാവരുടെയും ശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടത് യേശുവിൽ നിന്ന് സൗഖ്യം പ്രാപിച്ച ആളിൽ തന്നെയാണ്. ഞങ്ങൾ വഴി അടഞ്ഞു നിന്നിട്ടും അവൻ പോയി നേടിയെടുത്തല്ലോ എന്ന ചിന്തയാണ് അവരെ ഭരിച്ചിരുന്നത്. "കിടക്ക എടുത്ത് വീട്ടിലേക്കു പോക" എന്ന് യേശു പറയുന്നതിൻ പ്രകാരം ഉടനെ അവൻ കിടക്ക എടുത്ത് എല്ലാവരും കാൺകെ പുറപ്പെട്ടു. അതുവരെ വഴി അടച്ചവർ ഒന്നിനും കഴിയാതെ മെല്ലെ അവനു വഴി ഒഴിഞ്ഞു കൊടുക്കുന്നതു കാണുവാൻ കഴിയുന്നില്ലേ?

യേശുവിൽ നിന്നു നീ പ്രാപിച്ചുകഴിഞ്ഞാൽ പിന്നെ ഒരാൾക്കും നിന്റെ യാത്രയെ തടസ്സപ്പെടുത്തി വഴി അടയ്ക്കുവാൻ കഴിയില്ല.

*എല്ലാവരും യേശു ചെയ്യുന്നതും പറയുന്നതും കാണാനും കേൾക്കാനും വന്നപ്പോൾ ഒരുവൻ യേശുവിൽ നിന്ന് പ്രാപിക്കാൻ വന്നു. യേശുവിന് അരികിൽ ചെല്ലുവാൻ എന്തും ചെയ്യുക. പുരുഷാരത്തിന്റെ വാക്കുകളാൽ നിരാശപ്പെടാതിരിക്കുക. (വചനഭാഗങ്ങൾ: മർക്കൊസ് 2).*

## നാല്

# ദൈവത്തെ തെളിയിക്കുക

നെബൂഖദ്നേസർ രാജാവ് പൊന്നുകൊണ്ട് ഒരു ബിംബം ഉണ്ടാക്കിയപ്പോൾ അവൻ കരുതിയത് അതു തന്റെ പ്രതാപത്തെ വെളിപ്പെടുത്താൻ വേണ്ടിയാണ് എന്നത്രെ. അവന്റെ പ്രശസ്തി വാനോളം ഉയരാൻ അത് ഉപകരിക്കും എന്നവൻ നിരൂപിച്ചു. എന്നാൽ അവിടെ ആരുമറിയാതെ ഒതുങ്ങിക്കഴിഞ്ഞ ചിലരുടെ മേലുള്ള അഭിഷേകത്തെ വെളിപ്പെടുത്താനാണ് ദൈവം അതിനെ ഉപയോഗിച്ചത്. നിങ്ങൾക്കു ചുറ്റും പലരും പല സ്വർണ്ണ ബിംബങ്ങളെ ഉണ്ടാക്കുന്നുണ്ട്. അവർ കരുതുന്നത് അവയൊക്കെ അവർക്കുവേണ്ടിയാണ് എന്നത്രേ. എന്നാൽ ആരുമറിയാത്ത ചില അഭിഷിക്തന്മാർക്കാവും അതു പ്രയോജനപ്പെടുന്നത്!

ശദ്രക്കും മേശക്കും അബേദ്നെഗോവും കുറ്റം ആരോപിക്കപ്പെട്ടവരായിട്ടാണ് രംഗത്തു വരുന്നത്. കല്ദയർ, മുമ്പേ അവരെ ശത്രുക്കളെപ്പോലെ കണ്ടവർ, ശദ്രക്കും മേശക്കും അബേദ്നെഗോവും രാജാവു നിർത്തിയിരിക്കുന്ന ബിംബത്തെ നമസ്കരിച്ചില്ലെന്ന് രാജാവിനെ ബോധിപ്പിച്ചു. കല്ദയരുടെ ചിന്ത, അവരുടെ വഴിമുടക്കികളായി നിൽക്കുന്ന ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നിവർ രാജകോപത്തിനിരയായി എരിയുന്ന തീച്ചൂളയിൽ പതിക്കും എന്നായിരുന്നു. ശത്രുവിന് എപ്പോഴും അവിടെവരെയേ ചിന്തിക്കുവാൻ കഴിയൂ. എരിയുന്ന തീച്ചൂളയ്ക്ക് അപ്പുറത്തേക്കും ഒരു അഭിഷിക്തനുവേണ്ടി ചിന്തിക്കുവാനാണ് അവനെ അഭിഷേകം ചെയ്തത്.

നെബൂഖദ്നേസർ ഒരു അവസരം കൂടി ശദ്രക്കിനും മേശക്കിനും





അബേദ്നെഗോവിനും കൊടുക്കുവാൻ തയ്യാറാകുന്നു. നെബൂഖദ്നേസർ ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: “നിങ്ങളെ എന്റെ കൈയ്യിൽ നിന്ന് വിടുവിക്കുവാൻ കഴിയുന്ന ദേവൻ ആര്?” ഈ കാര്യത്തിൽ ഉത്തരം പറയേണ്ട കാര്യം പോലുമില്ലെന്നാണ് ആ യെഹൂദന്മാർ പറയുന്നത്. “ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിക്കുവാൻ കഴിയുമെങ്കിൽ അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽനിന്നും രാജാവിന്റെ കൈയിൽ നിന്നും വിടുവിക്കും” എന്നവർ പറഞ്ഞു. എന്നാൽ തുടർന്ന് അവർ പറഞ്ഞതുകേട്ട് സ്വർഗ്ഗം ഒരു നിമിഷം നിശബ്ദമായിക്കാണും. “വിടുവിച്ചില്ല എങ്കിലും ഞങ്ങൾ രാജാവ് നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കുകയില്ല.”

അവർക്ക് തീച്ചൂളയിൽ നിന്ന് വിടുവിച്ച ദൈവമായി യഹോവയെ അറിയില്ല. മോശെയുടെയും ഏലീയാവിന്റെയും മറ്റു പ്രവാചകന്മാരുടെയും കാലത്തു നടന്ന അത്ഭുതങ്ങൾ അവർക്കറിയാം. അവിടെയൊക്കെ തീച്ചൂളയിൽ നിന്ന് രക്ഷിക്കാനായി വെളിപ്പെട്ട യഹോവ ഇല്ലല്ലോ. എങ്കിലും എന്തു സംഭവിച്ചാലും യഹോവയെ വിട്ടുമാറുകയില്ലെന്നവർ ഉറച്ചു.

ഇപ്പോൾ രാജാവു നിർത്തിയ സ്വർണ്ണബിംബം അല്ല വിഷയം. മറിച്ച് യഹോവ വിടുവിക്കുമോ ഇല്ലയോ എന്നുള്ളതായി. ജാതികൾ തുറിച്ചുനോക്കിക്കൊണ്ടു നിൽക്കേ ശദ്രക്കിനെയും മേശക്കിനെയും അബേദ്നെഗോവിനെയും ബന്ധിച്ചു തീച്ചൂളയിലേക്ക് എറിയുവാൻ രാജാവ് ഉത്തരവിട്ടു. അവർ തീച്ചൂളയിൽ വീഴും വരെ ദൈവം വെളിപ്പെട്ടില്ല. തീച്ചൂളയിൽവെച്ച് നെബൂഖദ്നേസറും മറ്റു സകലരും ഭ്രമിച്ചുപോകത്തക്കവിധത്തിൽ ദൈവം വെളിപ്പെട്ടു. പിശാച് നെബൂഖദ്നേസർ വഴി തന്റെ ആധിപത്യം സ്ഥാപിക്കാൻ ഒരു വലിയ വിഗ്രഹം ഉണ്ടാക്കി. എന്നാൽ അതേ വിഗ്രഹവും അതിന്റെ ഉത്സവവും വഴി ദൈവം തന്റെ അഭിഷിക്തരിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തി.

നിങ്ങൾ ഒരു ദൈവപൈതലാണെങ്കിൽ നിങ്ങളുടെ ദൈവം എവിടെ എന്ന ചോദ്യത്തെ നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ട സാഹചര്യം വരും. നിങ്ങളുടെ ജീവനുപോലും വിലയിട്ടുകൊണ്ട് പിശാച് ബലം പ്രാപിക്കുന്ന സമയം വരും. മരണത്തെ ഭയന്ന് ശദ്രക്കും മേശക്കും അബേദ്നെഗോവും ആ സ്വർണ്ണബിംബത്തെ നമസ്കരിച്ചുവെങ്കിൽ ഒരിക്കലും അവർക്ക് അവരുടെ ദൈവത്തെ തെളിയിക്കുവാൻ കഴിയുമായിരുന്നില്ല.

തിരുവചനത്തിൽ വളരെ ചുരുക്കം പേർ മാത്രമേ സ്വർഗ്ഗത്തെ സ്വാധീനിച്ചിട്ടുള്ളൂ. ആ ഗണത്തിൽപ്പെടുന്നവരാണ് ശദ്രക്ക്, മേശക്ക്, അബേദ്നെഗോവ്.

ഓർക്കുക, ദൈവത്തെ നിന്ദിക്കുന്ന ജനതയ്ക്കു മുമ്പാകെ അവന്റെ മഹത്വത്തിന്റെ ആഴം വെളിപ്പെടുത്തുവാൻ തന്റെ അഭിഷിക്തന്മാരെ ദൈവം ഉപയോഗിക്കും. ഒരു പക്ഷെ നിങ്ങളെയും.

*ഒരു അഭിഷിക്തന്, അവന്റെ കൂടെയുണ്ട് എന്നു പറയുന്ന ദൈവത്തെ മറ്റുള്ളവരുടെ മുമ്പാകെ കാണിച്ചുകൊടുക്കേണ്ട സാഹചര്യം കടന്നുവരും. ദൈവത്തെ തള്ളിപ്പറയേണ്ട സാഹചര്യത്തിലും പിടിച്ചു നിൽക്കാൻ കഴിയുമെങ്കിൽ, ദൈവം അവനെ നിങ്ങളിലൂടെ തെളിയിക്കും. (വചനഭാഗങ്ങൾ: ദാനീയേൽ 3).*



## അഞ്ച്

# ദൈവം ബഹുമാനിക്കുന്ന തലം

വിശുദ്ധ വേദവചനത്തിൽ രണ്ട് അദ്ധ്യായങ്ങൾക്കുള്ളിൽ ഒതുങ്ങുന്നതാണ് സ്തെഫാനൊസിന്റെ ചരിത്രം. അവൻ ആരംഭിക്കുന്നത് മേശകളിൽ ശുശ്രൂഷിക്കുന്നവനായിട്ടാണ്. ശിഷ്യന്മാർ പെരുകിവന്നപ്പോൾ യവന, എബ്രായ ഭാഷക്കാർ തമ്മിലുള്ള ഇടർച്ച സ്തെഫാനൊസും മറ്റ് ആറുപേരും മേശകളിൽ ശുശ്രൂഷിക്കാൻ നിയമിതരായതോടെ മാറി. ആത്മാവും ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരായിരുന്നു അവർ.

എന്നാൽ മേശകളിലെ കാര്യാദികൾ മാത്രം നോക്കി നേരം പോക്കിയ ഒരു സ്തെഫാനൊസിനെ അല്ല നാമിവിടെ കാണുന്നത്. അവൻ തന്റെ മേലുള്ള കൃപകളെ ജ്വലിപ്പിച്ചു. അകത്തളങ്ങളിൽ നിന്ന് അവൻ പുറത്തു വന്നു.

“പത്രൊസും യോഹന്നാനുമൊക്കെയുണ്ടല്ലോ, അവർ വചനം പറഞ്ഞുകൊള്ളും, അവർ ശിഷ്യന്മാരെ നേടിക്കൊള്ളും” എന്നൊന്നും ചിന്തിക്കാൻ സ്തെഫാനൊസിന് സമയമുണ്ടായിരുന്നില്ല. അവനിലെ കൃപകൾ ജ്വലിച്ചപ്പോൾ അത് അവന്റെയുള്ളിൽ നിന്ന് പുറത്തേക്കൊഴുകി.

സ്തെഫാനൊസിലൂടെ അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. അപ്പോൾ ചിലർ എഴുന്നേറ്റ് അവനോടെതിർക്കാൻ തുടങ്ങി. എന്നാൽ അവൻ സംസാരിച്ച ജ്ഞാനത്തോടും ആത്മാവോടും എതിർത്തു നില്പാൻ ആർക്കും കഴിഞ്ഞില്ല. അതുകൊണ്ട് സ്തെഫാനൊസിന്റെ

എതിരാളികൾ കള്ളസാക്ഷികളെ നിരത്തി അവനെ ന്യായാധിപസഭ യുടെ മുമ്പിൽ കൊണ്ടു നിർത്തി.

അടുത്തത്, സ്തെഫാനൊസിന്റെ ജീവിതത്തിലെ രണ്ടാം ഘട്ടമാണ്. 'ഇത് ഉള്ളതുതന്നെയോ?' എന്ന് മഹാപുരോഹിതൻ ചോദിക്കുമ്പോൾ സ്തെഫാനൊസിന്റെ മുഖം പ്രകാശിച്ചിരുന്നു. യേശുനാഥന്റെ നിത്യസുവിശേഷത്തിന്റെ തുടക്കം, അബ്രാഹാമിൽ നിന്ന് ആരംഭിച്ച് മോശെ വഴി ദൈവമുമ്പാകെ കൃപ ലഭിച്ച ദാവീദിലൂടെ പറഞ്ഞ് സ്തെഫാനൊസ് ശലോമോൻ പണിത ആലയവും വെളിപ്പെടുത്തി പരിശുദ്ധാത്മാവിനെ ജനം എതിർക്കുന്നതിലേക്ക് എത്തി.

ജനക്കൂട്ടം കോപപരവശരായിത്തീരുന്ന ഒരു പ്രസ്താവനകൂടി സ്തെഫാനൊസ് വിളിച്ചുപറയുന്നു: "നിങ്ങൾ ദൈവദൂതന്മാരുടെ നിയോഗങ്ങളായി ന്യായപ്രമാണം പ്രാപിച്ചുവെങ്കിലും അത് പ്രമാണിച്ചിട്ടില്ല" എന്ന്. ന്യായപ്രമാണത്തിന്റെ കാവൽഭടന്മാരായി സ്വയം കരുതിപ്പോന്ന പുരോഹിത വൃന്ദത്തിന് ഇതിൽപ്പരം എന്തുവേണം? അവർ കോപപരവശരായി അവന്റെ നേരെ പല്ലുകടിച്ചു.

പിന്നീടു നാം കാണുന്നത് സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കുന്ന സ്തെഫാനൊസിനെയാണ്. അവൻ ദൈവമഹത്വവും ദൈവത്തിന്റെ വലതുഭാഗത്ത് യേശു നിൽക്കുന്നതും കണ്ടിട്ട്, "ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു" എന്ന് വിളിച്ചുപറഞ്ഞപ്പോൾ പുരോഹിത ശ്രേഷ്ഠന്മാർ ഏറ്റവും ക്രൂദ്ധിച്ച്, അവന്റെ നേരെ പാഞ്ഞുചെന്ന്, അവനെ നഗരത്തിൽ നിന്നു തള്ളിപ്പുറത്താക്കി, കല്ലെറിഞ്ഞു കൊന്നുകളഞ്ഞു.

യേശുവിനു ശേഷം, പുരോഹിതപ്രമാണികളുടെ മനസ്സ് തുറന്ന ശവക്കുഴിയാണെന്ന് വിളിച്ചുപറഞ്ഞ ആദ്യത്തെ ആളായിരുന്നു സ്തെഫാനൊസ്. അകത്തളങ്ങളിൽ നിന്ന് അവൻ വീഥികളിലേക്ക് വന്നു. അത്ഭുതത്തിലൂടെ, അടയാളത്തിലൂടെ, സുവിശേഷം ഉറപ്പിക്കുക മാത്രമല്ല എതിർത്തുനിന്നവരെ അസാമാന്യ ജ്ഞാനത്തോടെ പരാജിതരാക്കുകയും ചെയ്തു. മനുഷ്യനെന്നും കുരിശിൽ അവസാനിച്ചുവെന്നും കരുതിയ യേശു എന്ന നസറേത്തുകാരൻ, ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നുവെന്ന് സ്തെഫാനൊസ് വിളിച്ചുപറഞ്ഞത് പുരോഹിതന്മാർക്ക് ഉൾക്കൊള്ളാനായില്ല.

ഇവിടെയാണ് ദൈവം മനുഷ്യരെ ബഹുമാനിക്കുന്ന തലമുള്ളത്.





ദൈവത്തിൽ നിന്ന് കരുണ കിട്ടും. അവൻ വിടുതൽ നൽകുന്ന ദൈവമാണ്. അവൻ രോഗങ്ങളെ സുഖപ്പെടുത്തും. നന്മ തന്ന് അനുഗ്രഹിക്കും. ഇവയെല്ലാം ഒരു അപ്പൻ മകനോടോ യജമാനൻ ദാസനോടോ കാണിക്കുന്ന വികാരങ്ങളാണ്. യാചിച്ചു ചെല്ലുന്നവരെ ദൈവം കൈവിടില്ല. അതുപോലെ പുത്രത്വത്തിന്റെ അവകാശവും അവൻ മനുഷ്യർക്കു നൽകും. എന്നാൽ വളരെ അപൂർവ്വമായിട്ടാവും ദൈവം ഒരു വ്യക്തിയെ ബഹുമാനിക്കുന്നത്. അബ്രാഹാമിനെക്കുറിച്ച് 'എന്റെ സ്നേഹിതൻ' എന്നു ദൈവം പറഞ്ഞു. ദാവീദിനെപ്പറ്റി, 'എന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ' എന്നു പറഞ്ഞിട്ടുണ്ട്. എന്നാലിവിടെ മേശകളിൽ ശുശ്രൂഷിക്കാൻ ശിഷ്യന്മാർ ആക്കിവെച്ച ഒരുവന്റെ ആർജ്ജവം കണ്ട് സ്വന്തം ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റു നിന്ന് യേശു അവനെ ആദരിച്ചു.

നാം ഈ കാലത്തു വളരെ വ്യത്യസ്തമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവം ഒരിക്കലും തന്റെ അടിമ എന്ന നിലയിൽ മനുഷ്യനെ കാണാനാഗ്രഹിക്കുന്നില്ല. ദൈവത്തിനു മനുഷ്യഗണത്തിൽ നിന്നു സ്നേഹിതന്മാരെ ആവശ്യമുണ്ട്. നിങ്ങളുടെ ചങ്കൂറ്റം കണ്ട് അവനു നിങ്ങളോട് ആദരവ്, മതിപ്പ് തോന്നണം. ദൈവം തരുന്ന കരുണ, സൗഖ്യം, ആശ്വാസം, വിടുതൽ, വരങ്ങൾ എന്നിവയെക്കാൾ വളരെ വലുതാണ് ദൈവം ബഹുമാനിക്കുമ്പോൾ സംഭവിക്കുന്നത്.

*നിങ്ങളോട് സാധാരണ രീതിയിൽ ദൈവത്തിനു കരുണയും മനസ്സലിവും ഒക്കെയുണ്ട്. എന്നാൽ ദൈവത്തിന്റെ സ്നേഹിതനായി, അവന്റെ ആദരവ് പിടിച്ചുപറ്റുക (വചനഭാഗങ്ങൾ: പ്രവൃത്തികൾ 6, 7).*

# ആറ്

# ആരവം കേൾക്കുന്ന ശത്രു

അരാം രാജാവായ ബെൻ-ഹദദ് തന്റെ മുഴു സൈന്യവുമായി പുറപ്പെട്ടു ചെന്ന്, ഒരിക്കൽ ശമര്യയെ വളഞ്ഞു. ശത്രു പട്ടണത്തെ വള ഞ്ഞതുകൊണ്ട് ശമര്യയിൽ മഹാക്ഷാമം ഉണ്ടായി. ഒരു കഴുതത്തലയ്ക്ക് എൺപതു വെള്ളിക്കാശും കാൽകബ് പ്രാക്കാഷ്ഠത്തിന് അഞ്ചു വെള്ളിക്കാശുമായി വില കയറി. മാത്രമല്ല, സ്ത്രീകൾ തങ്ങളുടെ കുഞ്ഞുങ്ങളെ പുഴുങ്ങിത്തിന്നുന്നതിലേക്കുവരെ സ്ഥിതി മാറി.

എന്നാൽ പ്രവാചകനായ എലീശ മറ്റൊന്നാണു പറഞ്ഞത്. “അപ്പോൾ എലീശ: യഹോവയുടെ അരുളപ്പാടു കേൾപ്പിൻ, നാളെ ഈ നേരത്തു ശമര്യയുടെ പടിവാതിൽക്കൽ ശേക്കെലിന് ഒരു സെയാ ഗോതമ്പുമാവും ശേക്കലിനു രണ്ടു സെയാ യവവും വിൽക്കും എന്ന് യഹോവ അരുളിച്ചെയ്യുന്നു എന്ന് പഞ്ഞു.” അതായത് ഒരു ദിവസം കൊണ്ടു സ്ഥിതി മാറുമെന്ന്!

സാഹചര്യം ഏറ്റവും കഠിനമാകുമ്പോൾ, ഒരു തരത്തിലും മുമ്പോട്ടുപോകുവാൻ കഴിയില്ല എന്ന അവസ്ഥ വരുമ്പോൾ, അവിടെ ദൈവം ആരംഭിക്കുന്നു. നമ്മൾ പറയും, ‘എന്റെ ജീവിതത്തിൽ എവിടെയും പരാജയം മാത്രമാണ്.’ എന്നാൽ ദൈവത്തിനു പറയുവാനുള്ളത് ഒറ്റ രാത്രികൊണ്ട് നിന്റെ അവസ്ഥ മാറ്റാൻ ഞാൻ ആരംഭിച്ചുകഴിഞ്ഞു എന്നാണ്.

രാജാവിനു കൈത്താങ്ങൽ കൊടുക്കുന്ന ഒരു അകമ്പടി നായകൻ ഉന്നയിക്കുന്ന സംശയം ഇവിടെ ശ്രദ്ധേയമാണ്. “യഹോവ ആകാശത്തിൽ കിളിവാതിലുകൾ ഉണ്ടാക്കിയാലും ഈ കാര്യം സാധി





ക്കുമോ?” നിശ്ചയമായും ആ ചോദ്യത്തിൽ ഒരു സത്യസന്ധതയുണ്ട്. കഴുതത്തല ഒന്നിന് എൺപത് വെള്ളിക്കാശ് ആയിരിക്കേ, സ്ത്രീകൾ കുഞ്ഞുങ്ങളെ പുഴുങ്ങിത്തുന്നതിലേക്ക് ദേശം എത്തിയിരിക്കേ, ഒരു രാത്രി കഴിയുമ്പോഴേക്കും ഗോതമ്പ് മാവിന്റെ വില സെയയ്ക്ക് ഒരു ശേക്കെൽ മാത്രമാവുന്നു എന്നത് തികച്ചും അസംഭവ്യമത്രേ! പക്ഷെ ഇവിടെ എലീശ ദൈവം കല്പിച്ചത് പറഞ്ഞു. ഏറിയ പങ്ക് ആളുകളും യഹോവ അത്ഭുതം ചെയ്യാൻ പോകുന്നു എന്ന് വിശ്വസിച്ചു. യാഥാർത്ഥ്യങ്ങളെ മുന്നിൽ കണ്ട ചിലർക്ക് അത് വിശ്വസിക്കാനും കഴിഞ്ഞില്ല.

ഇപ്പോൾ ജനമെല്ലാം ഇരുപത്തിനാലു മണിക്കൂറുകൾ കഴിയാൻ കാത്തിരിക്കുകയാണ്. എല്ലാവരുടെയും ശ്രദ്ധ പ്രവാചക നേതാവായ അല്ലെങ്കിൽ ദൈവപുരുഷനായ എലീശയിലും ഭരണാധികാരിയായ രാജാവിലുമത്രെ! എല്ലാവരുടെയും നോട്ടം രാജ്യത്തെ ഉന്നതന്മാർക്കു നേരെ ആയപ്പോൾ, എല്ലാവരാലും അവഗണിക്കപ്പെട്ടു കിടന്ന നാലു കുഷ്ഠരോഗികൾ അവിടെ പടിവാതിൽക്കൽ ഉണ്ടായിരുന്നു. ഒരു പക്ഷേ എലീശ പോലും ചിന്തിച്ചു കാണില്ല, ദൈവം വെളിപ്പെടുത്തിയ ആ വലിയ ഉത്സവത്തിന് നാലു കുഷ്ഠരോഗികൾ ചുക്കാൻ പിടിക്കുമെന്ന്. അല്പംകൂടി കടന്നു പറഞ്ഞാൽ ആ കുഷ്ഠരോഗികൾ പോലും കരുതിയില്ല രാജ്യത്തിനു മുഴുവൻ ആവശ്യമായ ഒരു ശുശ്രൂഷ തങ്ങളിൽ കൂടി നടക്കുമെന്ന്. അവരും ദൈവപുരുഷന്റെ പ്രവചനത്തെക്കുറിച്ച് അറിഞ്ഞുകാണും, അവരും രാജ്യത്തെ ഉന്നതന്മാരിലേക്ക് ആകാംക്ഷയോടെ നോക്കിക്കാണും. എന്നാൽ ഇവിടെ ദൈവം ശ്രദ്ധിക്കുന്നത് ആ കുഷ്ഠരോഗികളെയാണ്. അവർ വൈകുംതോറും ദൈവവും തന്റെ പ്രവൃത്തി വൈകിച്ചു. എപ്പോഴാണോ അവർ എഴുന്നേൽക്കാൻ തയ്യാറായത് അപ്പോൾ ശമര്യയുടെ വിടുതലിനായി ദൈവവും എഴുന്നേറ്റു. തമ്മിൽ സംസാരിച്ചതിനു ശേഷം കുഷ്ഠരോഗികൾ അരാമ്യപാളയത്തിലേക്ക് നടക്കുമ്പോൾ അവർക്കുമുമ്പേ മഹാസൈന്യത്തിന്റെ ആരവം കേൾപ്പിച്ചുകൊണ്ട് യഹോവ ചെന്നു.

നമ്മുടെ സഭയിൽ, കുടുംബത്തിൽ, ദേശത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാകാൻ പോകുന്നു എന്ന് നാം പലരിൽ നിന്ന് ദൈവിക ആലോചനകൾ കേൾക്കും. വലിയ ഉണർവിന്റെ പ്രവചനം അഭിഷിക്തന്മാർ മുഖേന ദൈവം തന്റെ ജനത്തെ അറിയിക്കുമ്പോൾ നമ്മൾ ശ്രദ്ധിക്കുന്നത് വലിയ സ്റ്റേജ് പ്രസംഗകരെയും അറിയപ്പെടുന്ന ശുശ്രൂഷകന്മാരെയും മറ്റുമാണ്. നമ്മുടെ ചിന്ത ദൈവം അവരെ ഉപയോഗിക്കുവാൻ പോകുന്നു എന്നത്രെ. ചിലപ്പോൾ ദൈവം, വീടുകളിൽ കഴിയുന്ന വീട്ട

മ്മമാരെയാവും, അല്ലെങ്കിൽ ബിസിനസ്സും ജോലിയുമായി കഴിയുന്ന നിങ്ങളെയാവും, അതിനായി ഉപയോഗിക്കുക. ആളുകൾ നോക്കുമ്പോൾ നിങ്ങൾ വെറും സാധാരണക്കാരായിരിക്കും. നേരെ ചൊവ്വേ നിങ്ങൾക്ക് പ്രാർത്ഥിപ്പാൻപോലും അറിയില്ലായിരിക്കും. പക്ഷേ ദൈവം അതൊന്നും കണക്കിലെടുക്കുന്നില്ല.

ദൈവം ഉറ്റുനോക്കുന്നത് ആ കുഷ്ഠരോഗികൾ എഴുന്നേൽക്കുന്നുവോ എന്നു മാത്രമാണ്. അരാം സൈന്യം, ഒരു മഹാസൈന്യത്തിന്റെ, കുതിരകളുടെയും രഥങ്ങളുടെയും ആരവം കേട്ട് ഓടണമെങ്കിൽ അത്ഭുതത്തിനായി കാത്തിരിക്കുന്നവരാകാതെ, അതിനായി ഒരുങ്ങി ഇറങ്ങുന്നവരായി തീരണം.

*നമ്മുടെ ദേശത്തിന്റെ ഉണർവ്വിനായി മറ്റാരെയോ ദൈവം നിയമിച്ചിട്ടുണ്ട് എന്നു ചിന്തിച്ചു കഴിയുന്ന കാലം നാം അവസാനിപ്പിക്കാൻ സമയമായി. എപ്പോഴും നാം എരിയേണ്ടത് നമ്മെക്കുറിച്ചു ദൈവം എന്താഗ്രഹിക്കുന്നു എന്നതിലാവണം. അവൻ എപ്പോഴും അപ്രതീക്ഷിതരായവരെ കൊണ്ട് തന്റെ ഹിതം ചെയ്തുകൊണ്ടിരിക്കുന്നവനാണ്. ഇവിടെ നാം കണ്ടെത്തേണ്ടത്, രട്ടുടുത്ത രാജാവോ, മൂപ്പന്മാരുടെ ഇടയിലായിരിക്കുന്ന എലീശയോ അല്ല ഉണർവ്വിനെ വലിച്ചടുപ്പിച്ചത്, മറിച്ച് എഴുന്നേൽക്കാൻ തയ്യാറായ ചില യാചകരാണത് ചെയ്തത് എന്ന വസ്തുതയാണ് (2 രാജാക്കന്മാർ 6:24-33; 7:1-20).*



## ഏഴ്

# ഗിദെയോനിലെ ബലം

യിസ്രായേൽ മക്കളുടെ ജീവിതത്തിലെ ഒരു പ്രത്യേക കാലഘട്ടമായിരുന്നു അത്. എപ്പോഴൊക്കെ അവർ വിളവെടുക്കാൻ തുനിയുമോ അപ്പോഴൊക്കെ അതു നശിപ്പിക്കാനായി മിദ്യാന്യർ പാഞ്ഞെത്തുന്ന കാലം. എല്ലാം ഇല്ലാതാക്കാനായി ശത്രു എത്തുമ്പോൾ യിസ്രായേൽ പ്രാണരക്ഷാർത്ഥം പർവ്വതങ്ങളിലെ ഗുഹകളിലും ഗഹ്വരങ്ങളിലും മറ്റു ദുർഗങ്ങളിലും ഒളിച്ചിരിക്കാനായി ബദ്ധപ്പെടുമായിരുന്നു. എന്നാൽ ഇവിടെ ഒരു ഗിദെയോൻ ഒളിച്ചിരിക്കാനായി തയ്യാറായില്ല. അതുപോലെ അവന്റെ അവകാശത്തെ വിട്ടുകൊടുക്കാനും അവൻ ഒരുക്കമായിരുന്നില്ല. അതുകൊണ്ടാണ് പരാക്രമങ്ങൾ കാട്ടും മുമ്പു തന്നേ ദൂതൻ അവനെ 'അല്ലയോ, പരാക്രമശാലിയേ' എന്ന് വിളിക്കുന്നത്.

യഹോവ നിന്നോടു കൂടെയുണ്ട് എന്ന് ദൂതൻ പറയുമ്പോൾ, ഗിദെയോൻ ചോദിക്കുന്നത് ശ്രദ്ധിക്കുക; മൂന്ന് കാര്യങ്ങളിലാണ് ഗിദെയോന്റെ വ്യഥ. ഒന്നാമതായി, അവൻ ചോദിക്കുന്നത്, “യഹോവ കൂടെയുണ്ടെങ്കിൽ ഇങ്ങനെ വന്നുഭവിക്കുന്നത് എന്തുകൊണ്ടാണ്?” എന്നത്രെ. മറ്റ് യിസ്രായേല്യർ ഭീതിയോടെ ഒളിച്ചിരിക്കാൻ മാത്രം തത്രപ്പെടുമ്പോൾ മുന്തിരിച്ചക്കിനരികിൽ വെച്ച് ഗോതമ്പ് മെതിക്കുകയാണെങ്കിലും 'യഹോവ തങ്ങളുടെ കൂടെയില്ല' എന്ന അറിവ് ഗിദെയോനെ പൊള്ളിക്കുന്നു. രണ്ടാമതായി, “അവന്റെ അത്ഭുതങ്ങൾ എവിടെ?” എന്നാണ് ഗിദെയോൻ അന്വേഷിക്കുന്നത്. യഹോവ കൂടെ ഉണ്ടായിരുന്നപ്പോൾ അവൻ എന്നും അത്ഭുതങ്ങൾ ചെയ്ത് യിസ്രായേൽ മക്കളെ വിടുവിച്ചിരുന്നല്ലോ!

അതുപോലെ ഇപ്പോൾ എന്തുകൊണ്ടാണ് അടയാളങ്ങളും മറ്റും സംഭവിക്കാത്തത്...? കൂട്ടത്തോടെ മിദ്യാന്യർ വന്ന് എല്ലാം നശിപ്പിച്ചുകളയുന്നുവല്ലോ എന്ന് ഗിദെയോൻ വിങ്ങുകയാണിവിടെ. മൂന്നാമതായി, അവൻ, "യഹോവ നമ്മെ ഉപേക്ഷിച്ചു മിദ്യാന്യരുടെ കൈയ്യിൽ ഏല്പിച്ചുവല്ലോ" എന്ന് അതിശയിക്കുന്നു. യിസ്രായേൽ മക്കൾക്ക് യഹോവ ഉപേക്ഷിച്ചു എന്ന ചിന്ത ഇല്ലാതിരിക്കെ, ഗിദെയോനിൽ അത് അടങ്ങാത്ത നെരിപ്പോടായിരുന്നു. യഹോവ ഉപേക്ഷിക്കുക മാത്രമല്ല അവൻ ശത്രുവിന്റെ കയ്യിൽ ഏല്പിക്കുകകൂടി ചെയ്തിരിക്കുന്നു.

അപ്പോൾ യഹോവ അവനെ നോക്കി ശുശ്രൂഷയ്ക്കായി അവനെ തിരഞ്ഞെടുക്കുന്നു. ദൂതൻ ആദ്യം അവനെ വന്ദനം ചെയ്യുന്നത് തെരഞ്ഞെടുപ്പ് വിളംബരം ചെയ്തുകൊണ്ടല്ല. എന്നാൽ അവനിലെ അറിവുകൾ - യഹോവ കൂടെയില്ല എന്നും യഹോവ ഉപേക്ഷിച്ചു എന്നുമുള്ള അറിവുകൾ - അത്രേ അവനെ നിയോഗത്തിലേക്ക് എത്തിച്ചത്.

'പരാക്രമശാലിയേ' എന്ന വന്ദനത്തിൽ നിയോഗമില്ല. പലപ്പോഴും നാം അത് തിരിച്ചറിയാറുമില്ല. ദൈവത്തിന്റെ ഒരു സന്ദർശനം നമ്മിലുണ്ടാകുമ്പോൾ പെട്ടെന്ന് എല്ലാം നേടിയവനെപ്പോലെ ശുശ്രൂഷയിലേക്ക് ചാടുന്ന പലരുമുണ്ട്. എന്നാൽ നമ്മിലെ തിരിച്ചറിവുകൾ എന്തെന്ന് ആദ്യം നാം ദൈവത്തെ ബോധ്യപ്പെടുത്തണം. നമ്മിൽ ശുശ്രൂഷ എന്തിനാണ് ദൈവം തരുന്നത്? പലർക്കും ഇന്ന് അതൊരു ഫാഷനായി മാറുന്നു ... പക്ഷേ മിദ്യാന്റെ കൈകടത്തലുകളെ തടയാൻ ദൈവം ആഗ്രഹിച്ചു നിയോഗിക്കുമ്പോൾ നാം നമ്മുടെ പ്രശസ്തിക്കായി പലതും ചെയ്തുകളയുന്നു.

ദൈവത്തെ അറിയാത്ത എത്രയോ കോടി ജനങ്ങളുണ്ടെന്ന തിരിച്ചറിവ്, അവിടേക്ക് പോകാൻ ആരുമില്ല എന്ന ഉള്ളെരിച്ചിലത്രെ ഒരുവനെ അവന്റെ നിയോഗത്തിലേക്ക് അടുപ്പിക്കുന്നത്. ദൈവം ഗിദെയോനോട് പറഞ്ഞു, "ഈ ബലത്തോടെ പോക" എന്ന്. നമ്മോട് എന്തു പറയും? നമ്മുടെ തിരിച്ചറിവ് കാറും ബംഗ്ലാവും വിരുന്നു മേശയിലെ പ്രഥമസ്ഥാനവുമായിരിക്കേ ദൈവം നമ്മോടു എന്തുപറയും?

ഗിദെയോനിലെ ബലം, യഹോവ ഇല്ലാത്തതുകൊണ്ട് പല നഷ്ടങ്ങളും ജനങ്ങൾക്ക് സംഭവിക്കുന്നുവെന്ന അറിവായിരുന്നു. ഗിദെയോൻ തന്റെ ശൂന്യത വെളിപ്പെടുത്തുമ്പോൾ (ന്യായാ. 6:15), യഹോവ പറയുന്നത് ഞാൻ നിന്നോടു കൂടെയിരിക്കും എന്നത്രെ. മുഴു യിസ്രായേലിന്റെയും കൂടെയിരിക്കാനായി ദൈവം ഒരുവന്റെ കൂടെ നിൽപ്പാൻ തയ്യാറായി.





അതുപോലെ ദൈവം ഒരു ഗിദെയോനെ എഴുന്നേല്പിച്ചത്, മുന്തിരിച്ചക്കിനരികെ ഗോതമ്പ് മെതിക്കുന്ന അവനിലെ പ്രത്യേകത കണ്ടായിരുന്നില്ല. മറിച്ച് യിസ്രായേൽമക്കളുടെ നിലവിളി കേട്ടായിരുന്നു. അതുപോലെ യഹോവ നിങ്ങളെ ശുശ്രൂഷയിലേക്ക് ക്ഷണിക്കുന്നത് നിങ്ങളുടെ വിശുദ്ധജീവിതമോ പ്രാർത്ഥനാ, പ്രസംഗ വൈഭവമോ കണ്ടല്ല. ജീവിതം എന്തെന്നറിയാതെ, ലക്ഷ്യമില്ലാതെ പായുന്ന കോടിക്കണക്കിന് ആത്മാക്കളുടെ ദുരവസ്ഥയിൽ മനം നൊന്താണ്. ദൈവമനസ്സിലെ ആ വേദന കണ്ടു വേണം നാം ശുശ്രൂഷാ മുഖത്ത് ആയിരിക്കുവാൻ.

*ദൈവം കൈവിട്ടു കളഞ്ഞാൽ പിന്നെ ഒന്നിനും കൊള്ളാത്തവരായി നാം മാറിപ്പോകും എന്ന ചിന്തയുള്ളവരാണ് യഥാർത്ഥ ബലവാന്മാർ. ഗിദെയോനോട്, നീ ഒറ്റ മനുഷ്യനെപ്പോലെ മിദ്യാന്യരെ തോല്പിക്കും എന്ന് പറഞ്ഞുവെങ്കിലും അത്ഭുതം ചെയ്തത് യഹോവ ആയിരുന്നു. അതുപോലെ ശുശ്രൂഷയിൽ എല്ലാം ചെയ്യുന്നത് ദൈവമാണെന്ന അറിവ് നമുക്ക് എപ്പോഴും ഉണ്ടാവേണ്ടത് ആവശ്യമാണ്. (വചനഭാഗങ്ങൾ: ന്യായാധിപന്മാർ 6, 7, 8).*

## എട്ട്

# യേശു വരുന്നത്

'ലാസർ ദീനമായിക്കിടക്കുന്നു' എന്ന വാർത്ത അറിയിച്ചവർ തിരികെ ബേഥാന്യയിലേക്ക് പോയപ്പോൾ ശിഷ്യന്മാർ യേശുവിനെ നോക്കി. യേശുവിന്റെ പ്രിയ സ്നേഹിതനാണ് ലാസർ. ബേഥാന്യയിലെ ആ കുടുംബത്തെ, മാർത്തയെയും മറിയയെയും ലാസറിനെയും യേശു ഏറെ സ്നേഹിക്കുന്നുവെന്ന് അവർക്കറിയാം. ഒരു പരിചയവും ഇല്ലാത്ത ഇടങ്ങളിൽ പോലും സൗഖ്യം പകരാൻ ഓടിച്ചെന്നിട്ടുള്ള യേശു ഇവിടെ യാത്രയ്ക്കുള്ള ഒരു ഒരുക്കവും കാണിക്കാത്തത് അവരെ അത്ഭുതപ്പെടുത്തി. യെഹൂദന്മാർ യേശുവിനെ കല്ലെറിയാൻ ഭാവിച്ച സ്ഥലമായിരുന്നുവല്ലോ ബേഥാന്യ. അതുകൊണ്ടാവും അവൻ അവിടേക്ക് പോകാൻ മടിക്കുന്നത് എന്നും അവർ ചിന്തിച്ചു. എന്നാൽ രണ്ടു ദിവസം കഴിഞ്ഞ് യേശു യാത്രയ്ക്കു തയ്യാറായി. ലാസർ നിദ്ര കൊള്ളുകയാണെന്നും എങ്കിലും താൻ അവനെ ഉണർത്താൻ പോകയാണെന്നും യേശു അവരോടു പറഞ്ഞു. ഉറങ്ങുന്ന ഒരുവനെ ഉണർത്താൻ ഇത്രയും യാത്ര ചെയ്യണമോ എന്നവർ പരസ്പരം ചോദിച്ചിരിക്കും. ഉണർത്തുവാൻ ചെന്നിട്ട് മരിക്കേണ്ടിവരുമോ എന്നുപോലും അവർ സംശയിച്ചു. എന്തു സംഭവിച്ചാലും യേശുവിനെ പിന്തുടരാമെന്ന് തോമസ് എല്ലാവരോടുമായി പറഞ്ഞു. അങ്ങനെ യേശു ബേഥാന്യയിൽ എത്തിയപ്പോൾ ലാസറിനെ കല്ലറയിൽ വെച്ചിട്ട് നാലുദിവസം കഴിഞ്ഞിരുന്നു.

ഇവിടെ, ബേഥാന്യയിൽ ലാസറിന്റെ വീട്ടിൽ മാർത്തയെയും മറി





യയെയും ആശ്വസിപ്പിക്കേണ്ടതിന് ധാരാളം യെഹൂദന്മാർ കൂടിയിരുന്നു. ലാസർ മരിച്ചതു മുതൽ അവനെ കല്ലറയിൽ വെച്ച് നാലു ദിവസം കഴിഞ്ഞിട്ടും പോകാതെ ആശ്വസിപ്പിക്കുന്ന യെഹൂദന്മാർ! ഇങ്ങനെ ആശ്വസിപ്പിക്കുന്നവർക്കറിയാം എങ്ങനെയൊക്കെ ആശ്വസിപ്പിച്ചാലും ഒന്നും നടക്കുകയില്ല എന്ന്. എന്തൊക്കെ പറഞ്ഞാലും മരിച്ചവർ തിരികെ വരികയില്ലല്ലോ. എങ്കിലും അവർ പറഞ്ഞുകാണും: "പോയത് പോയി, ഇപ്പോൾ നാലു ദിവസവും കഴിഞ്ഞിരിക്കുന്നു. നിങ്ങൾ ഇങ്ങനെ ദുഃഖിച്ചിട്ട് ഒരു കാര്യവുമില്ല" എന്ന്. ചിലർ പറഞ്ഞുകാണും അവരെ സാമ്പത്തികമായോ മറ്റോ സഹായിക്കാമെന്ന്, മകന്റെ ഭാര്യയായി സ്വീകരിക്കാമെന്ന്. ചിലർ ഭക്ഷണം തയ്യാറാക്കി അവരുടെ അരികിൽ കൊണ്ടു കൊടുത്തുകാണും. ഏതായാലും യെഹൂദന്മാർ അവരുടെ കൂടെ വിലപിക്കാനും ആശ്വസിപ്പിക്കുവാനും ഉണ്ടായിരുന്നു.

എന്നാൽ യേശു ബേഥാന്യയിൽ ചെന്നത് വിലപിക്കുവാനായിരുന്നില്ല. അവരെ ആശ്വസിപ്പിക്കുവാനുമായിരുന്നില്ല. മത്തായി 11:28-ൽ "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" എന്ന് യേശു പറയുന്നു. ഇംഗ്ലീഷിലത് 'I will give you rest' (TLB) എന്നാണ്. Eastons Bible Dictionary അതിനെ ഇങ്ങനെയാണ് വിശദീകരിക്കുന്നത്: Gr. *Anapausis*, "Rest from weariness." ജോൺ വെസ്ലിയുടെ കമന്ററി ശ്രദ്ധിക്കുക:

I alone (for none else can) will freely give you (what ye cannot purchase) rest from the guilt of sin by justification and from the power of sin by sanctification (John Wesleys Notes on the Whole Bible - The New Testament, P. 57). മത്തായി 11:28-ൽ "യേശു ആശ്വസിപ്പിക്കും" എന്ന് പറഞ്ഞിരിക്കുന്നത് നമ്മുടെ നഷ്ടങ്ങളെ സാരമില്ല എന്ന് പറയുന്ന രീതിയിലല്ല, അതുപോലെ നാം ഭാരപ്പെടുമ്പോൾ അവൻ 'പോട്ടെ കുഴപ്പമില്ല, പുതിയതിനായി ശ്രമിക്കൂ' എന്നും പറയുകയുമല്ല, മറിച്ച് ഏതൊന്നാണോ നമ്മിൽ നിന്ന് പിശാച് കൈവശമാക്കിയത്, അതിനെ അവൻ തിരിച്ചുതരികയാണു ചെയ്യുന്നത്.

നമ്മുടെ ജീവിതത്തിൽ നഷ്ടങ്ങൾ സംഭവിക്കുമ്പോൾ പലരും ആശ്വസിപ്പിക്കുവാൻ വരാറില്ലേ? ഏതായാലും ലാസർ മരിച്ചു, ഇനിയും ലാസറില്ലാത്ത ജീവിതം ശീലിക്കണമെന്നവർ പറയും. കൃപകൾ നഷ്ടപ്പെട്ടാൽ അവയില്ലാതുള്ള ആരാധനാ ജീവിതം ശീലിക്കണമത്രേ. മക്കൾ പിഴച്ചു പോയാൽ, പുകഞ്ഞ കൊള്ളി പുറത്ത് എന്ന ക്രമത്തിൽ പെരുമാറണമത്രേ.

യേശു പറയുന്നു: "മരിച്ചു നാലു ദിവസമായി എന്നു പറയുന്ന, അതേ ലാസറിനെ തിരികെ തരാനാണ് ഞാൻ എത്തിയിരിക്കുന്നത്." നന്മ കൈവിട്ടുപോയാൽ അവയില്ലാതുള്ള ജീവിതം ശീലിക്കണമെന്നു പറയുവാനല്ല, മറിച്ച് കൈമോശം വന്ന അതേ നന്മയെ തിരികെ തരുവാനാണ്, വഴിതെറ്റിപ്പോയി എന്ന് പറയുന്ന അതേ മക്കളെ അനുഗ്രഹിക്കപ്പെട്ടവരാക്കി തരുവാനാണ് അവൻ വരുന്നത്.

പലപ്പോഴും നാം പറയും, ഒരു പരിചയവും ഇല്ലാത്തവർ പോലും എന്റെ കഷ്ടത്തിൽ പങ്കുചേരുന്നു, യേശു ഒന്നും ചെയ്യുന്നില്ല എന്ന്. അവനോട് നഷ്ടങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ അവൻ ശ്രദ്ധിച്ചതായി നമുക്ക് തോന്നിക്കാണില്ല. എല്ലാം കൈവിട്ട് കല്ലറയ്ക്കുള്ളിൽ ആയിട്ടും അവന്റെ ഭാഗത്തു നിന്ന് ഒരു പ്രതികരണവും ഉണ്ടായിക്കാണില്ല. എന്നാൽ യേശു വന്നിട്ടുണ്ടെങ്കിൽ അതു മതി. കാരണം യഥാർത്ഥത്തിൽ എന്താണു ചെയ്യേണ്ടത് എന്നവന് നന്നായി അറിയാം. യേശുവിനു മാത്രമേ നിന്റെ ജീവിതത്തിൽ എന്തു ചെയ്യേണം അല്ലെങ്കിൽ എന്തു ചെയ്താൽ അതിനു പുനഃക്രമീകരണമാവും എന്ന വസ്തുത അറികയുള്ളൂ.

യെഹൂദന്മാർ മാർത്തയുടെ, മറിയയുടെ കൂടെ അവരുടെ വീട്ടിലാണ് ആശ്വസിപ്പിക്കുവാനായി ഉണ്ടായിരുന്നത്. ഇവിടെ യേശു മറ്റുള്ളവരെപ്പോലെ വീട്ടിലേക്ക് ചെന്നില്ല. യേശുവിനെ കാണാനായി മറിയ ചെല്ലുമ്പോൾ അവൻ ഗ്രാമത്തിൽ കടക്കാതെ മാർത്ത അവനെ എതിരേറ്റ ഇടത്തു തന്നെ നിൽക്കുകയായിരുന്നു. മറിയയും അവളെ അനുഗമിച്ച ആളുകളും ദുഃഖത്തിന്റെ തീവ്രതയിൽ കരഞ്ഞുകൊണ്ടിരുന്നപ്പോൾ യേശുവിന്റെ മനസ്സിൽ ജീർണ്ണിച്ച് നാലുദിവസമായ ലാസറായിരുന്നു. അവനെ വെച്ച ഇടത്തേക്കാണ് യേശു ആദ്യം ചെന്നത്. യേശു വന്നാൽ അവൻ ആദ്യം എത്തുന്നത് നിങ്ങളുടെ സൽക്കാരം സ്വീകരിക്കുവാനായിരിക്കില്ല. മറിച്ച് നിന്റെ നഷ്ടങ്ങളുടെ മുമ്പിലായിരിക്കും.

*യേശുകർത്താവ് നമ്മോടു മയക്കുന്ന വാക്കുകൾ, നഷ്ടത്തെ അവഗണിപ്പിക്കുന്ന വാക്കുകൾ, പറയുന്നവനല്ല. യേശു വന്നു എങ്കിൽ നാറ്റം വെച്ച നിന്റെ വിഷയത്തിന്റെ മുമ്പിൽ അവനെ എത്തിക്കുക, ബാക്കി അവൻ ചെയ്തുകൊള്ളും. ശുശ്രൂഷയ്ക്കായി ഒരു സ്ഥലത്ത് നാം എത്തുമ്പോൾ ആദ്യം ആളുകളുടെ സൽക്കാരത്തിലല്ല ശ്രദ്ധിക്കേണ്ടത്, മറിച്ച് യേശു ചെയ്തതുപോലെ അവരുടെ വിഷയത്തിനു പ്രാധാന്യം കൊടുക്കുക (വചനഭാഗങ്ങൾ: യോഹന്നാൻ 11).*



## ഒൻപത്

# വാഗ്ദത്തം എന്ന കവചം

ലൂക്കൊസിന്റെ സുവിശേഷം നാലാമദ്ധ്യായത്തിൽ യേശുവിന്റെ രംഗപ്രവേശനമാണല്ലോ നാം കാണുന്നത്. യേശു പരിശുദ്ധാത്മാവിനാൽ നിറയുന്നു, തുടർന്ന് ആത്മാവ് നയിച്ച ഇടത്തേക്ക് അവൻ ചെല്ലുന്നു. ആ മരുഭൂമിയിൽ അവൻ പരീക്ഷകളെ ജയിക്കുന്നു. പിന്നീട് പിശാച് കുറേക്കാലത്തേക്ക് അവനെ വിട്ടുമാറുന്നു. യേശുവോ ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്ക് മടങ്ങിവരുന്നു. അവന്റെ ശ്രുതി നാടെങ്ങും പരക്കുന്നു. ആത്മാവിനാൽ നിറഞ്ഞ് ആത്മാവിനെ അനുസരിച്ച് നടക്കുന്നവന്റെ ശ്രുതി നാടെങ്ങും പരക്കും.

ഒരു ദിവസം നസറേത്തിൽ, ശബ്ബത്തിൽ പതിവുപോലെ പള്ളിയിൽ ചെന്ന് വായിപ്പാൻ എഴുന്നേറ്റു. "ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുവാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" എന്നുള്ള യെശയ്യാ പ്രവചന വാക്യങ്ങളാണ് യേശു വായിച്ചത്.

തുടർന്ന് യേശു പ്രസ്താവിക്കുന്നത്, ഈ വാക്യങ്ങൾ നിവർത്തിയാകുന്നു എന്നത്രെ. യേശു, താൻ അഭിഷിക്തനായതിന്റെ, ആത്മാവിനാൽ നിറഞ്ഞതിന്റെ ഉദ്ദേശ്യങ്ങളായിരുന്നു അതിൽ ഉണ്ടായിരുന്നത്. അല്ലെങ്കിൽ യേശുവിലൂടെ നടക്കാൻ പോകുന്ന അത്ഭുതങ്ങളും അടയാളങ്ങളുമായിരുന്നു അവ. പക്ഷേ എന്താണ് സംഭവിക്കുന്നത്? ജനം എല്ലാം യേശുവിനു നേരെ തിരിഞ്ഞു. "ലാവണ്യവാക്കുകൾ"

എന്നു പറഞ്ഞ അതേ നാവുകൊണ്ട് അവർ, യേശു ദൈവദൂഷണം പറയുന്നു വെന്ന് പറഞ്ഞുതുടങ്ങി. പള്ളിയിലുണ്ടായിരുന്ന എല്ലാവരും കോപം നിറഞ്ഞവരായി യേശുവിനെ പിടിച്ചു. അതുവരെ ശാന്തമായി രുന്ന അന്തരീക്ഷം കലുഷമായി. അവർ യേശുവിനെ പട്ടണത്തിനു പുറത്താക്കി. അവരുടെ പട്ടണം ഇരുന്നിരുന്ന മലയുടെ വക്കോളം കൊണ്ടുപോയി അവനെ തലകീഴായി തള്ളിയിടുവാൻ തുനിഞ്ഞു. അടുത്ത വാക്യമാണ് നമ്മെ ആശ്ചര്യപ്പെടുത്തുന്നത്. അതിങ്ങനെ യാണ്, "അവനോ അവരുടെ നടുവിലൂടെ നടന്നുപോയി."

എന്തുകൊണ്ട്, യേശുവിനെ പിടിച്ചപ്പോൾ, അവർ പട്ടണത്തിനു പുറത്തേക്ക് അവനെ വലിച്ചിഴച്ചുകൊണ്ടു പോയപ്പോൾ, പട്ടണമിരി ക്കുന്ന മലയുടെ മുകളിലേക്ക് യേശുവിനെ തള്ളിക്കയറ്റിയപ്പോൾ, എന്തുകൊണ്ട് യേശു അപ്പോഴൊന്നും രക്ഷപ്പെട്ടില്ല? ഒരു സാധാരണ മനുഷ്യനെപ്പോലെ യേശു ആ അപകടഘട്ടത്തിലൂടെ കടന്നുപോയി. പക്ഷെ യേശുവിനെ തള്ളിയിടാനായി ഭാവിച്ചപ്പോൾ യേശു രക്ഷപ്പെട്ട തിന് പിന്നിൽ നാം അറിയേണ്ടതായ ചില കാര്യങ്ങളുണ്ട്.

പുറത്താക്കപ്പെട്ടപ്പോൾ, വലിച്ചിഴച്ചു കൊണ്ടിരുന്നപ്പോൾ യേശുവി ന്റെ ചിന്തയിൽ ചില കാര്യങ്ങൾ സംഭവിച്ചു. യേശു അവനിലുള്ള ശുശ്രൂഷയുടെ വാഗ്ദത്തം ഓർത്തു. താൻ ഇതുവരെ അന്ധന്മാരെ സൗഖ്യമാക്കിയിട്ടില്ല, പീഡിതന്മാരെ, ബദ്ധന്മാരെ വിടുവിച്ചിട്ടില്ല. മരിച്ചവരെ ആരെയും ഉയിർപ്പിച്ചിട്ടില്ല. എന്തിന്, താൻ ദരിദ്രന്മാരോടു സുവിശേഷം പറഞ്ഞു തുടങ്ങിയിട്ടുപോലുമില്ല. അങ്ങനെ പൂർത്തീകരി ക്കാൻ ഇനിയും എത്രയോ ശുശ്രൂഷാ വാഗ്ദത്തങ്ങൾ ഉണ്ട് എന്ന ചിന്ത യേശുവിൽ തീപ്പൊരി പാറിച്ചതോടെ യേശുവിനു നേരെ ഒന്നും ചെയ്യുവാൻ ശത്രുവിനു കഴിയാതെയായി.

പലപ്പോഴും നാം വലിച്ചിഴയ്ക്കപ്പെടാം. തലകീഴായി തള്ളിയിടാ നാവും ശത്രു പദ്ധതിയിടുന്നത്, പക്ഷേ, നിറവേറാനുള്ള വാഗ്ദത്ത ങ്ങൾ നമ്മിൽ നുരയുന്നുവെങ്കിൽ നമ്മെയൊന്നും ചെയ്യുവാൻ ശത്രു വിനു കഴിയുകയില്ല. നിങ്ങൾ ദൈവത്തിൽ നിന്നു പ്രാപിച്ചതും നിങ്ങ ളിൽ നിറവേറാനുള്ളതുമായ ഒരു അരുളപ്പാടെങ്കിലും ബാക്കി കിടക്കുന്നുവെങ്കിൽ, അതിനെക്കുറിച്ചുള്ള ബോധ്യം നിങ്ങൾക്ക് ഉണ്ടെങ്കിൽ വിശ്വസിക്കുക. നിങ്ങൾ തോൽപ്പിക്കപ്പെടുകയില്ല.

*പ്രതിസന്ധികളെ തരണം ചെയ്യേണ്ടിവരുമ്പോൾ ദൈവിക വാഗ്ദ ത്തങ്ങളെ മുറുകെപ്പിടിക്കുക, അപ്പോൾ പരാജയപ്പെടുകയില്ല. (വചന ഭാഗങ്ങൾ: ലൂക്കൊസ് 4:1-30).*



## പത്ത്

# യാഗവസ്തുവിൽ വെള്ളമൊഴിക്കുക

അപ്പോൾ കർമ്മേൽ പർവ്വതത്തിന്റെ ചരിവിലായി സൂര്യൻ താഴുവാൻ തുടങ്ങിയിരുന്നു. ഏലീയാവ് നിഴൽ ശ്രദ്ധിച്ചു. ഏകദേശം സന്ധ്യായാഗത്തിന്റെ (ഭോജനയാഗം) സമയമായിരുന്നു. ബാലിന്റെ നാനൂറ്റി അമ്പത് പ്രവാചകന്മാരും ഈസേബെലിന്റെ മേശയിൽ നിന്നു ഭക്ഷിച്ചുവരുന്ന അശേരയുടെ നാനൂറു പ്രവാചകന്മാരും രക്തം വാർന്ന് ആകെ തളർന്നു നിൽക്കുന്നതു കണ്ടാണ് ഏലീയാവ് ജനത്തെ അവന്റെ അരികിലേക്കു വിളിച്ചത്.

"എന്റെ അടുക്കൽ വരുവീൻ" എന്ന് ഏലീയാവ് വിളിച്ചു പറഞ്ഞ പ്പോൾ അതുവരെ ബാൽ വെളിപ്പെടുന്നതും കാത്തു മുകളിലേക്കു നോക്കിനിന്ന സർവ്വജനവും ഏലീയാവിനരികിലേക്കു വന്നു ചേർന്നു. 850 പ്രവാചകന്മാർ സ്വശരീരം മുറിവേൽപ്പിച്ചിട്ടും നിലവിളിച്ചിട്ടും ഒരു പ്രതികരണവും ഉണ്ടാകാതിരുന്നപ്പോൾ ഏലീയാവ് ഒരുത്തൻ എന്തുചെയ്യും എന്ന ചോദ്യം എല്ലാവരിലുമുണ്ടായിരുന്നു. ഗോത്ര സംഖ്യയ്ക്ക് ഒത്തവണ്ണം കല്ലുകൾ എടുത്ത് യഹോവയുടെ നാമത്തിൽ ഏലീയാവ് യാഗപീഠം പുതുക്കിപ്പണിയുമ്പോൾ ചിലർ പിന്നെയും ബാൽ ഉത്തരമരുളിയോ എന്ന് എത്തിനോക്കാതിരുന്നില്ല.

എന്നാൽ ഏലീയാവ് യാഗപീഠത്തിനു ചുറ്റും 2 സെയാ വിത്ത് വിതയ്ക്കാൻ പറ്റിയ വിസ്താരത്തിൽ തോടുണ്ടാക്കുകയായിരുന്നു. കാളയെ ഖണ്ഡമാക്കി, യാഗപീഠത്തിൽ വിറകിനുമീതെ വെച്ചു. തുടർന്ന് ഏലീയാവ് പറയുന്നതുകേട്ട് നിങ്ങളും ശങ്കിച്ചുകാണില്ലേ? ഏലീയാവ് ചുറ്റും നിൽക്കുന്നവരോട്, നാലു തൊട്ടി വെള്ളം മൂന്നുപ്രാവശ്യമാണ്

യാഗപീഠത്തിലേക്ക് ഒഴിക്കാൻ പറഞ്ഞത്. മൂന്നുപ്രാവശ്യം അങ്ങനെ ചെയ്തുകഴിഞ്ഞപ്പോൾ തന്നെ യാഗപീഠത്തിന്റെ ചുറ്റും വെള്ളം ഒഴുകി, അതിന്റെ ചുറ്റുമുള്ള തോടുകളെ അതു നിറച്ചു. വേദവചനത്തിൽ ഏലീയാവ് പ്രാർത്ഥിച്ചത് വായിച്ചുനോക്കുക. ഒരു മിനിട്ടുപോലും ഏലീയാവ് പ്രാർത്ഥിച്ചു കാണില്ല. അതിനുമുമ്പെ യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു. തോട്ടിലെ വെള്ളം മുഴുവനും തീ വറ്റിച്ചുകളഞ്ഞു.

നാം തിരിച്ച്, ഏലീയാവ് നാലു ബാരൽ നിറയെ വെള്ളം മൂന്നു പ്രാവശ്യം യാഗപീഠത്തിൻമുകളിൽ ഒഴിക്കുന്ന സന്ദർഭത്തിലേക്കു മടങ്ങിച്ചെല്ലാം. തോടുകൾ നിറഞ്ഞൊഴുകുമ്പോൾ ഏലീയാവ് എന്തായിരിക്കും ചിന്തിച്ചിരിക്കുക? ഏലീയാവ് ചിന്തിക്കുന്നു, മൂന്നര വർഷത്തെ വരൾച്ചയുണ്ട് ദേശമെങ്ങും, ഒരുവനും പറയരുത് കല്ലുകൾ ഉരസി തീ ഉണ്ടായതാണെന്ന്; ഒരുവനും പറയരുത് ഏലീയാവ് ഒളിപ്പിച്ചുകൊണ്ടു വന്ന തീയാണ് രംഗപ്രവേശം ചെയ്തതെന്ന്. ഇപ്പോൾ വെള്ളം നിറഞ്ഞുകിടക്കുന്നതുകൊണ്ട് ഒരിക്കലും കല്ലുകൾ ഉരസി തീയുണ്ടാവുകയില്ല. അഥവാ മുകളിൽ നിന്ന് യഹോവയുടെ തീ ഇറങ്ങുവാൻ വൈകിയാൽ ഏലീയാവ് എത്ര ശ്രമിച്ചാലും തീ കത്തില്ല. ഏലീയാവിന്റെ സൂത്രങ്ങൾകൊണ്ട് ഒന്നും നടക്കുകയില്ല എന്ന അവസ്ഥയാണ്, അവൻ സൃഷ്ടിച്ചെടുത്തത്. ഇവിടെ സാധാരണ മണ്ഡലത്തിന് പ്രസക്തിയില്ലാതായി. അസാധാരണ മണ്ഡലത്തിന്റെ വാതിൽ തുറന്നേ പറ്റൂ എന്ന സ്ഥിതിവിശേഷമാണ് നിങ്ങൾക്കു കാണുവാൻ സാധിക്കുന്നത്.

നിങ്ങൾ ഒരു ശുശ്രൂഷകനാണ് എങ്കിൽ ശ്രദ്ധിക്കുക, നിങ്ങൾ വെള്ളമൊഴിക്കാൻ തയ്യാറാവണം. നിങ്ങളുടേതായ അഗ്നി ഒരിക്കലും വെളിപ്പെടരുത്. നിങ്ങളുടെ പ്രസംഗത്തിലും പ്രാർത്ഥനയിലും പ്രവചനവേളയിലും നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥ വന്നെങ്കിൽ മാത്രമേ മുകളിൽ നിന്ന് ഇറങ്ങേണ്ടത് വെളിപ്പെടുകയുള്ളൂ. അപ്പോഴേ ദൈവത്തിന്റെ യഥാർത്ഥ കാഴ്ചപ്പാട് ജനങ്ങളിലേക്ക് പകരപ്പെടുകയുള്ളൂ.

പലപ്പോഴും ചില ദൈവദാസന്മാർ ജനങ്ങളോടു പറയും അവർ മുൻവിധിയോടുകൂടി ഇരിക്കരുതെന്ന്. എന്നാൽ ജനം മുൻവിധിയുമായി ഇരിക്കണം. നിങ്ങളുടെ തന്ത്രങ്ങൾ ആ മുൻവിധിയിൽ വിജയിക്കുകയില്ല. നിങ്ങളെ മുകളിൽ നിന്ന് ദൈവശക്തി ഇറങ്ങി സഹായിക്കുമ്പോൾ ഏതു മുൻവിധിയും വറ്റിപ്പോകും. ഏലീയാവ് ഒരുക്കിയ യാഗ





പീഠത്തിലേക്ക് യഹോവയുടെ തീ ഇറങ്ങിവന്നപ്പോൾ അത് ആദ്യം ഇല്ലാതാക്കിയത് വെള്ളത്തെയാണ്. ഒരിക്കലും വെള്ളം വറ്റാതെ യാഗപീഠത്തിൽ ഒരുക്കിയിരിക്കുന്നത് കത്തുകയില്ലല്ലോ. ഒരിക്കൽ ജനങ്ങളുടെ മുൻവിധി വറ്റിയാൽ പിന്നെ പകർച്ച വേഗത്തിലാകും.

വെള്ളം ഒഴിക്കുവാൻ ഏലീയാവിലുണ്ടായിരുന്ന ധൈര്യം എന്തായിരുന്നു? ദൈവം ആരാണെന്നുള്ള ബോദ്ധ്യമായിരുന്നു അത്. അയച്ചത് അവനാണ് എന്നുള്ള ഉറപ്പ് ഏലീയാവിനുണ്ടായിരുന്നു. അത്തരം ഉറപ്പുള്ളവർ മാത്രമെ ദൈവത്തിനു വേണ്ടി എടുത്തുചാടുകയുള്ളൂ.

ഒരു പക്ഷേ തീ വെളിപ്പെടുന്നില്ല എങ്കിൽ ആഹാബ് ആദ്യം കല്പിക്കുക ഏലീയാവിനെ വെട്ടിക്കളയാനാവും. തന്റെ തല പോയാലും തന്റെ കഴിവുകൾ ഉപയോഗിക്കുകയില്ല എന്ന് ഏലീയാവ് ഉറപ്പിച്ചു. ആ ഉറപ്പ് ദൈവം എങ്ങനെയാണ് വായിച്ചത്. ഇനി തനിക്കു പ്രവർത്തിക്കാതിരിക്കാനാവില്ല എന്നു ദൈവം അറിഞ്ഞു. ദൈവമില്ലാതെ ഒന്നും നടക്കില്ല ദൈവം എഴുന്നേറ്റേ പറ്റൂ എന്ന തലത്തിലായിരുന്നു ഏലീയാവ് തീ ഇറങ്ങാനായി പ്രാർത്ഥിക്കുന്നത്.

നമ്മുടെ ശുശ്രൂഷാവേളയിലും ഇത്തരം ഇടവേളകൾ ഉണ്ടാകാറുണ്ട്. പ്രാർത്ഥിച്ചപ്പോൾ ചത്തുപോയ പശു എഴുന്നേറ്റു നിന്നതും കാലുകൾ നീണ്ടുവന്നതും തമാശകളും മറ്റും കുത്തിനിറച്ചാവും നാം പ്രസംഗിക്കുക. അതുപോലെ പ്രവചിക്കുമ്പോഴും ഇതുപോലെ നാം ഗണിച്ചുപറയുന്ന പലതും കാണും. അപ്പോഴൊക്കെ നിങ്ങളുടെ കേൾവിക്കാരെപ്പോലെ ദൈവവും അതു കേട്ടിരിക്കും. കാരണം നിങ്ങൾ അവന് അവസരം കൊടുക്കുന്നില്ലല്ലോ. അതെ, നിങ്ങൾ അവസരം കൊടുക്കാതെ നിങ്ങളുടെ ശുശ്രൂഷയിൽ അവൻ കൈകടത്തുകയില്ല. നമ്മിൽ നിന്ന് വെളിപ്പെടുന്ന ഒന്നും ഉണർവല്ല. യഹോവയുടെ അഗ്നി കർമ്മേലിൽ ഇറങ്ങിയപ്പോൾ ജനം എല്ലാം കവിണ്ണു വീണു. മാത്രമല്ല അവർ ഓടിച്ചെന്ന് കള്ളപ്രവാചകന്മാരുടെ കഴുത്തറുത്തുകളഞ്ഞു. അന്ന് യഹോവ തന്നെ ദൈവം എന്ന് കർമ്മേലിൽ വെളിപ്പെട്ടു. അതിന് മുന്നമേ പ്രവാചകൻ സ്വയം ശൂന്യനാക്കിക്കൊടുത്തു എന്നും ഓർത്തുകൊള്ളുക.

*ദൈവപ്രവൃത്തി എന്നുപറഞ്ഞ് നാം നമ്മുടെ പ്രവൃത്തികളെ ചെയ്യരുത്. ദൈവപ്രവൃത്തി എപ്പോഴും 100% ദൈവത്തിന്റെ കരത്താൽ സംഭവിക്കുന്നതാകണം. (വചനഭാഗങ്ങൾ: 1 രാജാക്കന്മാർ 18).*

## പതിനൊന്ന്

# ഗലീലയ്ക്കു ലഭിച്ച വെളിച്ചം

രാജാക്കന്മാരുടെ പുസ്തകത്തിൽ ഗലീലയെക്കുറിച്ചുള്ള വിവരണം രസകരമാണ്. ശലോമോൻ രാജാവ്, ഇരുപത് ഗലീലപട്ടണങ്ങളെ സമ്പന്നനായ ഹീരാമിനു കൊടുത്തതാണ് (1 രാജാ. 9:11, 12). ദാവീദിന് ഗലീലയോട് വലിയ താല്പര്യമില്ലായിരുന്നു, അപ്രകാരം തന്നെ ശലോമോനും. എന്നാൽ ഹീരാം അവയെ ജാതികൾക്കു കൈമാറി. അങ്ങനെ 'ജാതികളുടെ ഗലീല' എന്ന് ആ പട്ടണങ്ങൾ അറിയപ്പെട്ടു.

ഗലീലയെക്കുറിച്ച് യെശയ്യാവ് കണ്ട പ്രവചനം നോക്കുക (യെശ. 9:1, 2). ഗലീല ഇരുട്ടിൽ ഇരിക്കുന്നു. മരണനിഴലിൽ ഇരിക്കുന്നു, ജാതികളും അന്യാരാധനകളും മാത്രം. എന്നാൽ അവിടെ വെളിച്ചം ഉദിക്കുമെന്ന പ്രവചനം നാം കേൾക്കുന്നു. ഏറ്റവും ശൂന്യതയും വരൾച്ചയും അശുദ്ധിയും നിറഞ്ഞ ഗലീലയ്ക്ക് നല്ലകാലം വരുമെന്ന് പ്രവാചകൻ വിളിച്ചു പറയുമ്പോൾ ഇങ്ങിവിടെ മഹാപുരോഹിതന്മാരുടെയും പരീശന്മാരുടെയും ഇടയിൽ വാഗ്വാദം ഉണ്ടാകുന്നു (യോഹ. 4:45-52). നിക്കോദേമൊസിനോട് കയർക്കുന്ന പരീശന്മാരും മറ്റും വിളിച്ചുചോദിക്കുന്നത് കേൾക്കൂ, "നിക്കോദേമൊസേ, നീയും ഗലീലക്കാരനായോ, തിരുവെഴുത്തിൽ പരിശോധിക്കുക, ഗലീലയിൽ നിന്ന് പ്രവാചകൻ എഴുന്നേൽക്കുമെന്ന് അവയിൽ രേഖപ്പെടുത്തിയിട്ടില്ലല്ലോ."

എന്തായിരുന്നു യേശുവിന്റെ കാലഘട്ടത്തിൽ ഗലീല പട്ടണങ്ങളുടെ സ്ഥിതി? രോഗികളും പാപികളും പരാജിതരും എന്നിങ്ങനെ സമൂഹത്തിന്റെ അടിത്തട്ടിലുള്ളവരായിരുന്നു അവിടെ. യേശുനാഥൻ



തന്റെ പ്രവൃത്തി തുടങ്ങുവാനായി യെരൂശലേമോ, അതുപോലെ മാന്യന്മാർ താമസിക്കുന്ന ഒരിടമോ അല്ല തെരഞ്ഞെടുത്തത്. വെളിച്ചമുള്ളയിടത്ത് വെളിച്ചത്തിന്റെ ആവശ്യമില്ലല്ലോ. ഇരുട്ടിൽ, മരണനിഴലിൽ അമർന്നു കഴിഞ്ഞ ആ ഇരുപതു പട്ടണങ്ങളിലേക്ക് യേശു തന്നിലെ അഗ്നിയുമായി ചെന്നു.

എന്തായിരുന്നു യേശുവിന്റെ കാഴ്ചപ്പാട്? ഒരുവൻ വെളിച്ചത്തിലാണ് എങ്കിൽ, അവൻ വെളിച്ചത്തിന്റെ പ്രവൃത്തി ചെയ്യണം എന്നത്രെ. യോഹന്നാൻ 9:4-ൽ എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളിടത്തോളം നാം ചെയ്യേണ്ടതാകുന്നു എന്ന് യേശു പറയുന്നു. ഞാൻ ലോകത്തിൽ ഇരിക്കുമ്പോൾ ലോകത്തിന്റെ വെളിച്ചം ആകുന്നുവെന്ന് യേശു ആവർത്തിക്കുന്നു. എവിടെ യേശു ഇരുട്ട് കണ്ടുവോ, അവിടെ അവൻ വെളിച്ചത്തിന്റെ പ്രവൃത്തി ചെയ്തു. യേശുവിനെ, വെളിച്ചത്തെ എവിടെ ആവശ്യമായി വന്നുവോ അവിടേക്ക് അവൻ ചെന്നു.

ആ വെളിച്ചത്തിന്റെ മക്കളായ നാം അതുതന്നെ ചെയ്യേണം. "ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും" എന്നതാണ് യേശു നൽകിയിരിക്കുന്ന വാഗ്ദത്തം. അതു പ്രാപിച്ച പലരും ഇന്നും വെളിച്ചം ഉള്ളയിടത്ത് തന്നെ നിലയുറപ്പിക്കുന്നു. യേശുവോ അവൻ ആത്മാവിന്റെ ശക്തിയോടെ ഗലീലയിലേക്കു മടങ്ങിച്ചെന്നു എന്ന് എഴുതിയിരിക്കുന്നു (ലൂക്കൊ. 4:14).

ഒരു വ്യക്തി ആത്മനിറവു പ്രാപിച്ചുകഴിഞ്ഞാൽ, നിയോഗം അവനിൽ വെളിപ്പെട്ടുകഴിഞ്ഞാൽ അവന്റെ പ്രഥമ ലക്ഷ്യം ഗലീലയാവണം. നാം ആയിരിക്കുന്ന സ്ഥലത്തുനിന്നു തലപൊക്കി നോക്കിയാൽ, അനേകം ഗലീല പട്ടണങ്ങളെ കാണാം. യേശു കൊട്ടാരങ്ങളിലെ ശുശ്രൂഷയെക്കുറിച്ചല്ല വേവലാതിപ്പെട്ടത്, മറിച്ച് ചുങ്കക്കാരും പാപികളും വേശ്യകളും അവന്റെ തീരാവ്യഥ ആയിരുന്നു.

പക്ഷേ നമുക്ക് നേരെ തിരിച്ചാണ്. രക്ഷയുടെ ദൂതുമായി നാം സമൃദ്ധിയുടെ പച്ചപ്പു തേടിപ്പോകും. നമ്മുടെ വിളി പൊന്നുവിളയുന്ന നാടുകളിലേക്കാണ് എന്ന് നാം പറഞ്ഞുകളയും. നാം വസിക്കുന്ന ഗലീലയെക്കുറിച്ചുള്ള വേദന മറ്റാർക്കെങ്കിലും ഉള്ളതാണെന്ന് നാം വിചാരിക്കും.

ഞാൻ ചെയ്ത പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും എന്ന് യേശു പറഞ്ഞുവല്ലോ. നമ്മൾ പറയും സത്യമാണ്, ഭൂതങ്ങളെ

പുറത്താക്കാൻ, രോഗികളെ സൗഖ്യമാക്കാൻ, പ്രവചിക്കാൻ ഒക്കെയുള്ള വാഗ്ദത്തമാണിത് എന്ന്. എന്നാൽ അശരണർക്കിടയിൽ അവൻ ചെയ്ത പ്രവൃത്തികളെ, നല്ല സ്നേഹിതനായി അവൻ നടത്തിയ പുണ്യ പ്രവൃത്തികളെ നാം അവഗണിക്കും.

*എവിടെ ഇരുൾ മൂടിയിരിക്കുന്നുവോ, അവിടെ വെളിച്ചം പകരാൻ, വെളിച്ചത്തിന്റെ പ്രവൃത്തി ചെയ്യാൻ ദൈവമക്കൾ നിയോഗിക്കപ്പെട്ടിരിക്കുന്നു. അതുപോലെ എന്തു ചെയ്യുന്നു എന്നുള്ളതല്ല എവിടെ ചെയ്യുന്നു എന്നതാണ് നാം ശ്രദ്ധിക്കേണ്ടത്. (വചനഭാഗങ്ങൾ: മത്തായി 4:12–25).*



## പന്ത്രണ്ട്

# ദൈവമേ, നിന്റെ വേദന തരൂ

ദൈവം നാം കരുതുന്നതു പോലെ എപ്പോഴും സന്തോഷവാനല്ല. എത്രയോ തവണ അവന്റെ മനസ്സ് നീറിയിട്ടുണ്ട്. എത്രയോ തവണ അതിവേദനയാൽ അവൻ തകർന്നിട്ടുണ്ട്. സർവ്വശക്തനും സർവ്വവ്യാപിയുമായ നമ്മുടെ ദൈവം ഒരിക്കലും നിർഗുണ പരബ്രഹ്മം അല്ലല്ലോ. അവന്റെ കോപത്തെക്കുറിച്ച് നാം പലതവണ വചനത്തിൽ വായിച്ചിട്ടുണ്ട്. അതുപോലെ വചനം ആഴത്തിൽ വായിച്ചുപോകുന്ന ആരും അവന്റെ മനോവിഷമത്തെയും കണ്ടുപിടിച്ചിരിക്കും.

ദൈവം ഒരിക്കൽ ഹോരേബിൽ മോശെയ്ക്കു വെളിപ്പെട്ടപ്പോൾ പറയുന്നത്, 430 വർഷമായി ഊഴിയവേല ചെയ്യുന്ന എന്റെ ജനത്തിന്റെ കഷ്ടത കണ്ടു, കണ്ടു, നിലവിളി കേട്ടു, കേട്ടു എന്നാണ്. തന്റെ സ്വന്തജനം മിസ്രയീമിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ അവന്റെ മനസ്സിനെ തകർത്തു കളഞ്ഞു. ആ തകർച്ച മോശെയിലേക്കു പകരപ്പെടുകയും ചെയ്തു. ഏലാ താഴ്വരയിൽ ഒരു ഗൊല്യാത്ത് യിസ്രായേൽ നിരകളുടെ ദൈവത്തെ നിന്ദിച്ചപ്പോൾ, മതിൽ ചണ്ടിക്കൂമ്പാരമായി കിടക്കുന്നത് കണ്ടപ്പോൾ, അവനിലുണ്ടായ നോവ് തന്റെ അഭിഷിക്തന്മാരിലേക്ക് അവൻ പകർന്നു. ആ പകരപ്പെട്ട തകർച്ചയെയാണ് നാം ശുശ്രൂഷ എന്നു വിളിക്കുന്നത്.

മോശെയുടെ അടുത്തു ചെന്ന് ദൈവം പറയുന്നു, “നോക്കൂ, എന്റെ ജനത്തിന്റെ നിലവിളി ഞാൻ കേൾക്കുന്നു...” തുടർന്നു നടന്ന അവരുടെ സംഭാഷണത്തിൽ ദൈവം കേട്ട നിലവിളി മോശെ കേട്ടതുപോലെ ആയി. ദൈവത്തിന് അടങ്ങിയിരിക്കുവാൻ കഴിയാത്തതുപോലെ മോശെക്കും എന്തെങ്കിലും ചെയ്യണമെന്നായി. ദൈവം പറഞ്ഞു,

'എനിക്കു വേണ്ടി നീ ചെയ്യണം.' മോശ പറഞ്ഞു, 'നീ എന്റെ കൂടെയിരിക്കണം.' അപ്പോൾ അവിടെ ഒരു അഭിഷിക്തൻ പിറക്കുകയായിരുന്നു.

എപ്പോഴൊക്കെ ദൈവം മനം തകർന്നിട്ടുണ്ടോ, അതെല്ലാം അവന്റെ ജനത്തെ ഓർത്തായിരുന്നു. അപ്പൊഴൊക്കെ ഒരു അഭിഷിക്തനെ തേടി ദൈവം അലയുന്നുണ്ടായിരുന്നു, തന്നിലെ വേദന പങ്കുവെയ്ക്കാൻ.

ഏതോ ഒരുത്തൻ ദൈവമനസ്സിലെ വേദന ഇരുകയ്യും നീട്ടി ഏറ്റു വാങ്ങുന്നതാണ്, ഒരു ദേശത്തിൽ നടന്നേക്കാവുന്ന ഉണർവ്വിന്റെ ആദ്യപടി. നാം ദൈവത്തിന്റെ ഹൃദയത്തിൽ ഉണ്ടാകുന്ന വേദനയെ നിരീക്ഷിച്ചുകൊണ്ടാണ് ശുശ്രൂഷ ചെയ്യുന്നത് എങ്കിൽ ആളുകൾ പറയും അവൻ ശക്തനായ അഭിഷിക്തനാണെന്ന്. ആ ശക്തിയുടെ രഹസ്യമോ ദൈവത്തിൽ നിന്ന് ഇരുകൈയ്യും നീട്ടി വാങ്ങിയ വേദന മാത്രമാണ്.

പലപ്പോഴും നാം ആശ്ചര്യപ്പെടും എന്തുകൊണ്ട് ഞാൻ മറ്റുള്ളവരെപ്പോലെ ഉപയോഗിക്കപ്പെടുന്നില്ല എന്ന്. നാം പ്രാർത്ഥിക്കുന്നു, പാടുന്നു, നിരവധി അംഗങ്ങളുള്ള സഭയുടെ ഇടയനും കൂടിയാവും. വർഷങ്ങളോളം വേദവചനം പഠിപ്പിച്ചിട്ടുണ്ടാവും. എന്നിട്ടും നാം പ്രതീക്ഷിക്കുന്ന തരത്തിലുള്ള ഒരു ആത്മീയ വ്യാപാരം നമ്മിലൂടെ സംഭവിക്കാത്തതിനു കാരണം, ഏറ്റവും ആഴത്തിൽ നാം തകർക്കപ്പെടാൻ ഏൽപ്പിക്കാത്തതുകൊണ്ടു മാത്രമാണ്. നാം അത് ആഗ്രഹിക്കുന്നില്ല എന്നതാണ് സത്യം.

നമ്മുടെ ലക്ഷ്യം എന്താണെന്ന് ആലോചിച്ചുനോക്കൂ. നാം ചെയ്യുന്നത് സുവിശേഷ വേല ആണോ എന്ന് സംശയിക്കേണ്ട സമയമായിരിക്കുന്നു. സുവിശേഷ വേല എന്ന് പറയുന്നത് ഒരു വേലയോ വേലത്തരമോ അല്ല, അതൊരു ജീവിതചര്യ ആവണം. യേശുവിനെ കണ്ടെത്തിയിട്ടുള്ള ആർക്കും സുവിശേഷ വേലയിൽ നിന്ന് ഒഴിഞ്ഞിരിക്കാൻ കഴിയില്ല. നഷ്ടപ്പെടുന്ന ജനത്തെക്കുറിച്ചുള്ള വേദന ഉൾക്കൊള്ളാതെ അത് ചെയ്യുവാനും കഴിയുകയില്ല. പലപ്പോഴും നാം ലക്ഷ്യമിടുന്നത് സുവിശേഷത്തിന്റെ പകർച്ചക്കാരാകുവാനല്ല. ഇന്നലെ സുവിശേഷത്തിനായി നിലകൊണ്ട നാം ഇന്ന് പ്രസ്ഥാനവത്കരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ആളുകൾ കൂടുന്നതിൽ മാത്രമാണ് നാം ശ്രദ്ധിച്ചു പോകുന്നത്. ദൈവത്തിന്റെ വേദനയോ ഏതോ പുകമറയ്ക്കുള്ളിൽ ആയിരിക്കുന്നു. നാം ചെയ്യുന്നതിൽ നിന്നൊക്കെ ദൈവത്തെ അതീവ നിപുണതയോടെ ഒഴിവാക്കിയിരിക്കുന്നു. ദൈവത്തിന്റെ പേരിൽ നാം നമുക്ക് ഇഷ്ടമുള്ളതു ചെയ്യുന്നു.





സുവിശേഷ വേലയുടെയും ശുശ്രൂഷയുടെയും ഇടയിലൂടെ ധനമോഹത്തെയും മറ്റും കയറ്റിവിടുന്നവർ ദൈവത്താൽ അവഗണിക്കപ്പെടുകയേ ഉള്ളൂ.

ശുശ്രൂഷ എന്നു പറയുന്നത് സ്റ്റേജ് മിനിസ്ട്രിയും രാജ്യത്തിൽ നിന്ന് രാജ്യത്തിലേക്ക് പറക്കുന്നതും മാത്രമാണെന്നാണ് ചിലർ ചിന്തിക്കുന്നത്. എന്നാൽ ഒരിക്കൽ ഫിലിപ്പൊസിനോട് ആത്മാവ് പറഞ്ഞു: നിർജ്ജന പ്രദേശത്തേക്കു പോകുക എന്ന്. അപ്പോൾ അയാൾ നിരവധി ആളുകളോട് സുവിശേഷം പറഞ്ഞ് കത്തിനില്ക്കുകയായിരുന്നു. ഫിലിപ്പോസ് ചിന്തിച്ചുകാണും, ജനമില്ലാത്തയിടത്ത് എന്ത് ശുശ്രൂഷ എന്ന്. പക്ഷെ അവൻ ആത്മാവിനെ അനുസരിച്ചതായി നാം വായിക്കുന്നു. ദൈവം നോക്കിയപ്പോൾ ഒരു ഷണ്ഡൻ യെശയ്യാ പ്രവാചകന്റെ പുസ്തകം വായിച്ചു വിസ്മയിച്ചാണ് യാത്രചെയ്യുന്നത്. പാവം, അയാൾക്ക് ഒന്നും മനസ്സിലാകുന്നില്ലല്ലോ, തന്റെ ഭൃത്യനോട് കാര്യം പറയാം എന്ന് ദൈവം നിശ്ചയിച്ചു. അങ്ങനെയാണ് ഫിലിപ്പോസ് അവിടെ എത്തിപ്പെടുന്നത്. എങ്ങനെ വേണമെങ്കിലും ശുശ്രൂഷ ചെയ്യാം, പക്ഷേ ദൈവമനസ്സും കൂടെ കാണണം.

യേശുവിനെ നോക്കുക, ഓരോ സന്ധ്യയിലും അവൻ വിജന പ്രദേശത്തേക്ക് വാങ്ങിപ്പോകാറുണ്ടായിരുന്നു. അവിടെവെച്ച് ദൈവമനസ്സ്, ഭൂമിയിലെ ജനങ്ങളെക്കുറിച്ചുള്ള പിതാവിന്റെ വേദന അവനിലേക്കു പ്രവഹിക്കുമായിരുന്നു. തുടർന്നുള്ള പ്രഭാതത്തിൽ യേശു പിതാവിന്റെ ഇഷ്ടം മാത്രം ചെയ്തു.

ശക്തമായി ഉപയോഗിക്കപ്പെടുന്ന അഭിഷിക്തന്മാർ മറച്ചുവെച്ചിട്ടുള്ള ഒരു രഹസ്യമാണിത്. എങ്ങനെയാണവർക്ക് അത്ര ശക്തമായി ദൈവവചനം പ്രസംഗിക്കുവാനും വീര്യപ്രവൃത്തികൾ ചെയ്യാനും കഴിയുന്നതെന്ന്. എന്നും അവർ ദൈവത്തിൽ നിന്ന് പ്രാപിക്കുന്ന വേദനയാണ് അവരിലെ ആത്മീയ വ്യാപാരത്തിന് കാരണം. ദൈവമനസ്സിലെ വലിയ വേദനകൾ ഏറ്റെടുക്കുന്നവരുടെ ആത്മീയ ചുറ്റളവ് അത്രത്തോളം വിശാലമായിരിക്കും.

*പലരും ഏതാണ് ശരിയായ വഴി, എങ്ങനെ ശുശ്രൂഷ ചെയ്താൽ അത് ദൈവഹിതപ്രകാരമാവും എന്ന് അന്വേഷിച്ച് ദൈവമനസ്സിനരികിൽ എത്തുമ്പോഴേക്കും മരണം ഒരു ചാൺ അകലെ വന്നിട്ടുണ്ടാവും. (വചനഭാഗങ്ങൾ: പ്രവൃത്തികൾ 8).*

## പതിമൂന്ന്

# യേശുവിന്റെ ഭാവം കണ്ടുപിടിക്കുക

എല്ലാവർക്കുമറിയാം അവൻ ദൈവപുത്രനായിരുന്നുവെന്ന്. സാരാംശത്തിൽ ഒരുവൻ, വിഭജിക്കുവാൻ കഴിയാത്ത വിധം ത്രിത്വത്തിൽ അവനുണ്ടായിരുന്നു. അതേസമയം പുത്രൻ എന്ന തലത്തിൽ നിൽക്കുന്നതും അവനായിരുന്നു. നിങ്ങൾക്ക് എന്തെല്ലാം പിതാവിൽ കണ്ടെത്താൻ കഴിയുമോ അതെല്ലാം അവനിൽ ഉണ്ടായിരുന്നു.

പക്ഷേ എപ്പോഴാണോ അവൻ വേഷത്തിൽ മനുഷ്യനായി ഭൂമിയിൽ എത്തിയത് ആ സമയങ്ങളിൽ ഒരു സാധാരണ യെഹൂദൻ എങ്ങനെയായിരിക്കുമോ അതു മാത്രമായിരുന്നു അവൻ. തന്റെ സകല രാജത്വ പദവികളും അധികാരങ്ങളും മാറ്റിവച്ച് മനുഷ്യനായി ജീവിക്കുവാൻ അവൻ ആരംഭിച്ചു. യേശുവിനെ സംബന്ധിച്ച് ആദ്യ മുപ്പതു വർഷങ്ങൾ നിശബ്ദമായിരുന്നു. യോർദ്ദാനിൽ യോഹന്നാൻ സ്നാപകന്റെ മുമ്പിൽ പലരിൽ ഒരുവനായി ചെന്നു നിന്ന സമയം വരെ തച്ചനായ ജോസഫിന്റെ തച്ചനായ മകൻ എന്ന നിലയിൽ മാത്രമാണവൻ അറിയപ്പെട്ടിരുന്നത്. നിങ്ങൾ ചോദിക്കൂ; യേശൂ, നിനക്ക് യോർദ്ദാനിൽ എത്തുന്നതിന് മുമ്പ് സൗഖ്യമാക്കാനോ അത്ഭുതങ്ങൾ ചെയ്യുവാനോ കഴിയുമായിരുന്നോ എന്ന്. ഒരുപക്ഷെ അവൻ ചിരിച്ചേക്കാം. എല്ലാ കഴിവും മാറ്റിവച്ച് വെറും യെഹൂദനായി അവൻ നിൽക്കുമ്പോൾ, ഒരു സാധാരണ യെഹൂദൻ എന്തുചെയ്യുമോ അതേ അവനും ചെയ്യുവാൻ കഴിയുമായിരുന്നുള്ളൂ.

30 വയസ്സിനുള്ളിൽ അവൻ നിരവധി രോഗികളെ കണ്ടു, എത്രയോ കുരുടന്മാരെ, ആശ്രയമില്ലാതെ അലയുന്ന പാവം മനുഷ്യരെ, അവൻ





കണ്ടുമുട്ടി. എന്നാലവന് ചെയ്യുവാൻ കഴിയുന്നത് സഹതപിക്കുവാൻ മാത്രമായിരുന്നു.

ചോദിക്കൂ, അവനോട്, പിന്നെ എങ്ങനെയാണവൻ അത്ഭുതങ്ങൾ ചെയ്തതെന്ന്? മറുപടി ലളിതമായിരിക്കും. അവൻ പറയും മൂന്നാമൻ വന്നു എന്ന്. പരിശുദ്ധാത്മാവിൽ നിറഞ്ഞതിനു ശേഷമായിരുന്നു അല്ലെങ്കിൽ പരിശുദ്ധാത്മാവായിരുന്നു അവനിലൂടെ എല്ലാം ചെയ്തു കൊണ്ടിരുന്നത്. ആ അറിവ് അവനിൽ എപ്പോഴുമുണ്ടായിരുന്നു.

കഫർന്നഹൂമിൽ നിന്ന് ബേഥാന്യയിലേക്ക് ചെല്ലുമ്പോൾ കഫർന്നഹൂമിൽ താൻ വലിയ കാര്യങ്ങൾ ചെയ്തു എന്നവൻ വിവരിച്ചിരുന്നില്ല. ബേഥാന്യയിലെ ലാസറിനെ ഉയിർപ്പിച്ച സംഭവം അവൻ പാടി നടന്നില്ല. തന്നിലൂടെ അത്ഭുതങ്ങൾ നടക്കുന്നത് വലിയ കാര്യമായി അവന് തോന്നിയിരുന്നില്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും അവനെ പിതാവിന്റെ ഇഷ്ടം ചെയ്യുവാനായി ഉപയോഗിക്കുകയായിരുന്നുവെന്ന് അവൻ മനസ്സിലാക്കിയിരുന്നു.

അതുകൊണ്ടു തന്നെ ഓരോ സൗഖ്യത്തിന്റെയും കാരണം രോഗികൾ തന്നെ ആയിരുന്നുവെന്ന് അവൻ എപ്പോഴും പറഞ്ഞു. "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എന്ന് അവൻ പ്രസ്താവിക്കുമ്പോൾ എന്താണവൻ അർത്ഥമാക്കിയത്? രോഗസൗഖ്യത്തിന്റെ ഹേതു അവനല്ല എന്നു പറഞ്ഞ് അവനിലേക്ക് ഒഴുകിച്ചേരുന്ന പ്രശസ്തിയെ വഴിതിരിച്ചു വിടുകയായിരുന്നവൻ. അവനിലൂടെ, അവന്റെ വസ്ത്രത്തിന്റെ തൊങ്ങലിലൂടെയൊക്കെ സൗഖ്യം പ്രവഹിക്കുമ്പോൾ അതു മൂലമുള്ള പ്രശസ്തിയോ മഹത്വമോ അവൻ കൈവശമാക്കിയില്ല. ഒരു രക്തസ്രാവക്കാരി അവന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ട് വിടുതൽ പ്രാപിച്ചപ്പോൾ അവരെ അവൻ മുന്നോട്ടു വിളിച്ചുനിർത്തിയിട്ട് "ഇവൾ സൗഖ്യമായത് എന്റെ വസ്ത്രത്തിന്റെ തൊങ്ങലിൽ തൊട്ടതുകൊണ്ടാണ്" എന്നവൻ വിളിച്ചുപറഞ്ഞില്ല. നയീനിലെ വിധവയുടെ മകനെയോ ലാസറിനെയോ തനിക്കു മുമ്പെ സാക്ഷ്യം പറയുവാനായി കൂടെ കൊണ്ടുനടന്നില്ല.

അവനിലൂടെ നടന്ന അത്ഭുതങ്ങളെ വിളിച്ചുപറയുക വഴി ആളു കൂടട്ടെ എന്നവൻ വിചാരിച്ചിരിക്കുമോ? പ്രകാശിച്ചു നിൽക്കുന്ന ഒരു മെഴുകുതിരി പരസ്യം കൊടുക്കേണമോ? നോട്ടീസ് വിതരണം ചെയ്യേണമോ? അല്ലാതെ തന്നെ പ്രാണികൾ അവനരികിൽ പറന്നെത്തുമല്ലോ. യേശുവിന് ആരുടെയും സാക്ഷ്യമോ പരസ്യമോ ആവശ്യമായിരുന്നില്ല. അതുപോലെ അത്ഭുതങ്ങൾ ചെയ്യുന്ന ഒരു വിചിത്ര ജീവിയായി

അണിഞ്ഞുനിൽക്കാൻ അവനു താത്പര്യമില്ലായിരുന്നു. എപ്പോഴും 'ആരോടും പറയരുത്' എന്ന ശാസനയാണ് വിടുതൽ ലഭിച്ചവർക്ക് അവൻ നൽകിക്കൊണ്ടിരുന്നത്. അവന്റെ വീര്യപ്രവൃത്തികൾ അവനെ വലിയവനാക്കുന്നതിൽ അവൻ ശ്രദ്ധിച്ചതേയില്ല. അല്ലെങ്കിൽ അവൻ വന്നത് അത്ഭുതങ്ങൾ ചെയ്യുവാനായിരുന്നില്ല. അവനിലെ മനസ്സലിവും പരിശുദ്ധാത്മശക്തിയും കാരണം അത്ഭുതങ്ങൾ അവനിലൂടെ സംഭവിക്കുകയായിരുന്നു (അവന്റെ ശിഷ്യന്മാരും പിന്നീട് രോഗശാന്തി ശുശ്രൂഷ എന്നു പരസ്യപ്പെടുത്തിയില്ല. രോഗശാന്തി അവരിലൂടെ വെളിപ്പെടേണ്ടപ്പോൾ അത് പകരപ്പെട്ടു).

യേശു തന്നിലെ വരങ്ങൾ ഉപയോഗിച്ച് ധനം വാരിക്കൂട്ടിയോ? അവൻ തന്റെ പ്രസ്ഥാനത്തിന്റെ പ്രചരണാർത്ഥം പട്ടണങ്ങൾ തോറും സഞ്ചരിച്ച്, ധനവാന്മാരെ കണ്ട് അവരോടൊക്കെ സഹകരണം ആവശ്യപ്പെട്ടുവോ? നിങ്ങൾക്ക് തോന്നുന്നുവോ: യായിറോസിന്റെ മകളെ സൗഖ്യമാക്കിയപ്പോൾ അയാൾ യേശുവിന് 'കൈമടക്ക്' കൊടുത്തെന്ന്? അഥവാ കൊടുത്താൽ അവൻ വാങ്ങുമായിരുന്നോ? പ്രമാണിയായ നിക്കോദേമൊസിന്റെ വിലാസം അവൻ എഴുതിയെടുത്തുവോ? ഇന്നു കാണുന്നതുപോലെ ആരു ധനം കൊടുക്കുന്നുവോ അവരുടെ വീടുകളിൽ മാത്രം പോകുന്നവനായിരുന്നില്ല അവൻ. പരീശന്മാർ പറഞ്ഞു: ചുങ്കക്കാരുടെയും പാപികളുടെയും കൂടെ അത്താഴം കഴിക്കുന്നവനായിരുന്നു അവനെന്ന്. ശുശ്രൂഷ കഴിഞ്ഞ് ധനികന്മാരുടെ വീടുകൾ അന്തിയുറങ്ങാനായി അവൻ തിരഞ്ഞെടുത്തില്ല. അപമാനിക്കപ്പെട്ട പ്രവാചകന്റെ വേഷമായിരുന്നു എപ്പോഴുമവന്.

എന്നാൽ അവനറിഞ്ഞിരുന്നു, ആരൊക്കെ അവനെ അവഗണിച്ചാലും അവനെ കരുതുന്ന, എപ്പോഴും അവനെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന, കൈവിടാത്ത ഒരു പിതാവ് അവനുണ്ടെന്ന്. പക്ഷേ, ആ പിതാവുപോലും കുറച്ചുസമയം കാൽവറിയിൽ അവനെ തള്ളിക്കളഞ്ഞു. ആ കൈവിടൽ മാത്രമാണ് അവനെ തകർത്തുകളഞ്ഞത്. മറ്റൊന്നിനും അവനെ ചഞ്ചലചിത്തനാക്കാൻ കഴിഞ്ഞില്ല.

യേശുവിന്റെ ഭാവം ഒരിക്കലും അവൻ ചെയ്ത അത്ഭുതങ്ങളോ വീര്യപ്രവൃത്തികളോ ആയിരുന്നില്ല. അവനെ നിന്ദിക്കുന്നവരെ, പരിഹസിക്കുന്നവരെ പിന്നെയും ആർദ്രതയോടെ സ്നേഹിക്കുന്ന വിശാലതയായിരുന്നത്.

ഇന്ന് നാം എടുത്തണിയുന്ന യേശുവിന്റെ ഭാവം നിശ്ചയമായും അവന്റേതല്ല. നിങ്ങൾ അനുകരിക്കുന്നത് മറ്റാരെയോ ആണ്. നിങ്ങൾ





പ്രസംഗിക്കുന്നത് മറ്റാരെക്കുറിച്ചോ ആണ്. അല്ലെങ്കിൽ നമ്മുടെ ആവശ്യാനുസരണം നാം അവനിലെ ഭാവങ്ങൾക്ക് രൂപമാറ്റം നൽകുന്നു. അവനു ലഭിച്ച ശുശ്രൂഷ ഒരിക്കലും പ്രസിദ്ധിക്കുവേണ്ടി അവൻ ഉപയോഗിച്ചില്ല. അവനു ഹെരോദാവിന്റെയോ മഹാപുരോഹിതന്റെയോ ശുപാർശ ആവശ്യമായിരുന്നില്ല. അതുപോലെ അവരുടെ പ്രീതിക്കായി അവൻ ഒന്നും ചെയ്തതുമില്ല.

അവന്റെ അനുജന്മാർ അവനോടു പറഞ്ഞത് യെരുശലേമാണ് നനഞ്ഞ മണ്ണെന്നാണ്. ഇന്നു ചിലർ അമേരിക്ക എന്നും യു.കെ. എന്നും പറയുന്നതുപോലെ. അവിടെയും അവൻ ചിരിച്ചുകാണും. നനഞ്ഞ മണ്ണ് അവനെ സംബന്ധിച്ച് ഇരുട്ടിൽ ആണ്ടുകിടക്കുന്ന ജനങ്ങൾ മാത്രമായിരുന്നു. ആശ്രയമില്ലാതെ അലയുന്ന അവർക്കിടയിൽ ആശ്രയമായി അവൻ ജീവിച്ചു. ഒപ്പം വെളിച്ചമുള്ളയിടത്ത് അവനെപ്പോലെയുള്ളവരെ ആവശ്യമില്ലെന്ന് അവൻ പഠിപ്പിച്ചു. പക്ഷേ വെളിച്ചം ഉള്ളയിടത്താണ് ഗുപ്തനിധികളെന്ന് നാം പറഞ്ഞുകളയുന്നു; അത് പഠിപ്പിക്കുകയും ചെയ്യുന്നു.

അടുത്തതായി നാം എത്തിച്ചേരുന്നത് അവന്റെ വേഗത്തിലാണ്. തനിക്കുള്ള സമയം വളരെ ചുരുക്കമാണെന്ന് അവനറിഞ്ഞിരുന്നു; ഒപ്പം ചെയ്യുവാൻ ഏറെയുണ്ടെന്നും. എന്നിട്ടും അവൻ തന്റെ ശുശ്രൂഷയുടെ മൂന്നിൽ രണ്ടു ഭാഗവും പിതാവിനോടു സംസാരിക്കാനായി മാറ്റിവച്ചു. ശുശ്രൂഷയെക്കാൾ അവൻ പിതാവിനോടൊപ്പമുള്ള സഹവാസത്തിന് മൂല്യം കല്പിച്ചു. യേശുവിന്റെ മനസ്സ് പിതാവിൽ മറഞ്ഞുകിടന്നു. അതിന്റെ ഇടവേളകളിൽ സംഭവിക്കുന്നതായിരുന്നു അവനിലെ ശുശ്രൂഷ.

ഒരുവനിൽ യേശുവിന്റെ ഭാവം രൂപപ്പെട്ടുവരുന്നത് അവനിലെ ശുശ്രൂഷയുടെ ആധിക്യം മാനദണ്ഡമായല്ല. മറിച്ച് അവൻ എത്രനേരം പിതാവിന്റെ മനസ്സിനോടു ചേർന്നിരിക്കുന്നു എന്നതിലാണ്. യേശുവിന് എല്ലാം പിതാവായിരുന്നു. ആ പിതാവ് എന്തു ചെയ്യാൻ പറഞ്ഞാലും അനുസരിക്കലായിരുന്നു ശുശ്രൂഷയായി യേശു ചെയ്തിരുന്നത്. ഈ മാപിനികളിലൂടെയാവണം നാം നമ്മിലുള്ള യേശുവിന്റെ ഭാവത്തെയും നാം ചെയ്യുന്ന ശുശ്രൂഷയെയും അളക്കുവാൻ.

*'യേശുവിന്റെ ഭാവം' ഒരിക്കലും പുസ്തകത്തിലും പ്രസംഗത്തിലും ഒതുങ്ങേണ്ട ഒന്നല്ല. അത് മറ്റുള്ളവർക്ക് ഒരു ദീപമായി നമ്മുടെ ജീവിതത്തിൽ പ്രകാശിച്ചുനിൽക്കേണ്ട അനുഭവമാണ്. (വചനഭാഗങ്ങൾ: ഫിലിപ്പിയർ 2).*

## പതിന്നാല്

# മൊർദ്ദെഖായിയെക്കുറിച്ചുള്ള ഭയം

ഹാമാന് മൊർദ്ദെഖായിയോട് തോന്നിയ വികാരം നിങ്ങൾക്ക് ഊഹിക്കാൻ കഴിയും. രാജ്യത്തെ പ്രധാനിയായി രാജാവിനാൽ മാനിക്കപ്പെട്ട ഹാമാനെ, വാതിൽപ്പടിയിൽ കിടക്കുന്ന ഒരുവൻ തന്നെ അംഗീകരിക്കാതെ, നമസ്കരിക്കാതെ അവഗണിച്ചതു കോപാകുലനാക്കി. ഹാമാനു മൊർദ്ദെഖായിയെ മാത്രം കയ്യേറ്റം ചെയ്യുന്നത് ശരിയല്ല എന്നു തോന്നി. ദൈവത്തെ മാത്രമേ ആരാധിക്കാവൂ, നമസ്കരിക്കാവൂ എന്ന ന്യായപ്രമാണം ശീലിച്ചവനായ മൊർദ്ദെഖായിയെയും അവന്റെ വംശത്തെ തന്നെയും ഇല്ലാതാക്കാൻ അവൻ കൂട്ടം ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചു.

ഒന്നാമതായി, ഹാമാൻ പതിനായിരം താലന്തു വെള്ളി - ഏകദേശം 10 കോടി രൂപ - രാജാവിനു നൽകി, അഹശ്വരേശിന്റെ 127 സംസ്ഥാനങ്ങളിലുമായി ചിതറിക്കിടക്കുന്ന യെഹൂദന്മാരെ നശിപ്പിക്കാൻ അതതു ഭാഷകളിൽ സന്ദേശം എഴുതി രാജമോതിരം കൊണ്ട് മുദ്രയിട്ട് എല്ലാ സംസ്ഥാനങ്ങളിലും അത് പ്രസിദ്ധമാക്കി. രണ്ടാമതായി, അവൻ സ്വന്തം വീട്ടുവളപ്പിൽ മൊർദ്ദെഖായിയെ കഴുവേറ്റാൻ 50 മുഴം ഉയരമുള്ള ഒരു കഴുമരമുണ്ടാക്കി.

എന്നാൽ കഴുമരം ഹാമാൻ പണിത ആ രാത്രി രാജാവിന് ഉറക്കം വരാതിരുന്നതിനാൽ ദിനവൃത്താന്തപുസ്തകം വായിക്കാനായി തുടങ്ങി. പിറ്റേന്ന് ഹാമാൻ മൊർദ്ദെഖായിയെ തൂക്കുവാനുള്ള ഉത്തരവ് വാങ്ങാനായി പ്രാകാരത്തിൽ ചെന്നപ്പോൾ രാജാവ് അവനോട് രാജാവ് ബഹുമാനിക്കാൻ ഇച്ഛിക്കുന്നവന് എന്തുചെയ്യണം എന്ന് അന്വേഷി





ക്കുന്നു (എസ്ഥേർ 6 വായിക്കുക). കഴുവേറ്റാനുള്ള കല്പന വാങ്ങാൻ ചെന്ന ഹാമാൻ, മൊർദ്ദെഖായിയെ രാജാവു കയറുന്ന കുതിരയിൽ കയറ്റി രാജകിരീടം ചൂടിച്ച്, രാജവസ്ത്രം ധരിപ്പിച്ച്, പട്ടണവീഥിയിലൂടെ നടന്ന് 'രാജാവ് ബഹുമാനിക്കാൻ ഇച്ഛിക്കുന്നവന് ഇങ്ങനെ ചെയ്യും' എന്ന് അവന്റെ മുമ്പിൽ വിളിച്ചുപറഞ്ഞു.

തുടർന്നു നടന്ന എസ്ഥേർ രാജ്ഞിയുടെ രണ്ടാം വിരുന്നു സൽക്കാരത്തിൽ എല്ലാ കള്ളികളും പുറത്തായ ഹാമാൻ ഭ്രമിച്ചുപോയി എന്നു നാം വായിക്കുന്നു. ഒടുവിൽ മൊർദ്ദെഖായിക്കുവേണ്ടി ഒരുക്കിയ കഴുമരത്തിൽ ഹാമാൻ തൂക്കപ്പെടുന്നു. പടിവാതിൽക്കൽ നിന്ന് മഹാൻ എന്ന പദവിയിലേക്കുയർന്ന മൊർദ്ദെഖായിയെ ഭയന്ന് എല്ലാവരും യെഹൂദന്മാർക്ക് ഗുണം ചെയ്യുന്നതായി കാണാം.

ശരിക്കും ഇവിടെ എന്താണ് സംഭവിച്ചത്? രാജാവിനെ രക്ഷിച്ചു എന്ന കാരണത്താൽ മാനിക്കപ്പെടേണ്ട മൊർദ്ദെഖായി അവഗണിക്കപ്പെടുകയും ഒരു ആഗാഗ്യൻ, ഹാമാൻ പൊടുന്നനവെ രാജാധാനിയിലെ വലിയവനാവുകയും ചെയ്തു. എന്നാൽ ദൈവത്തിന്റെ കണക്കു പുസ്തകത്തിൽ അന്നും ഇന്നും ഒരു ഹാമാനും ജയം പ്രാപിച്ചിട്ടില്ല. പുറമെ നോക്കുമ്പോൾ ഹാമാൻ ചെയ്യുന്നതെല്ലാം, അവന്റെ തന്ത്രങ്ങളൊക്കെ, പെട്ടെന്ന് ഫലവത്തായിക്കൊണ്ടിരുന്നു. എന്നാൽ മൊർദ്ദെഖായിയെ കഴുവേറ്റാൻ അനുവാദം വാങ്ങാനായി രാജധാനിയുടെ പ്രാകാരത്തിൽ എത്തിയതിനുശേഷം അവന്റെ ഓരോ പ്രവൃത്തിയും അവനു തന്നെ കെണിയായിത്തീർന്നു. രാജാവ് ആരെയോ ബഹുമാനിക്കാൻ പോകുന്നുവെന്ന് കേട്ടപ്പോൾ തുടർന്നും താൻ തന്നെ മാനിക്കപ്പെടുവാൻ പോകുന്നുവെന്ന് അവൻ വ്യാമോഹിച്ചു. എന്നാൽ എല്ലാം സംഭവിച്ചത് അവന്റെ ഭാഗ്യംകൊണ്ടോ കുരുട്ടുബുദ്ധികൊണ്ടോ ആയിരുന്നില്ല. എല്ലാം വളരെ കൃത്യമായി ദൈവത്താൽ നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു (ഹാമാൻ രാജ്യത്തെ രണ്ടാമനായി വന്നതുകൊണ്ടാണ് മൊർദ്ദെഖായിയേയും അവന്റെ വംശത്തെയും കുറിച്ചുള്ള ഭയം രാജ്യമാകെ വ്യാപിച്ചത്). ഹാമാൻ വെറും ഒരു സാധാരണക്കാരനായിരുന്നുവെങ്കിൽ എസ്ഥേർ 9:1, 2 വാകൃങ്ങൾ നാം വായിക്കുകയില്ലായിരുന്നു.

ഹാമാനും മറ്റുള്ളവരും കാണുമ്പോൾ മൊർദ്ദെഖായിയുടെ സ്ഥാനം വാതിൽപ്പടിയിലായിരുന്നു. എന്നാൽ ദൈവം അവനെക്കുറിച്ച് എന്താണോ കണ്ടത് അതു വെളിപ്പെട്ടുകഴിഞ്ഞപ്പോൾ പുച്ഛത്തിനു പകരം അവരിൽ പരിഭ്രമവും ഭയവും സ്ഥാനം പിടിച്ചു. എന്നും ഒരു

മൊർദ്ദെഖായി വാതിൽപ്പടിയിൽ കിടക്കുകയില്ല. ഹാമാൻ കരുതി മൊർദ്ദെഖായിയും അവന്റെ വംശവും തുടച്ചുനീക്കപ്പെടാൻ പോകുന്നു എന്ന്. പക്ഷേ ഹാമാന്റെ ഭാര്യ സേരെശ് അവനോടു പറഞ്ഞു: മൊർദ്ദെഖായി ഒരു യെഹൂദനാണ് എങ്കിൽ ഹാമാൻ അവനെ ജയിക്കുകയില്ലെന്ന്. നീ ഒരു ദൈവപൈതലാണ് എങ്കിൽ നിന്നെ തകർക്കുമെന്ന് ബഹളം കൂട്ടുന്ന ഒന്നിനെയും നീ പേടിക്കേണ്ട കാര്യമില്ല. കാരണം ഇത് ഹാമാന്റെ കാലമല്ല. വാതിൽപ്പടിയിലാണ് ഇരിക്കുന്നത് എങ്കിലും ഇതു നിന്റെ കാലമാണ്.

ഇവിടെ തന്റെ വിജയത്തിനായി ഹാമാൻ കുറെ കാര്യങ്ങൾ ചെയ്തതായി നമുക്കു കാണാം. എന്നാൽ അതൊക്കെ ഉപയോഗിക്കപ്പെട്ടത് ദൈവത്തെ സേവിക്കുന്ന ഒരുവനുവേണ്ടിയായിരുന്നു. താനാണ് രാജാവിനെ രക്ഷിച്ചത് എന്ന് മൊർദ്ദെഖായി പാടി നടന്നില്ല. രാജാവിനാൽ മാനിക്കപ്പെട്ടതിനു ശേഷവും അവൻ വാതിൽപ്പടിയിൽ തന്നെ ആയിരുന്നു. ദൈവം അവനെ ഉയർത്തുവാൻ തീരുമാനിച്ചപ്പോൾ അവൻ തന്റെ ശത്രുക്കൾക്ക് അതീതനായി തീർന്നു.

*തീയതി കുറിച്ച് മൊർദ്ദെഖായിയെയും അവന്റെ കുലത്തെയും നശിപ്പിക്കണമെന്ന് ശത്രു കാത്തിരുന്ന അതേ ദിവസം പ്രാബല്യം പ്രാപിച്ചത് പ്രാർത്ഥിക്കുന്ന ഉപവസിക്കുന്ന കൂട്ടമായിരുന്നു. (വചന ഭാഗങ്ങൾ: എസ്ഥേർ 3 മുതൽ 9 വരെ).*



## പതിനഞ്ച്

# അഭിഷേകത്തിന്റെ രേഖീയ പാതകൾ

### (കടലിന്റെ അനുഭവം)

ഒരു ദിവസം യേശു വീട്ടിൽ നിന്നു പുറപ്പെട്ട് കടൽക്കരയിൽ ചെന്നിരുന്നു. അവനു ചുറ്റും ആളുകൾ കൂടി വന്നു. അപ്പോൾ യേശു എഴുന്നേറ്റ് ഒരു പടകിൽ കയറി ഇരുന്നു. പുരുഷാരമോ അവനെ ശ്രദ്ധിച്ചുകൊണ്ട് കരയിൽ ഇരുന്നു. ഈ സംഭവം വിവരിക്കപ്പെട്ടിരിക്കുന്നത് മത്തായി 13 ന്റെ 1, 2 വാക്യങ്ങളിൽ ആണ്.

യേശു വീട്ടിൽ ഇരുന്ന സാഹചര്യം ഉണ്ടായിരുന്നു. ആ സമയം അവൻ തച്ചനായിരുന്നു. അവൻ ചെയ്തിരുന്ന ജോലിയോടു ബന്ധപ്പെട്ടുള്ള ആളുകൾ അവനരികിൽ എത്തുമായിരുന്നു. എന്നാൽ അവൻ പുറപ്പെടുവാൻ തയ്യാറായി. അവന്റെ നിയോഗം അവനിൽ വ്യക്തമായതോടെ വീടും ജോലി സ്ഥലവും എന്നുള്ള ദിനചര്യ അവനിൽ നിന്ന് മാറ്റപ്പെട്ടു. വീട് എപ്പോഴും ഒരു ഒതുങ്ങിയ സ്ഥലമാണ്. അവിടെ എന്നും കുറച്ചു പേർ മാത്രം, എന്നും ഒരേ അനുഭവങ്ങൾ, ഒരേ ചിന്താഗതികൾ. നിയോഗം പ്രാപിച്ചതോടെ യേശു തന്നിലുള്ള വീടിന്റെ അനുഭവത്തെ ഒഴിവാക്കി. കടലിന്റെ അനുഭവം അങ്ങനെ അവിടെ വെളിപ്പെട്ടു.

വീടിന്റെയും കടലിന്റെയും തലങ്ങൾ തമ്മിൽ വലിയ അന്തരമുണ്ട്. വീട്ടിൽ എല്ലാം പരിമിതമാക്കപ്പെട്ടിരിക്കുന്നു. പരിമിതമായ ആരാധന, മാറ്റങ്ങളുണ്ടാക്കാത്ത പ്രാർത്ഥന, ഒതുങ്ങിപ്പോയ ആത്മീയ ചുറ്റുപാട് തുടങ്ങി വീടിന്റെ അനുഭവം അഭിഷിക്തനെ ചില അതിരുകൾക്കുള്ളിൽ തളച്ചിടുന്നു. എന്നാൽ കടൽ ഒരിക്കലും നിലയ്ക്കാത്ത ശബ്ദമുള്ളയിടമാണ്. വിസ്തൃതമാണത്. എത്രയോ അധികം കേൾവിക്കാരെ ഉൾക്കൊള്ളാൻ അതിന്റെ കരയ്ക്ക് കഴിയും. ശുശ്രൂഷയിൽ ശോഭിക്കു

ന്ന ഏതൊരു അഭിഷിക്തനും വീടിന്റെ അനുഭവത്തിൽ നിന്നു പുറത്തു ചാടിയവരാണ്. ഏലീയാവ് തിശ്ബ്യയിൽ നിന്നു പുറത്തുചാടി. ആടിനെ മേയിച്ചു കാട്ടിൽ കഴിഞ്ഞിരുന്ന തലത്തിൽ നിന്നു ദാവീദ് പുറത്തേക്ക് എത്തി. ശിഷ്യന്മാരെ നോക്കുക. പത്തുദിവസം മാത്രമേ അവർ ഒളിച്ചിരുന്നുള്ളൂ.

നാം ഇപ്പോൾ ആയിരിക്കുന്ന തലത്തെക്കുറിച്ച് ചിന്തിക്കാൻ സമയം ആയിരിക്കുന്നു. അതിൽ തന്നെ സംതൃപ്തരാകുന്നത് നാം സ്വയം കല്പിച്ചു നൽകിയിരിക്കുന്ന ആത്മവഞ്ചനയാണ്. ഉണ്ണാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു വെയ്പ്പീൻ എന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. നാം അത് പ്രായോഗികമാക്കുന്നത് എന്തുകൊണ്ടോ ആത്മീയതലത്തിലാണ്. പത്തുവിശ്വാസികളും ഒരു ചെറിയ സഭയും ഉണ്ടെങ്കിൽ മതി എന്നു വെയ്ക്കുന്നു. സഭയിൽ ചെറിയൊരു പ്രബോധനം പറയുന്നു എങ്കിൽ മതി എന്നു വെയ്ക്കുന്നു. കടലിന്റെ അനുഭവത്തിൽ എറിയപ്പെടുവാൻ പലപ്പോഴും നാം ഏൽപ്പിക്കാറില്ല. അതു പാപമല്ല. പക്ഷേ അതു മൂലം നമ്മിലൂടെ വെളിപ്പെടേണ്ട വലിയ കാര്യങ്ങൾ ദൈവമനസ്സിൽ തന്നെ മറഞ്ഞുകിടക്കും.

ഒരു പക്ഷേ, നിങ്ങൾ ചിന്തിക്കുക, യേശു ഒരു തച്ചനായി തുടർന്നിരുന്നു എങ്കിൽ എന്ത് സംഭവിക്കുമായിരുന്നു...? അവൻ പ്രഗത്ഭനായ ഒരു തച്ചനായി മാത്രം മാറിയേനെ. എന്നാൽ അവനിലെ നിയോഗം അവനെ വീട്ടിൽ നിന്നു കടലിന്റെ വിസ്തൃതിയിലേക്ക് ക്ഷണിച്ചപ്പോൾ അവൻ പുറപ്പെടുവാൻ തയ്യാറായി. എത്രയോ തവണ നമ്മിലെ നിയോഗത്തിന്റെ തള്ളൽ മനപ്പൂർവ്വം നാം അവഗണിച്ചിട്ടുണ്ട്. ചുരുക്കം ചിലതുമായി കഴിയുവാൻ നാം ശീലിച്ചുപോയി.

ഒരു കഴുതയെ അഴിച്ചുകൊണ്ടു വരാനായി യേശു ശിഷ്യന്മാരോടു പറഞ്ഞു. ആ ചെറിയ ചുറ്റളവിൽ നിന്ന് അതിനെ മാറ്റുവാൻ യേശുവിന് ഇഷ്ടം തോന്നി. ശിഷ്യന്മാർ അതിന്റെ കെട്ടഴിച്ചാലും അത് ഓടിപ്പോകണമെന്നില്ല. കയർ അഴിഞ്ഞു എങ്കിലും ശീലം സൃഷ്ടിക്കുന്ന ഒരു അദൃശ്യകയറിന് അതു പിന്നെയും വിധേയപ്പെട്ടു പോകുന്നു. എത്ര ഉന്തിയിട്ടാവും ശിഷ്യന്മാർ അതിനെ യേശുവിന്റെ അരികിൽ കൊണ്ടു വന്നിരിക്കുക. വചനം കേൾക്കുമ്പോഴും വായിക്കുമ്പോഴും ഒക്കെ നമ്മിലെ പല കയറുകളും അഴിയാറുണ്ട്. പക്ഷേ അവ പിന്നീടും അദൃശ്യമായി നമ്മെ നിയന്ത്രിക്കുന്നു. ഇല്ലാത്ത ഒന്നിന്റെ നിയന്ത്രണത്തിൽപെട്ട് നാം മുന്നോട്ടു പോകുവാൻ മടിക്കുന്നു. അവിടെയാണ് തിരിച്ചറിവുകൾ ആവശ്യമായി വരുന്നത്. യേശു നമ്മെ ക്ഷണിക്കുന്നത്





വീണ്ടും ചെറിയോരു ചുറ്റളവിൽ കൊണ്ടു വിടാനല്ല. ആ ക്ഷണം ഒരു സഞ്ചാരത്തിനാണ്. ആത്മീയ വിശാലത അവിടെ അനന്തമാകുന്നു.

ഇവിടെ പുരുഷാരം വന്നുകൂടിയപ്പോൾ യേശു കരയിൽ നിന്ന് എഴുന്നേറ്റ് ഒരു പടകിൽ കയറി ഇരുന്നതായി നാം കാണുന്നു. ഒരിക്കൽ ഒരുവൻ ഒതുക്കപ്പെട്ട മണ്ഡലത്തിൽ നിന്ന് വെളിയിൽ വന്നാൽ പിന്നെ ഒരു വ്യത്യസ്തത ദർശിപ്പാൻ കഴിയും. ജനം എല്ലാം കരയിൽ ഇരുന്നപ്പോൾ ശുശ്രൂഷയെക്കുറിച്ച് ബോധ്യമുള്ള യേശു മറ്റൊരു തലം തിരഞ്ഞെടുക്കുന്നു. ജനം വീട്ടിൽ നിന്ന് പുറപ്പെട്ടത് ചിലതു കേൾക്കുവാനും കാണുവാനുമായിരുന്നു. അങ്ങനെ ലഭിക്കുന്ന ആശ്വാസവും സംതൃപ്തിയുമായി അവർ തിരികെ വീട്ടിലേക്കു തന്നെ പോകും. അവിടെ പിന്നെയും വീടിന്റെ ഒതുക്കത്തിലവർ കഴിയും.

എന്നാൽ യേശു പുറപ്പെട്ടത് ചിലതു പറയുവാനും കാണിക്കുവാനും ആയിരുന്നു. പുരുഷാരത്തിന് കണ്ടാലും കേട്ടാലും മാത്രം മതി. നമ്മിൽ പലരും അങ്ങനെയുള്ളവരാണ്. അവരൊക്കെ അങ്ങനെ ആയതുകൊണ്ട് ഞാനും എന്തെങ്കിലും കിട്ടുമോ എന്ന് പ്രതീക്ഷിച്ച് വീട്ടിൽ നിന്ന് പുറപ്പെടുന്നു എന്നു ചിന്തിക്കരുത്. വീടിന്റെ അനുഭവത്തിൽ നിന്നു നിങ്ങൾ പുറപ്പെടുന്നത് പകരുവാനാവണം. അല്ലാതെ എന്തെങ്കിലും നേടി, തിരികെ വീട്ടിലേക്ക് എത്തിച്ചേരുന്ന രീതിയിൽ ഒരു വൃത്തമാകരുത് (ഇങ്ങനെയുള്ള വൃത്തങ്ങളെ പൊട്ടിക്കുന്നത് നിയോഗമാണ്). നിയോഗം വൃത്തത്തെ രേഖയാക്കും. ഉപയോഗിക്കപ്പെടുന്ന ദൈവദാസന്മാരിൽ അഭിഷേകം രേഖീയമായിരിക്കും. അതിൽ ആവർത്തനമുണ്ടാകയില്ല, എന്നും പുതുമ അതിൽ കാണും.

യേശുവിലെ നിയോഗം അവനെ ഒരു രേഖീയ തലത്തിലാക്കി. കാൽവറിവരെയും അവനിൽ ആ വ്യത്യസ്തത ഉണ്ടായിരുന്നു. എന്നും അവനിലൂടെ ഒരേ വീര്യപ്രവൃത്തികളല്ല വെളിപ്പെട്ടത്. പക്ഷേ നാം വൃത്തമാകാൻ ഇഷ്ടപ്പെട്ടുപോകുന്നു. അഭിഷേകത്തിന്റെ ആരംഭം വീണ്ടും വീണ്ടും നമ്മിൽ സംഭവിക്കുന്നു. വീണ്ടും ആ പഴയ പ്രാർത്ഥന, പഴയ കാത്തിരിപ്പു യോഗം എന്നിങ്ങനെ ഒരു വൃത്തത്തിനുള്ളിൽ നാം ജീവിച്ചുകൊണ്ടിരിക്കുന്നു. ഓരോ ദൈവപൈതലും മറ്റാരോ ജീവിച്ച വഴിയേ പോകേണ്ടവരല്ല. വ്യക്തവും വ്യത്യസ്തവുമായ രേഖീയ പാതകൾ ഓരോരുത്തർക്കായി മറഞ്ഞുകിടക്കുന്നു. അതു കണ്ടെത്തുന്നതുവരെയും നാം കറങ്ങിക്കൊണ്ടിരിക്കും. അപ്പോൾ നമ്മുടെ ലക്ഷ്യം ധനവും പ്രശസ്തിയും പ്രാപിക്കലും മറ്റുമാവും.

എല്ലാ നദികളും ഒഴുകി നമ്മിലേക്ക് എത്തണമെന്ന് നാം ആഗ്രഹിക്കും. പുറത്തേക്ക് ഒഴുകാത്ത തടാകം എപ്പോഴും അശുദ്ധമാണല്ലോ. ഒഴുകുന്ന നദി ശുദ്ധമായിരിക്കും. അതിൽ മാലിന്യം അടിയില്ല. നമ്മിൽ നിന്ന് ഒഴുക്കുകൾ ആരംഭിക്കുന്നതാണ് ശുദ്ധീകരണത്തിന്റെ ആദ്യ പടി. തടാകം ഒരു പ്രത്യേക സ്ഥലത്ത് മാത്രമുള്ളതാണ്. നദി ഒഴുകുന്നതിനാൽ ദീർഘവും സുതാര്യവുമായിരിക്കും. അത് ഒരിക്കലും അതിന്റെ പ്രഭവ സ്ഥാനത്തെ വീണ്ടും കണ്ടുമുട്ടുകയില്ല.

ഒരു തടാകത്തെ എപ്പോഴും ശുദ്ധീകരിച്ചുകൊണ്ടിരിക്കണം. നദി ഒഴുകുന്നതിനാൽ അതിൽ തന്നെ ശുദ്ധമായിരിക്കും. ദൈവത്തിൽ നിന്ന് എന്തൊക്കെ നമ്മിലേക്ക് വരുന്നുവോ അതെല്ലാം നമ്മിൽ നിന്ന് പുറത്തേക്ക് വ്യാപിക്കണം. പിതാവിൽ നിന്ന് എന്തൊക്കെ യേശുവിലേക്ക് വന്നുവോ അതൊക്കെ ഉപമകളായി, അത്ഭുതങ്ങളായി പകരപ്പെട്ടു. അതെല്ലാം പിന്നീട് ശിഷ്യന്മാരിലേക്ക് ഒഴുകിച്ചേർന്നു (ദൈവത്തിൽ നിന്നു ലഭിക്കുന്ന ധനം പോലും അതേ ക്രമത്തിൽ നമ്മിൽ നിന്ന് ഒഴുകേണ്ടത് ആവശ്യമാണ്). ഒന്നും നമ്മിൽ അടിയുവാൻ സമ്മതിച്ചുകൊടുക്കരുത്. ഒരേ രീതിയിലുള്ള പ്രാർത്ഥനയും പ്രസംഗവും അന്യഭാഷകളും എല്ലാം അടിഞ്ഞുകൂടലാണ്. അങ്ങനെ സംഭവിക്കുന്നു എങ്കിൽ നാം വീടിന്റെ, തടാകത്തിന്റെ അനുഭവത്തിലാണ്. അതിൽ നിന്ന് പുറപ്പെടുമ്പോഴാണ് അഭിഷേകത്തിന്റെ രേഖീയ പാതയിൽ നാം എത്തിച്ചേരുക.

*ഒരു അഭിഷിക്തന്റെ മനസ്സ് എപ്പോഴും ഒഴുകുന്ന നദി പോലെ ആവണം. എല്ലാറ്റിനേയും സ്വീകരിക്കുകയും അപ്പോൾ തന്നെ ഒന്നിനെയും സൂക്ഷിക്കാതെ ഇരിക്കുകയും വേണം. (വചനഭാഗങ്ങൾ: ലൂക്കൊസ് 5).*



## പതിനാല്

# ഒരു തലേരാത്രിയെക്കുറിച്ച് ...

യാക്കോബിനെ ശിരച്ഛേദം ചെയ്തു എന്നു കേൾക്കുമ്പോൾ നമ്മിൽ ഭീതിയുണരും. ഒരു വിലയേറിയ പ്രാർത്ഥനാ മനുഷ്യൻ പട്ടുപോയല്ലോ എന്ന വ്യഥ നിറയും. പക്ഷേ യോഹന്നാൻ 21:18 വായിക്കുന്നവരാരും പത്രൊസ് തടവിലാക്കപ്പെട്ടു എന്നു കേട്ടാൽ ഭയപരവശരാവുകയില്ല. ഹേരോദാവിന്റെ കാലം കഴിയാൻ പോകുന്നുവെന്ന് തമ്മിൽ പറഞ്ഞേക്കാം. പ്രവൃത്തികൾ 12-ാം അദ്ധ്യായത്തിൽ അതാണു നാം കാണുന്നത്. യാക്കോബിന്റെ തല വെട്ടിയത് ചിലർക്ക് ആനന്ദത്തിനു കാരണമായി എന്നുകണ്ട് അത് വർദ്ധിപ്പിക്കാനെന്ന വണ്ണം ഹെരോദാവു പത്രൊസിനെ പിടിക്കുകയായിരുന്നു. പത്രൊസ് തടവിലാക്കപ്പെട്ടതുകൊണ്ടു ദൈവത്തിനോ അവൻ നൽകിയ വാഗ്ദത്തത്തിനോ ഒന്നും സംഭവിച്ചിരുന്നില്ല. ഇവിടെ ഹേരോദാവ് അടുത്ത നടപടി എടുക്കുന്ന ദിവസം വരെ സ്വർഗ്ഗം കാത്തിരുന്നു.

പത്രൊസിനെ ശ്രദ്ധിക്കൂ... നാലുപേരുള്ള നാലുകൂട്ടത്തിനു നടുവിലാണ് അവൻ ഇരുന്നിരുന്നത്. തടവിലായല്ലോ, ഇനി ശുശ്രൂഷ ചെയ്യുവാൻ കഴിയുകയില്ലായിരിക്കും, ഹേരോദാവ് എന്തും ചെയ്യുവാൻ സാദ്ധ്യതയുണ്ടല്ലോ എന്നൊന്നുമല്ല അവൻ ചിന്തിച്ചുകൊണ്ടിരുന്നത്. ആ തടവറയിൽ നിദ്രാവിഹീനനായി ഇനി എത്ര രാവുകൾ, ഒറ്റപ്പെട്ട എത്ര പകലുകൾ കഴിച്ചുകൂട്ടണം എന്ന വ്യാകുലതയും പത്രൊസിൽ ഇല്ലായിരുന്നു. പത്രൊസ് ഉറങ്ങുകയായിരുന്നു. അങ്ങനെയാണ് നാം വായിക്കുന്നത്. ഒരുപക്ഷേ യോഹന്നാൻ 21:18-ന്റെ ആശ്വാസത്തിലാണോ പത്രൊസ് സുഖമായി ഉറങ്ങിയത്? നിശ്ചയമായും അല്ല.

യാക്കോബിനെപ്പോലെ മരിക്കാൻ തയ്യാറായി തന്നെയാണ് അവൻ തടവിൽ കിടന്നത്. രക്ഷപ്പെടുമെന്നോ വാസ്തവത്തിൽ ദൈവം രക്ഷപ്പെടുത്തും എന്നോ ഉള്ള ചിന്ത അവനിൽ ഇല്ലായിരുന്നു. യേശുവിന് വേണ്ടി മരിക്കുക എന്നതിൽ കവിഞ്ഞ് ഒന്നും പത്രൊസിനില്ലായിരുന്നു.

ഒരിക്കൽ തള്ളിപ്പറഞ്ഞതിന് പകരമായി സ്വന്തജീവനെ വെച്ചുനീട്ടി നിൽക്കുകയാണ് താനെന്ന് പത്രൊസ് ഉറപ്പിച്ചിരുന്നു. സസൂക്ഷ്മം ശ്രദ്ധിച്ചാൽ അവന്റെ കാതിൽ മുഴങ്ങുന്നത് 'ഇവയിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?' എന്ന ശബ്ദം മാത്രമാണ്. എനിക്കൊന്നും സംഭവിക്കുകയില്ല ദൈവം കാത്തുകൊള്ളും എന്ന പ്രതീക്ഷ അവനിലുണ്ടായിരുന്നുവെങ്കിൽ അതിനായുള്ള ഒരു കാത്തിരിപ്പ് പത്രൊസിൽ കണ്ടേനെ. അവൻ ഉറങ്ങാതെ കാത്തിരുന്നേനെ. എന്നാൽ യാക്കോബിനെപ്പോലെ ക്രിസ്തുവിനായി രക്തസാക്ഷിയാകുവാൻ പത്രൊസ് തീരുമാനിച്ചുറച്ചിരുന്നു. അതുകൊണ്ടാണ് ഒരു ചിന്തയാലും ബാധിക്കപ്പെടാതെ പത്രൊസിന് ഉറങ്ങുവാൻ കഴിഞ്ഞത്.

എന്നാൽ സഭ പത്രൊസിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അവരുടെ ഏറ്റവും ശക്തനായ നേതാവാണ് നഷ്ടപ്പെട്ടിരിക്കുന്നത്. ദൈവം എന്തെങ്കിലും ചെയ്തേ മതിയാവൂ എന്ന പ്രാർത്ഥന അവർ തുടർന്നു. എത്ര സമയം, എത്ര ദിവസം, അവർ പ്രാർത്ഥിച്ചുകാണും. എത്ര നേരമായാലും പത്രൊസിനെ തിരികെ ലഭിക്കുവാനുള്ള തത്രപ്പാട് അവരുടെ പ്രാർത്ഥനയ്ക്ക് ഉണ്ടായിരുന്നു. പിന്നീട് പത്രൊസ് അവർ കൂടിയിരുന്ന മുറിയുടെ വാതിലിൽ മുട്ടിയിട്ടും, അതു കേട്ടു രോദാ എന്ന പെൺകുട്ടി വാതിൽ തുറന്ന് പത്രൊസ് നിൽക്കുന്നത് കണ്ടിട്ടും പത്രൊസിനെ വിടുവിച്ചുവെന്നു സഭയ്ക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല.

ഇവിടെ മൂന്നു തലങ്ങളാണ് ഉള്ളത്. തടവിൽ കിടക്കുന്ന പത്രൊസും, പ്രാർത്ഥിക്കുന്ന സഭയും, പിന്നെ അത്ഭുതം പ്രവർത്തിച്ച ദൈവവും. പത്രൊസിനെ പരസ്യകാഴ്ചയാക്കാൻ ഹേരോദാവ് തീരുമാനിച്ചതിനു ശേഷമാണ് പത്രൊസിനെ വിടുവിക്കാൻ ദൈവം തീരുമാനിക്കുന്നത്. ആരൊക്കെ എന്തെല്ലാം തീരുമാനങ്ങൾ ഒരു അഭിഷിക്തന് എതിരെ എടുത്താലും നടപ്പിൽ വരുന്നത് ദൈവം നിശ്ചയിച്ച കാര്യങ്ങൾ മാത്രമാണ്. എപ്പോഴും ശത്രുവിന്റെ പ്രവൃത്തിക്ക് മുമ്പ് ഒരു രാത്രി, ഒരു നിമിഷം കാണും. അതു ദൈവത്തിന്റെ പ്രവൃത്തിക്കായി വേർതിരിക്കപ്പെട്ടതാവും. പത്രൊസിനെ പിടിക്കാൻ അനുവദിച്ചതും ഹേരോദാവിൽ നിന്ന് അവനെ വിടുവിച്ചതും ദൈവം





തന്നെയാണ് എന്ന് മനസ്സിലാക്കുമ്പോൾ, എല്ലാം ദൈവകരത്താൽ നിയന്ത്രിക്കപ്പെടുന്നുവെന്ന് തിരിച്ചറിയുമ്പോൾ, നമ്മിൽ ശത്രുവിന്റെ പ്രവൃത്തികളെക്കുറിച്ച് ഒരു തരി ഭയവും കാണില്ല. ശത്രു എങ്ങനെയൊക്കെ വന്നാലും അവിടെ നിന്നൊക്കെ നീക്കുപോക്കുകൾ നൽകുന്നവനാണ് നമ്മുടെ ദൈവം എന്നത് വിസ്മയാവഹം തന്നെയാണ്!

പത്രൊസ് തടവിൽ കിടന്ന ദിവസങ്ങളിൽ അവനിലെ ശുശ്രൂഷ ഇല്ലാതായി എന്ന് എല്ലാവരും കരുതി. എന്നാൽ തടവിൽ ആക്കപ്പെട്ട ആ സമയങ്ങൾ പത്രൊസിനും സഭയ്ക്കും അനുഗ്രഹത്തിന് കാരണമായി. സഭ നിർത്തലില്ലാതെ പ്രാർത്ഥിക്കുവാൻ തുടങ്ങി. പ്രാർത്ഥനാമനുഷ്യനായിരുന്ന ഒരു യാക്കോബിനു പകരം ഒരു കൂട്ടം തന്നെ പ്രാർത്ഥനയുടെ തലത്തിലേക്ക് ഈ സംഭവം മൂലം എത്തിച്ചേർന്നു. വിടുവിച്ചാലും വിടുവിച്ചില്ലെങ്കിലും യേശുവിനായി എന്ന ചിന്തയിൽ ഒന്നുകൂടി ദൃഢപ്പെടുവാൻ പത്രൊസിനും കഴിഞ്ഞു.

നമ്മുടെ ജീവിതത്തിൽ, ഒരു അഭിഷിക്തനെ സംബന്ധിച്ച് ശുശ്രൂഷയില്ലാത്ത, തടവിലാക്കപ്പെട്ടതു പോലെയുള്ള സന്ദർഭങ്ങൾ കടന്നുവരും. എല്ലാം തീർന്നു എന്ന് അടിവരയിട്ടു പറയേണ്ടിവരുന്ന സാഹചര്യങ്ങളാവുമത്. എന്നാൽ അത് മൂലവും ദൈവം ചില കാര്യങ്ങൾ ചിന്തിക്കുന്നുണ്ട് എന്നു വിശ്വസിക്കുമ്പോഴാണ്, ദൈവമനസ്സിലെ ആഗ്രഹങ്ങൾ വെളിപ്പെടുന്നത്. ഇത് വിലപിക്കുന്നവർക്കും നിരാശിതർക്കുമുള്ള കാലമല്ല. ശിശിരത്തിൽ എല്ലാ പച്ചപ്പുകളും കൊഴിഞ്ഞുപോയാലും മറഞ്ഞിരിക്കുന്ന നാമ്പുകൾ അതിവേഗത്തിൽ പൊട്ടിമുളയ്ക്കുന്ന ഒരു കാലം സസ്യങ്ങൾക്ക് ഉള്ളതുപോലെ അതീവ ശക്തിയോടെ ആളുകൾ അത്ഭുതം കൂറുമാറ്, നമ്മിൽ നിന്ന് ദൈവപ്രവൃത്തികൾ വെളിപ്പെടും.

ചിലപ്പോൾ ഒരുവനെ ശുശ്രൂഷയിൽ നിന്ന് ദൈവം മാറ്റിനിർത്തുന്നത് എന്തിനാണെന്ന് ചിന്തിച്ചിട്ടുണ്ടോ? മറ്റുള്ളവരാൽ പരിഹസിക്കപ്പെടുവാനോ, പരസ്യകോലമാകുവാനോ ആണോ? അത്തരം സന്ദർഭങ്ങൾ ആ അഭിഷിക്തനെ ദൈവത്തിനു മാത്രമായി കിട്ടുവാനാണ്. പത്രൊസ് തടവിൽ കിടന്ന ദിവസങ്ങൾ അവിടെ അവനും യേശുവും മാത്രമായിരുന്നു. ആർക്കും വിട്ടുകൊടുക്കാതെ അവനുമായി ദൈവം ഇടപെട്ടുകൊണ്ടിരുന്നു. പത്രൊസ് ഇരുട്ടറയിലാണെന്നും അവൻ അവസാനിക്കാൻ പോകുന്നുവെന്നും പിശാച് ആഹ്ലാദിച്ചപ്പോൾ ആ സമയങ്ങൾ ദൈവം താനുമായി ചിലവഴിക്കേണ്ടതിനായി പത്രൊസിന് നൽകുകയായിരുന്നു. നമ്മുടെ കഷ്ടതയിലും പ്രതികൂലസമയങ്ങളിലും നമ്മുടെ ഏറ്റവും അടുത്തുള്ള വ്യക്തി മാതാവോ, പിതാവോ,

ഭാര്യയോ, ഭർത്താവോ ആയിരിക്കുകയില്ല. അപ്പോൾ നിങ്ങൾ കൈ നീട്ടിയാൽ സ്പർശിക്കുന്നത് യേശുവിനെയാവും. കാരണം, ആ സമയങ്ങളിൽ അത്ര അടുത്ത് അവൻ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

സഭ പത്രൊസിനായി ശ്രദ്ധയോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നതായി നാം കണ്ടു. പക്ഷേ പത്രൊസ് പ്രാർത്ഥിച്ചതായി നാം വായിക്കുന്നില്ല. 'എന്നെ വിടുവിക്കണമേ' എന്ന പ്രാർത്ഥനയെക്കാൾ ഉപരി ദൈവവുമായി ആഴത്തിലുള്ള സംസർഗ്ഗമായിരുന്നു അവൻ അനുഭവിച്ചുകൊണ്ടിരുന്നത്. തൊട്ടടുത്ത് യേശുവിനെ പത്രൊസ് അനുഭവിക്കുമ്പോൾ ഏതിൽ നിന്ന് വിടുവിക്കുവാനാണ് താൻ പ്രാർത്ഥിക്കേണ്ടത്? ദൈവം ഇല്ലാതെ പട്ടണത്തിൽ ഇരിക്കുന്നതിനെക്കാൾ ദൈവസാന്നിദ്ധ്യം നിറഞ്ഞ തടവറ വിലമതിക്കാനാവാത്തതാണ്. സഭയ്ക്കും മറ്റുള്ളവർക്കും പത്രൊസ് തടവിലാണല്ലോ എന്ന ഭീതിയുണ്ടായിരുന്നു. എന്നാൽ ദൈവത്തിന്റെ മാറോടു ചാരി തടവിൽ പത്രൊസ് ഉറങ്ങി. ഒരു കുഞ്ഞ് അവന്റെ മാതാവിന്റെ മാറിൽ കിടന്ന് ഉറങ്ങുമ്പോഴത്തെ സുരക്ഷിതത്വം പത്രൊസിലുണ്ടായിരുന്നു. ആ സുരക്ഷിതത്വമാണ് ഏതു പ്രതിസന്ധി ഘട്ടത്തിലും നമ്മിലും ഉണ്ടായിരിക്കേണ്ടത്.

*പട്ടു പോകുവാനല്ല പട നയിക്കുവാനാണ് പത്രൊസിനെ വിളിച്ചത് എങ്കിൽ അവനിലൂടെയുള്ള ദൈവപ്രവൃത്തികൾ എല്ലാം പൂർത്തിയാകുന്നതുവരെ ദൈവം കൂടെക്കാണും; അതു കഴിഞ്ഞും. (വചനഭാഗങ്ങൾ: പ്രവൃത്തികൾ 12).*



## പതിനേഴ്

# ദൈവത്തിന്റെ പാഠശാല

നാം കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും പ്രഗത്ഭനായ അദ്ധ്യാപകനാണ് ദൈവം. നമ്മുടെ ജീവിതത്തിൽ ഏതോ തിരിവിൽ വെച്ചാവും നാമറിയാതെ ദൈവം നമ്മെ അവന്റെ പാഠശാലയിലേക്ക് ചേർക്കുന്നത്. അവിടെ വെച്ച് പഠിക്കാറുള്ള വസ്തുതകൾ പലപ്പോൾ സ്വയം ആർജ്ജിച്ചതാണെന്ന് നാം ചിന്തിക്കാറുണ്ട്. എന്നാൽ അത്തരം അറിവുകൾ നമ്മിലേക്ക് എത്തുന്നതിന് ശ്രേഷ്ഠഗുരു പിതാവായ ദൈവം വഹിച്ച പങ്ക് നിസ്തുലമാണ്; അത് നാം അറിഞ്ഞില്ലെങ്കിൽ പോലും.

നാം ഓരോരുത്തരും ഭൂമിയിൽ എത്തുന്നത് ചില ദൈവിക ലക്ഷ്യങ്ങൾക്കായിട്ടാണ്. പക്ഷേ അവ എന്താണ് എന്നുള്ള അവബോധത്തോടെ ആയിരിക്കുകയില്ല നാം വളർന്നുവരുന്നത്. ചിലപ്പോൾ ദൈവികലക്ഷ്യങ്ങളുടെ എതിർ ദിശയിലേക്കാവും നാം പൊയ്ക്കൊണ്ടിരിക്കുക. അപ്പോഴാവും നമുക്കായി ഒരു കോഴ്സ് ദൈവം നൽകുന്നത്. നമ്മുടെ ജീവിതത്തിലൂടെ നാം അതു പഠിക്കുമ്പോൾ എതിർദിശയിലേക്കുള്ള ആ യാത്ര പെട്ടെന്ന് നിലയ്ക്കും. പരിഭ്രമിച്ചു പോയേക്കാം അപ്പോൾ. അപ്പോഴുണ്ടാകുന്ന പ്രശ്നങ്ങളും ഒറ്റപ്പെടലുകളും കഷ്ടതകളും ദൈവം കൈവിട്ടതിന്റെ രേഖകളായി നാം കണ്ടെടുത്തേക്കാം. എന്നാൽ നമ്മെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നതിലേക്കുള്ള മടക്കമാണ് അവ മൂലം സംഭവിക്കുന്നത്.

അതുവരെ നാം ധരിച്ചുവെച്ചിരിക്കുന്ന പലതും തെറ്റായിരുന്നുവെന്ന് നാം പഠിപ്പിക്കപ്പെടും. നമ്മുടെ പ്രവൃത്തികളിലെ പിശകുകൾ

വെളിപ്പെട്ടു കിട്ടും. വാസ്തവത്തിൽ ഏറിയാൽ എൺപതു സംവൽസരം മാത്രമുള്ള ഈ ജീവിതം എന്തിനാണെന്ന് തിരിച്ചറിയുമ്പോൾ ദൈവ മുമ്പാകെ നമ്മുടെ Convocation ceremony (ബിരുദദാനം) നടക്കുക യാവും.

എന്തിനാണ് ഇത്തരം പഠനം? ദൈവത്തിന് ആരും വഴിതെറ്റി അലയുന്നത് ഇഷ്ടമുള്ള കാര്യമല്ല. യഥാർത്ഥ ജീവിത പാതയിലേക്ക് നമ്മെ എത്തിക്കുവാൻ താൻ പലപ്പോഴായി ശ്രമിച്ചിരിക്കും. പക്ഷേ പലരും അതിൽ വിജയിച്ചുവെന്നു വരില്ല. ദൈവം നൽകുന്ന പരീക്ഷ കൾ അവർക്ക് തെറ്റായി വ്യാഖ്യാനിക്കപ്പെട്ടേക്കാം. പ്രശ്നങ്ങൾ കടന്നു വരുമ്പോൾ ഈ ദുരിതം മാറ്റണേ എന്നു നാം പ്രാർത്ഥിക്കാറുണ്ട്. പക്ഷേ ദൈവം അറിയാതെ ഒരു തിന്മയോ അല്ലെങ്കിൽ നന്മയോ നമ്മിലേക്ക് എത്തുകയില്ലല്ലോ. അതുകൊണ്ട് തന്നെ ഓരോ പ്രതികൂലം കടന്നുവരുമ്പോഴും അതുമൂലം ദൈവം എന്താഗ്രഹിക്കുന്നുവെന്ന് അറിയുവാനാവണം നാം പ്രഥമമായി പ്രാർത്ഥിക്കേണ്ടത്. ആ കഷ്ടത യിലൂടെ നാം ഗ്രഹിക്കേണ്ട ചിലതുണ്ടെങ്കിൽ അവ കൈവിട്ടു പോകാ തെ ഉൾക്കൊള്ളുവാനുള്ള കൃപയാണ് നാം ആവശ്യപ്പെടേണ്ടത്. പിന്നേ യും പിന്നേയും ഒരേ ക്രമത്തിൽ നാം പരീക്ഷിക്കപ്പെടുമ്പോൾ പലതവ ണ ആ പാഠത്തിൽ നാം തോറ്റുപോയിരിക്കുന്നു എന്ന അറിവാണ് നമ്മെ പൊള്ളിക്കേണ്ടത്.

എന്തിനാണ് ദൈവം നമ്മെ അവന്റെ പാഠശാലയിൽ ചേർക്കുന്നത് എന്നുംകൂടി നാം അറിഞ്ഞിരിക്കേണ്ടതുണ്ട്. അതിന് ഏറ്റവും നല്ല ഉദാഹരണം മോശെയുടെ ജീവിതമാണ്. മോശെയുടെ ജനനത്തിന് പിന്നിൽ ചില ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു. അവയിൽ പ്രധാനപ്പെട്ടത് ആ വിമോചകന്റെ വേഷം തന്നെ. പൊതുവേ നോക്കുമ്പോൾ ദൈവം എല്ലാം അനുകൂലമായി ചെയ്യുന്നുവെന്ന് എല്ലാവരും കരുതി. മറ്റ് പല എബ്രായ ആൺകുട്ടികളെപ്പോലെ അവൻ കൊല്ലപ്പെട്ടില്ല. ഫറവോന്റെ പുത്രി അവനെ സ്വന്തം മകനായി വളർത്തുന്നു. യുവാവായ മോശെ സകല വിദ്യകളിലും നിപുണനാവുന്നു. മോശെ കരുതി ദൈവം എല്ലാം കൃത്യമായി ചെയ്യുന്നുവെന്ന്. എന്നാൽ ദൈവത്തിന് അവ ക്രമം ക്രമമായി തന്റെ ഹിതം നിറവേറുകയായിരുന്നില്ല. അടുത്ത ഫറവോ ആകുമ്പോൾ ഒന്നാമത്തെ കല്പന എബ്രായരുടെ വിമോചന പ്രഖ്യാപനമാണെന്ന് മോശെ ചിന്തിച്ചിരുന്നപ്പോൾ, അവന്റെ മുന്നിൽ മിദ്യാൻ മരുഭൂമി വെച്ചുനീട്ടി നിൽക്കുകയായിരുന്നു ദൈവം. മിസ്രയീ മിൽ നിന്ന് ഓടിപ്പോയ മോശെ നാല്പതു വർഷമാണ് മിദ്യാനിൽ





കഴിച്ചുകൂട്ടിയത്. അല്ലെങ്കിൽ ആ നാല്പതു വർഷം വേണ്ടിവന്നു മോശെയ്ക്ക് തന്റെ കഴിവുകളും താൻ പഠിച്ച വിദ്യകളും വ്യർത്ഥമായി രുന്നുവെന്ന് തിരിച്ചറിയുവാൻ. തന്നെക്കൊണ്ട് യിസ്രായേൽ മക്കളെ പുറപ്പെടുവിക്കാൻ കഴിയില്ല എന്ന ചിന്ത അവനിൽ ആഴത്തിൽ വേരോടിയപ്പോൾ ഹോരേബിൽ മുൾപ്പടർപ്പിന് തീ പിടിച്ചു.

താൻ നേടിയെടുത്തതെല്ലാം ദൈവിക ശുശ്രൂഷ ചെയ്യുവാൻ ഉപയുക്തമല്ല എന്നു ചിന്തിച്ചിരിക്കുമ്പോൾ മോശെ ദൈവിക പാഠശാലയിൽ വിജയിച്ചു നിൽക്കുകയായിരുന്നു. തന്റെ കഴിവുകൾ കൊണ്ടല്ല, ദൈവശക്തിയാണ് എല്ലാം ചെയ്യേണ്ടത് എന്ന് പഠിച്ചെടുക്കു വാൻ തന്റെ ജീവിതത്തിലെ നാല്പതു വർഷങ്ങൾ ആണ് മോശെ ഉപയോഗിച്ചത്. ദൈവത്തിന് ആവശ്യം വാളും പരിചയും കൊണ്ട് യുദ്ധം ചെയ്യുന്ന ഒരു മോശെയെ ആയിരുന്നില്ല. 'എന്റെ ദൈവമേ, സഹായിക്കേണമേ' എന്ന് നെടുമ്പാടു വീഴുന്ന മോശെയെ ആയിരുന്നു. ആ പഠനം പൂർത്തിയായപ്പോൾ ശുശ്രൂഷയുമായി ദൈവം തന്നെ അവനരികിൽ എത്തി.

ഈ ലോകത്തിൽ നാം ആയിരിക്കുമ്പോൾ ഒരു നല്ല ജോലി നേടാൻ എത്രയോ സർട്ടിഫിക്കറ്റുകളും മറ്റും ആവശ്യമാണ്. അതു പോലെയാണ് ഒരു ദൈവിക ജോലിയെക്കുറിച്ച് ചിന്തിക്കുമ്പോഴും. ദേശമാകെ പടർന്നുപിടിക്കാവുന്ന ഒരു ഉണർവ്വിന്റെ കാറ്റ് ഒരുവനിലേ ക്ക് വീശുന്നതിന് മുമ്പ് അവൻ ദൈവത്തിന്റെ പാഠശാലയിൽ വിജയം നേടിയവനായിരിക്കണം. ഈ ലോകത്തിലെ ഒരു കമ്പനികളും വഴിയേ പോകുന്ന ഒരുവനെ വിളിച്ചു കയറ്റി ജോലി കൊടുക്കാറില്ല. അതിന് പ്രത്യേക എഴുത്തുപരീക്ഷകളും അഭിമുഖ പരീക്ഷകളും ഒക്കെ ഉള്ളതു പോലെയാണ് ദൈവത്തിന്റെ കാര്യത്തിലും.

ജീവിതലക്ഷ്യത്തെക്കുറിച്ച് വ്യഥയുള്ളവനാണ് ദൈവിക പാഠങ്ങൾ വേഗം ലഭിച്ചു തുടങ്ങുക. തന്നെക്കുറിച്ച് ദൈവം എന്താഗ്രഹിക്കുന്നു എന്ന് അന്വേഷിച്ചലയുന്നവന് ദൈവിക പാഠശാലയിൽ മെറിറ്റ് അടിസ്ഥാനത്തിൽ തന്നെ അഡ്മിഷൻ കിട്ടും.

'ബഹുജാതികൾക്കു പിതാവ്' എന്ന നാമം അബ്രാഹാമിന് നൽകിയിരുന്നുവെങ്കിലും യിസഹാക്കിനെ യാഗംകഴിക്കുക എന്ന പരീക്ഷയ്ക്ക് ശേഷമാണ് അബ്രാഹാമിന് അതുവരെ ഉണ്ടായിരുന്ന വാഗ്ദത്തങ്ങൾ ഒക്കെ അടിവരയിട്ട് ഉറപ്പിക്കപ്പെട്ടത്. മാതാവും പിതാവും സഹോദരങ്ങളും തന്നെ നമസ്കരിക്കുന്നു എന്ന സ്വപ്നവും

കണ്ടു നടന്ന ഒരു യോസേഫിന് വർഷങ്ങളോളം ദൈവിക പാഠശാല യിൽ കഴിയേണ്ടിവന്നു. അവിടെ ഓരോ പരീക്ഷയിലും അവൻ വിജയിക്കുന്നതായി നാം വായിക്കുന്നു.

തിരുവചനം തുടർന്നും പരിശോധിച്ചാൽ ഇത്തരം സന്ദർഭങ്ങൾ ധാരാളം കാണാൻ കഴിയും. എന്നാൽ ദൈവിക പാഠശാലയിൽ വിജയി ക്കാത്തവരുടെ ചരിത്രങ്ങളും അതേ തിരുവചനത്തിലുണ്ട് എന്ന വസ്തുത വളരെ ശ്രദ്ധയോടെ നാം ഓർക്കേണ്ടത് ആവശ്യമാണ്.

*കഴിവിൽ ആശ്രയിച്ചാൽ മരുഭൂമിയാണ് മുമ്പിൽ, കഴിവില്ലെന്ന് സമ്മതിച്ചാൽ ദൈവികശുശ്രൂഷയും. (വചനഭാഗങ്ങൾ: പുറപ്പാട് 2, 3).*



## പതിനെട്ട്

# ദൈവഹൃദയത്തിലേക്കു നോക്കുക

ഇവിടെ രണ്ടു വ്യക്തികളെ നാം ശ്രദ്ധിക്കുവാൻ പോകുന്നു. ഒരേ കാര്യങ്ങൾക്കായി രണ്ടു സമയങ്ങളിൽ ദൈവത്തിൽ നിന്ന് അഭിഷേക തൈലം വീണവരാണിവർ. ഒരാൾ ശൗലും മറ്റേയാൾ ദാവീദുമാണ്. രണ്ടുപേരുടെയും വിളി യിസ്രായേലിനു രാജാവാകുക എന്നതായിരുന്നു. അപ്പോൾ തന്നെ ദൈവത്തിനു കണക്കുകൊടു ക്കുന്ന കാര്യത്തിൽ അവരുടെ രീതികൾ വ്യത്യസ്തമായിരുന്നു.

ശൗൽ എപ്പോഴും അവനെ കേന്ദ്രീകരിച്ചാണ് ജീവിച്ചത്. അവന്റെ പ്രശ്നങ്ങളും അവന് ലഭിക്കേണ്ട പ്രശസ്തിയും എന്നിങ്ങനെയുള്ള ഒരു മണ്ഡലമായിരുന്നു അവനിൽ ഉണ്ടായിരുന്നത്. ഒരിക്കൽ ഫെലി സ്ത്യർ യിസ്രായേലിനോട് യുദ്ധം ചെയ്യുവാൻ കടൽക്കരയിലെ മണൽ പോലെ അസംഖ്യമായി ഒന്നിച്ചുകൂടിയപ്പോൾ യിസ്രായേൽ മക്കൾ ഗുഹകളിലും പള്ളക്കാടുകളിലും ഒളിച്ചു. കുറെ പേർ രാജാവായ ശൗൽ രക്ഷിക്കും എന്ന വിശ്വാസത്തോടെ അവന്റെ പിന്നാലെ ചെന്നു. എന്നാൽ ശൗൽ ഫെലിസ്ത്യരെ എതിരിടുന്നതിനു മുമ്പ് യാഗം കഴിച്ച് യഹോവയെ പ്രസാദിപ്പിക്കാനാണ് തീരുമാനിച്ചത്. പക്ഷേ യാഗം കഴിക്കാൻ വരാമെന്നേറ്റ ശമൂവേൽ പ്രവാചകൻ എത്തുമെന്ന് ഉറപ്പു കൊടുത്ത ദിവസം കഴിഞ്ഞിട്ടും അദ്ദേഹം എത്തിയില്ല. ശൗലിൽ ഉണ്ടായിരുന്ന ആശ്രയം പതിയെ കൈവിട്ടു തുടങ്ങിയ യിസ്രായേൽ മക്കൾ ശൗലിനെ വിട്ടു ചിതറുവാൻ തുടങ്ങി. ജനം തന്നിലുള്ള വിശ്വാസം പോയവരായി വിട്ടു പിൻവാങ്ങുന്നു എന്നു കണ്ട് ശൗൽ ഹോമയാഗവും സമാധാനയാഗവും സ്വയം കഴിച്ചു. യാഗം കഴിഞ്ഞ

തിനു ശേഷമാണ് ശമൂവേൽ പ്രവാചകൻ എത്തുന്നത്. ശൗൽ ചെയ്ത പ്രവൃത്തി ശമൂവേലിനെ ക്ഷുഭിതനാക്കി. 1 ശമൂ. 13:13-ൽ, 'നീ കാണിച്ചത് ഭോഷത്തം, നിന്റെ ദൈവമായ യഹോവയുടെ കല്പന നീ പ്രമാണിച്ചില്ല...' എന്നിങ്ങനെ ശമൂവേൽ പറഞ്ഞു; ഒപ്പം ശൗലിന്റെ രാജത്വം സ്ഥിരമാവുകയില്ല എന്നും പ്രവചിച്ചു.

വിട്ടു ചിതറുന്ന ജനത്തെ എങ്ങനെയും കൂടെനിർത്തണം എന്ന ചിന്ത മൂലമാണവൻ ആ ദൈവവിരോധം ചെയ്തത്. ദൈവത്തെക്കാൾ അവൻ വലുതായി തന്റെ കൂടെ നിൽക്കുന്നവരെ എണ്ണി. സ്വയമായി തനിക്ക് ഒന്നിനും കഴിവില്ലാതിരുന്നപ്പോൾ രാജത്വപദവി നല്കുകയും യിസ്രായേൽ മക്കൾക്കിടയിൽ തന്നെ മാനിക്കുകയും ചെയ്ത ദൈവം തുടർന്നും കരുതിക്കൊള്ളും എന്നതവൻ വിസ്മരിച്ചുകളഞ്ഞു.

എന്നാൽ ദാവീദിനെ നോക്കൂ; എപ്പോഴും ദൈവമനസ്സുമായി അവൻ ബന്ധപ്പെട്ടു കൊണ്ടിരുന്നു. ദൈവഹിതമന്വേഷിക്കാതെ അവൻ ഒന്നും ചെയ്തിരുന്നില്ല. സിക്ലാഗിലെ സംഭവമാണ് അതിനു ചേർന്ന ഉദാഹരണം. ദാവീദും കൂട്ടരും ആഖീശിനെ കണ്ട് മടങ്ങി സിക്ലാഗിലെത്തുമ്പോൾ അതു ചുട്ടുകരിക്കപ്പെട്ടിരുന്നു. ദാവീദിന്റെ ഭാര്യമാരെയും മറ്റ് അറുന്നൂറു കൂട്ടാളികളുടെ ഭാര്യമാരെയും അമാലേക്യർ പിടിച്ചു കൊണ്ടുപോയിരുന്നു. ദാവീദും കൂട്ടരും സിക്ലാഗിന്റെ സ്ഥിതി കണ്ട്, തങ്ങളുടെ പ്രിയപ്പെട്ടവരുടെ അവസ്ഥയോർത്ത്, കരയുവാൻ ബലം ഇല്ലാതെയാകുവോളം കരഞ്ഞു. പിന്നീട് നാം കാണുന്നത് ദാവീദിന്റെ കൂട്ടാളികൾ അവനെതിരെ തിരിയുന്നതാണ്. ദാവീദിനെ കല്ലെറിയണമെന്ന് അവർ ബഹളം കൂട്ടി.

ജനം എതിരായപ്പോൾ ഇവിടെ പതറിപ്പോയ ഒരുവനെയല്ല നാം കാണുന്നത്. പെട്ടെന്നു തന്നെ ദാവീദ് ഒരു ഏഫോദ് കൊണ്ടുവരാൻ കല്പിച്ചു. ദൈവം ഈ സന്ദർഭത്തിൽ എന്തുപറയുന്നു എന്നറിയുവാനായി അവൻ സമയം വേർതിരിച്ചു. കല്ലുകളുമായി ജനം നിൽക്കുമ്പോൾ ദാവീദ് യഹോവയോട്, താൻ ഈ അക്രമികളെ പിൻതുടരേണമോ, അവരെ എത്തിപ്പിടിക്കുമോ എന്ന് ചോദിച്ചു.

ജനം തന്നെ കൊന്നുകളയുവാൻ തീരുമാനിച്ചു നിൽക്കുന്നത് ദാവീദ് പ്രശ്നമായി കണ്ടില്ല. അവന്റെ ശ്രദ്ധ അവർ ഉയർത്തിപ്പിടിച്ചിരുന്ന കല്ലുകളിലുമായിരുന്നില്ല. മറിച്ച് ആ സാഹചര്യത്തിൽ ദൈവം എന്തു പറയുന്നു എന്നതിലായിരുന്നു.

പലപ്പോഴും ഈ രീതിയിലുള്ള സാഹചര്യങ്ങളിൽ നാം വന്നു





പെടാറുണ്ട്. ശൗലും ദാവീദും ഒരേ ക്രമത്തിലുള്ള അഭിഷിക്തന്മാരായിരുന്നു. എന്നാൽ ദൈവത്തോടുള്ള അവരുടെ സമീപനം വ്യത്യസ്തമായിരുന്നു. ഉടനടി തീരുമാനമെടുത്ത് നടപ്പിലാക്കേണ്ട സന്ദർഭങ്ങൾ ഏത് അഭിഷിക്തന്റെ മുന്നിലും വരും. അപ്പോൾ ദൈവഹൃദയത്തിലേക്കു നോക്കി ഒരു തീരുമാനം അവനിൽ നിന്ന് പ്രാപിക്കേണ്ടതാണ്. പലപ്പോഴും നമ്മുടെ തീരുമാനങ്ങൾ കാര്യങ്ങളെ മാനുഷികമായി അപഗ്രഥിച്ചു നേടുന്നതാണ്. എന്നാൽ ദൈവം വസ്തുതകളെ ദൈവിക രീതിയിൽ ഉൾക്കൊണ്ട് മറുപടി നൽകും.

*ഈ കാലഘട്ടത്തിൽ ദൈവത്തിനാവശ്യം ഒരു ശൗലിനെയോ ദാവീദിനെയോ അല്ല. ദൈവമനസ്സിലെ തീരുമാനങ്ങൾ അന്വേഷിക്കുന്നവരെയും അതു നടപ്പിൽ വരുത്തുന്നവരെയുമാണ്. (വചനഭാഗങ്ങൾ: 1 ശമൂവേൽ 15, 30).*

## പത്തൊമ്പത്

# മടക്കിത്തരുന്ന യേശു

നയീൻ എന്ന പട്ടണത്തിലേക്ക് യേശു ചെല്ലുമ്പോൾ തന്നെ അവനറിയാം അവിടെ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന്. എപ്പോഴും എന്നതുപോലെ ഇവിടെയും വലിയ പുരുഷാരം അവനോടു കൂടെ പോയി. എന്നാൽ നയീനിൽ ചില കാര്യങ്ങൾ സംഭവിക്കുന്നുണ്ടായിരുന്നു. ഒരു വിധവയുടെ ഏകജാതൻ മരിച്ചുപോയതിന്റെ ദുഃഖം അവിടെ നിറഞ്ഞിരുന്നു. അവളുടെ മകനെ സംസ്കരിക്കാൻ മാത്രമേ അവിടെ കൂടിയിരുന്നവർക്ക് അറിയാമായിരുന്നുള്ളൂ. ആ പട്ടണത്തിലെ സകലരും വിധവയുടെ മകന്റെ അകാല മരണത്തിൽ വേദനയുള്ളവരായിരുന്നു. പട്ടണനിവാസികൾ മുഴുവനും ഈ സംസ്കാരത്തിൽ പങ്കെടുക്കാൻ തക്കവണ്ണം വിധവയോ മകനോ ഏതെങ്കിലും രീതിയിൽ പ്രസിദ്ധരായിരുന്നുവെന്നു രേഖപ്പെടുത്തിയിട്ടില്ല. ഒരുപക്ഷേ അവരുടെ ജീവിതമാവാം പട്ടണനിവാസികളെ മുഴുവൻ സ്വാധീനിച്ചത്. അതു തന്നെയാവും യേശുവിനെയും ആ പട്ടണത്തിലേക്ക് ആകർഷിച്ചത്. ദുഃഖിക്കുവാനല്ലാതെ മറ്റൊന്നും നയീൻ പട്ടണനിവാസികൾക്കു കഴിയുമായിരുന്നില്ല.

എന്നാൽ എന്തു ചെയ്യേണം എന്നറിയാവുന്ന ഒരുവൻ കഫർന്നഹൂമിൽ നിന്ന് നയീനിലേക്ക് ഓടി വരുന്നുണ്ടായിരുന്നു. യേശുവിന്റെ ഓരോ പ്രവൃത്തികളെയും നിരീക്ഷിച്ചാൽ 'വൈകുവാൻ പാടില്ല' എന്ന ചിന്തയോടെ അവൻ കാര്യങ്ങൾ ചെയ്യുന്നതായി കാണുവാൻ കഴിയും. അവൻ എത്തിച്ചേരേണ്ടതിന് കാലങ്ങളായി എത്രയോ പേർ അവനായി കാത്തിരുന്നുവെന്ന് യേശു അറിഞ്ഞിരുന്നു. പന്ത്രണ്ടു വർഷം





രക്തസ്രാവ രോഗമുണ്ടായിരുന്നവൾ, കൂനിയായ സ്ത്രീ, ബർത്തിമായി തുടങ്ങി എത്രയോ പേർ യേശു അഭിഷിക്തനാകുവാൻ കാത്തിരുന്നു. അല്ലെങ്കിൽ യേശു വൈകും തോറും അവരിലെ സൗഖ്യമോ വിടുതലോ വൈകുകയായിരുന്നു. 'താൻ നസറേത്തിലേ ഇരിക്കൂ, ആവശ്യക്കാർ യായിറോസിനെപ്പോലെ തന്റെ അടുത്തേക്കു വരട്ടെ' എന്ന് യേശു ചിന്തിച്ചില്ല. വാസ്തവത്തിൽ ആവശ്യക്കാരൻ യേശു ആയിരുന്നു. പിതാവു കല്പിക്കുന്നത് ചെയ്യുവാനായി എവിടേക്കും പോകുവാൻ അവൻ തയ്യാറായി. അവനെ കണ്ടെത്തുന്നതിലുപരി അവൻ കണ്ടെത്തുകയായിരുന്നു. ഇവിടെയും ഒരു സംസ്കാരം മാത്രം അവശേഷിക്കുന്ന യുവാവിനെയും അവന്റെ വിധവയായ അമ്മയെയും യേശു കണ്ടെത്തുകയായിരുന്നു.

ഇവിടെ നാം അടിവരയിട്ട് ആവർത്തിക്കേണ്ട ഒരു പാഠമുണ്ട്. നാം വൈകുന്തോറും വിടുതലിനായി കെഞ്ചിക്കഴിയുന്ന എത്രയോ പേരുടെ അനുഗ്രഹമാണ് വൈകുന്നത് എന്ന പാഠം. നാം അഭിഷിക്തന്മാരാവാത്തതുകൊണ്ട്, പ്രാർത്ഥിക്കാത്തതുകൊണ്ട്, പ്രസംഗിക്കാത്തതുകൊണ്ട് അനുഗ്രഹങ്ങൾ താമസിക്കുന്ന നിരവധി പേരുണ്ട് എന്ന ചിന്ത നമ്മിൽ ഒരാവേശമായി പടർന്നെങ്കിൽ മാത്രമെ നമ്മിലെ മറയപ്പെട്ടു കിടക്കുന്ന ക്രിസ്തു (അഭിഷിക്തൻ) വെളിപ്പെടുകയുള്ളൂ.

നയീൻ പട്ടണത്തിന്റെ വാതിൽക്കൽ വെച്ചാണ് യേശു വിധവയുടെ മകനെ കൊണ്ടുപോകുന്ന ആ യാത്രയെ തടഞ്ഞതായി നാം വായിക്കുന്നത്. അവളുടെ പ്രശ്നം ഏകജാതന്റെ മരണമാണ്. യേശു ആദ്യം അവളെ 'കരയേണ്ട' എന്ന് ആശ്വസിപ്പിക്കുന്നു. പല മരണവീടുകളിലും പലരും മരിച്ചവരുടെ പ്രിയപ്പെട്ടവരെക്കുറിച്ച്, അവർ ആവശ്യത്തിന് കരഞ്ഞോട്ടെ എന്ന് പറയാറുണ്ട്. അവരിലെ ദുഃഖം കണ്ണുനീരായി പെയ്തു തോരട്ടെ എന്നു ചിന്തിക്കാറുണ്ട്. പക്ഷേ ആദ്യം തന്നെ യേശു അവളെക്കുറിച്ചാണ് ചിന്തിക്കുന്നത്. ആ വിധവ പെട്ടെന്ന് അന്തിച്ച് കരച്ചിൽ നിർത്തിക്കാണും. വീട്ടിൽ വെച്ചും വീട്ടിൽ നിന്നിറങ്ങി ഇവിടെ പട്ടണവാതിൽ വരെയും അവർ കരയുകയായിരുന്നല്ലോ. ആരും അവളെ അതിൽ നിന്നു തടഞ്ഞിരുന്നില്ല. അവൾ നോക്കുമ്പോൾ യേശു മഞ്ചലിൽ തൊടുന്നതാണ് കണ്ടത്. പട്ടണവളപ്പിന് പുറത്തേക്ക് അവളുടെ ഏക ആശ്രയമായിരുന്നതിനെ കൊണ്ടുപോകാൻ യേശു സമ്മതിച്ചില്ല. ഒരിക്കലും തിരിച്ചുകിട്ടുവാനോ, കാണുവാനോ കഴിയാത്ത രീതിയിൽ കല്ലറയ്ക്കുള്ളിൽ ഒതുക്കി കളയുവാനാണ് പട്ടണ

വാസികൾ ശ്രമിച്ചത്. അവർ പറയുന്നത് വിധവയുടെ മകന് ഒരു നല്ല ശവസംസ്കാരം ആവശ്യം എന്നത്രെ.

ലോകത്തിന്റെ കാഴ്ചപ്പാട് അങ്ങനെയാണ്. മരിച്ചു കഴിഞ്ഞാൽ കുഴിച്ചിടണം. നഷ്ടപ്പെട്ടുവെങ്കിലോ വിട്ടുകളയണം. പുതിയത് തേടണം. നഷ്ടങ്ങൾ പിന്നീട് മറവിക്ക് കൊടുക്കണം. പക്ഷേ നൂറോളം മൈലുകൾ താണ്ടി യേശു നയീനിലെത്തിയത് കുഴിച്ചിടാൻ കൊണ്ടു പോകുന്നവരെ സഹായിക്കുവാനായിരുന്നില്ല. കുഴിയിലേക്ക് പോകുന്നു, ഇല്ലാതാകുന്നു എന്നു കരുതിയ വിധവയുടെ മകനെ വീണ്ടെടുത്തു കൊടുക്കാനായിരുന്നു. ആ വീണ്ടെടുപ്പിന്റെ ശുശ്രൂഷ കാൽവറിവരെയും യേശു തുടർന്നു.

പലപ്പോഴും നമ്മുടെ കണ്ണിനു മുമ്പിലൂടെ നാം പ്രാപിച്ച അനുഗ്രഹ ങ്ങൾ കൈവിടപ്പെട്ടു പോയിട്ടുണ്ട്. ഒന്നിനും കഴിയാതെ നഷ്ടപ്പെട്ട അനുഗ്രഹങ്ങൾ, സമാധാനം ഇവയൊക്കെ ഓർത്ത് നാം വിലപിച്ചി ട്ടുണ്ട്. അപ്പോൾ സഹായം തേടിയ കരങ്ങളൊക്കെ നമ്മുടെ കൂടെ നിന്നത് കുഴിച്ചിടാൻ മാത്രമാവും. എന്നാൽ യേശു വന്നത് ഒഴുകിപ്പോ കുന്ന നന്മയെ പിടിച്ചു നിർത്തി മടക്കിത്തരുവാനാണ്.

'ബാല്യക്കാരാ, എഴുന്നേൽക്ക' എന്ന ശബ്ദം കേട്ടമാത്രയിൽ എല്ലാ ജീർണ്ണതകളും മാറി ആ യുവാവ് കുതിച്ചെഴുന്നേറ്റതുപോലെ നമ്മുടെ നഷ്ടപ്പെട്ട ആത്മീയ, ഭൗതിക തലങ്ങളെ നോക്കി യേശു ചിലത് കല്പിക്കാൻ തുടങ്ങുമ്പോൾ, ചുറ്റുമുള്ള ആളുകളുടെ കണ്ണുകൾ അത്ഭു തത്താൽ വികസിക്കുമാറ് രൂപാന്തരങ്ങൾ നടക്കും. ഒരിക്കലും നമ്മുടെ ജീവിതത്തിലെ നന്മയെ കവർന്നു കൊണ്ടുപോകുവാൻ യേശു ആരെ യും അനുവദിക്കുകയില്ല.

ഇപ്പോൾ പുരുഷാരത്തെ നോക്കൂ; അവർ രണ്ടു കൂട്ടരാണ്. യേശുവിന്റെ കൂടെ വന്നവരും പട്ടണത്തിനു പുറത്തേക്ക് ശവമഞ്ചവു മായി വന്നവരും. വലിയൊരു ഭയം അവരിൽ ഉണ്ടായി. അവർ യേശുവിനെ എടുത്തുപൊക്കി നഗരത്തിലേക്ക് നടന്നതായി നാം വായിക്കുന്നില്ല. മറിച്ച് എല്ലാവരും ദൈവത്തെ മഹത്വപ്പെടുത്തി. അവിടെ ഒരു ഉണർവ് ആരംഭിക്കുന്നത് കാണുവാൻ കഴിയും. ജനം പറയുന്നു: 'ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു.' ദൈവം തന്നെ സന്ദർശിച്ചിരിക്കുന്നു എന്ന തിരിച്ചറിവാണ് ഉണർവിന്റെ പ്രാരംഭ പടികളിൽ ഒന്ന്. ഇവിടെയും യേശു മഹത്വം പിതാവിന് വിട്ടുകൊടു ക്കുന്നു. ദൈവമേ മഹത്വം നിനക്കു തരുന്നു എന്ന് പറയുകയും





താനില്ലായെങ്കിൽ എല്ലാം ശൂന്യം എന്ന രീതിയിൽ പോസ്റ്ററുകളിലും കട്ടൗട്ടുകളിലുമായി സ്വയ പ്രസിദ്ധി വർദ്ധിപ്പിക്കുകയും ചെയ്യുന്നതല്ല ഒരു അഭിഷിക്തന്റെ മാതൃക. ഇരു കൈയും വിടർത്തി കാൽവറിയിൽ യേശുവുണ്ടല്ലോ!

*നന്മകൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുമ്പോൾ ആളുകളെ വിളിച്ചു കൂട്ടാതെ യേശുവിനെ ക്ഷണിക്കുക. ആളുകൾ കുഴിച്ചുമൂടാൻ കൂടെ നിൽക്കും. യേശു പഴയതുപോലെ ആക്കിത്തീർക്കാനും. (വചന ഭാഗങ്ങൾ: ലൂക്കൊസ് 7:11-17).*

## ഇരുപത്

# നീനെവേയെയും അവൻ സ്നേഹിച്ചു

ദൈവം നോക്കിയപ്പോൾ നീനെവേ ഇരുളിനാൽ മൂടപ്പെട്ടിരുന്നു. എങ്ങും അതിക്രമവും ദുഷ്ടതയും മാത്രം. നീനെവേയ്ക്ക് വെളിച്ചത്തിലേക്കൊരു മാറ്റം ആവശ്യമായിരുന്നു. പ്രകാശിച്ചു നിന്ന യോനായായിരുന്നു അതിനായി തിരഞ്ഞെടുക്കപ്പെട്ടത്. പ്രകാശപൂരിതമായ നീനെവേ എന്ന സ്വപ്നം പക്ഷേ യോനായ്ക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. അതിക്രൂരന്മാർ നിറഞ്ഞ നീനെവേ നശിച്ചുപോകണമെന്നു തന്നെ അവൻ ആഗ്രഹിച്ചു. നീനെവേ ഒരിക്കലും പ്രകാശിക്കരുത്. ദൈവകോപത്തിന്റെ ജ്വാലയല്ലാതെ ദൈവസ്നേഹത്തിന്റെ നാളങ്ങൾ അവിടെ പതിക്കരുത് എന്ന് യോന ഉറപ്പിച്ചതിന്റെ മുന്നോടിയായിട്ടാണ് തർശീശിലേക്കുള്ള കപ്പലിൽ അവൻ കയറിയത്.

ദൈവം ഒരിക്കലും നീനെവേയെ അനുഗ്രഹിക്കുന്നത് യോനായ്ക്ക് സഹിക്കാൻ കഴിയുമായിരുന്നില്ല. ചിലപ്പോൾ നാം ആഗ്രഹിക്കാറുണ്ട് ചിലരെക്കുറിച്ച്, അവൻ നിശ്ചയമായും ദൈവകോപത്തിന് ഇരയാവണമെന്ന്. അത്രയേറെ ക്രൂരത അവരിലൂടെ വെളിപ്പെട്ട് അനേകർ ബാധിക്കപ്പെട്ടിട്ടുണ്ടാവും. നിരവധി പേരെ അവർ കൊല്ലുകയോ പീഡിപ്പിക്കുകയോ ചെയ്തുകാണും. 'ദൈവമേ, അവൻ ശത്രുവാണ്, അവനെ തൊടേണമേ' എന്ന് നാം പ്രാർത്ഥിക്കുന്നത് അയാൾ മാനസാന്തരപ്പെടേണം എന്ന അർത്ഥത്തിൽ ആയിരിക്കുകയില്ല. തീവ്രവാദികളും ബിൻലാദനെപ്പോലെയുള്ളവരും നരകത്തിൽ തന്നെ പോകണം എന്ന് നാം വല്ലാതെ ആശിച്ചു പ്രാർത്ഥിച്ചുപോകുന്നു. എന്നാൽ ദൈവത്തിന്റെ ആ വലിയ സ്നേഹത്തിന് അവരോടും ക്ഷമിക്കുവാൻ





തക്ക ആഴമുണ്ടെന്ന് നാം മറന്നുകളയുന്നു. അത്രവലിയ ആഴം വേണ്ട എന്ന് അപേക്ഷിച്ചുപോകുന്നു.

ഇവിടെ നീനെവേയുടെ സമകാലിക സ്ഥിതി കണ്ടുകൊണ്ടിരുന്ന യോനയും മറ്റ് പ്രവാചകരും ഒരു സൊദോം ആവർത്തിക്കാൻ പോകുന്നുവെന്ന് ആശിച്ചിരിക്കുമ്പോൾ ദൈവത്തിന്റെ വിളി യോന കേൾക്കുന്നു. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലേക്ക് അഭിഷിക്തരെ വിളിക്കും പോലെയായിരുന്നു അത്. യോന തന്റെ വിസമ്മതം തർശീശിലേക്കുള്ള കപ്പലിൽ കയറുന്നതു വഴി ദൈവത്തെ അറിയിച്ചു.

പലപ്പോഴും നാം ആഗ്രഹിക്കുന്നത് ശാന്തസുന്ദരമായ ഒരു ജീവിതവും അതുപോലെയുള്ള ശുശ്രൂഷയുമാണ്. ദൈവത്തിന്റെ വിളി ലംഘിച്ച് നാം എവിടെ എത്തുന്നുവോ അവിടെയൊക്കെ പ്രശ്നങ്ങൾ എല്ലാവരെയും ബാധിക്കും. നിങ്ങളോടു കൂടെയുള്ളവർ പ്രതികൂലത്തിൽ ആകുന്നത് ഒരുപക്ഷേ നിങ്ങളുടെ തെറ്റായ യാത്ര കാരണമാവും. ശുശ്രൂഷയിലേക്ക് കടക്കുന്നത് താമസിച്ചാലും എത്തിച്ചേരുന്നയിടം ദൈവം വരച്ച കളം തന്നെയാവണം.

യോന അവന്റെ വഴി തെരഞ്ഞെടുത്തപ്പോൾ, അതിലൂടെ ഏറെ മുമ്പോട്ടു പോകുവാൻ അവനായില്ല. എഴുന്നേൽക്കുവാനോ തിരിയുവാനോ ഒന്നിനും കഴിയാത്ത രീതിയിൽ അവന്റെ എല്ലാ സ്വാതന്ത്ര്യവും വിലക്കി ഒരു മത്സ്യത്തിനുള്ളിൽ യോനയെ ദൈവം ഒതുക്കിക്കളഞ്ഞു. അതിനും എത്രയോ മുമ്പ് അവനോടു കൂടെയുണ്ടായിരുന്നവർ നിർദ്ദയം അവനെ കടലിലേക്ക് എറിഞ്ഞുകളഞ്ഞുവല്ലോ. ദൈവത്തെ ഒഴിവാക്കി ഒരു അഭിഷിക്തൻ നടക്കാൻ തുടങ്ങുമ്പോൾ പെട്ടെന്ന് ഏകാന്തതയുടെ താഴ്വരയിലേക്ക് അവൻ എത്തിയിരിക്കും. കൂടെ ആരും കാണുകയില്ല ഒരു കാര്യങ്ങൾക്കും.

മൂന്നു രാവും പകലും യോന മത്സ്യത്തിന്റെ ഉള്ളിലായിരുന്നു. ആരുമില്ലാത്തവനായി അവൻ അതിന്റെ ഉള്ളിൽ കഴിഞ്ഞു. യോന പ്രവാചകനായിരുന്നു. ഇപ്പോൾ അവൻ ആരോടു പ്രവചിക്കും, ആരോടു പ്രസംഗിക്കും, ആർക്കു വേണ്ടി പ്രാർത്ഥിക്കും? ദൈവത്തിന് അപ്പോൾ അവന്റെ ശുശ്രൂഷ ആവശ്യമായിരുന്നില്ല. വാസ്തവത്തിൽ ചിന്തിക്കുവാനുള്ള സമയം ദൈവം കൊടുക്കുകയായിരുന്നില്ലേ? മത്സ്യത്തിനുള്ളിൽ അവന് സ്വയം പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും മൂന്ന് ദിവസം ഉപവസിക്കുവാനും ഉള്ള അവസരം മാത്രമേ ഉണ്ടായിരുന്നുള്ളൂ. വഴി തെറ്റിയതിന്റെ പേരിൽ ദൈവത്തിനു വേണമെങ്കിൽ യോനയെ ഒഴിവാക്കാമായിരുന്നു. നീനെവേയ്ക്ക് ഒരു അവസരം കൂടി നൽകാൻ ദൈവത്തിനായി എങ്കിൽ യോനായോട് എത്ര അധികം!

തന്റെ കാഴ്ചപ്പാടുകളെ തിരുത്തുവാൻ, ദൈവത്തിന്റെ വഴിയെക്കുറിച്ച് മനസ്സിലാക്കുവാൻ അങ്ങനെ ചിലതു കൂടി യോനായെ പഠിപ്പിക്കാൻ ദൈവത്തിനുണ്ടായിരുന്നു.

മൂന്നു ദിവസം കഴിഞ്ഞപ്പോൾ യോനാ അയ്യം വിളിച്ചു തുടങ്ങി. അവനെ വിഴുങ്ങിയ മത്സ്യത്തിന് ഛർദ്ദിച്ചുകളയുവാൻ കല്പന കിട്ടിയത് അതിനു ശേഷമായിരുന്നു. യോനാ മാനസാന്തരപ്പെടുവാൻ മൂന്നു ദിവസം ചെലവഴിച്ചു. ദൈവവഴിയിൽ നിന്ന് വിട്ടുമാറി എന്നോ സ്വന്തഹിതപ്രകാരമുള്ള ശുശ്രൂഷയാണ് ചെയ്യുന്നത് എന്നോ തോന്നിയാൽ എത്രയും വേഗം ചെയ്യുവാൻ കഴിയുന്നത് മാനസാന്തരപ്പെടലാണ്. ദൈവവുമായി നിരപ്പുപ്രാപിക്കുവാൻ ലഭിക്കുന്ന ആദ്യ അവസരം തന്നെ ഉപയോഗിക്കുവാൻ നാം ശ്രമിക്കണം.

ഇന്നും നീനെവേ പോലുള്ള നഗരത്തിലേക്ക് ദൈവം ആളുകളെ തിരഞ്ഞെടുക്കാറുണ്ട്. ചിലർ മിക്കവാറും സൊദോമിൽ ലോത്ത് ചെന്നതുപോലെ അവിടെ തമ്പടിക്കാറാണു പതിവ്. ലോത്തു വിചാരിച്ചത് നീരോട്ടം ഉള്ളയിടം തേടി താൻ പോകുന്നുവെന്നായിരുന്നു. വാസ്തവത്തിൽ ലോത്ത് സൊദോമിലേക്ക് അയയ്ക്കപ്പെടുകയായിരുന്നു. പക്ഷേ അവിടെ താനൊരു സൊദോമ്യനായി മാറുകയാണുണ്ടായത്. അവിടെ ചെന്നത് എന്തിനാണെന്ന് തിരിച്ചറിയുവാൻ അവനു കഴിയാതെപോയി. ഫലമോ സൊദോം അവന്റെ മുമ്പിൽ നിന്നു കത്തി. പ്രാണനും വാരിപ്പിടിച്ച് ലോത്തിന് ഓടേണ്ടിവന്നു. ജോലിയോ മറ്റു കാര്യങ്ങളുമായോ നാം ഒരു സ്ഥലത്ത് എത്തിപ്പെടുന്നത് വളരെ കൃത്യമായി ദൈവത്താൽ പാലിക്കപ്പെടുന്ന നിയമങ്ങൾ മൂലമാണ്. ലോത്ത് അറിഞ്ഞില്ല അവൻ അയയ്ക്കപ്പെട്ടവനാണെന്ന്. നാമും അറിയാതെ പോകരുത്.

യോനാ നീനെവേയിൽ നടത്തിയ ചെറിയൊരു ശുശ്രൂഷ അവിടെ വലിയ ഉണർവിന് വഴി തെളിച്ചു. ഒരു തരത്തിൽ പറഞ്ഞാൽ യോനയ്ക്കായി കാത്തിരിക്കുന്നതു പോലെയായിരുന്നു നീനെവേയുടെ പ്രതികരണം. കുറച്ചു കാലം മുമ്പെ ഒരു യോന അവിടെ എത്തിയിരുന്നെങ്കിലെന്ന് ദൈവം പോലും ആഗ്രഹിച്ചുപോകത്തക്ക രീതിയിൽ ആ ജനമെല്ലാം രട്ടിലും വെണ്ണീറിലും ദൈവമുമ്പാകെ കവിണ്ണു വീണതായി നാം വായിക്കുന്നു.

*ദൈവകോപത്തെക്കുറിച്ച് ഏറ്റവും വലിയ അവബോധമുള്ളത് ദൈവത്തിനാണ്. ദൈവകോപത്താൽ ഒരുവൻ പോലും നശിച്ചുപോകരുതെന്ന് ആദ്യമായി ആഗ്രഹിക്കുന്നതും ദൈവം തന്നെയാണ്. (വചനഭാഗങ്ങൾ: യോനാ 1-4).*



## ഇരുപത്തിയൊന്ന്

# അപമാനിക്കപ്പെട്ടവരുടെ ദൈവം

തിരുവചനം സസൂക്ഷ്മം നിരീക്ഷിച്ചു ചെല്ലുന്നവർ കണ്ടെത്തുന്ന ഒരു കൂട്ടരാണ് അപമാനിക്കപ്പെട്ടവർ. അവരിൽ ഏറിയ പങ്കും ദൈവം തന്റെ കാര്യങ്ങൾക്കായി തിരഞ്ഞെടുക്കപ്പെട്ടവരോ, തിരഞ്ഞെടുക്കപ്പെടാൻ പോകുന്നവരോ ആയ ആളുകളാവും. ദൈവത്തിന്റെ കരുതൽ അവരെ ചുറ്റിപ്പറ്റി ഉള്ളപ്പോൾ തന്നെയാവും സമൂഹം ഒരു നിന്ദാപാത്രമായി അവരെ തള്ളിക്കളയാറുള്ളത്. പല സ്ഥലങ്ങളിലും അവർ തോറ്റു പോയിക്കാണും. പലപ്പോഴും വിരുന്നുമേശകളിലെ അവസാനത്തെ ആളുകൾ അവരായിരിക്കും. അവരിൽ ദൈവം പകർന്നിട്ടുള്ള അത്യന്തശക്തി തിരിച്ചറിയുവാൻ ലോകത്തിനു കഴിഞ്ഞെന്നു വരില്ല. എന്നാൽ തന്റെ ദാസനെ എപ്പോഴും കല്ലേറു കൊണ്ട് ഓടുന്നവനായി കാണാൻ ദൈവം ആഗ്രഹിക്കുകയില്ല.

മോശെയെ നോക്കൂ; അപമാനവും ഭീതിയും കാരണം മിദ്യാനിലേക്ക് ഓടിപ്പോകേണ്ട ഒരു സന്ദർഭം അവന്റെ ജീവിതത്തിൽ ഉണ്ടായിരുന്നു. ആടുകളെ മേയിച്ച് ഏറ്റവും തകർക്കപ്പെട്ടവനായി അവൻ മിദ്യാനിൽ കഴിഞ്ഞു. പാവം മോശെ മിദ്യാനിൽ അവൻ എത്ര കഷ്ടപ്പെടുന്നു, അവനെ മിദ്യാനിൽ മാനിക്കണം എന്ന് ദൈവം ചിന്തിച്ചില്ല. മിദ്യാനിൽ നാല്പതു വർഷമായി അവനെ അറിയാവുന്നവരുടെ ഇടയിൽ, യിത്രോവിന്റെയോ സിപ്പോറയുടെയോ മുമ്പിൽ മോശെയെ ദൈവം വലിയവനാക്കിയില്ല. മറിച്ച് എവിടെ മോശെ അപമാനിക്കപ്പെട്ടുവോ അതേ മിസ്രയീമിലേക്ക് പോകുവാൻ ദൈവം അവനെ നിർബന്ധിച്ചു. പ്രാണഭയത്താൽ എവിടെ നിന്നാണോ

മോശെ ഓടിയകന്നത് അവിടെ ദൈവം അവനെ വലിയവനാക്കി മാറ്റി. ഞങ്ങളെയും കൊല്ലുവാൻ ഭാവിക്കുന്നുവോ എന്നു കയർത്ത എബ്രായരുടെ നേതാവായി അവൻ മാറ്റപ്പെട്ടു.

ന്യായാധിപനായിരുന്ന ശിംശോനെക്കുറിച്ചും ഇതു തന്നെയാണ് വചനരേഖപ്പെടുത്തലുകൾ. കണ്ണു ചൂഴ്ന്നെടുത്ത് ഒരു അടിമയായി അവൻ ഫെലിസ്ത്യരുടെ കൈകളിൽ കിടന്ന് നരകിച്ചു. എന്നാൽ ഒരിക്കൽ നഷ്ടപ്പെട്ട ദൈവികശക്തി അവനിലേക്ക് തിരികെ എത്തിയത് അവൻ നരകിച്ച, അപമാനിക്കപ്പെട്ട സ്ഥലത്തു വെച്ചാണ്. അവന്റെ ജീവിതകാലത്ത് കൊന്നതിനെക്കാൾ കൂടുതൽ ഫെലിസ്ത്യരെ ദാഗോന്റെ ക്ഷേത്രത്തിൽ വെച്ച് ശിംശോൻ നശിപ്പിച്ചതായി നാം വായിക്കുന്നു. ആ ക്ഷേത്രത്തിലെ മറിഞ്ഞുവീണ തൂണുകൾ അപമാനിക്കപ്പെട്ടവനെ ആദരിക്കുന്ന ദൈവിക മഹത്വത്തിന്റെ അടയാളങ്ങളാണ്.

ആട്ടിടയനായ ദാവീദിനെ ശ്രദ്ധിക്കൂ. സ്വന്തവീട്ടിൽ നടക്കുന്ന ഏതു വിരുന്നിലും അവസാനത്തെ ആളായിരുന്നവൻ. യിശ്ശായിയെ സംബന്ധിച്ചിടത്തോളം ദാവീദ് ആടിനെ മേയിക്കാൻ മാത്രം ജനിച്ചവനെപ്പോലെയായിരുന്നു. ശമുവേൽ പ്രവാചകൻ നിയോഗിതനായി യിശ്ശായിയുടെ വീട്ടിൽ എത്തുമ്പോഴും ദാവീദ് ഒഴിവാക്കപ്പെട്ടിരുന്നു. പക്ഷേ ദാവീദ് എത്തിച്ചേരാതെ ആ വിരുന്ന് ആരംഭിക്കുവാൻ പോലും ദൈവം അനുവദിച്ചില്ല. അന്ന് രാജകീയ അഭിഷേകം വീണിട്ടുപോലും അവൻ തള്ളപ്പെട്ടു നിന്നു. ഒടുവിൽ ദാവീദ് രാജാവായതിനു ശേഷം യിശ്ശായിയുടെ കുടുംബം ദാവീദ് രാജാവിന്റെ പേരിൽ അറിയപ്പെട്ടുതുടങ്ങി. പിന്നീട് അവന്റെ വീട്ടിലെ വിരുന്നുകളിൽ മാത്രമല്ല, രാജ്യമാകെ പ്രഥമ സ്ഥാനമായിരുന്നവന്.

ഏലീയാവിന്റെ പിന്നാലെ പോകുന്ന ഒരു എലീശയെ നാം തിരുവചനത്തിൽ വായിച്ചിട്ടുണ്ട്. ഗിൽഗാലും ബേഥേലും യെരീഹോവും കടന്ന് യോർദ്ദാൻ നദിക്കരെ വരെ എത്തുമ്പോഴും മറ്റ് പ്രവാചക ശിഷ്യന്മാർ അവനെ പരിഹസിച്ചു കൊണ്ടിരുന്നു. പ്രവാചക ശിഷ്യന്മാർക്ക് അറിയാം ഏലീയാവ് എടുക്കപ്പെടുവാൻ പോകുകയാണെന്ന്. യോർദ്ദാൻ പിളർന്ന് മുന്നോട്ട് നടക്കുന്ന ഏലീയാവിനെ പിന്നേയും അനുഗമിക്കാൻ തുടങ്ങുന്ന എലീശയെ അവിടെയുള്ള പ്രവാചക ശിഷ്യരും പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചു കാണും, ഏലീയാവ് എടുക്കപ്പെടാൻ പോകുകയാണെന്ന്. തങ്ങൾക്ക് അറിവുകിട്ടിയതു പോലെ എലീശയ്ക്ക് എന്താണ് ലഭിക്കാത്തത് എന്ന് അവർ അവനെ കളിയാക്കിയിരിക്കണം. പിന്നീട് ഏലീയാവിന്റെ പുതപ്പുമായി, ആത്മാവിന്റെ ഇരട്ടി പങ്കുമായി എലീശ വരുമ്പോൾ ആരോടും ഒരു വാക്കും പറയേണ്ട ആവശ്യമില്ലായിരുന്നു. പ്രവാചക ശിഷ്യന്മാർ നോക്കിയ മാത്രയിൽ തന്നെ എലീശയിലുള്ള ഏലീയാവിന്റെ ആത്മാവിന്റെ ഇരട്ടി പങ്ക് അവർക്ക് തിരിച്ചറിയാൻ കഴിഞ്ഞു.





പുതിയ നിയമത്തിൽ ഒരു വേലക്കാരിയുടെ വാക്കിനു മുമ്പിൽ പകച്ചുപോയി യേശുവിനെ തള്ളിപ്പറഞ്ഞ് ഓടിപ്പോയ പത്രൊസിനെപ്പറ്റി സഹതാപത്തോടെയാവും നാം വായിച്ചിരിക്കുക. എന്നാൽ അതേ പത്രൊസിനെ അതേ ജനത്തിനു മുമ്പിൽ തന്റെ സാക്ഷിയായി ദൈവം നിർത്തി.

തുടർന്നും നിരവധി വ്യക്തികളെ നമുക്ക് ഇങ്ങനെ നിരത്താൻ കഴിയും. ഇതൊക്കെ നമ്മെ പഠിപ്പിക്കുന്നത് എന്താണ്? നാം അപമാനിതരായ എത്രയോ വേളകൾ നമ്മുടെ ജീവിതത്തിൽ കണ്ടേക്കാം. പക്ഷേ അതു ദൈവത്തിനു വേണ്ടിയാകുമ്പോൾ അതിനു വളരെ പ്രാധാന്യം ദൈവം കൊടുക്കുന്നുണ്ട്. പ്രസംഗിച്ചപ്പോൾ, പ്രാർത്ഥിച്ചപ്പോൾ പതറിപ്പോയ സാഹചര്യങ്ങൾ നിങ്ങൾ ഇപ്പോൾ ഓർക്കുന്നുണ്ടാവും. ചിലപ്പോൾ നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് അത് മനസ്സിലാക്കാൻ കഴിഞ്ഞെന്നു വരില്ല. രംഗഭീതിയുള്ളവർ എന്ന് പറഞ്ഞ് അവർ നിങ്ങളെ തള്ളിക്കളഞ്ഞേക്കാം. അവിടെയൊക്കെ ഓരോ ഇടവേളകൾ ദൈവം ബാക്കി വെച്ചിട്ടുണ്ട്. ആ സമയം എത്തിച്ചേരുമ്പോൾ നിങ്ങൾ പോലുമറിയാതെ ഉയർച്ചയുടെ തലങ്ങൾ വെളിപ്പെടും.

സുവിശേഷം പറയുവാൻ കഴിയാതെ നിങ്ങൾ വല്ലാതെ വേദനിച്ച സ്ഥലങ്ങൾ കാണും. ചിലതൊക്കെ നിങ്ങൾ മറന്നുകാണും. പക്ഷേ അവൻ മറക്കുകയില്ല. കാരണം യേശു അപമാനം എന്താണെന്ന് അറിഞ്ഞവനാണ്. അതിന്റെ വേദന അതിഭീകരമായി അനുഭവിച്ചവനാണ്. മോശെയ്ക്ക് ഒരു മടക്കയാത്ര കല്പിച്ചതുപോലെ നിങ്ങൾക്കും ഒരു ദിവസമുണ്ട്.

*യെരുശലേമിൽ അപമാനിക്കപ്പെട്ട യേശുവിന് അവിടെത്തന്നെ മാനിതനാകുവാനുള്ള ഒരു ദിവസം പ്രവചിക്കപ്പെട്ടിട്ടുണ്ട് എങ്കിൽ നമുക്കും പ്രതീക്ഷിക്കാം. കാരണം ദൈവത്തിന്റെ നീതി എല്ലാവർക്കും ഒരേ ക്രമത്തിലാണല്ലോ. (വചനഭാഗങ്ങൾ: 2 രാജാക്കന്മാർ 2).*

## ഇരുപത്തിരണ്ട്

# ആ കപ്പൽച്ഛേതത്തിനു പിന്നിൽ

പൗലൊസ് എപ്പോഴും തുടങ്ങുന്നത് ആ ദൈവിക സന്ദർശനത്തെ വിവരിച്ചുകൊണ്ടായിരുന്നു. ദമസ്ക്കോസിലേക്ക് പോകുന്ന വഴിയിൽ അവനെയും കൂട്ടരെയും ചുറ്റിപ്പറ്റി മിന്നിയ ആ വലിയ വെളിച്ചത്തെക്കുറിച്ച് പറയാത്ത ഒറ്റ പ്രസംഗവും ഒരുപക്ഷേ പൗലൊസ് നടത്തിയിട്ടുണ്ടാവില്ല. 'ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത്?' എന്ന ശബ്ദം തന്റെ ജീവിതത്തിന്റെ അവസാന നാളുകൾ വരെയും അല്പം മുമ്പു നടന്ന ഒരു സംഭവമെന്നതുപോലെ പൗലൊസിന് ഓർത്തെടുക്കാൻ കഴിയുന്നുണ്ട്. സ്തെഫാനൊസിനെ കല്ലെറിഞ്ഞു കൊല്ലുന്ന സമയത്തും പിന്നീട് ക്രിസ്തു മാർഗ്ഗക്കാരെ ഉപദ്രവിക്കുന്ന കാര്യത്തിൽ പ്രാണത്യാഗത്തോളം എന്ന ചിന്തയുമായി നടന്നപ്പോഴും അനുഭവിക്കാത്ത ഒരുതരം തൂകിപ്പോകൽ പൗലൊസിൽ അന്നു സംഭവിച്ചിരുന്നു. 'നീ ആരാകുന്നു കർത്താവേ' എന്ന മറുചോദ്യം അതിന്റെ പരിണതിയായിരുന്നു.

പൗലൊസിലൂടെ വെളിപ്പെട്ട ഉണർവ് ഒരു ദിവസം കൊണ്ടോ ഒരു വർഷം കൊണ്ടോ സംഭവിച്ചതായിരുന്നില്ല. അത് അന്ന് അനന്യാസിനരികിൽ കാഴ്ചയില്ലാത്തവനായി ഇരിക്കുമ്പോൾ ആരംഭിച്ചു. റോമിൽ വെച്ച് തന്റെ അവസാന ശ്വാസം നിലയ്ക്കുന്നതുവരെയും ഉണർവിന്റേതായ ആ നീർച്ചാലുകൾ നീണ്ടുകിടന്നിരുന്നു. പൗലൊസിലൂടെ സംഭവിച്ച ഓരോ അത്ഭുതങ്ങളും ദൈവസഭയുടെ വളർച്ചയ്ക്കും ദൈവനാമത്തിന്റെ മഹത്വത്തിനും കാരണമാവുകയാണുണ്ടായത്.

പിന്നീട് യെരുശലേമിലേക്ക് പൗലൊസ് പോകുവാൻ തയ്യാറാകു





മ്പോൾ, അവിടെ ചെന്നാൽ നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരും എന്ന് പലരിൽ നിന്നും പ്രവചനങ്ങൾ ഉണ്ടായി. എന്നിട്ടും പൗലൊസ് പറയുന്നത്: "ഇതാ ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യെരുശലേമിലേക്ക് പോകുന്നു" (പ്രവൃ. 20:21) എന്നാണ്. ആത്മാവു നയിക്കുന്ന ഇടത്തേക്ക് ഒരു തടവുകാരനെപ്പോലെ ആയിരുന്നുവോ പൗലൊസ് പൊയ്ക്കൊണ്ടിരുന്നത്? സ്വയതീരുമാനങ്ങൾ അനുസരിച്ചോ ആശ്വാസ കേന്ദ്രങ്ങൾക്കായുള്ളതോ ആയ യാത്രകൾ പൗലൊസ് നടത്തിയതേയില്ല. പക്ഷേ ആത്മാവിൽ പൗലൊസിനെ ബന്ധിച്ചിരുന്നത് യേശുവുമായി ആഴത്തിൽ വേരോടിയ സ്നേഹമായിരുന്നു. കൂടാതെ പൗലൊസ് യെരുശലേമിൽ ചെല്ലേണം എന്നുള്ളത് പരിശുദ്ധാത്മാവ് ആഗ്രഹിച്ച (പ്രവൃ. 23:11) കാര്യമായിരുന്നല്ലോ!

ആസ്യയിൽ നിന്ന് ഇനി തിരിച്ചു വരില്ല എന്ന വാക്കോടെ യെരുശലേമിലേക്ക് യാത്ര തിരിക്കുമ്പോൾ അതീവ നൊമ്പരത്തോടെ പൗലൊസ് ഓർമ്മിപ്പിക്കുന്നത് ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കളെക്കുറിച്ചായിരുന്നു. മറിച്ച് സഭയ്ക്കുണ്ടാവേണ്ട സാമ്പത്തിക ഉന്നമനത്തെക്കുറിച്ചോ എങ്ങനെ കൂടുതൽ ആളുകളെ സഭയിലേക്ക് ആകർഷിക്കാം എന്നതിനെക്കുറിച്ചോ ആയിരുന്നില്ല. പൗലൊസിന് അവരിലേക്ക് പകരുവാൻ ഒരു കുറുക്കു വഴികളും ഇല്ലായിരുന്നു. ജാഗരൂകരായിരിക്കുന്നതിലൂടെ, കാവൽക്കാരൻ കോട്ടമതിൽ കാക്കുന്നതുപോലെ സഭയെ കാവൽചെയ്യുവാൻ പറഞ്ഞേൽപ്പിക്കുകയായിരുന്നു പൗലൊസ്. വിപരീത ഉപദേശം പകരുന്ന പുരുഷന്മാർ നിങ്ങളുടെ ഇടയിൽ നിന്നു തന്നെ എഴുന്നേൽക്കും അതുകൊണ്ട് ഉണർന്നിരിപ്പിൻ എന്ന് ഉണർവിന്റേതായ തീപ്പൊരി പകർന്നിട്ടായിരുന്നു പൗലൊസ് യെരുശലേമിലേക്കുള്ള തന്റെ യാത്ര തുടങ്ങിയത്. ഉപദേശങ്ങളെക്കുറിച്ചായിരുന്നു അപ്പോഴും അദ്ദേഹത്തിന്റെ മനോവിഷമം. ഇപ്പോൾ നമുക്കില്ലാതെ പോകുന്നതും അതാണല്ലോ.

പൗലൊസ് തുടർന്ന് കൈസര്യയിൽ എത്തുമ്പോൾ മുമ്പ് പലരും പറഞ്ഞിരുന്നതിനെക്കാൾ കൂടുതലായി, അല്ലെങ്കിൽ വളരെ കൃത്യമായി അഗബൊസ് എന്ന പ്രവാചകനും യെരുശലേമിൽ പൗലൊസിന് സംഭവിക്കുവാൻ പോകുന്നത് കാണിച്ചു കൊടുത്തിട്ടും പൗലൊസ് അവിടേക്ക് പോകുവാൻ തയ്യാറായി.

ഇന്ന് ശുശ്രൂഷയിൽ ആയിരിക്കുന്ന ഏതൊരു അഭിഷിക്തനും മാതൃകയായിട്ടായിരുന്നു പൗലൊസിന്റെ നിലപാടുകൾ. നമ്മുടെ ജീവിതവും ചുറ്റുപാടുകളും സുരക്ഷിതമാക്കിക്കൊണ്ട് കാര്യങ്ങൾ

ചെയ്യുവാൻ നാം ആഗ്രഹിക്കുന്നു. പ്രശ്നങ്ങൾ സംഭവിക്കാൻ സാധ്യതയുള്ള ഇടങ്ങൾ പലപ്പോഴും നാം തിരഞ്ഞെടുക്കാറില്ല. അല്ലെങ്കിൽ വലിയൊരു ഉപവാസം വിളംബരം ചെയ്ത് നാം ദൈവത്തെക്കൊണ്ട് രേഖ തിരുത്തിപ്പിക്കാൻ തത്രപ്പെടും. പൗലൊസിനു പ്രശ്നങ്ങളായിരുന്നില്ല ദൈവഹിതമായിരുന്നു പ്രധാനം. താൻ എവിടെ ചെന്നാലും തനിക്കെതിരെ എന്തെങ്കിലും ചെയ്ത് തന്നെ നശിപ്പിക്കുവാൻ തക്കവണ്ണം കഴിവുള്ള ഒരുവനായി പിശാചിനെ പൗലൊസ് പരിഗണിച്ചതേയില്ല. യേശു കഷ്ടതയും ബന്ധനവുമായി യെരുശലേമിൽ പൗലൊസിനെ കാത്തുനിൽക്കുന്നതുപോലെയായിരുന്നു അവിടെ കാര്യങ്ങൾ സംഭവിച്ചത്. പരിശുദ്ധാത്മാവ് കൂടെയുള്ളതുകൊണ്ട് ഏതു ബന്ധനത്തിനിടയിലും ശുശ്രൂഷ ഉണ്ടാവുമെന്ന് പൗലൊസിന് അറിയാമായിരുന്നു. ഒരിക്കൽ ശീലാസിനൊപ്പം കാരാഗൃഹത്തിൽ കിടന്നപ്പോഴും അതാണല്ലോ നടന്നത്!

മാത്രമല്ല, യെരുശലേം മുതൽ ഇറ്റലി വരെ നീണ്ടുകിടക്കുന്ന ശുശ്രൂഷയുടെ പുതിയ വഴി തെളിയണമെങ്കിൽ പൗലൊസിന് ആദ്യം യെരുശലേമിൽ എത്തേണ്ടിയിരുന്നു. ഇന്ന് പലരും മുന്നോട്ടു പോകുവാൻ കഴിയാതെ പ്രയാസപ്പെടുന്നത് യെരുശലേമിൽ എത്തിച്ചേരുവാൻ വൈകുന്നതുകൊണ്ടാണ്. യെരുശലേം ഒഴിവായിക്കിട്ടാനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാവും അവർ. പക്ഷേ യെരുശലേമും അവിടെ അനുഭവിക്കേണ്ട കഷ്ടങ്ങളും കടന്നേ പൗലൊസിനു മുമ്പോട്ടു പോകുവാൻ കഴിയുമായിരുന്നുള്ളൂ. ദൈവം വിളിച്ചു കൂടെ നിർത്തിയിരിക്കുന്നത് സുഖവാസത്തിനല്ല എന്ന് പൗലൊസ് അറിഞ്ഞിരുന്നു. അതു തന്നെ ആയിരുന്നല്ലോ തന്റെ പ്രിയശിഷ്യനായ തിമൊഥെയൊസിനെ പഠിപ്പിക്കുന്നതും. 'നല്ല ഭടനായി നിന്നുകൊണ്ട് നീയും എന്നോടുകൂടെ കഷ്ടം സഹിക്കുവിൻ' എന്നാണ് പൗലൊസ് ഉപദേശിക്കുന്നത് (2 തിമൊ. 2:3, 4).

യെരുശലേമിൽ എത്തിയതിന് ശേഷം പൗലൊസിന്റെ ശുശ്രൂഷാരീതി മാറിയതായിട്ടാണ് നാം വായിക്കുന്നത്. പ്രമുഖരായ ആളുകളുടെ മുമ്പാകെ, രാജസദസ്സിന് മുമ്പാകെ വചനവുമായി നിൽക്കാനുള്ള അവസരങ്ങളായിരുന്നു പൗലൊസിന് ലഭിച്ചുകൊണ്ടിരുന്നത്. കൈസരെ അഭയം ചൊല്ലിയതോടെ റോം വരെയുള്ള യാത്രയും വെളിവായി.

തുടർന്ന് ഈശാനമൂലൻ ആഞ്ഞടിച്ച് സർവ്വവും തകർന്നുപോയ ഒരു കപ്പൽ യാത്രയിലേക്ക് നാം എത്തിച്ചേരുന്നു. യാത്രയുടെ പ്രാരംഭം



ദൈവം മനസ്സിൽ സൂക്ഷിച്ച ഉണർവ്

ശുഭകരമായി കപ്പിത്താനും ശതാധിപനും തോന്നി. അതുകൊണ്ടു തന്നേ തടവുകാരനായ പൗലൊസിന്റെ മുന്നറിയിപ്പ് ആരും വിലയ്ക്കെടുത്തില്ല (പ്രവൃ. 27 വായിക്കുക). ആ കപ്പൽ തകരേണ്ടത് ദൈവത്തിന്റെ ആവശ്യമായിരുന്നു. 14 ദിവസങ്ങൾക്കു ശേഷം കപ്പൽ തകരുമ്പോൾ അതിൽ ഏറ്റവും ശാന്തനായി ഉണ്ടായിരുന്നത് പൗലൊസ് മാത്രമായിരുന്നു. മെലിത്ത എന്ന ദ്വീപിലേക്ക് ആരുടെയും പ്രാണനു കോട്ടം വരാതെ പൗലൊസിന്റെ ദൈവം തങ്ങളെ എത്തിച്ചെന്ന് എല്ലാവരും ആശ്വസിച്ചു. എന്നാൽ ഇറ്റലിയിൽ എത്തുന്നതിന് മുമ്പ് പൗലൊസിനെ ഉപയോഗിക്കേണ്ട ഇടത്തേക്ക് ദൈവം അവരെ കൊണ്ട് അടുപ്പിക്കുകയായിരുന്നു. കപ്പിത്താന്റെ പ്ലാനിൽ മെലിത്ത ഇല്ലാതിരുന്നപ്പോൾ പൗലൊസിന്റെ ശുശ്രൂഷയുടെ പ്ലാൻ തയ്യാറാക്കിയ ദൈവം മെലിത്തയിലെ മൂന്നു മാസം എഴുതി ചേർത്തിരുന്നു. മെലിത്തയിൽ നടന്ന ഉണർവായിരുന്നു അത്. അതിനായി ആ ദ്വീപുപ്രമാണിയായ പുബ്ലിയോസും അവന്റെ ഭവനവും, എന്തിന് ദ്വീപുവാസികൾ വരെ തയ്യാറായിരുന്നു. പ്രശ്നം ഒരു പൗലൊസിന്റെ അഭാവമായിരുന്നു. ആ കുറവാണ് ഒരു കപ്പൽച്ചേതത്തിലൂടെ ദൈവം സാധ്യമാക്കിയെടുത്തത്.

ഒരു അഭിഷിക്തനെ എപ്പോൾ, എവിടെ, എങ്ങനെ ഉപയോഗിക്കണം എന്നുള്ളത് ദൈവത്തിന്റെ മനസ്സാണ്. അത് തിരിച്ചറിയുമ്പോൾ മാത്രമേ പൗലൊസിനെപ്പോലെ ദൈവത്തിന്റെ മുന്നണി പോരാളിയായി നിൽക്കുവാൻ നമുക്കും കഴിയുകയുള്ളൂ. മൂന്നുമാസത്തിനു ശേഷം മെലിത്തയിൽ ശീതകാലം കഴിച്ചുകിടന്നിരുന്ന ഒരു കപ്പലിൽ കയറി പൗലൊസും കൂടെയുള്ളവരും ഇറ്റലിയിലേക്ക് യാത്ര തുടങ്ങിയപ്പോൾ പുബ്ലിയോസും ദ്വീപുവാസികളും ചിരിക്കുന്നുണ്ടായിരുന്നു; ദൈവവും.

*ഒരു ശുശ്രൂഷകന്റെ ജീവിതത്തിൽ പൊടുന്നനവെ പ്രശ്നങ്ങൾ വരുന്നുണ്ടെങ്കിൽ അതിനർത്ഥം അൽപം അകലെയായി ശുശ്രൂഷയുടെ ഒരു വാതിൽ തുറന്നുകൊണ്ടിരിക്കുന്നു എന്നാണ്. (വചനഭാഗങ്ങൾ: പ്രവൃത്തികൾ 27, 28).*

## ഇരുപത്തിമൂന്ന്

# ഒരു കുഷ്ഠരോഗി തിരിച്ചോടുന്നു

ശലോമോൻ യഹോവയുടെ ആലയവും രാജധാനിയും പണിതീർത്തതിനുശേഷം യഹോവ ശലോമോനു പ്രത്യക്ഷനായി (2 ദിന. 7:11-22). അതിമനോഹരമായി പണിത ആലയത്തെക്കുറിച്ചോ രാജധാനിയുടെ ഭംഗിയെക്കുറിച്ചോ യഹോവയ്ക്ക് ഒന്നും പറയാനുണ്ടായിരുന്നില്ല. ശലോമോൻ ആലയം പണിയാനായി തിരഞ്ഞെടുത്ത സ്ഥലം യഹോവയ്ക്ക് സ്വീകാര്യമായിരുന്നു. എന്നാൽ യഹോവ അരുളിച്ചെയ്തത് മറ്റു ചിലതായിരുന്നു. തന്റെ കോപം കാരണം മഴ പെയ്യാതിരിക്കേണ്ടതിന് ആകാശം അടയ്ക്കുകയോ ദേശം നശിപ്പിക്കേണ്ടതിന് വെട്ടുക്കിളികളോടു കല്പിക്കുകയോ ജനത്തിനിടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ ജനം എല്ലാം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് യഹോവയുടെ മുഖം അന്വേഷിക്കണം എന്ന ഉപദേശമായിരുന്നു യഹോവയ്ക്ക് കല്പിക്കാനുണ്ടായിരുന്നത്.

'എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം' എന്നാണ് യഹോവ പറയുന്നത്. അതേ ജനം ദൈവത്തിന്റെ കൈകളിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ ദൈവത്തെ മറക്കുകയായിരുന്നു പതിവ്. പണ്ടും അതു അങ്ങനെതന്നെയായിരുന്നു. സ്വർഗ്ഗീയ ഭക്ഷണമായ മന്നയും പിന്നീട് ഇറച്ചിയും ഒക്കെ കിട്ടിയിട്ടും അവർ പിറുപിറുക്കുകയും വിഗ്രഹത്തെ ഉണ്ടാക്കി അഴിഞ്ഞാടുകയും ചെയ്തിരുന്നുവല്ലോ. യഹോവ നൽകിയ അനുഗ്രഹങ്ങൾ മരുഭൂമിയിൽ അവർ പ്രാപിച്ചു. എന്നാൽ യഥാർത്ഥ അനുഗ്രഹമായിരുന്ന കനാൻ കൈവശമാക്കുവാൻ ഒരു കാലേബും യോശുവയും മാത്രമേ ആ





തലമുറയിൽ പെട്ടവരായി ഉണ്ടായിരുന്നുള്ളൂ. ഇവിടെ ശലോമോന്റെ കാലഘട്ടത്തിൽ എത്തിനിൽക്കുന്ന അതേ യിസ്രായേൽ മക്കൾ പിന്നെയും യഹോവയെ മറന്ന് അവൻ നൽകുന്ന താൽക്കാലിക അനുഗ്രഹത്തിൽ മുഴുകി ദൈവത്തെ വിട്ടുതിരിയുമെന്ന് യഹോവ അറിഞ്ഞിരുന്നു. പണ്ടുമുതലേ യിസ്രായേൽ മക്കൾ ദൈവത്തെ അകറ്റി നിർത്തി ദൈവിക അനുഗ്രഹത്തെ മാത്രം ആഗ്രഹിക്കുന്നവരായിരുന്നു. അതുകൊണ്ട് തന്നെ ശലോമോനോട് ദൈവത്തിന്റെ മുഖം അന്വേഷിക്കേണ്ടതിന്റെ ആവശ്യകത യഹോവ വെളിപ്പെടുത്തുന്നു.

നാമും അങ്ങനെയാണ്. ദൈവത്തിന്റെ സാന്നിദ്ധ്യമോ സൗഹൃദമോ ആഗ്രഹിക്കാറില്ല. പക്ഷേ നമ്മുടെ പ്രാർത്ഥനകളിൽ നിരത്തുന്ന ആ വലിയ ലിസ്റ്റ് നിവർത്തിക്കുവാൻ ദൈവം വേണം താനും. നാം അപേക്ഷിക്കുന്ന എല്ലാം തരുന്ന അനുഗ്രഹത്തിന്റെ കലവറയായി ദൈവത്തെ കാണുവാൻ നാം ഇഷ്ടപ്പെട്ടുപോകുന്നു. അനുഗ്രഹിക്കുക മാത്രം ചെയ്യുന്ന ഒരു ദൈവത്തെ നാം ആഗ്രഹിക്കുമ്പോൾ ദൈവത്തെ (ദൈവികാനുഗ്രഹത്തെ അല്ല) അന്വേഷിക്കുന്ന ബുദ്ധിമാന്മാരെ ദൈവവും തിരയുന്നു.

ലൂക്കൊസ് സുവിശേഷം 17-ാം അദ്ധ്യായത്തിൽ (17:11-19) ഇതിനോടു ബന്ധപ്പെട്ട ഹൃദയാർദ്രമായ ചില സംഭവങ്ങൾ സുവിശേഷകൻ രേഖപ്പെടുത്തിയിട്ടുണ്ട്. യേശു ഒരിക്കൽ യെരുശലേമിലേക്ക് പോകുമ്പോഴാണ് ആ സംഭവം നടക്കുന്നത്. ശമര്യയ്ക്കും ഗലീലയ്ക്കും നടുവിലുള്ള ഒരു ഗ്രാമത്തിൽ വെച്ച് കുഷ്ഠരോഗികളായ പത്തു പുരുഷന്മാർ അവന് എതിരേറ്റു വന്നു. 'യേശു നായകാ, കരുണയുണ്ടാകേണമേ' എന്ന അവരുടെ നിലവിളിയിൽ മനസ്സലിഞ്ഞ് യേശു അവരോട്, 'നിങ്ങൾ പോയി പുരോഹിതന്മാർക്ക് നിങ്ങളെത്തന്നെ കാണിക്കുവിൻ' എന്നു പറഞ്ഞു.

'അശുദ്ധൻ, അശുദ്ധൻ' എന്ന് രോഗമുള്ള നാൾ ഒക്കെയും (ലേവ്യ. 13:45) വിളിച്ചുപറഞ്ഞു നടക്കേണ്ട അവർ ഇപ്പോൾ കരുണയുണ്ടാകേണമേ എന്ന് നിലവിളിക്കുന്നു. കുഷ്ഠരോഗി പാർക്കേണ്ടത് പാളയത്തിനു പുറത്തായിരിക്കേണം. ഇങ്ങനെയുള്ളവർ ശുദ്ധമായതിനുശേഷമേ പുരോഹിതന്റെ അടുക്കലേക്ക് ശുദ്ധീകരണം കഴിയുവാനായി ചെല്ലാവൂ. പക്ഷേ യേശു പത്തു പേരോടും പുരോഹിതന്മാർക്ക് നിങ്ങളെത്തന്നെ കാണിക്കുവിൻ എന്ന് പറയുന്നു. യേശു കുഷ്ഠം മാറുവാനായി പ്രാർത്ഥിച്ചില്ല. അവർ പുരോഹിതന്മാരുടെ അരികിലേക്ക് യാത്രതിരിക്കുമ്പോൾ അവരുടെ കുഷ്ഠം മാറിയിരുന്നില്ല. പക്ഷേ യേശുവിന്റെ വാക്കു പ്രകാരം സൗഖ്യം ആകുന്നതിന് മുമ്പുതന്നെ

സൗഖ്യമായവർ പുരോഹിതനെ കാണിക്കുവാൻ പോകുന്നതുപോലെ അവർ യാത്ര തുടങ്ങി. ലൂക്കൊസ് എഴുതുന്നു: അവർ പോകയിൽ തന്നെ അവരിൽ ശുദ്ധീകരണം സംഭവിച്ചു. ലേവ്യ. 13:47-59 ൽ പറയുന്ന ക്രമത്തിലുള്ള കുഷ്ഠലക്ഷണങ്ങൾ ഒന്നും തന്നെ അപ്പോൾ അവരിൽ ഉണ്ടായിരുന്നില്ല. പത്തു പേരും തങ്ങൾ ശുദ്ധിയുള്ളവരായത് കണ്ട് അത്ഭുതപ്പെട്ടുകാണും. സ്വന്തക്കാരെയും പ്രിയപ്പെട്ടവരെയും വിട്ട് പാളയത്തിനു പുറത്ത് ഏകാന്തജീവിതം കഴിച്ചിരുന്നവർ പൊടുന്നനവെ പുരോഹിതനെ കാണുവാൻ വെമ്പൽ കൊണ്ടു. പുരോഹിതൻ അവർക്കായി കുഷ്ഠശുദ്ധീകരണം ചെയ്തു കഴിഞ്ഞാൽ പിന്നീട് പാളയത്തിന് അകത്തേക്ക് അവർക്ക് ചെല്ലാം. പ്രിയപ്പെട്ടവരുമായി ഉണ്ടായിരുന്ന നഷ്ടപ്പെട്ട ആ ജീവിതം പുനരാരംഭിക്കുവാൻ അവർ തിടുക്കപ്പെട്ടു. ലേവ്യ. 14:1 മുതൽ വായിക്കുമ്പോൾ കുഷ്ഠരോഗ ശുദ്ധീകരണത്തിനായി നിരവധി കാര്യങ്ങളാണ് ചെയ്യേണ്ടത് എന്ന് മനസ്സിലാക്കാൻ കഴിയും. പക്ഷെ ആ പത്തു പേരിൽ ഒരുവൻ അവനിലുണ്ടായ സൗഖ്യത്തോടു പ്രതികരിച്ചത് മറ്റ് ഒമ്പതു പേരെയും പോലെ ആയിരുന്നില്ല.

ശരീരത്തിൽ സൗഖ്യം സംഭവിക്കുന്നത് അറിഞ്ഞ അവൻ ഉച്ചത്തിൽ ദൈവത്തെ മഹത്വപ്പെടുത്തിയതായി നാം വായിക്കുന്നു. പിന്നീട് നാം കാണുന്നത് അവൻ തിരിച്ചോടുന്നതായിട്ടാണ്. സൗഖ്യം നൽകിയ യേശുവിനെ കണ്ടിട്ട് ഇനി കാര്യമില്ല. അടുത്ത പടി എത്രയും വേഗം പുരോഹിതന്മാരെ കാണുക എന്നതാണ്. പക്ഷേ യെരുശലേമിലേക്ക് പോകുകയായിരുന്ന യേശുവിനു പിന്നാലെ, യേശുവിനെ അന്വേഷിച്ച് അവൻ പോയ വഴിയെ ഈ കുഷ്ഠരോഗി ഓടിക്കാണും. യേശുവിനെ കണ്ടപ്പോൾ അവൻ യേശുവിന്റെ കാൽക്കൽ വീണ് നന്ദി പറഞ്ഞു. ഓടിയെത്തിയവൻ ശമര്യാക്കാരനായിരുന്നു. ഇവിടെ യേശു ചോദിക്കുന്ന ചോദ്യം എന്നും പ്രസക്തമാണ്: "പത്തു പേർ ശുദ്ധരായില്ലയോ, ഒമ്പതുപേർ എവിടെ?"

തന്നിലൂടെ അനുഗ്രഹമോ വിടുതലോ പ്രാപിച്ചവർ തന്നെ അന്വേഷിച്ചെത്തുമെന്ന് യേശു ഇന്നും പ്രതീക്ഷിക്കുന്നുണ്ട്. മറ്റ് ഒമ്പതുപേരും എത്രയും വേഗം പുരോഹിതനെ കണ്ട് ശുദ്ധീകരണം കഴിച്ച് പാളയത്തിനകത്തേക്ക് പോകുവാൻ ആഗ്രഹിച്ചപ്പോൾ ഒരുവൻ സൗഖ്യമാക്കിയ യേശുവിനെ ഒന്നുകൂടെ കാണണമെന്നു വെമ്പി.

ദൈവമുഖം അന്വേഷിക്കുന്നവർ, ദൈവത്തെ ആവശ്യപ്പെടുന്നവർ ഇന്നു കുറയുകയാണ്. നാം കേൾക്കുന്ന ഏറിയ പ്രസംഗത്തിലും നമ്മുടെ ഗുരുനാഥന്മാർ അനുഗ്രഹിക്കുന്ന യേശുവിനെക്കുറിച്ച് മാത്രം പറയുന്നു. വാസ്തവമാണ്, യേശു അനുഗ്രഹിക്കുന്നവനാണ്. പക്ഷേ





നമ്മുടെ ലക്ഷ്യം അനുഗ്രഹം മാത്രമാകുന്നു. ആ അനുഗ്രഹത്തിലൂടെ അഭിവൃദ്ധിയിലൂടെ സമൂഹത്തിൽ മാനിക്കപ്പെടുവാൻ നാം വെമ്പുന്നു. പല ആവശ്യങ്ങൾക്കായി പലതരം ഉപകരണങ്ങൾ നാം ഉപയോഗിക്കുന്നതുപോലെ യേശുവിനെയും ഉപയോഗിക്കാൻ നാം പ്രാർത്ഥിക്കുന്നു, പാടുന്നു, പിന്നെ കരയുന്നു.

ഒരിക്കൽ ശിഷ്യന്മാർ യേശുവിനോട് ചോദിച്ചു 'ഞങ്ങൾക്ക് എന്ത് കിട്ടും' എന്ന് (മത്താ. 19:27-28). അത് പെന്തെക്കോസ്തിനു മുമ്പായിരുന്നു. ഞങ്ങൾ സകലവും വിട്ട് നിന്നെ അനുഗമിച്ചിരിക്കുന്നു. പടകും വലയും എല്ലാം ഉപേക്ഷിച്ചിരിക്കുന്നു. എല്ലാവർക്കും അനുഗ്രഹങ്ങൾ നൽകുന്ന യേശു അവർക്കെന്തു നൽകും എന്നത് അവർ കൈവിട്ടു കളഞ്ഞതുമായി താരതമ്യപ്പെടുത്തിയിട്ടുള്ള ചോദ്യമായിരുന്നു. എന്നാൽ യേശുവിന്റെ മറുപടി, മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ ലഭിക്കുന്നതിനെക്കുറിച്ചായിരുന്നു.

ഒടുവിൽ പെന്തെക്കോസ്തു നാൾ വന്നു കഴിഞ്ഞപ്പോൾ തങ്ങൾക്ക് എന്തുകിട്ടും എന്ന ക്രമത്തിലല്ല, സ്വന്തപ്രാണനെ വരെ എങ്ങനെ ദൈവത്തിനായി കൊടുക്കാം എന്ന ചിന്തയോടെയാണവർ നടന്നത്. ഈ ഭൂമിയിൽ ലഭിക്കുന്ന അനുഗ്രഹങ്ങളൊക്കെ ദൈവത്തിന്റെ നോട്ടത്തിൽ നശിക്കുന്നതും വിലയില്ലാത്തതുമാണെന്ന് അവർ തിരിച്ചറിഞ്ഞു. ഈ ലോകത്തിൽ അവർ പല രീതിയിൽ ക്ലേശമനുഭവിക്കുകയും ദാരുണമായി കൊല്ലപ്പെടുകയും ചെയ്തു. മരുഭൂമിയിൽ വെച്ച് യിസ്രായേൽ മക്കൾക്ക് മന്നയും ഇറച്ചിയും കിട്ടിയതുപോലെ ചില കാര്യങ്ങൾ ജീവിതയാത്ര അവസാനിക്കുന്ന നിമിഷം വരെ അനുഭവിക്കുവാനായി ശിഷ്യന്മാർ തേടിനടന്നില്ല. മരണം വാസ്തവത്തിൽ യഥാർത്ഥ ജീവിതത്തിന്റെ ആരംഭമാണല്ലോ. അവിടെ എന്തു ലഭിക്കും എന്ന ചോദ്യത്തിനു മാത്രമായിരുന്നു, പ്രവൃത്തി 2-ാം അദ്ധ്യായത്തിനുശേഷം അവർ നൽകിയ പ്രസക്തി.

തിരിച്ചോടുന്ന കുഷ്ഠരോഗിക്ക് മറ്റുള്ളവരെപ്പോലെ കുടുംബം കാണും. ശുദ്ധീകരണം കഴിഞ്ഞ് എത്രയും വേഗം തന്റെ സ്വന്തക്കാരുടെ അടുത്തേക്കു പോകണം എന്ന് അവനും ആഗ്രഹിച്ചുകാണും. എന്നാൽ അതിനെക്കാൾ ഉപരിയായി സൗഖ്യം തന്നവന്റെ കാൽക്കൽ സമർപ്പണത്തിന്റെ ഒരിറ്റു കണ്ണീരു വീഴ്ത്താൻ അവൻ തയ്യാറായി.

*ഈ ഭൂമിയിൽ ദൈവം തരുന്ന അനുഗ്രഹങ്ങൾ എല്ലാം നമ്മുടെ മരണത്തോടെ അവസാനിക്കുന്നതാണ്. മരണം കഴിഞ്ഞും നമ്മോടു കൂടെയുണ്ടായിരിക്കുന്നത് അവന്റെ സാന്നിദ്ധ്യം മാത്രമായിരിക്കും. (വചനഭാഗങ്ങൾ: ലൂക്കൊസ് 17:11-19).*

# ഇരുപത്തിനാല്

# ഉപേക്ഷിക്കപ്പെട്ടു കിടന്ന പടകുകൾ

രാത്രി മുഴുവനും പത്രോസും സ്നേഹിതരും അദ്ധ്വാനിക്കുകയായിരുന്നു. ഗെന്നസരേത്ത് തടാകത്തിന്റെ ഓരോ ഇഞ്ചും അവർ അരിച്ചുപെറുക്കാതിരുന്നില്ല. പക്ഷേ മീനുകൾ ഒഴിഞ്ഞ പടകുമായിട്ടാണ് അവർ തീരമണഞ്ഞത്. നിരാശാഭരിതരായി ഇനി എങ്ങനെ ഒഴിഞ്ഞ കൈകളോടെ വീടുകളിലേക്കു ചെല്ലും എന്ന് വ്യാകുലപ്പെട്ട് വല കഴുകിക്കൊണ്ടിരുന്നപ്പോഴാണ് പുരുഷാരത്തിന്റെ ഇടയിൽ നിന്ന് ഒരുവൻ പത്രോസിന്റെ പടകിലേക്കു കയറുന്നത്. 'കരയിൽ നിന്ന് പടക് അല്പം നീക്കേണം' എന്നാവശ്യപ്പെട്ട് അവനെ നോക്കിയ യേശുവിനെ പത്രോസ് സാകൂതം നോക്കിക്കാണും.

യേശു ജനങ്ങളോട് സംസാരിച്ചു തീരുന്നതുവരെയും പത്രോസും കൂട്ടരും ആ പടകിനടുത്തായി ഉണ്ടായിരുന്നു. അല്ലെങ്കിൽ തന്നെ അവർക്ക് മറ്റൊന്നും ചെയ്യുവാനായി ഉണ്ടായിരുന്നില്ല. ഇവിടെ യേശു ജനങ്ങളോടായി എന്താണ് സംസാരിച്ചത് എന്ന് സുവിശേഷകൻ രേഖപ്പെടുത്തിയിട്ടില്ല. ലൂക്കൊസ് 5:1-11 ലെ പ്രതിപാദ്യം യേശുവിന്റെ സന്ദർശനമായിരുന്നു.

പത്രോസിനെയും കൂട്ടരെയും സംബന്ധിച്ചിടത്തോളം ഒഴിഞ്ഞ, നിരാശ നിറഞ്ഞ പ്രഭാതമായിരുന്നു അത്. ചിലപ്പൊഴൊക്കെ, ഒഴിഞ്ഞ പടകുമായി അവർ തീരമണഞ്ഞിട്ടുണ്ടാവും. അന്നും അതുപോലെ വരണ്ടൊരു പ്രഭാതമാണെന്നവർ കരുതി. എന്നാൽ അതൊരു സാധാരണ പ്രഭാതമായിരുന്നില്ല. അവരുടെ ജീവിതരീതികൾ ആകെ മാറ്റിമറിക്കപ്പെട്ട പകലായിരുന്നത്.





ഇത്രയും നേരം യേശു ഹൃദ്യമായി സംസാരിച്ചുവല്ലോ. ഇനി നന്ദിയോടെ യേശു കടന്നുപോകും എന്നവർ കരുതി. എന്നാൽ യേശുവിന് അവരെ വിടുവാൻ ഭാവമുണ്ടായിരുന്നില്ല. അതുവരെയും കേൾവിക്കാരായി നിന്ന അവരോടായി ആഴത്തിലേക്ക് നീക്കി മീൻ പിടുത്തത്തിനായി വല ഇറക്കുവിൻ എന്ന് യേശു പറയുന്നു.

പത്രൊസ് ഒരുപക്ഷേ അത്ഭുതം കൂറിയിരിക്കും. പത്രൊസ് മുക്കുവനാണ്. അവനറിയാം മീൻപിടിക്കുവാൻ യോജിച്ച സമയം രാത്രിയാണെന്ന്. കഴിഞ്ഞ രാത്രി മുഴുവനും അവർ ചെയ്തിരുന്നതും അതായിരുന്നു. ഇനി അവർക്ക് ചെയ്യുവാൻ കഴിയുന്നത് വലകൾ കഴുകി, കേടുപാടുകൾ തീർത്ത്, പടക് വൃത്തിയാക്കി അടുത്ത രാത്രി വരെ കാക്കുക മാത്രമാണ്. പക്ഷേ മുക്കുവനല്ലാത്ത ഒരുവൻ, ഗലീല കടലിന്റെ ഓരോ കോണും സസൂക്ഷ്മം അറിയാവുന്ന പത്രൊസിനെ കടലിന്റെ മദ്ധ്യത്തിലേക്ക് മീൻ പിടിക്കുവാൻ ക്ഷണിക്കുന്നു. അതൊരു തമാശപോലെ പത്രൊസിന് തോന്നിക്കാണും. പത്രൊസ് അവന്റെ കഴിവ് പരമാവധി ഉപയോഗിച്ച് അദ്ധ്വാനിച്ചതായിരുന്നുവല്ലോ. പക്ഷേ ഒന്നും ലഭിച്ചിരുന്നില്ല. രാത്രി മുഴുവൻ ഉറങ്ങാതെ പണിപ്പെട്ടതിന്റെ ക്ഷീണം തീർത്ത് അടുത്ത രാത്രിയിൽ പതിവുപോലെ മീൻപിടിക്കാനിറങ്ങാം എന്ന് പത്രൊസ് ചിന്തിച്ചുവോ? എങ്കിലും യേശുവിന്റെ വാക്കുപോലെ വലയിറക്കാമെന്ന് അവൻ സമ്മതിച്ചു. അല്പനേരം തന്റെ പടകിലിരുന്ന് കരയിൽ കൂടിയിരുന്ന ജനത്തോടു സംഭാഷിച്ച ഒരുവനെ പത്രൊസ് വെറുതെ വിശ്വസിക്കുകയായിരുന്നുവോ?

അങ്ങനെയായിരുന്നു പത്രൊസ്. അവൻ എപ്പോഴും പരീക്ഷണങ്ങൾക്ക് തയ്യാറായിരുന്നു. പിന്നീടൊരു ദിവസം കടലിന്മേൽ നടന്ന് യേശു അവരുടെ പടകിനരികിൽ എത്തിയ രാത്രി, അപ്പോൾ കാറ്റിലും വലിയ കോളിലും പെട്ട് പടകു മുങ്ങുമാറായിരുന്നു. എല്ലാവരും യേശുവിനെ കണ്ട് ഭൂതം എന്ന് ഭ്രമിച്ചു. യേശു ചെയ്തിട്ടുള്ള പല അത്ഭുതങ്ങളും അവർ കണ്ടിട്ടുള്ളതായിരുന്നു. പക്ഷേ യേശുവിന് കടലിൽ നടക്കാൻ കഴിയും എന്നതവർക്ക് ഉൾക്കൊള്ളാനായില്ല. യേശു: 'ഭയപ്പെടേണ്ട, ഞാൻ ആകുന്നു' എന്ന് പറയുമ്പോൾ യേശു ആകുന്നു എങ്കിൽ തനിക്കും വെള്ളത്തിന്മേൽ നടന്ന് യേശുവിന്റെ അരികിൽ എത്തേണം എന്ന് പത്രൊസ് വിളിച്ചുപറയുന്നു. അപ്പോൾ രാത്രിയുടെ നാലാം യാമമായിരുന്നു. ആ സമയം യേശുവിനെ അവർ അവിടെ പ്രതീക്ഷിച്ചതേയില്ല. പ്രതീക്ഷിച്ചതോ അവരുടെ മരണത്തെയും. എന്നാൽ പത്രൊസ് വ്യത്യസ്തമായ കാഴ്ചപ്പാടോടെ നിന്നു. യേശു 'വരിക' എന്ന് പറഞ്ഞപ്പോളവൻ ചാടിപ്പുറപ്പെടുകയും

ചെയ്തു. അപ്പോഴും കടൽ പ്രക്ഷുബ്ധമായിരുന്നുവെന്നോ അല്പം മുമ്പുവരെ താനും പ്രാണനുവേണ്ടി തത്രപ്പെടുകയായിരുന്നുവെന്നോ പത്രോസ് വിചാരിച്ചതേയില്ല. യേശു പടകിൽ കയറുന്നതുവരെ വെള്ളത്തിന്മേൽ നില്ക്കുന്നത് യേശുവാണെന്ന് മറ്റു ശിഷ്യന്മാർ വിശ്വസിച്ചും കാണില്ല.

മരണത്തോളമെത്തിയ ആ യാത്രയിൽ അവരെ സന്ദർശിക്കുന്നത് യേശു അല്ലാതെ ആരുമാകില്ലെന്ന് പത്രോസ് ഉറപ്പിച്ചു. മുക്കുവനായിരുന്ന പത്രോസിനറിയാം കടലിൽ നടക്കുന്നത് പോയിട്ട് വെള്ളത്തിന്മേൽ നിൽക്കുന്നതുപോലും അസാദ്ധ്യമാണെന്ന്. എന്നാലവൻ പരീക്ഷിക്കുവാൻ തയ്യാറായി.

യേശു എപ്പോഴും സാധാരണ മണ്ഡലത്തിൽ അസാധാരണ കാര്യങ്ങൾ ചെയ്യുന്നവനാണ്. യേശുവിനോടു കൂടി അവന്റെ അഭിഷിക്തന്മാരായ നാം യാത്ര ചെയ്യുമ്പോൾ യേശു നമ്മുടെ ചിന്തകൾക്കും കഴിവുകൾക്കും യോജിച്ചതായിരിക്കണം എന്ന് നാം പ്രാർത്ഥിക്കുകയോ ആഗ്രഹിക്കുകയോ ചെയ്യുന്നത് സാധാരണ കാര്യമാണ്. എന്നാൽ യേശുവിന്റെ കഴിവിന്റെ മണ്ഡലത്തിലേക്ക് അവന്റെ കാഴ്ചപ്പാടുകളിലേക്ക് കയറിച്ചെല്ലുവാൻ കഴിയുന്നിടത്താണ് ഒരു ദൈവപൈതൽ വ്യത്യസ്തനാകുന്നത്.

പത്രോസിന് പറയാമായിരുന്നു: 'യേശുവേ നീ ആകുന്നു എങ്കിൽ വേഗം പടകിലേക്ക് വന്ന് എല്ലാം ശാന്തമാക്കൂ' എന്ന്. പക്ഷേ പത്രോസിന് ആഞ്ഞടിക്കുന്ന കാറ്റോ കോളോ ഉലയുന്ന പടകോ പ്രശ്നമായിരുന്നില്ല. യേശു വെളിപ്പെടുത്തിയ ആ അസാധാരണ തലത്തിലേക്ക് പത്രോസ് ഓടിക്കയറി.

ഇവിടെ ഗെന്നേസരേത്ത് തടാകത്തിന്റെ കരയിൽ വെച്ച് പത്രോസ് യേശുവിനെ കണ്ടുമുട്ടുമ്പോഴും അവന് ഇതുപോലൊരു മനസ്സായിരുന്നു. കഴിഞ്ഞ രാത്രിയിൽ എത്രനേരം, എങ്ങനെയൊക്കെ അദ്ധ്വാനിച്ചു എന്നുള്ളത് ഓർത്താൽ വ്യാകുലപ്പെടാനേ കഴിയൂ. പക്ഷേ പടകിലിരുന്ന് ഒരിക്കൽ കൂടി മീൻപിടിക്കുവാൻ ഒരു തച്ചൻ ക്ഷണിക്കുമ്പോൾ പത്രോസ് ചിരിച്ചു തുടങ്ങി. പുതിയൊരു തുടക്കം എന്നോ പകൽ മീൻപിടുത്തത്തിന്റെ വ്യത്യസ്തതയെന്നോ അവൻ ഉറപ്പിച്ചു കാണും.

യേശുവിനെയും കൂട്ടി (വാസ്തവത്തിൽ യേശു പത്രോസിനെയും കൂട്ടിയാണല്ലോ പോയത്!) പത്രോസ് നടുക്കടലിലേക്കു പോകുമ്പോൾ അവൻ ഒന്നും പ്രതീക്ഷിക്കുന്നുണ്ടായിരുന്നില്ല. ശാന്തനായി കടലിലേക്ക് നോക്കിയിരിക്കുന്ന യേശുവിനെ നോക്കിയാവും പത്രോസ് തുഴഞ്ഞത്. എന്നാൽ വലയെറിഞ്ഞതിനു ശേഷമാണ് കാര്യങ്ങൾ





മാറിയത്. കഴിഞ്ഞ രാത്രി മുഴുവൻ ഈ മീനുകൾ എവിടെ ഒളിച്ചിരുന്നുവെന്ന് പത്രോസ് വിസ്മയിച്ചു തുടങ്ങി. അവനും കൂട്ടുകാരും വലകൾ കീറുമാറ്, പടകുകൾ മുങ്ങുമാറ് ആ പകൽ വെളിച്ചത്തിൽ മീനുകളെ വാരിനിറച്ചത് സംഭ്രമത്തോടെ ആയിരുന്നു. പടകുകൾ നിറഞ്ഞു കഴിഞ്ഞിട്ടും മീനുകൾ വലയിൽ വന്നു കയറുന്നുണ്ടായിരുന്നു.

ഇനിയാണ് നാം ഈ ധ്യാനത്തിന്റെ പ്രധാന ഭാഗത്തേക്കു വരുന്നത്. നിറഞ്ഞ പടകുകളും നിറകണ്ണുകളുമായി "കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ, എന്നെ വിട്ടുപോകേണമേ" എന്ന് പത്രോസ് വിങ്ങുമ്പോൾ, യേശു എന്താണ് പ്രതിവചിച്ചത്? "സ്നേഹിതാ, നിന്റെ പടകിൽ കുറേനേരം ഇരുന്ന് വചനം പറയുവാൻ നീ എന്നെ അനുവദിച്ചല്ലോ, അതിനുള്ള പ്രതിഫലമാണീ മത്സ്യങ്ങൾ. നിരാശാഭരിതനായി ഒന്നും ലഭിക്കാത്ത പ്രഭാതമെന്ന് പറയാതെ, ഈ നിറവുമായി നിങ്ങൾ വീട്ടിലേക്ക് പോകൂ" എന്ന് യേശു പറഞ്ഞില്ല.

യേശുവിനെ നമ്മുടെ പടകിൽ ഇരിക്കുവാൻ അനുവദിച്ചാൽ അവൻ ശൂന്യതകളെ നിറയ്ക്കും എന്നുള്ള പ്രസംഗങ്ങൾ കേട്ട് പലരും പടകു നിറയുവാനായി യേശുവിനെ തങ്ങളുടെ പടകുകളിലേക്ക് ക്ഷണിക്കാറുണ്ട്. പടകു നിറയണം, കുടുംബത്തിലെ പട്ടിണി മാറണം, ലോകത്തിൽ മാന്യമായി ജീവിക്കേണം എന്നൊക്കെയാണ് യേശുവിനെ ക്ഷണിക്കുമ്പോൾ നാം പറയുന്നത്.

എന്നാൽ ഇവിടെ പത്രോസ് അവന്റെ വരുമാന മാർഗ്ഗമായ ആ പടകും അതിൽ നിറഞ്ഞിരുന്നതായ മീനുകളെയും ഉപേക്ഷിക്കുകയാണു ചെയ്തത്. യേശുവിനെ പടകിൽ ഇരുത്തിയതുകൊണ്ട് ഉണ്ടായിരുന്ന പടകുകൂടി അവർക്ക് ഉപേക്ഷിക്കേണ്ടതായി വന്നുവല്ലോയെന്ന് പുറമേ നിന്നു നോക്കുന്നവർ പറഞ്ഞേക്കാം.

വാസ്തവത്തിൽ യേശുനാഥൻ സമ്പത്തു തരുമ്പോൾ, അനുഗ്രഹിക്കുമ്പോൾ, അതിനെ മാത്രം മുറുകെ പിടിച്ചു നിൽക്കുന്നവർ യേശു കടന്നുവന്നതുമൂലം ലഭ്യമാകുന്ന ശുശ്രൂഷയെ കൈവിട്ടുകളയും. മീൻപിടുത്തമല്ല മനുഷ്യരെ പിടിക്കലാണ് പ്രധാനമെന്ന് യേശു കാഴ്ചപ്പാടിന്റെ കൈമാറ്റം നടത്തുന്നു. അന്ന് പത്രോസിന് കിട്ടിയ അനുഗ്രഹമായിരുന്നു യേശു. അതു കൈവിട്ട് നിറഞ്ഞ പടകുകൾക്കരികിൽ ഇരിക്കുന്നത് അചിന്ത്യവും.

*യേശു പടകുകൾ നിറയുമാറ് മീനുകളെ നൽകിയത് പത്രോസിന്റെ പട്ടിണി മാറ്റുവാനോ നിരാശ ഇല്ലാതാക്കുവാനോ ആയിരുന്നില്ല. യേശുവിന്റെ കൂടെ എപ്പോഴും കഴിയുവാൻ അവനെ രൂപാന്തരപ്പെടുത്തിയെടുക്കുവാനായിരുന്നു. (വചനഭാഗങ്ങൾ: ലൂക്കൊസ് 5:1-11).*

## ഇരുപത്തിയഞ്ച്

# ഈ അധികാരം നിനക്കു തന്നത് ആര്?

മത്തായി സുവിശേഷം 21-ാം അദ്ധ്യായം ഒരു അഭിഷിക്തന്റെ ജീവിതത്തിലെ മാനിഫസ്റ്റോ ആണ്. യേശുവിലുണ്ടായിരുന്ന അധികാരത്തിന്റെ പടിപടിയായ പ്രദർശനമാണ് ഈ അദ്ധ്യായത്തിലൂടെ നാം വായിച്ചെടുക്കുന്നത്. യേശുവിലൂടെ നടന്ന ഓരോ പ്രവൃത്തികളും പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതിന്റെ നിവൃത്തീകരണമായിരുന്നു. ഇന്ന് യേശുവിന്റെ പ്രതിപുരുഷന്മാരായി നിൽക്കുന്ന നാം ഓരോരുത്തരും സുവിശേഷ കാലഘട്ടത്തിൽ യേശുവിലൂടെ വെളിപ്പെട്ട വാക്കുകൾ നിവൃത്തീകരിക്കപ്പെടുവാനാണ് നിലകൊള്ളുന്നത്. നിങ്ങൾ ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികളാവും എന്ന് തുടങ്ങി നിരവധി പ്രവചനങ്ങൾ വാഗ്ദത്തങ്ങൾ യേശു നമുക്കായി തുറന്നു വച്ചിട്ടുണ്ട്. അത് ഒഴിവാക്കിയുള്ള സഞ്ചാരമാണ് ഒരു ദൈവപൈതലിനെ അഭിഷേക കച്ചവടത്തിലേക്കും മറ്റും നയിക്കുന്നത്.

മത്തായി 21:2, 3-ൽ യേശു ഒരു പെൺകഴുതയെയും അതിന്റെ കുട്ടിയെയും അഴിച്ചുകൊണ്ടു വരാൻ പറയുന്നു. ആരെങ്കിലും വല്ലതും പറഞ്ഞാൽ 'കർത്താവിന് ഇവയെ കൊണ്ട് ആവശ്യം ഉണ്ട്' എന്ന് പറയണമത്രേ. യേശുവിന് ആവശ്യമുള്ള എത്രയോ പേർ എവിടെയൊക്കെയോ കെട്ടപ്പെട്ടു കിടക്കുന്നു. അയയ്ക്കപ്പെടുന്നവന്റെ സഹായമില്ലാതെ കെട്ടപ്പെട്ടവയ്ക്ക് സ്വയമേ രക്ഷപ്പെടുവാനും കഴിയുകയില്ല. എങ്ങനെ കെട്ടിവെച്ചുവോ അതുപോലെ തിരികെ അഴിക്കണം. അഭിഷിക്തരായ നമ്മിലൂടെ അഴിക്കുന്ന, അഴിച്ചതിനെ യേശുവിനരികിലേക്ക് എത്തിക്കുന്ന, ശുശ്രൂഷ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്.





അഴിക്കപ്പെട്ടതിന് സ്വയമേ യേശുവിനരികിൽ എത്തുവാൻ കഴിയുകയില്ല. പലപ്പോഴും അയയ്ക്കപ്പെടുന്ന പലരും ചെയ്യുന്നത് അങ്ങനെയാണ്. അവർ അഴിക്കാറുണ്ട്. അഴിച്ചതിനെക്കുറിച്ച് ഘോരഘോരം വിവരിക്കാറുണ്ട്. മാസികകളിലും ചാനലുകളിലും അവയുടെ സാക്ഷ്യങ്ങളും മറ്റും ഹൃദയാർദ്രമായി അവതരിപ്പിക്കാറുണ്ട്. പക്ഷേ, പിന്നീട് അടുത്ത അഴിക്കലിനായി അവർ താഴ്വരയിലേക്കിറങ്ങിപ്പോകുന്നു. അഴിയപ്പെട്ടതോ വഴിയറിയാതെ ഏതെങ്കിലും ദുഷ്ടമൃഗങ്ങളുടെ വായിലേക്കോ അല്ലെങ്കിൽ മറ്റൊരു കയറിന്റെ അറ്റത്തേക്കോ എത്തിച്ചേരുന്നു. എപ്പോഴും നാം ശ്രദ്ധിക്കേണ്ടത് എത്രയെണ്ണത്തെ അഴിക്കുന്നു എന്നതിലല്ല, അഴിയപ്പെട്ടവയെ യേശുവിന്നരികിൽ എത്തിച്ചുവോ എന്നാണ്. അപ്പോൾ മാത്രമെ "അഴിക്കുക" എന്ന അധികാരത്തിന് പൂർണ്ണത വരികയുള്ളൂ.

മറ്റു ചിലർ അഴിക്കാൻ ചെല്ലുമ്പോൾ വല്ലവരും എന്തെങ്കിലും പറയുമോ എന്ന ആശങ്കയുള്ളവരാണ്. ഇവിടെ ശിഷ്യന്മാർക്കും അതേ ഭയമുണ്ടായിരുന്നു. ഒരു തന്ത്രമേ യേശു പറഞ്ഞുള്ളൂ. 'ആരെങ്കിലും ചോദിച്ചാൽ കർത്താവിന് ഇവയെക്കൊണ്ട് ആവശ്യമുണ്ട്' എന്ന് പറയുവിൻ. എന്നാൽ മറ്റു പല തന്ത്രങ്ങളുമാണ് ചിലർ ഉപയോഗിക്കാറുള്ളത്. യേശുവിനെക്കുറിച്ച് പറയാതെ രോഗസൗഖ്യം, കുടുംബസമാധാനം, സാമ്പത്തിക നന്മ എന്നിങ്ങനെ അത് നീളുന്നു.

21-ാം അദ്ധ്യായത്തിലെ അടുത്ത സംഭവത്തിലേക്ക് ഒരു ഞെട്ടലോടെയാണ് നാം ചെല്ലേണ്ടത്. കഴുതപ്പുറത്ത് കയറി ജനാവലിയുടെ വലിയ ആരവത്തോടെ ആർപ്പോടെ യേശു യെരുശലേമിലേക്ക് കടന്നതിനുശേഷമാണ് ദൈവാലയത്തിലെ സംഭവം വിവരിക്കുന്നത്. എല്ലാവരും നോക്കുമ്പോൾ നസറേത്തിൽ നിന്നുള്ള ഒരു തച്ചൻ ദൈവാലയത്തിൽ വിൽക്കുന്നവരെയും വാങ്ങുന്നവരെയും മുമ്പും പിമ്പും നോക്കാതെ പുറത്താക്കുന്നു. പ്രാവുകളെ വിൽക്കുന്നവരുടെ പീഠങ്ങൾ മറിച്ചുകളയുന്നു. നാണയ കൈമാറ്റക്കാരുടെ മേശകളെ തട്ടിക്കളയുന്നു. യേശു ഇത്ര പ്രകോപിതനാകുവാനുള്ള കാരണം എന്തായിരുന്നു? അതൊരു എരിവായിരുന്നു. കള്ളന്മാരുടെ ഗുഹയായിത്തീർന്ന ദൈവമന്ദിരത്തെ പ്രാർത്ഥനാലയമാക്കുവാനുള്ള എരിവ്. പരിപാവനമെന്ന് യെഹൂദന്മാർ കരുതിയിരുന്ന യെരുശലേം ദൈവാലയത്തിൽപോലും ശുദ്ധീകരണം ആവശ്യമായിരുന്നു.

'ശുദ്ധീകരിക്കുക' എന്നത് ഒരു അഭിഷിക്തനിൽ നിക്ഷിപ്തമായ അധികാരമാണ്. ശുദ്ധീകരണം ആവശ്യപ്പെടുന്ന പല സ്ഥലങ്ങളിലും

അഭിഷിക്തന്മാർ എത്തിപ്പെടാറുണ്ട്. പക്ഷേ എപ്പോഴും ഒന്നും നടക്കാറില്ല. ശുദ്ധീകരണത്തിനു ശേഷമാണ് യേശു അവന്റെ അടുക്കൽ വന്നവരെ സൗഖ്യമാക്കിയത്. ശുദ്ധീകരണ ശുശ്രൂഷയെന്നോ മാനസാന്തര ശുശ്രൂഷയെന്നോ നാം പറഞ്ഞുകേൾക്കാറില്ല. ഭൂതശാന്തി, രോഗശാന്തി ശുശ്രൂഷകൾ ഉണ്ട്. അതിനായി വലിയ യോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. വ്യക്തികൾക്ക് മാനസാന്തരത്തിന്റെയും ശുദ്ധീകരണത്തിന്റെയും ആവശ്യം ഉറക്കെ വിളിച്ചുപറയേണ്ട സമയം നമ്മുടെ മുമ്പിൽ അതിക്രമിച്ചിരിക്കുന്നു. ഒരിക്കൽ ദൈവസാന്നിദ്ധ്യം ഇറങ്ങിച്ചെന്നിരുന്ന യെരുശലേം ദൈവാലയത്തെയാണ് അതു കള്ളന്മാരുടെ ഗുഹയായിത്തീർന്നു എന്ന് യേശു വിളിച്ചുപറഞ്ഞത്. ദൈവസാന്നിദ്ധ്യം അനുഭവിച്ച വ്യക്തികൾക്കുപോലും ശുദ്ധീകരണം ആവശ്യമായി വന്നിരിക്കുകയാണിപ്പോൾ. അഭിഷിക്തർ എന്ന നിലയിൽ മാനസാന്തരത്തിന്റെ, ശുദ്ധീകരണത്തിന്റെ ശുശ്രൂഷ നാം വെളിപ്പെടുത്തിയേ മതിയാവൂ.

ഉണങ്ങിപ്പോയ ആ അത്തിമരത്തിനരികിലേക്കാണ് ഇനി ചെല്ലേണ്ടത്. യേശു ചെയ്ത പ്രവൃത്തികളിൽ ഇതു മാത്രമാണ് വ്യത്യസ്തതയുള്ളത്. ഇവിടെ യേശു ശപിക്കുകയായിരുന്നു. ഇനി നിന്നിൽ ഒരു നാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്ന് യേശു പറഞ്ഞു. മർക്കൊസ് സുവിശേഷം, ആലയ ശുദ്ധീകരണത്തിനു മുമ്പു നടന്ന സംഭവമായിട്ടാണ് അത്തിമരത്തെക്കുറിച്ച് എഴുതിയിരിക്കുന്നത്. ചില കമന്ററി എഴുത്തുകാർ അത്തിമരം യെഹൂദജനതയ്ക്ക് പ്രതിരൂപമാണെ ന്നും മറ്റും പല രീതിയിൽ ഈ സംഭവത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്. ഇവിടെ യേശു ശിഷ്യന്മാരെ ഒരു തത്വം പഠിപ്പിക്കുന്ന ക്രമത്തിലാണ് നാം ധ്യാനിക്കുന്നത്. ഒരു അഭിഷിക്തന്റെ വായിൽ നിന്ന് വരുന്ന വാക്കുകൾക്ക് മലകളെ നീക്കുവാൻ തക്ക ശക്തിയുണ്ടെന്ന് യേശു പ്രസ്താവിക്കുന്നു.

അഭിഷിക്തൻ ചെയ്യുന്ന കാര്യങ്ങൾ വിശ്വാസ കേന്ദ്രീകൃതമായാൽ 'അസാദ്ധ്യം' എന്നത് അവസാന വാക്കാവുകയില്ല. മർക്കൊസ് ഈ ഭാഗം വിവരിച്ചിരിക്കുന്നത് ഒരു സംശയത്തിനും ഇടയില്ലാത്ത വിധമാണ്. Mark 11:22,23 (Living Bible): If you only have faith in God- this is absolute truth - you can say to this mountain olives, 'rise up and fall in to the mediterranean' and your cammand will be obeyed. All these required is that you really believe and have no doubt.

ചിലർ പറയുന്നു ദൈവത്തിൽ വിശ്വാസമുള്ളവരായിരിപ്പിൻ എന്നാണ് യേശു പറഞ്ഞതെന്നും, ഗ്രീക്ക് പരിഭാഷ പരിശോധിച്ചവർ ദൈവത്തിന്റേതുപോലെയുള്ള വിശ്വാസം (God kind of faith) ഉള്ളവരാകണമെന്നാണ് യേശു പറഞ്ഞതെന്നും വിവരിക്കുന്നു. രണ്ടായാലും സംശയമില്ലാതെ, വിശ്വാസത്തോടെ എന്തു പറഞ്ഞാലും അതുപോലെ നടക്കും എന്ന് യേശു പഠിപ്പിക്കുന്നു. ഇവിടെ പ്രാർത്ഥിക്കണം എന്നല്ല പറയണം എന്നാണ് യേശു പറയുന്നത് (you can say to...). ഒരു അഭിഷിക്തന് പ്രാർത്ഥനയുടെ നീണ്ട സമയങ്ങൾ അവന്റെ ജീവിതത്തിൽ കാണണം. പക്ഷേ ഒരു പ്രശ്നം കടന്നുവരുമ്പോൾ അത് നീങ്ങി കടലിൽ ചാടിപ്പോക എന്ന് പറയാനുള്ള അധികാരം അഭിഷിക്തനുണ്ട്. നാം ദൈവത്തെ കൂട്ടുപിടിക്കുന്ന പല സാഹചര്യങ്ങളിലും ദൈവം മൗനമായിരിക്കാറുണ്ട്. അപ്പോൾ ദൈവം മനസ്സിൽ പറയുന്നത് ഞാൻ ചെയ്യില്ല എന്നാവും. പർവ്വതം നീങ്ങാൻ പലരും പ്രാർത്ഥിക്കാറുണ്ട്. ഉപവസിക്കാറുണ്ട്. പക്ഷേ നാം സംശയിക്കാതെ വിശ്വാസത്തോടെ കല്പിക്കുന്നവരാകാൻ യേശു ആഗ്രഹിക്കുന്നു. മർക്കൊസ് എഴുതുന്നു your command will be obeyed - നിങ്ങളുടെ കല്പന അനുസരിക്കപ്പെടും. യേശു ഒരിക്കൽ പറഞ്ഞു: "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും അവൻ ചെയ്യും" (യോഹ. 14:12). യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്ത പ്രവൃത്തികളെ വിലയിരുത്തുക. അതും അതിൽ വലിയതും ചെയ്യുവാനാണ് ഒരു അഭിഷിക്തൻ വിളിക്കപ്പെട്ടിരിക്കുന്നത്.

തുടർന്ന് യേശു ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ മഹാപുരോഹിതനും ജനത്തിന്റെ മൂപ്പന്മാരും അവനരികിൽ വന്ന് "നീ എന്ത് അധികാരം കൊണ്ട് ഇത് ചെയ്യുന്നു, നിനക്ക് ഈ അധികാരം തന്നത് ആര്?" എന്നു ചോദിച്ചു.

യേശുവിനു വളരെ വ്യക്തമായ ബോധ്യമുണ്ടായിരുന്നു. അവനെ, ആര് എന്തിനായി അഭിഷേകം ചെയ്തിരിക്കുന്നു എന്ന്. തന്റെ ഓരോ ശുശ്രൂഷാ വേളയിലും അധികാരം പ്രദർശിപ്പിക്കുമ്പോഴും പിതാവ് തന്നിൽ വസിച്ച് അവന്റെ പ്രവൃത്തി ചെയ്യുന്നു എന്ന് യേശു അറിഞ്ഞിരുന്നു.

യേശുവിലുള്ള അധികാരത്തെക്കുറിച്ച് അവന് നൽകപ്പെട്ടതാണെന്ന് മഹാപുരോഹിതന്മാർ മനസ്സിലാക്കി. പക്ഷേ ഇവിടെ ആ ചോദ്യമാണ് അഭിഷിക്തരായ നമ്മുടെ നേരെയും ഉയർന്നു

നിൽക്കുന്നത്. നമ്മിലൂടെ രോഗസൗഖ്യവും മറ്റും വെളിപ്പെടുന്നത് അതിനായുള്ള അധികാരം നൽകപ്പെട്ടതുകൊണ്ടാണെന്ന് നാം അറിയണം. നമ്മിലുള്ള ശുശ്രൂഷയുടെ അധികാരം നൽകപ്പെട്ടതാണ്. അത് നമ്മുടെ കഴിവോ പ്രസംഗ ചാതുര്യമോ മറ്റോ കണക്കാക്കിയല്ല. ദൈവത്തിന്റെ കരുണയായിരുന്നു കാരണം. ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട നാം ദൈവിക അധികാരത്തെ ഉപയോഗിക്കുമ്പോൾ അതിനുള്ള അധികാരം തന്നത് ദൈവമാണെന്ന്, അത് ദാനമായി ലഭിച്ചതാണെന്ന് മനസ്സിൽ ആവർത്തിച്ചുകൊണ്ടിരിക്കണം.

*ദൈവത്തിൽ നിന്ന് ലഭിച്ച അനുഗ്രഹങ്ങളും അധികാരങ്ങളും നമ്മുടെ സ്വാർത്ഥ താൽപര്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ ദൈവഹിതത്തിനായി വെളിപ്പെട്ട അഭിഷേകം മരവിപ്പിക്കപ്പെട്ടു പോവുകയും ശുശ്രൂഷയെ വഞ്ചിക്കുന്നവരായി നാം മാറുകയും ചെയ്യും. (വചന ഭാഗങ്ങൾ: മത്തായി 21:1–27).*



## ഇരുപത്തിയാറ്

# ദൈവത്തിന് ആളുകളെ ആവശ്യമുണ്ട്

ഇയ്യോബിന്റെ പുസ്തകം 9-ാം അദ്ധ്യായം ആദ്യഭാഗങ്ങൾ ദൈവത്തിന്റെ മഹാകർമ്മനിരത വെളിപ്പെടുത്തുന്ന വാക്യങ്ങളാണ്. ഇയ്യോബ് 9:10-ൽ അവൻ “ആരാഞ്ഞു കൂടാത്ത വൻകാര്യങ്ങളെയും എണ്ണമില്ലാത്ത അത്ഭുതങ്ങളെയും ചെയ്യുന്നു” എന്ന് എഴുതിയിരിക്കുന്നു. ഇയ്യോബ് 5:9-ലും ഇതേ വസ്തുതകളാണ് വെളിപ്പെടുത്തുന്നത്. പുറ. 15:1; സങ്കീ. 72:18; സങ്കീ. 136:4 തുടങ്ങിയവ വായിക്കുമ്പോൾ ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്ന ഒരുവനെക്കുറിച്ച് വിവരിക്കുന്നു. ദൈവത്തിന് തന്റെ വൻകാര്യങ്ങളെ ചെയ്യുവാൻ ഒരു മനുഷ്യന്റെയോ ദൂതന്റെയോ ആവശ്യമില്ല. താൻ മാത്രം അത്ഭുതങ്ങളെ ചെയ്യുന്നു എന്നാണ് സങ്കീർത്തനക്കാരൻ ദൈവത്തെ മഹത്വപ്പെടുത്തുന്നത്.

തന്റെ ആജ്ഞാനുവർത്തികളായി ദൈവം ദൂതന്മാരെ കാണുമ്പോൾ ഭൂമിയോടുള്ള ബന്ധത്തിൽ അവൻ മനുഷ്യരെ തന്റെ കൂട്ടുപ്രവർത്തകരാക്കി മാറ്റി. താൻ സൃഷ്ടിച്ച ഏദെനിൽ വേലചെയ്യുവാനും അതിനെ സൂക്ഷിക്കുവാനും ദൈവം ആദാമിനെ ചുമതലപ്പെടുത്തുന്നതോടെ അത് ആരംഭിക്കുന്നു. സകല മൃഗങ്ങൾക്കും പേരിടുവാൻ ദൈവം നിയോഗിച്ചത് മനുഷ്യനെ ആയിരുന്നുവല്ലോ (ഉല്പ. 2:15, 19).

നോഹയുടെ കാലം ആയപ്പോഴേക്കും ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത പെരുകി വന്നു. മനുഷ്യന്റെ ഹൃദയനിരൂപണങ്ങൾ ഒക്കെയും ദോഷമുള്ളത് എന്ന് ദൈവം കണ്ടു. അങ്ങനെ താൻ സൃഷ്ടിച്ച സകലതിനെയും നശിപ്പിച്ചുകളയുവാൻ ദൈവം തീരുമാനിച്ചു. തന്റെ തലമുറ

യിൽ നിഷ്കളങ്കനായി നടന്ന നോഹയ്ക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു. ഈ മുഴുപ്രപഞ്ചത്തെയും തന്റെ വാക്കാൽ സൃഷ്ടിച്ച ദൈവത്തിന് ഒരു പെട്ടകം ഉണ്ടാക്കുക എന്നത് വലിയ കാര്യമായിരുന്നില്ല. എന്നാൽ അത് ഉണ്ടാക്കേണ്ട വിധം വെളിപ്പെടുത്തിയിട്ട് ആ ജോലി ദൈവം നോഹയെ ഏൽപ്പിച്ചു. വർഷങ്ങളോളം ജലപ്രളയത്തെക്കുറിച്ച് പ്രസംഗിച്ചു നടക്കുവാനും നോഹയെയാണ് ദൈവം ചുമതലപ്പെടുത്തിയത് (1 പത്രൊ. 3:20; 2 പത്രൊ. 2:5). 100 വർഷത്തോളം നോഹ പ്രസംഗിച്ചു എന്നാണ് പൊതുവേ കരുതപ്പെടുന്നത്. പക്ഷെ അത് ശ്രവിച്ച ഒരുവൻ പോലും മനം മാറിയതുമില്ല. എങ്കിലും ആരും മനം മാറില്ലെന്നറിഞ്ഞുകൊണ്ടുതന്നെ നോഹയെ അതു ചെയ്യുവാൻ ദൈവം പ്രേരിപ്പിച്ചു.

ഒരിക്കൽ ചെങ്കടലിന്റെ മുമ്പിൽ എത്തപ്പെട്ട്, പാഞ്ഞടുക്കുന്ന ഫറവോന്യ സൈന്യത്തെയും ഇരുവശങ്ങളിലുമുള്ള പർവ്വതങ്ങളെയും നോക്കി പകച്ചു നിൽക്കുന്ന യിസ്രായേൽ ജനത്തെ ശ്രദ്ധിക്കൂ. അവിടെ മോശെ ജനത്തെ ആശ്വസിപ്പിക്കുമ്പോഴും ഉള്ളാലെ നിലവിളിക്കുകയായിരുന്നു. ചെങ്കടലിന്റെ നടുവിലൂടെ യിസ്രായേൽ കടന്നു പോകുന്നത് സംഭവിക്കുവാൻ മോശയെ തന്റെ പ്രവൃത്തിയുടെ പങ്കുകാരനാക്കി ദൈവം മാറ്റി. മോശെ ചെങ്കടലിന്റെ നേരെ കൈ നീട്ടിയതിനു ശേഷമായിരുന്നു മഹാശക്തിയുള്ള കിഴക്കൻ കാറ്റു വീശിയത്.

ഇതുപോലെ തിരുവചനത്തിലൂടെ സഞ്ചരിക്കുമ്പോൾ ദൈവം തന്റെ അത്ഭുത പ്രവൃത്തികൾക്ക് ഒരു മനുഷ്യനെ ഒപ്പം ചേർക്കുന്നതായി കാണുവാൻ കഴിയും. നാം ആയിരിക്കുന്ന ഈ കാലഘട്ടത്തിലും ദൈവം കർമ്മനിരതനാണ്. ഇവിടെയും അവൻ തന്റെ പ്രവൃത്തികൾ ചെയ്യുന്നത് തന്റെ ദാസന്മാരിലൂടെയാണ്. അയ്യായിരത്തോളം പേർ പുരുഷന്മാരായി മാത്രമുണ്ടല്ലോ, അവർക്കെങ്ങനെ ആഹാരം കൊടുക്കുവാൻ കഴിയും എന്ന് ചിന്തിക്കുന്നവരെ ദൈവം പരിഗണിക്കുന്നതേയില്ല. ദൈവത്തിന് അഞ്ചപ്പവും രണ്ടു മീനും എന്നത് ഒരു പ്രശ്നമല്ല എന്ന് കരുതുന്നവരാണ് അത്ഭുതത്തിന്റെ ആ വലിയ ഉത്സവത്തിന് ചുക്കാൻ പിടിക്കുന്നത്. വചനഘോഷണവും രോഗശാന്തിയും വെളിപ്പെടുന്നത് ദൈവപ്രവൃത്തിക്കായി തങ്ങളെ തന്നെ വിധേയപ്പെടുത്തുന്നവരിലൂടെയാണ്. അത്ഭുതങ്ങളും വീര്യപ്രവൃത്തികളും പ്രസംഗിക്കുവാനും കേൾക്കാനുമേ ഉതകൂ എന്ന് അഭിപ്രായപ്പെടുന്നവർ കളത്തിന് പുറത്തായിരിക്കും.

മഹാപുരോഹിത വംശത്തിൽ പെട്ട ജ്ഞാനികൾ പ്രവൃ. 4-ൽ





പത്രൊസിന്റെയും യോഹന്നാന്റെയും ധൈര്യം കാണുകയാലും അവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്ന് ഗ്രഹിക്കുകയാലും ആശ്ചര്യപ്പെട്ടതായി നാം വായിക്കുന്നു. മഹാപുരോഹിതന്മാരെ സംബന്ധിച്ച് വെറും സാധാരണക്കാരും അവഗണിക്കപ്പെട്ടവരുമായ ചിലർ ദൈവത്തിന്റെ വൻകാര്യങ്ങൾ ചെയ്യുന്നത് വിസ്മയാവഹമായിരുന്നു. തിരുവചനത്തിൽ അഗാധ ജ്ഞാനമുണ്ടായിരുന്ന ശാസ്ത്രിമാരെയും പരീശന്മാരെയും തന്റെ പ്രവൃത്തികൾക്കായി ദൈവം ഉപയോഗിച്ചതേയില്ല. ശ്രേഷ്ഠ അപ്പൊസ്തലനായി മാറിയ പൗലൊസിനെ ദമസ്ക്കോസിലെ തന്റെ വീഴ്ചയ്ക്കു ശേഷം ദൈവം നടത്തിയത് അതുവരെ നാം കേട്ടിട്ടില്ലാത്ത അനന്യാസ് എന്ന ശിഷ്യന്റെ അരികിലേക്കായിരുന്നുവല്ലോ. ദൈവം തന്റെ പ്രവൃത്തികൾക്കായി ആളുകളെ അന്വേഷിക്കുന്നു എങ്കിലും ആ തിരഞ്ഞെടുപ്പ് വ്യത്യസ്തമായ രീതിയിലാണ്.

ലൂക്കൊസ് സുവിശേഷത്തിലെ അതിമനോഹരമായ വാക്യങ്ങളിൽ ഒന്നാണ് ലൂക്കൊസ് 10:21. അവിടെ യേശു പരിശുദ്ധാത്മാവിൽ ആനന്ദിച്ച് പിതാവ് ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ദൈവിക മർമ്മങ്ങളെ ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനെക്കുറിച്ച് പറയുന്നു. മത്തായി 18:3-ൽ നാം തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകേണ്ടതിനെക്കുറിച്ചും യേശു വിവരിക്കുന്നുണ്ട്. കുട്ടികളെ പഠിപ്പിച്ചെടുക്കാൻ വേഗം സാധിക്കും. പുതിയ ഒരു നോട്ടുബുക്കിൽ എഴുതുന്നതുപോലെയാവും അത്. അവരിൽ മുൻവിധികളോ അർത്ഥമില്ലാത്ത സംശയങ്ങളോ കാണില്ല. അതായിരുന്നു പത്രൊസും പരീശനും തമ്മിലുണ്ടായിരുന്ന വ്യത്യാസം.

നാം നോക്കിക്കൊണ്ടിരുന്ന ആളുകളാവണമെന്നില്ല ചിലപ്പോൾ ദൈവം തന്റെ പ്രവൃത്തിയിൽ കൂടെ നിർത്തുന്നത്. ശുശ്രൂഷയില്ല എന്ന് നാം പറയുന്നവരെപ്പോലും ദൈവം ഉപയോഗിക്കാറുണ്ട്. ഒരു ശിശുവിന്റെ മനസ്സോടെ ആര് അവനരികിൽ നിൽക്കുന്നുവോ അവരെക്കൊണ്ട് ദൈവം തന്റെ കാര്യങ്ങൾ ചെയ്തെടുക്കും. യേശു ചില മീൻപിടുത്തക്കാരെയാണ് തന്റെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തത്. ആരോടും അവൻ തിയോളജിക്കൽ സർട്ടിഫിക്കറ്റ് അന്വേഷിച്ചതേയില്ല. കാനാവിലെ കല്യാണവേളയിൽ വീഞ്ഞ് തീർന്നുപോയി എന്നറിയുമ്പോൾ ഒഴിഞ്ഞ കല്പാത്രങ്ങളിലേക്ക് നോക്കിയിരുന്നതു പോലെ ആയിരുന്നത്.

ആ കൽപാത്രങ്ങളിൽ നേരത്തെ വീഞ്ഞു പകർന്നിട്ടുണ്ടോ

ഇല്ലയോ എന്നുള്ളത് യേശുവിന്റെ വിഷയമായിരുന്നില്ല. അവന്റെ നോട്ടം പതിക്കുന്നയിടത്ത് അത് ഉണ്ടായിരുന്നു എന്നുള്ളതാണ് നാം ശ്രദ്ധിക്കേണ്ടത്. യേശു പറയുന്നു: ഈ കൽപാത്രങ്ങളിൽ വക്കോളം വെള്ളം കോരി നിറയ്ക്കുവിൻ എന്ന്. വീഞ്ഞു വേണ്ടയിടത്ത് എന്തിനാണ് വെള്ളം കോരുന്നത് എന്ന് ചിന്തിച്ച് നാം താമസിച്ചാൽ എന്തായിരിക്കും സംഭവിക്കുക? വെള്ളം കോരിയപ്പോഴോ അകത്തള ങ്ങളിലേക്ക് കൊണ്ടു പോയപ്പോഴോ അത് വീഞ്ഞായി കാണില്ല. വെള്ളം പകരുവാൻ തുടങ്ങിയപ്പോഴാണ് വീഞ്ഞ് വെളിപ്പെട്ടത്. വീഞ്ഞ് ആണ് അത്ഭുതം. പക്ഷേ അതിന് മുമ്പേ അർത്ഥമില്ലാത്തതെന്നു തോന്നിയേക്കാവുന്ന പലതും അവർ ചെയ്യേണ്ടിവന്നു.

നാം ചിന്തിക്കുന്ന ക്രമത്തിലായിരിക്കണം ശുശ്രൂഷയെന്ന് കരുതുവാൻ പാടില്ല. അവൻ ഏല്പിക്കുന്ന എന്തും ചെയ്യുവാൻ തയ്യാറായി ഇരിക്കുന്നവരെയാണ് വാസ്തവത്തിൽ ദൈവം ആവശ്യ പ്പെടുന്നത്. തനിക്കായി പ്രയോജനപ്പെടേണ്ടവരെ ഉണർത്തുവാൻ വേണ്ടി ദൈവം വസ്തുക്കളെ ഉപയോഗിക്കാറുണ്ട്. മുൾപ്പടർപ്പ്, ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനം തുടങ്ങി അത് നീളുന്നു. നമ്മെ തന്റെ ശുശ്രൂഷയ്ക്കായി എഴുന്നേൽപ്പിക്കുവാൻ അവൻ ഉപയോഗിക്കുന്നത് മറ്റു ചിലതാവും. അവ ഇപ്പോൾ ഒരാവർത്തി കൂടി നിങ്ങളെ കാത്തുനിൽക്കുന്നു. ദൈവം ഒരു കാര്യം ചെയ്യുവാൻ തുടങ്ങുമ്പോൾ അവൻ അതിനായി ആദ്യം കാണേണ്ടത് നമ്മെ യാവണം. അത്ര അടുത്തു നിൽക്കുമ്പോഴാണ് ഒരു അഭിഷിക്തന് ദൈവമനസ്സ് വായിക്കുവാൻ കഴിയുന്നത്.

*ആദാമേ നീ എവിടെയാണ്? എന്ന ചോദ്യത്തിൽ തുടങ്ങി ഇന്നോളം ദൈവം തിരഞ്ഞു കൊണ്ടിരിക്കുകയാണ്. നമ്മിലേക്കു വരുന്ന ആദ്യവിളി തന്നെ അവസരമായി നാം തിരഞ്ഞെടുക്കേണ്ട താണ്. (വചനഭാഗങ്ങൾ: യോഹന്നാൻ 2:1-11).*



## ഇരുപത്തിയേഴ്

# ഇടവേളകൾ നൽകുന്ന ദൈവം

പ്രാരംഭത്തിൽ ശിഷ്യന്മാർ യേശുവിനോടു കൂടി സഞ്ചരിച്ച് അവൻ ചെയ്യുന്നത് കാണുകയും അവന്റെ വചനങ്ങൾ ശ്രവിക്കുകയു മായിരുന്നു. യേശുവിന്റെ പിന്നാലെ എവിടെയും അവരുണ്ടായിരുന്നു. ഒരു ഘട്ടം കഴിഞ്ഞപ്പോൾ യേശു അവരെ ഈരണ്ടു പേരായി വിഭാഗിച്ച് അധികാരം പകർന്ന് ദേശത്തിന്റെ നാനാഭാഗങ്ങളിലേക്ക് അയച്ചു തുടങ്ങി.

അങ്ങനെ ശിഷ്യന്മാരിൽ ശുശ്രൂഷയുടെ മറ്റൊരു തലം വെളിപ്പെടു കയായിരുന്നു. അവർ കല്പിക്കുമ്പോൾ, തൊടുമ്പോൾ, പ്രാർത്ഥിക്കു മ്പോൾ അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. അതോടൊപ്പം അവരുടെ വേഗതയും വർദ്ധിച്ചു. ആ വേഗവുമായി നിൽക്കുന്ന ശിഷ്യന്മാരെയാണ് മർക്കൊസ് 6:31-ൽ എത്തുമ്പോൾ നാം കണ്ടു മുട്ടുന്നത്.

അവർ ചെയ്തതും ഉപദേശിച്ചതുമായ കാര്യങ്ങൾ അതീവ സന്തോഷത്തോടെ യേശുവിനെ അറിയിക്കുന്നു. പക്ഷേ വരുന്നവരും പോകുന്നവരും വളരെ ആയതിനാൽ അവർക്ക് ഭക്ഷിക്കുവാൻ പോലും സമയം ഇല്ലാത്തതു കൊണ്ട് "നിങ്ങൾ ഒരു ഏകാന്ത സ്ഥലത്ത് വേറിട്ടു വന്ന് അല്പം ആശ്വസിച്ചു കൊള്ളുവിൻ" എന്ന് യേശു പറഞ്ഞു.

യേശു തന്റെ ജീവിതത്തിലും പിന്നീട് ശിഷ്യന്മാരിലും പ്രാവർ ത്തികമാക്കിയ ഒരു അനുഭവമായിരുന്നു ഈ വേറിട്ടു പോകൽ. യേശു തന്റെ ശുശ്രൂഷാ വേളയിൽ പുരുഷാരത്തോടൊപ്പമായിരുന്നു. എന്നാൽ അവിടെയൊക്കെ ഇടവേളകൾ എടുത്ത് വിജനസ്ഥലത്തേക്ക് അവൻ

വാങ്ങിപ്പോകാറുണ്ടായിരുന്നു. ആ വിജനസ്ഥലങ്ങളിൽ അവൻ തനിച്ചായിരുന്നു. അവിടെ രോഗികൾ ഇല്ലായിരുന്നു. വചനം കേൾക്കുവാനും ആരും ഉണ്ടായിരുന്നില്ല. പുരുഷാരത്തിന്റെ മുൻപിൽ നിൽക്കുമ്പോൾ യേശുവിൽ നിന്ന് അനുഗ്രഹത്തിന്റെ ഒഴുക്കുകൾ ഉണ്ടായിരുന്നു. വിജനസ്ഥലത്ത് അവനായിരുന്നപ്പോൾ അവനിലേക്ക് ചിലത് ഒഴുകിച്ചേരുകയായിരുന്നു. പകൽ ഉള്ളിടത്തോളം വെളിച്ചത്തിന്റെ പ്രവൃത്തി ചെയ്യുവാൻ തത്രപ്പെട്ട യേശു പോലും തനിക്കായി ഒഴിവു സമയങ്ങൾ കണ്ടെത്തിയിരുന്നു.

തിരുവചനത്തിൽ ഇതേ രീതിയിലുള്ള ഒരു നയം ദൈവം പാലിച്ചിരുന്നതായി കാണുവാൻ കഴിയും. തിശ്ബ്യയിൽ നിന്ന് ഒരു ഏലീയാവിനെ ദൈവം വിളിച്ചിറക്കുന്നത് രാജാവിനോട് ദൂതു പറയുക എന്ന ക്രമത്തിലാണ്. ഏലീയാവിനെക്കൊണ്ട് ദൈവം ആരംഭിച്ചതു തന്നെ ശുശ്രൂഷയുടെ ഉയർന്ന തലവുമായിട്ടാണ്. ദൂതു രാജാവിന് നൽകിയതിനു ശേഷം ഒന്നും ചെയ്യുവാൻ ദൈവം അനുവദിച്ചില്ല. കെരീത്ത് തോടിനരികിലും സാരെഫാത്തിലെ വിധവയുടെ ഭവനത്തിലുമായി ദൈവം ഏലീയാവിനെ വർഷങ്ങളോളം ഒളിപ്പിച്ചു.

ശുശ്രൂഷ നഷ്ടമായി അലയുന്ന ഒരു അഭിഷിക്തന്റെ വേഷമായിരുന്നില്ല ഏലീയാവിന്റേത്. ദേശത്ത് ക്ഷാമം പടർന്ന് പിടിക്കുമ്പോൾ അവൻ ദൈവത്താൽ സംരക്ഷിക്കപ്പെടുകയായിരുന്നു. അല്ലങ്കിൽ എണ്ണൂറ്റി അമ്പതോളം കള്ളപ്രവാചകരുടെ തല വെട്ടേണ്ട, യഹോവയാണ് ഏക ദൈവമെന്ന് യാഗപീഠത്തിൽ തീയിറങ്ങി വെളിപ്പെടേണ്ട, ശുശ്രൂഷകൾക്കായി ഏലീയാവ് ഒരുക്കപ്പെടുകയായിരുന്നു.

ദൈവിക ശുശ്രൂഷയിലെ അതിപ്രധാനമായ ഭാഗമാണ് പിൻവാങ്ങൽ. മനപ്പൂർവ്വമായി ദൈവം തന്റെ ഭൃത്യന്മാരെ അവർ ചെയ്തു കൊണ്ടിരിക്കുന്ന ശുശ്രൂഷകളിൽ നിന്ന് പിൻവലിയുവാൻ പ്രേരിപ്പിക്കാറുണ്ട്. മറ്റുള്ളവർ കാണുമ്പോൾ അയാൾ പിന്മാറ്റത്തിലായി എന്നു തോന്നും. മിക്കവാറും അത്തരം സന്ദർഭങ്ങൾ മറ്റൊരു ശുശ്രൂഷാതലത്തിലേക്ക് നയിക്കപ്പെടും മുൻപുള്ള ഒഴിവുസമയമാവും.

തന്റെ പുനരുത്ഥാനത്തിന് ശേഷം യേശു ശിഷ്യന്മാരോടും, അവർ യെരുശലേം വിട്ടു പോകാതെ പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രവൃ 1:4-ൽ പറയുന്നു. ശിഷ്യന്മാർ അതുവരെ ചെയ്തുവന്ന രീതികൾക്ക് പൂർണ്ണമായ പരിവർത്തനമാണ് തുടർന്നുണ്ടായത്.





ദൈവം തരുന്ന ഇടവേളകൾ അവൻ നമ്മെ കൈവിട്ടതിന്റെ ലക്ഷണമല്ല. കൂടുതൽ വചനം വായിക്കുവാൻ, പഠിക്കുവാൻ, അല്പം കൂടി ആഴത്തിൽ പ്രാർത്ഥിക്കുവാൻ, ആരോഗ്യം വീണ്ടെടുക്കുവാനൊക്കെ ആ ഇടവേളകൾ സഹായകമാവും.

ഇവിടെ മർക്കൊസ് 6:31-ൽ യേശു നോക്കുമ്പോൾ ശുശ്രൂഷയുടെ അമിതഭാരം കാരണം ശിഷ്യന്മാർ വലയുന്നതാണ് കണ്ടത്. ആഹാരം കഴിക്കുവാൻ പോലും സമയം കിട്ടാത്ത വിധം വരുന്നവരും പോകുന്നവരും അവരെ തളർത്തിക്കളഞ്ഞപ്പോൾ ഇടവേളയുടെ ആവശ്യകത യേശു വെളിപ്പെടുത്തി.

ശുശ്രൂഷയുടെ പേരു പറഞ്ഞ് സ്വന്തം കുടുംബകാര്യം പോലും ഒഴിവാക്കുന്നവരെക്കുറിച്ച് യേശുവിന് നല്ല അഭിപ്രായമായിരിക്കുകയില്ല ഉള്ളത്. നമ്മൾ ഇല്ലെങ്കിൽ യേശുവിന്റെ എല്ലാ കാര്യങ്ങളും മുടങ്ങിപ്പോകും എന്ന ചിന്തയോടെ അവന്റെ പിന്നാലെ അലഞ്ഞു നടക്കുന്നവരായി നാം തീരേണം എന്ന് യേശു ആഗ്രഹിക്കുന്നില്ല. ദൈവം തന്റെ പ്രവൃത്തിക്കായി നമ്മെ ആവശ്യപ്പെടുമ്പോൾ നമ്മുടെ ലഭ്യതയാണ് അവൻ നോക്കുന്നത്.

ഒരു അഭിഷിക്തന് ഇടവേളകൾ ദൈവം നൽകുമ്പോൾ അവിടെ രണ്ടു വസ്തുതകളാണ് പ്രധാനമായും ഉള്ളത്. ഒന്നാമതായി, തന്റെ ദാസന്മാരുടെ ആരോഗ്യത്തെക്കുറിച്ച്, അവരുടെ കുടുംബത്തെക്കുറിച്ച് ദൈവത്തിനുള്ള ഉത്കണ്ഠയാണ്. ആറു ദിവസം സൃഷ്ടിപ്പ് നടത്തിയ ദൈവം വിശ്രമത്തിനായി ഏഴാം നാൾ തിരഞ്ഞെടുത്തു. അത് പിന്നീട് യിസ്രായേൽ മക്കൾക്കു നിയമമാക്കി നൽകി. ആത്മീയ ശുശ്രൂഷയിലും ഒരു ഏഴാം നാൾ, ഒഴിവു സമയം, ദൈവം കല്പിച്ചാക്കിയിട്ടുണ്ട്. അത് തിരിച്ചറിയാതെ ശുശ്രൂഷയുടെ പേരിൽ ഇരുപത്തിനാലു മണിക്കൂറും ഉഴറുന്നവരാണ് കുടുംബ ബന്ധങ്ങൾ തകർന്നോ, ആരോഗ്യസ്ഥിതി മോശമായോ നിലം പൊത്തുന്നത്.

രണ്ടാമതായി, ദൈവം ഇടവേളകൾ നൽകുന്നത് മറ്റൊരു ശുശ്രൂഷയിലേക്കുള്ള മാറ്റത്തിനായാണ്. യോഹന്നാൻ അപ്പൊസ്തലൻ പത്മൊസ് ദ്വീപിൽ അകപ്പെട്ടതു കൊണ്ടാണ് വെളിപ്പാടു പുസ്തകം നമുക്കു ലഭിച്ചത്. പത്മൊസിൽ യോഹന്നാന് പ്രസംഗിക്കുകയോ വീര്യപ്രവൃത്തികൾ ചെയ്യേണ്ടതോ ആയ സാഹചര്യമില്ലായിരുന്നു. ഇതര ശുശ്രൂഷകളിൽ നിന്ന് യോഹന്നാനെ ദൈവം വിജനമായ ഒരു ദ്വീപിലേക്ക് അകറ്റിയത് ഭൂമിയിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമായ വെളിപ്പാട് നൽകുവാനായിരുന്നു.

ഒരുപക്ഷേ ഇപ്പോൾ തുടർന്നു കൊണ്ടിരിക്കുന്ന ശുശ്രൂഷയിൽ നിന്ന് വ്യതിയാനം സംഭവിക്കുന്നതായി തോന്നിയാൽ മേൽപറഞ്ഞ രണ്ടു കാര്യങ്ങളാണ് മനസ്സിലേക്കു വരേണ്ടത്.

ഇന്നും നമ്മെ ക്രിസ്തീയതയിൽ ഉറപ്പിച്ചു നിർത്തുന്ന ലേഖന ങ്ങളാണല്ലോ പൗലൊസ് അപ്പൊസ്തലന്റേത്. അദ്ദേഹം തടവിൽ കിടക്കുമ്പോഴായിരുന്നു അവയിൽ ഏറെയും എഴുതിയത്. കൂടുതൽ കരുത്താർജ്ജിക്കാനായി ദൈവം ഒരുക്കിത്തരുന്ന ഇടവേളകൾ തിരിച്ച റിയാതെ പോകുമ്പോഴാണ് ആത്മീയ അരക്ഷിതാവസ്ഥയിലേക്ക് അഭിഷിക്തന്മാർ എത്തിച്ചേരാറുള്ളത്.

*നാം എത്ര സമയം ദൈവത്തിനായി നൽകി എന്നതല്ല പ്രധാനം, മറിച്ച് ദൈവം പറഞ്ഞേല്പിച്ച എത്ര കാര്യങ്ങൾ കൃത്യമായി ചെയ്തു എന്നതാണ്. ദൈവത്തിനായി നാം കഷ്ടപ്പെടുകയല്ല പ്രയോജന പ്പെടുകയാണു വേണ്ടത്. (വചനഭാഗങ്ങൾ: മർക്കൊസ് 6:30-44).*



## ഇരുപത്തിയെട്ട്

# നമ്മിൽ വസിക്കുന്ന ദൈവസാന്നിദ്ധ്യം

മനുഷ്യ ചരിത്രത്തിൽ ദൈവത്തിന്റെയും അവിടുത്തെ സാന്നി ദ്ധ്യത്തിന്റെയും ഇടപെടലുകൾ എപ്പോഴും വ്യത്യസ്തമായിരുന്നു. വെയിലാറുമ്പോൾ ആദാമിന്റെയും ഹവ്വായുടെയും കുശലമന്വേഷിച്ച് ദൈവം ഏദെനിൽ എത്താറുള്ളതിൽ നിന്നാണ് അത് ആരംഭിക്കുന്നത്. ഏറ്റവും അടുത്ത സുഹൃത്തിനോടെന്നപോലെ അതുവരെ ആരോടും കാണിക്കാതിരുന്ന ഒരടുപ്പം ദൈവത്തിന് അവരോടുണ്ടായിരുന്നു.

എന്നാൽ ദൈവം അരുത് എന്ന് കല്പിച്ച കാര്യം മനുഷ്യൻ ചെയ്ത ദിവസം മനുഷ്യചരിത്രത്തിൽ അതീവ നൊമ്പരമുണർത്തുന്ന ദിവസമായിരുന്നു. അന്ന് യഹോവ തോട്ടത്തിൽ നടക്കുന്ന ശബ്ദം മനുഷ്യൻ കേട്ടപ്പോൾ, അതുവരെ ദൈവത്തോടു തങ്ങൾക്കുണ്ടാ യിരുന്ന എല്ലാ സൗഹൃദവും മാറ്റി വെച്ച അവൻ ഹവ്വായോടൊപ്പം ഓടി ഒളിക്കുകയാണുണ്ടായത്. പാപം കടന്നു വന്നതോടെ ദൈവസാ ന്നിദ്ധ്യം അവർക്ക് അപ്രാപ്യമായി തീർന്നു.

എല്ലാ ദിവസവും മനുഷ്യനെ സന്ദർശിച്ചു കൊണ്ടിരുന്ന ദൈവം അതു നിർത്തി. പിന്നീട് തന്നെ ആഗ്രഹിക്കുന്നവരിലേക്ക് അല്ലെങ്കിൽ തന്റെ ശുശ്രൂഷ ചെയ്തെടുക്കേണ്ടവരിലേക്കു മാത്രമായി ദൈവ സാന്നിദ്ധ്യം ഒതുങ്ങി. അത് അവർക്ക് ദർശനവും വെളിപ്പാടും സ്വപ്നവുമൊക്കെയായി അനുഭവപ്പെട്ടു. അബ്രാഹാമിനെ വിളിച്ചിറക്കി കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് കൊണ്ടുപോകുമ്പോൾ ഒരു സ്നേഹിതനോടെന്ന പോലെ ദൈവം അബ്രാഹാമിനെ കരുതി എങ്കിലും ദൈവസാന്നിദ്ധ്യം അവിടെയും അത്യാവശ്യസമയങ്ങളിൽ

മാത്രമായിരുന്നു. പിന്നീട് യിസഹാക്കിനെ യാഗം കഴിക്കാനായി കത്തി ഉയർത്തുമ്പോഴും മറ്റും അബ്രാഹാം ദൈവത്തെ അനുഭവിക്കുന്നു ണ്ടായിരുന്നു.

ഗോത്രപിതാവായ യാക്കോബും ലാബാന്റെ ഭവനത്തിലേക്ക് ഏശാവിനെ ഭയന്ന് ഓടുമ്പോൾ, ബേഥേലിൽ വെച്ച് ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് വെച്ചിരിക്കുന്ന ഒരു കോവേണിയുടെ ദർശനം പ്രാപിക്കുന്നു. "ഞാനോ അറിഞ്ഞില്ല" എന്നു പറഞ്ഞ് ദൈവസാന്നിദ്ധ്യ ത്തെക്കുറിച്ച് യാക്കോബ് ഉറക്കമുണർന്ന് പരിഭ്രമിക്കുന്നത് ഉല്പ. 28:16-ൽ നാം വായിക്കുന്നു.

ചരിത്രം പിന്നേയും നീണ്ട് യിസ്രായേൽമക്കളുടെ വീണ്ടെടുപ്പുകാര നായി മാറിയ മോശെയുടെ മുൻപിലേക്ക് എത്തിച്ചേരുന്നു. ഹോരേബി നോടു ചേർന്നു കിടക്കുന്ന സീനായി മരുഭൂമിയിൽ ഒരു അഭയാർത്ഥി യെപ്പോലെ അലഞ്ഞു നടക്കുമ്പോൾ മോശെയുടെ മുൻപിലായി ദൈവ സാന്നിദ്ധ്യം വെളിപ്പെടുന്നു. ഞാൻ നിന്റെ വായോടു കൂടെയിരുന്ന് നീ സംസാരിക്കേണ്ടത് നിനക്ക് ഉപദേശിച്ചു തരും എന്നും തന്റെ സാന്നിദ്ധ്യം മോശെയുടെ കൂടെ കാണുമെന്നും ദൈവം ഉറപ്പുകൊടുക്കു ന്നു. സാന്നിദ്ധ്യം ഇല്ലാതിരുന്നപ്പോൾ മോശെ മിസ്രയിമിൽ നിന്ന് പ്രാണഭയത്താൽ ഓടിയതായി നാം കാണുന്നു. എന്നാൽ ദൈവസാ ന്നിദ്ധ്യം കൂടെയിരുന്നപ്പോൾ മഹാസൈന്യം കൂടെയുണ്ടായിരുന്ന ഫറവോനെക്കാളും ബലവാനായി മോശെ മാറി.

പിന്നെയാണ് അതൊരു ലഹരിപോലെ മോശെയിലേക്കു നിറഞ്ഞത്. പുറ. 33:15,18-ലേക്ക് എത്തുമ്പോൾ ദൈവസാന്നിദ്ധ്യമി ല്ലാതെ ഒന്നും ആഗ്രഹിക്കാത്ത ഒരു മനുഷ്യനായി മോശെ രൂപാന്തര പ്പെടുന്നതായി നാം വായിച്ചെടുക്കുന്നു. യിസ്രായേൽ ജനത്തിന്റെ നായകത്വമോ കനാൻ ദേശമെന്ന സ്വപ്നമോ മോശെയിലുണ്ടായി രുന്നില്ല. ദൈവസാന്നിദ്ധ്യത്തോടൊപ്പം വസിക്കുവാൻ സ്വയം സമർപ്പി ച്ചായിരുന്നു തുടർന്നുള്ള നാളുകൾ മോശെ ജീവിച്ചത്.

അപ്പോഴേക്കും താൻ തിരഞ്ഞെടുത്ത ജനത്തോടൊപ്പം വസിക്കു വാൻ ദൈവവും തീരുമാനിച്ചിരുന്നു. അതിനു മുന്നോടിയായി സമാഗ മനകൂടാരത്തെക്കുറിച്ചുള്ള, ദൈവത്തിന്റെ പെട്ടകത്തെക്കുറിച്ചുള്ള ദൈവിക പദ്ധതികൾ പുറ. 25:18-ൽ ദൈവം വെളിപ്പെടുത്തുന്നു.

മനുഷ്യന്റെ കൂടെ വീണ്ടും വസിക്കുവാൻ ദൈവം ആഗ്രഹിച്ചിരുന്നു. ദൈവസാന്നിദ്ധ്യത്തെ തിരിച്ചു കൊണ്ടുവരുവാൻ കഴിയാതിരുന്ന





മനുഷ്യനെ ദൈവം വാസ്തവത്തിൽ സഹായിക്കുകയായിരുന്നു. കനാനിലെത്തിയതിനു ശേഷം ദൈവവഴി വിട്ടു നടന്ന യിസ്രായേലിനു ദൈവസാന്നിദ്ധ്യം കാതങ്ങൾ അകലെയായി തുടർന്നു. പിന്നെയും സാന്നിദ്ധ്യം തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളിലേക്കു മാത്രമായി ഒതുങ്ങി. ഒടുവിൽ 1 ശമൂ. 4:10-22 വരെ നാം വായിച്ചെത്തി നിൽക്കു മ്പോൾ വലിയൊരു നടുക്കം നമ്മിൽ വീണിരിക്കും. ദൈവത്തിന്റെ പെട്ടകം പിടിക്കപ്പെടുകയാണവിടെ. മഹത്വം യിസ്രായേലിനു പൊയ്പോയി എന്നുള്ള ദുഃഖം എല്ലാവരിലുമുണ്ടായിരുന്നു.

ദൈവത്തിന് ആലയം പണിത ശലോമോന്റെ കാലത്ത് നിയമ പെട്ടകം ആലയത്തിൽ കൊണ്ടുവന്നപ്പോൾ ശുശ്രൂഷ ചെയ്യേണ്ടതിന് പുരോഹിതന്മാർക്കു നില്പാൻ കഴിയാതെവണ്ണം ദൈവതേജസ്സ് ആലയത്തെ നിറച്ചതായി 1 രാജാ. 8: 1-11 -ൽ നാം കാണുന്നു. പിന്നെയും ദൈവസാന്നിദ്ധ്യം തന്റെ ജനത്തിലേക്ക് കടന്നു വരുവാനായി തുടങ്ങി. പക്ഷേ ഇവിടെയെല്ലാം എപ്പോൾ വേണമെങ്കിലും വിട്ടു പോകാൻ തിടുക്കപ്പെട്ടതുപോലെ ആയിരുന്നു സാന്നിദ്ധ്യം വെളിപ്പെട്ടിരുന്നത്.

വീണ്ടും ജനമെല്ലാം ദൈവത്തെക്കാളുപരി അന്യദേവന്മാരുടെ പുറകെ അലഞ്ഞു തുടങ്ങിയപ്പോൾ ദൈവസാന്നിദ്ധ്യവും പിതാക്ക ന്മാരുടെ കാലത്ത് സംഭവിച്ച എന്തോ ആയി യിസ്രായേൽ ജനത ചിന്തിച്ചു തുടങ്ങി.

അതിനുശേഷമാണ് നാം യേശുവിലേക്ക് എത്തുന്നത്. വല്ലപ്പോഴും കടന്നുവന്ന ദൈവസാന്നിദ്ധ്യം കൃപയും സത്യവും നിറഞ്ഞ് നമ്മുടെ ഇടയിൽ പാർക്കുവാൻ തുടങ്ങി. യേശു കാനായിലേക്ക്, യായിറോസി ന്റെ ഭവനത്തിലേക്ക്, ചെല്ലുമ്പോൾ ചുങ്കക്കാരുടെയും പാപികളോടും കൂടി അത്താഴം കഴിക്കുമ്പോൾ, സാന്നിദ്ധ്യം അവിടെയൊക്കെ എത്തി ച്ചേരുകയായിരുന്നു. പാപികളെന്നോ വിശുദ്ധരെന്നോ ഭേദമില്ലാതെ തന്നെ ആഗ്രഹിച്ച എല്ലാവരേയും യേശു തുല്യമായി കരുതി. തന്റെ ജനത്തിന്റെ നടുവിൽ വഴിയായി, സത്യമായി, ജീവനായി യേശു നിറഞ്ഞു നിന്നു. പിന്നീട് യേശുവിന്റെ സ്വാഭാവിക സാന്നിദ്ധ്യമില്ലാത്ത ഒരു ഘട്ടത്തിലേക്ക് മനുഷ്യചരിത്രം നീങ്ങി.

യേശുവിന്റെ പുനരുത്ഥാനത്തിനു ശേഷം തന്റെ സാന്നിദ്ധ്യത്തെ ചില വാഗ്ദത്തങ്ങളിലൂടെ യേശു വെളിപ്പെടുത്തി. രണ്ടോ മൂന്നോ പേർ കൂടുന്നയിടത്തു താനുണ്ടെന്ന് അവൻ പറഞ്ഞു. ഒപ്പം ലോകാവസാനത്തോളം എല്ലാനാളും കൂടെയുണ്ട് എന്ന ഉറപ്പും നൽകി.

പഴയനിയമത്തിൽ ദൈവസാന്നിദ്ധ്യം കാണാവുന്നതു പോലെ വെളിപ്പെടുകയായിരുന്നു. മരുഭൂമിയിൽ മൂന്നു ദിവസം വെള്ളം കിട്ടാതെ ആഹാരമില്ലാതെ യിസ്രായേൽമക്കൾ അലഞ്ഞതായി പുറ. 15:22-ൽ പറയുന്നുണ്ട്. മൂന്നു ദിവസം അവർക്ക് ആഹാരമോ ജലമോ ഇല്ലാതിരുന്നപ്പോഴും അവരുടെ കൂടെ അഗ്നിസ്തംഭവും മേഘസ്തംഭവും ഉണ്ടായിരുന്നു. വെള്ളമില്ലാതെ വലയുകയാണെങ്കിലും ദൈവസാന്നിദ്ധ്യം അവരെ വിട്ടുമാറിയിരുന്നില്ല. ഒരുപക്ഷേ മൂന്നാമതൊരാൾ നോക്കുമ്പോൾ ഒരു നേരത്തെ ആഹാരമില്ലാതെ ആ ജനം കഷ്ടപ്പെടുന്നതായി കരുതിയേക്കാം. അപ്പോഴും അവർ ദൈവസാന്നിദ്ധ്യത്തിന്റെ ഉള്ളിൽ തന്നെ ആയിരുന്നു. ദൈവത്തിന്റെ കരവലയത്തിനുള്ളിൽ അവർ സുരക്ഷിതരായിരുന്നു. ഒരു നേരത്തെ ആഹാരം ദൈവം എടുത്തു മാറ്റിയാലും തന്റെ അഭിഷിക്തനിൽ നിന്ന് സാന്നിദ്ധ്യം അവൻ എടുക്കുകയില്ല.

സാന്നിദ്ധ്യം തന്റെ കൂടെ എപ്പോഴും വേണമെന്ന് മോശെ ആഗ്രഹിച്ചു. യിസ്രായേൽ ജനതയുടെ നടുവിൽ ദൈവത്തിന്റെ പെട്ടകമിരിക്കുന്നയിടത്ത് സാന്നിദ്ധ്യം ഉണ്ടായിരുന്നു. യേശു വന്നപ്പോൾ അവൻ സാന്നിദ്ധ്യമായി കൂടെ പാർത്തു. ഇതിൽനിന്നെല്ലാം വ്യത്യസ്തമായിട്ടാണ് പുതിയനിയമ സഭയിൽ സാന്നിദ്ധ്യം ഉള്ളത്. പുതിയനിയമ സഭയിൽ സാന്നിദ്ധ്യം വ്യക്തികളുടെ ഉള്ളിൽ വസിക്കുവാൻ വരുന്നു. നമ്മുടെ ഓരോ കോശങ്ങളെയും അവന്റെ സാന്നിദ്ധ്യത്താൽ ദൈവം നിറയ്ക്കുന്നു. നാം തന്നെ സാന്നിദ്ധ്യമായി മാറ്റപ്പെടുന്നുവെന്ന് ആലങ്കാരികമായി പറയാം. യേശു ഭൂമിയിൽ ദൈവസാന്നിദ്ധ്യം എങ്ങനെ വെളിപ്പെടുത്തിയോ അതുപോലെ നാം ചെല്ലുന്ന വീടുകൾ, സ്ഥലങ്ങൾ, നമ്മോടു സംസാരിക്കുന്ന വ്യക്തികൾ, എല്ലായിടവും ദൈവസാന്നിദ്ധ്യത്താൽ നിറയണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

സാന്നിദ്ധ്യം അനുഭവിക്കാത്ത ധനവാനെക്കാൾ സാന്നിദ്ധ്യത്തിൽ നിറഞ്ഞിരിക്കുന്ന ദരിദ്രൻ ശ്രേഷ്ഠൻ തന്നെയാണ്. അന്ന് ആദാമിന്റെയും ഹവ്വായുടെയും അരികിൽ കടന്നു വന്നതിനെക്കാൾ പ്രാധാന്യത്തോടെയാണ് ഇന്നു നമ്മിലേക്ക് അവൻ എത്തുന്നത്. സാന്നിദ്ധ്യത്തിൽ നിറഞ്ഞിരിക്കുന്ന വ്യക്തികൾ പ്രസംഗിക്കുമ്പോഴാണ് ദൈവിക അഗ്നി ജനങ്ങളിലേക്ക് അതിവേഗം ഒഴുകിച്ചെല്ലുന്നത്. അവർ പ്രാർത്ഥിക്കുമ്പോഴാണ് കാലങ്ങളായി ആവാസസ്ഥലമായി കരുതിയിരുന്ന ശരീരങ്ങളിൽ നിന്ന് ദുരാത്മാക്കൾ വിട്ടു പോകുന്നത്. അവരിലൂടെയാണ് ഒരു മെഴുകുതിരിയിൽ നിന്ന് മറ്റൊന്നിലേക്ക്





വെളിച്ചം പകരപ്പെടുന്നതു പോലെ സാന്നിദ്ധ്യവും വ്യാപിക്കുന്നത്. ദൈവസാന്നിദ്ധ്യത്താൽ നിറഞ്ഞിരിക്കുന്നവർക്കാണ് ദൈവമനസ്സിലെ നിക്ഷേപങ്ങളെ കാണുവാൻ കഴിയുന്നത്.

*രോഗികളെ സൗഖ്യമാക്കുവാനോ പ്രസംഗിക്കുവാനോ മാത്രമല്ല നമ്മിലൂടെ മറ്റുള്ളവർ ദൈവത്തെ അനുഭവിക്കണമെന്ന ലക്ഷ്യവും നമ്മെക്കുറിച്ച് ദൈവത്തിനുണ്ട്. (വചനഭാഗങ്ങൾ: പുറപ്പാട് 33:12-23).*

# ഇരുപത്തിയൊൻപത്

# വിശുദ്ധിയുടെ അളവറ്റ ആഴം

തിരുവചനത്തിൽ ദൈവത്തെക്കുറിച്ച് പറയുമ്പോഴൊക്കെ വിവരിക്കുവാൻ കഴിയാത്ത തരത്തിലുള്ള വിശുദ്ധിയും പരിശുദ്ധാത്മാവ് കൂട്ടി ചേർത്തിട്ടുണ്ട്. ദൈവത്തിന്റെ ആത്യന്തിക ഭാവം തന്നെ തന്നിലുള്ള വിശുദ്ധിയാണ്. യിസ്രായേൽമക്കൾക്ക് ദൈവം വെളിപ്പെടുമ്പോഴൊക്കെ തന്റെ വിശുദ്ധിയെയും പ്രഖ്യാപിച്ചു കൊണ്ടിരുന്നു. (ലേവ്യ.11:44; 21:8; 19:2; 20:26). താൻ വിശുദ്ധിയിൽ പൂരിതനായിരിക്കുന്നതു പോലെ തന്റെ ജനവും വിശുദ്ധിയിൽ നിലനില്ക്കണമെന്ന തീക്ഷ്ണത ദൈവത്തിനുണ്ട്.

വിശുദ്ധിയുടെ കണക്കെടുപ്പിലാണ് മിക്കപ്പോഴും അഭിഷിക്തന്മാർ ദൈവത്തെ പരാജയപ്പെടുത്താറുള്ളത്. ദൈവത്തിനുവേണ്ടി പ്രയോജനപ്പെടുന്ന ഒരുവനെ പിശാച് ശ്രദ്ധിക്കുന്നത് വിശുദ്ധിയിൽ നിന്ന് പിൻവലിയുവാനുള്ള അവന്റെ മനോനിലയെ ആസ്പദമാക്കിയാണ്. എവിടെയൊക്കെ അഭിഷിക്തൻ പരാജയപ്പെട്ടിട്ടുണ്ടോ അവിടെയെല്ലാം ആദ്യം സംഭവിച്ചിട്ടുള്ളത് വിശുദ്ധി കൈവിടലായിരുന്നു. വിശുദ്ധി നഷ്ടപ്പെടുക എന്നു പറയുന്നത് അശുദ്ധിയുടെ തള്ളിക്കയറ്റമാണല്ലോ. ഒരുവൻ അശുദ്ധിയാൽ ബാധിക്കപ്പെടുമ്പോൾ ദൈവത്തിന്റെ കൂടെയുള്ള സഹവാസമാണ് അവസാനിക്കുന്നത്. അവന്റെ മുൻപിൽ ദൈവമനസ്സും അടഞ്ഞുപോകും. അപ്പോഴേക്കും അഭിഷിക്തൻ പിശാചിന് ചിരി വരുത്തിക്കൊണ്ട് ശുശ്രൂഷയിൽ നിന്നു താഴേക്കു പതിച്ചിട്ടുണ്ടാവും. മനുഷ്യനു സ്വയമേ ആർജ്ജിച്ചെടുക്കാൻ കഴിയാത്ത ഒന്നായി വിശുദ്ധിയുടെ തലം നിലകൊള്ളുന്നു. ഇവിടെയാണ് ഒരു





ശുദ്ധീകരണ കാലത്തിന്റെ ആവശ്യകത വെളിപ്പെടുന്നത്. "ശുദ്ധീകരണം കൂടാതെ ദൈവത്തെ കാണാൻ കഴിയുകയില്ല" എന്നു വചനത്തിൽ പരിശുദ്ധാത്മാവ് കുറിച്ചിരിക്കുന്നു.

പഴയനിയമ അഭിഷിക്തരോട് ദൈവം ഇടപെടുന്നത് അവരെ ശുദ്ധീകരിച്ചുകൊണ്ടായിരുന്നു. എപ്പോഴും വിശുദ്ധിയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകൾ പഴയനിയമത്തിലുണ്ടായിരുന്നു. മോശെയോടും യോശുവയോടും (പുറ. 3:5; യോശു. 5:14) കാലിലെ ചെരിപ്പ് അഴിച്ചുകളയുക എന്ന് പറഞ്ഞുകൊണ്ടാണ് ദൈവം തന്റെ കല്പനകൾ അവർക്ക് മുൻപിൽ വെളിപ്പെടുത്തുന്നത്. യാക്കോബിനെ ശ്രദ്ധിക്കൂ. അന്യദേവന്മാരെ നീക്കി ശുദ്ധീകരണം പ്രാപിച്ചതിനു ശേഷമായിരുന്നു യിസ്രായേൽ എന്ന പേരിലേക്കവൻ മാറ്റപ്പെടുന്നത്. അതുപോലെ പഞ്ഞിനൂലങ്കി ധരിച്ച് ദൈവസാന്നിദ്ധ്യത്തോട് ചേർന്നിരുന്ന ശമൂവേൽ ബാലൻ ദൈവസ്വരം കേൾക്കുന്നത് 1 ശമൂവേൽ 2:18 വായിച്ചെടുക്കുവാൻ കഴിയും. വിശുദ്ധിയിലേക്ക് എത്തിച്ചതിനുശേഷമായിരുന്നു ദൈവം അവരോടൊക്കെ ഇടപെട്ടിരുന്നത്. രാജ്ഞി എന്ന തലത്തിലേക്ക് എസ്ഥേർ മാറിയത് അന്തഃപുരപാലകനായ ഹേഗായിയുടെ വിചാരണയിൽ ശുദ്ധീകരണം കഴിഞ്ഞതിനു ശേഷമായിരുന്നു(എസ്ഥേർ 2:24). ഭൂമിയിലെ ഒരു രാജാവ് തന്റെ കൂടെ വസിക്കേണ്ടവളെ തിരഞ്ഞെടുക്കുന്നതിനു മുമ്പ് അവളെ ശുദ്ധീകരിച്ചിരുന്നു എങ്കിൽ, മഹോന്നതങ്ങളിൽ വാസം ചെയ്യുന്ന ദൈവം തന്റെ ശുശ്രൂഷകരെ തിരഞ്ഞെടുക്കുമ്പോൾ എത്ര അധികം ശ്രദ്ധാലുവായിരിക്കും!

പൗലൊസ് അപ്പൊസ്തലൻ ലേഖനങ്ങൾ എഴുതുമ്പോൾ വിശുദ്ധിയെക്കുറിച്ച് പലതവണ ആവർത്തിച്ചിട്ടുണ്ട്. എഫെസ്യർക്ക് അദ്ദേഹം എഴുതുമ്പോൾ നടത്തിയ അതിശ്രേഷ്ഠമായ ഒരു പ്രാർത്ഥന അവിടെ കാണാം (എഫെ. 1:17-19). ആ പ്രാർത്ഥനയിൽ വിശുദ്ധന്മാരിലുള്ള ദൈവത്തിന്റെ അവകാശത്തിന്റെ മഹിമാധനത്തെക്കുറിച്ച് നാം അറിയേണം എന്ന് പൗലൊസ് പ്രാർത്ഥിക്കുന്നു. ഒപ്പം നമുക്കുവേണ്ടി വ്യാപരിക്കുന്ന ദൈവശക്തിയുടെ അളവറ്റ വലിപ്പം നാം അറിയണമെന്നും ആ പ്രാർത്ഥനയിലുണ്ട്. ദൈവശക്തി വ്യാപരിക്കപ്പെടുന്നത് വിശുദ്ധിയിലാണെന്നാണ് പൗലൊസ് പറയുന്നത്.

ദൈവത്താൽ തിരഞ്ഞെടുക്കപ്പെടുന്നവർ വിശുദ്ധിയിൽ നിലനില്ക്കുമ്പോഴാണ് ദൈവിക മർമ്മങ്ങളും ശുശ്രൂഷയുടെ ആഴങ്ങളും അവർക്കു വെളിപ്പെടുന്നത്. യേശുവിനോടൊപ്പം ജീവിക്കുകയാണ് പ്രധാനമായും നാം ചെയ്യേണ്ടത്. പാപത്തിന്റെ പ്രലോഭനം കടന്നു

വരുമ്പോൾ അവയെ യേശുവിന് മുന്നിൽ നിരത്തുവാനുള്ള മനസ്സുള്ള വരാണ് അഭിഷിക്തരായി തുടരുന്നത്. ക്രിസ്തുവിൽ നാം നീതീകരിക്കപ്പെട്ടത് അതുവരെയുള്ള പാപങ്ങൾ പൂർണ്ണമായി ഒഴിവാക്കപ്പെട്ട രീതിയിലാണ്.

ഇവിടെ ശുശ്രൂഷയെക്കാൾ പ്രധാനം വിശുദ്ധിയാണെന്ന് വരുന്നു. മനുഷ്യന് ദൈവവുമായുള്ള സഖിത്വം എങ്ങനെയും ഇല്ലാതാക്കുവാൻ പിശാച് ശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഒരു അഭിഷിക്തനെ അവൻ നോട്ടമിടുമ്പോൾ അവൻ എപ്രകാരം ദൈവത്തിനായി പ്രയോജനപ്പെടുന്നു എന്നത് അവൻ കണക്കിടുന്നതേയില്ല. അവന്റെ ലക്ഷ്യം വിശുദ്ധിയെ തകർക്കുക എന്നതാണ്. ഒരിക്കൽ വിശുദ്ധിയിൽ നിന്നു നാം മാറ്റപ്പെട്ടാൽ ദൈവവും നമ്മോടൊപ്പം ഇല്ല എന്നുള്ളതാണ് വിശ്വസിക്കേണ്ടത്. നമ്മിൽ നിന്ന് ദൈവത്തെ പിരിക്കുവാൻ പിശാചിന് കഴിയുകയില്ല. എന്നാൽ നമ്മിൽ അശുദ്ധിയുടെ വിത്തു പാകുന്നതു വഴി അവനതു സാധിച്ചെടുക്കും. ദൈവത്തെക്കുറിച്ച്, പാപത്തോട് അടുത്തുകൂടാതവണ്ണം വിശുദ്ധിയിൽ അതിഭയങ്കരനാണെന്ന് തിരുവചനം പറയുന്നു (ഹബ. 1:13). നാം എത്തിച്ചേരേണ്ടത് വിശുദ്ധിയുടെ ആ തലത്തിലേക്കാണ്. പിശാചിന് ദൈവത്തെ പ്രലോഭിപ്പിക്കാൻ കഴിയാത്തതുപോലെ ഒടുവിൽ നമ്മെയും അവന്റെ തന്ത്രങ്ങളിൽ വീഴിക്കുവാൻ കഴിയാതെ വരും.

നാം വചനം പ്രസംഗിക്കുമ്പോൾ, പ്രാർത്ഥിക്കുമ്പോൾ, വീര്യപ്രവൃത്തികൾ ചെയ്യുമ്പോൾ, നമ്മിലൂടെ ദൈവിക അനുഗ്രഹങ്ങൾ പകരപ്പെടുകയാണ്. ആ ശുശ്രൂഷകളേക്കാൾ ഉപരി നാം എത്രത്തോളം വിശുദ്ധിയിൽ എരിവോടെ നിൽക്കുന്നു എന്നതാണ് ദൈവം ശ്രദ്ധിക്കുന്നത്. എബ്രാ 4:1 ൽ പറയുന്നു, നമ്മെ ദൈവം വിശുദ്ധിക്കത്രേ വിളിച്ചതെന്ന്. 1 പത്രൊസ് 1:15 ൽ വിളിച്ച വിശുദ്ധന് ഒത്തവണ്ണം നാം ആയിരിക്കേണം എന്നും വചനം പഠിപ്പിക്കുന്നു. റോമർ 8:27 ൽ ആത്മാവ് പക്ഷവാതം ചെയ്യുന്നത് വിശുദ്ധർക്കുവേണ്ടിയാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ നാളുകളിൽ പലർക്കും വിശുദ്ധിയെക്കുറിച്ചുള്ള ഭയം ഇല്ലാതെ പോകുന്നു. നാമും ആ ഗണത്തിൽ പെടാതിരിക്കട്ടെ.

*വാസ്തവത്തിൽ ദൈവം നമ്മെ ക്ഷണിക്കുന്നത് അവന്റെ വിശുദ്ധിയോടു താദാത്മ്യം പ്രാപിക്കുവാനാണ്. അങ്ങനെ വിശുദ്ധിയുടെ മനോഹാരിത ഒരു ദീപമായി നമ്മിൽ പ്രകാശിക്കുമ്പോഴാണ് ദൈവമനസ്സിനോടു ചാരിയിരുന്ന് തന്റെ ഹിതം ചെയ്യുവാനായി നാം നിയോഗിക്കപ്പെടുന്നത്. (വചനഭാഗങ്ങൾ: ഹബക്കുക്ക് 1).*



## മുപ്പത്

# രൂപാന്തരപ്പെടുത്തുന്നവർ

ഒരിക്കൽ യഹോവയുടെ കൈ യെഹെസ്ക്കേൽ പ്രവാചകന്റെ മേൽ വന്നു. യഹോവയുടെ ആത്മാവ് അദ്ദേഹത്തെ അസ്ഥികൾ നിറഞ്ഞുകിടക്കുന്ന ഒരു താഴ്‌വരയിൽ കൊണ്ടുചെന്നു. ഏറ്റവും ഉണങ്ങി ചിതറിക്കിടക്കുന്ന അസ്ഥികളുടെ ഇടയിലൂടെ യഹോവയുടെ ആത്മാവ് യെഹെസ്ക്കേലിനെ ചുറ്റിനടത്തിയപ്പോൾ വല്ലാത്തൊരു അമ്പരപ്പിലായിരിക്കണം പ്രവാചകൻ എല്ലാം നോക്കിക്കണ്ടത്.

ദൈവത്തിനു തന്നോട് എന്തോ പറയുവാനുണ്ടെന്ന് പ്രവാചകനു മനസ്സിലായി. എന്താണ് ദൈവം തുടർന്ന് ചെയ്യുവാനായി പോകുന്നതെന്ന് പ്രവാചകൻ ആലോചിച്ചുനിൽക്കുമ്പോൾ അപ്രതീക്ഷിതമായ ഒരു ചോദ്യം ദൈവത്തിൽ നിന്നുണ്ടാകുന്നു. "മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ?"

പ്രവാചകനെ സംബന്ധിച്ച് ഏറ്റവും ഉണങ്ങി ബന്ധം വിട്ടു കിടക്കുന്ന അസ്ഥികൾ നിറഞ്ഞ താഴ്‌വര ഭയാനകവും നിർജ്ജീവവുമാണ്. എത്രയും വേഗം പഴയ തലത്തിലേക്ക് എത്തുവാനുള്ള ആഗ്രഹം മാത്രമേ തന്നിൽ കാണൂ. എന്നാലിവിടെ ദൈവം, തന്റെ ഉള്ളിൽ രൂപപ്പെട്ടിരിക്കുന്ന ഒരു കാഴ്ചയെ പ്രവാചകനിലേക്ക് നൽകുവാനാണ് ശ്രമിക്കുന്നത്.

'രൂപാന്തരപ്പെടുത്തുന്നവൻ' എന്നു ദൈവത്തെ നിസ്സംശയം സംബോധന ചെയ്യുവാൻ കഴിയും. പണ്ട് മനുഷ്യൻ ആവിർഭവിക്കുന്നതിനും മുൻപേ, പാഴും ശൂന്യവുമായി കിടന്ന ഭൂമിയിൽ പൊരുന്നിരുന്ന് അതിൽ വലിയ മാറ്റങ്ങൾ പകർന്നവനാണ് ദൈവം. ഇപ്പോഴും

ഏതു സാഹചര്യത്തെയും തനിക്കു ബോധിച്ചതുപോലെ മാറ്റിയെടുക്കുവാൻ ദൈവം തുനിഞ്ഞിറങ്ങാറുണ്ട്.

ഇനി ഒന്നിനാലും അവയെ ശരിയാക്കുവാൻ കഴിയുകയില്ലെന്ന് നാം പറഞ്ഞുകളയുന്ന കുടുംബബന്ധങ്ങളെ, ജീവിതസാഹചര്യങ്ങളെ ഒക്കെ ക്ഷണനേരംകൊണ്ട് അനുഗ്രഹത്തിന്റെ തലത്തിലേക്കു പറിച്ചുനടുവാൻ ദൈവം ഇടപെട്ട എത്രയോ ഉദാഹരണങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ കണ്ണോടിച്ചാൽ കാണുവാൻ കഴിയും. നാം എങ്ങനെയൊക്കെ മാറിപ്പോയാലും കേടായ ഒന്നിനെ ഒരു മെക്കാനിക്ക് പുതുക്കിയെടുക്കുന്നതുപോലെ, ദൈവവും നമ്മെ അവന്റെ ഹിതത്തിന്റെ പൂർത്തീകരണത്തിനായി പുതുക്കിയെടുത്തിരിക്കും.

തിരുവചനത്തിൽ എത്രയോ വ്യക്തികൾ ദൈവത്താൽ രൂപാന്തരം വന്നവരായിട്ടുണ്ട്. ദൈവം സ്പർശിക്കുന്നതിനുമുൻപ് സ്വയം സൃഷ്ടിച്ചെടുത്ത നിരാശയുടെ, അപകർഷതയുടെ, കൂടാരത്തിൽ അവർ പാർക്കുകയായിരുന്നു. മോശെ ആരംഭിച്ചത് ഭയന്നോടുന്നവൻ എന്ന മുദ്രയേറ്റുവാങ്ങിയായിരുന്നു. എന്നാൽ ദൈവം അവനെ രൂപാന്തരപ്പെടുത്താൻ തീരുമാനിച്ചപ്പോൾ വിക്കനാണ്, തടിച്ച നാവുള്ളവനാണ് തുടങ്ങി നിരവധി അപകർഷതകൾ അതീവ നിപുണതയോടെ ദൈവം മാറ്റിയെടുക്കുന്നതായി വായിക്കുവാൻ കഴിയും.

മോശെയുടെ ശുശ്രൂഷകനായി, അവന്റെ നിഴലുപോലെ നടന്നിരുന്ന യോശുവയെ നോക്കൂ. “ഞാൻ നിന്നെ കൈവിടുകയില്ല ഉപേക്ഷിക്കുകയും ഇല്ല. ഉറപ്പും ധൈര്യവും ഉള്ളവനായിരിക്കുക” എന്ന് യഹോവ യോശുവയെ ബലപ്പെടുത്തുന്നത് മോശെ മരിച്ചതിന്റെ ദുഃഖം അവനിൽ നിന്നു മായിക്കുവാനായിരുന്നില്ല. മറിച്ച് മോശെക്കുശേഷം യിസ്രായേലിനെ നയിക്കേണ്ടതിന് ഒരു ശക്തനായ നേതാവിനെ വാർത്തെടുക്കുവാൻ വേണ്ടിയായിരുന്നു. യഹോവ യോശുവയെ എല്ലാ യിസ്രായേലിന്റെയും മുൻപിൽ വലിയവനാക്കി. സൂര്യന്റെ സഞ്ചാരത്തെപ്പോലും നിശ്ചലമാക്കാൻ കഴിയുന്നത്ര ഉറപ്പും ധൈര്യവും യോശുവയിലേക്ക് എത്തിച്ചേർന്നത് ദൈവത്തിന്റെ രൂപാന്തരശക്തിയിൽ നിന്നായിരുന്നു.

ശൗൽ രാജാവിനോടുള്ള ബന്ധത്തിൽ നാം വായിച്ചുകേട്ടിട്ടുള്ള ഒരു വാക്യം ഇപ്രകാരമാണ്: “യഹോവയുടെ ആത്മാവു ശക്തിയോടെ നിന്റെമേൽ വരും നീയും അവരോടുകൂടെ പ്രവചിക്കുകയും ആൾ മാറിയതുപോലെ ആയിത്തീരുകയും ചെയ്യും” (1 ശമൂ. 10:6). ഇവിടെ





ആടുകളെ പരിപാലിക്കുന്നതിൽ പരാജയപ്പെടാറുണ്ടായിരുന്ന ഒരുവനെ രാജാവായി ദൈവം തിരഞ്ഞെടുക്കാൻ പദ്ധതിയിടുന്നു. ദൈവത്തിനാവശ്യം ആടുകളെ കൈമോശം വരാറുണ്ടായിരുന്ന ശൗലിനെ ആയിരുന്നില്ല. പഴയ രീതികളും സ്വഭാവവും കഴിവും പൂർണ്ണമായി ദൈവഹിതത്തിനായി മാറ്റപ്പെട്ട ശൗലിനെ ആയിരുന്നു. ശമൂവേൽ പ്രവാചകൻ തൈലപാത്രം എടുത്ത് അവന്റെ തലയിൽ അഭിഷേകം ചെയ്തുകഴിഞ്ഞപ്പോൾ ശൗലിലെ മാറ്റം പ്രകടമായി വന്നു.

ദൈവിക ശുശ്രൂഷയ്ക്കായി ദൈവം നമ്മെ തിരഞ്ഞെടുക്കുന്നത് നാം ആയിരിക്കുന്ന സ്ഥിതിയിലാണ്. എല്ലാ കഴിവുകേടും ഗുണമില്ലായ്മയും ചേർത്താണ് അവൻ നമ്മെ സ്വീകരിക്കുന്നത്. എന്നാൽ പിന്നീട് നമ്മിലേക്ക് പാഴും ശൂന്യമായിരുന്ന ഭൂമിയെ മനോഹര ഉദ്യാനമാക്കി മാറ്റിയ അതേ ശക്തി പ്രവഹിച്ചു തുടങ്ങും. ക്രമേണ നാം ദൈവത്തിന് ഏറ്റവും യോജിച്ച ആയുധമായി തീർന്നിട്ടുണ്ടാവും. വെറും മീൻപിടുത്തക്കാരായിരുന്ന ചില വ്യക്തികളിലേക്ക് രൂപാന്തരശക്തി പ്രവഹിച്ചപ്പോൾ ഭയന്ന് മുറിക്കുള്ളിൽ അടച്ചുപൂട്ടി ഇരുന്ന അവർ ജനമധ്യത്തിലേക്ക് കൂസലെന്യേ കടന്നെത്തി. ആരെയാണോ അവർ ഭയന്നത്, അതേ ജനത്തിന്റെ മുൻപിൽ നിന്ന് യേശുവാണ് മശിഹയെന്ന് അവർ തെളിയിച്ചു.

അസ്ഥിതാഴ്വരയിൽ പ്രവാചകൻ ദൈവത്തിന്റെ ശബ്ദം വീണ്ടും കേൾക്കുന്നു. “നീ അസ്ഥികളോട് പ്രവചിക്കുക. ഉണങ്ങിയ അസ്ഥികളേ യഹോവയുടെ വചനം കേൾപ്പീൻ, യഹോവ അരുളിച്ചെയ്യുന്നു, നിങ്ങൾ ജീവിക്കേണ്ടതിന് ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും. ഞാൻ നിങ്ങളുടെ മേൽ ഞരമ്പ് വെച്ചു പിടിപ്പിച്ച് നിങ്ങളെ ത്വക്കുകൊണ്ടു പൊതിഞ്ഞ് നിങ്ങൾ ജീവിക്കേണ്ടതിന് നിങ്ങളിൽ ശ്വാസം വരുത്തും” (യെഹെ. 37:5, 6).

പ്രവാചകന് ഒരു സന്ദേഹവുമുണ്ടായിരുന്നില്ല. ഏറ്റവും ഉണങ്ങിയ അസ്ഥികൾ താൻ പറയുന്നത് എങ്ങനെ കേൾക്കും എന്ന് പ്രവാചകൻ ചിന്തിച്ചതേയില്ല. അല്ലെങ്കിൽ തന്നെ ഇവിടെ അസ്ഥികൾ കേൾക്കുന്നുവോ ഇല്ലയോ എന്നത് പ്രസക്തമായിരുന്നില്ല. പ്രവാചകൻ ദൈവത്തിന്റെ മനസ്സിനൊപ്പം നിൽക്കുന്നുവോ എന്നതു മാത്രമായിരുന്നു പ്രധാനം. പ്രവാചകൻ പ്രവചിച്ചു കൊണ്ടിരുന്നപ്പോൾ ഒരു മുഴക്കം കേട്ടു. തുടർന്ന് ഭൂകമ്പം ഉണ്ടായി. അസ്ഥി അസ്ഥിയോടു വന്നു ചേർന്നു. അവയുടെ മേൽ ഞരമ്പും മാംസവും വന്നതും അവയുടെ മേൽ ത്വക്ക് പൊതിഞ്ഞതും പ്രവാചകൻ കണ്ടു. ദൈവം രൂപാന്തരപ്പെടുത്തുന്ന

വനായി ഇരിക്കുമ്പോൾ തന്നെ തന്റെ അഭിഷിക്തന്മാർക്കും അതേ ശുശ്രൂഷ അവൻ നൽകിയിട്ടുണ്ട്. യഹോവ കല്പിക്കുന്നു എന്ന് പ്രവാചകൻ പ്രവചിച്ചു കഴിഞ്ഞതിനു ശേഷമാണ് ഭൂകമ്പമുണ്ടായതും അസ്ഥി അസ്ഥിയോടു വന്നു ചേർന്നതും. വ്യക്തികളിൽ കുടുംബ ങ്ങളിൽ സഭകളിൽ അതുപോലെ പലരുടെയും ജീവിത സാഹചര്യ ങ്ങളിൽ രൂപാന്തരശക്തി വ്യാപരിക്കേണ്ടത് അത്യാവശ്യമാണെന്ന് ദൈവം അറിയുന്നുണ്ട്. ഈ കാലഘട്ടത്തിൽ അതിനായി ദൈവം തന്റെ അഭിഷിക്തന്മാരെ ചുമതലപ്പെടുത്തുകയാണു ചെയ്യുന്നത്.

നിങ്ങളുടെ ജീവിതത്തിൽ ദൈവം രൂപാന്തരശക്തി നൽകി നിയമിച്ചിരിക്കുന്നത് അസ്ഥിതാഴ്വരകളുടെ ശോചനീയത കണ്ട് വിലപിക്കുവാനല്ല. അവയിൽ ഒരു മഹാസൈന്യത്തെ സ്വപ്നം കാണു വാനാണ്. അവ കേൾക്കുന്നില്ലങ്കിലും അവയോടു ചിലതു വിളിച്ചു പറയുവാനാണ്. അവയെ രൂപാന്തരപ്പെടുത്തുവാനാണ്. ഈ നിഹതന്മാർ ജീവിക്കേണ്ടതിന് അവരുടെമേൽ ഊതുക എന്ന് കർത്താവു കല്പിക്കുന്നു എന്ന് കാറ്റിനോടു പ്രവാചകൻ പ്രവചിച്ചു കഴിഞ്ഞപ്പോൾ വലിയ സൈന്യത്തിന്റെ ആരവം അവിടെ മുഴങ്ങി ത്തുടങ്ങി.

പഴയനിയമപ്രവാചകരോട് യഹോവ വന്ന് ഇതുപോലെ പറയുക, ഇങ്ങനെ പ്രവചിക്കുക എന്ന് അരുളിച്ചെയ്തതിനുശേഷമായിരുന്നു അവരുടെ വാക്കുകളിൽ രൂപാന്തരശക്തി വന്നിരുന്നത്. എന്നാൽ പ്രവൃത്തി 2-ാം അദ്ധ്യായത്തിനുശേഷം പരിശുദ്ധാത്മാവ് രൂപാന്തര ശക്തിയുമായി നമ്മിൽ വസിക്കുകയാണ്. ഇപ്പോൾ ഒരു അഭിഷിക്തൻ എത്തപ്പെടുന്ന ഏതു താഴ്വരകളിലും ഏതു സാഹചര്യങ്ങളിലും ദൈവത്തിന്റെ പകരക്കാരനായി നിന്ന് ദൈവഹിതത്തിനായി വ്യക്തികളിൽ, ജീവിത സാഹചര്യങ്ങളിൽ വലിയ മാറ്റം പകരുവാൻ നിയോഗിതനാണ്. കുറേ പ്രസംഗങ്ങളും പാട്ടുകളും പ്രാർത്ഥനയുമായി ദിവസങ്ങൾ പോക്കുന്നവരായി നാം തീരരുത്. ദൈവത്തിന്റെ വ്യാപാര ശക്തി നമ്മിൽ മാത്രം കെട്ടിക്കിടക്കുകയുമരുത്. അത് അതിവേഗത്തിൽ പകരപ്പെടേണ്ടത് ആവശ്യമാണ്.

“ഭൂമിയുടെ അറ്റത്തോളം” എന്നതാണ് ദൈവം നൽകിയിരിക്കുന്ന ശുശ്രൂഷയുടെ വ്യാസം. ദൈവം തന്റെ രൂപാന്തരശക്തി ശിഷ്യന്മാരി ലേക്കു പകർന്നപ്പോൾ ഗലീലയിൽ നിന്ന്, യെരുശലേമിൽ നിന്ന്, പുറത്തേക്ക് അത് അവരെ കൊണ്ടുചെന്നു. രൂപാന്തരശക്തി ഇപ്പോൾ അവന്റെ അഭിഷിക്തരായ നമ്മിലും പരിശുദ്ധാത്മാവിലൂടെ പകര





പ്പെട്ടിരിക്കുകയാണ്. അതോടൊപ്പം ഒരു രൂപാന്തരം സംഭവിക്കുവാ നായി ജനലക്ഷങ്ങൾ കാത്തിരിക്കുകയാണ്.

*ഏതു സാഹചര്യത്തെയും ദൈവം മാറ്റിമറിക്കാറുണ്ട്. അതേ അധികാരം അവൻ തന്റെ ശുശ്രൂഷകർക്കും നൽകിയിട്ടുണ്ട്. (വചനഭാ ഗങ്ങൾ: യെഹെസ്ക്കേൽ 37).*

**നിങ്ങൾ ഒരു ക്രൈസ്തവ എഴുത്തുകാരനോ, പ്രാസംഗികനോ, ഗായകനോ ആണോ ?**



**നിങ്ങളുടെ എഴുത്തുകൾ, സന്ദേശങ്ങൾ, ഗാനങ്ങൾ**
**ലോകമെമ്പാടുമുള്ള മലയാളി ക്രൈസ്തവ വിശ്വാസി സമൂഹവുമായി പങ്ക് വെയ്ക്കുവാൻ ആഗ്രഹിക്കുന്നുവോ ?**

**ഇതാ GodsOwnLanguage.com നിങ്ങൾക്കായി നൽകുന്നു.**
**ഒരു സൗജന്യ പേജും, അൺലിമിറ്റഡ് സ്പേസും...!!**

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക :
www.GodsOwnLanguage.com godsownlanguage@gmail.com

**ക്ഷമിക്കണം, ഞങ്ങൾ പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതല്ല...**

**WWW.GODSOWNLANGUAGE.COM**

**സൗജന്യ മലയാള ക്രൈസ്തവ റിസോഴ്സ് വെബ്സൈറ്റ്**



സമ്പൂർണ്ണ മലയാളം ബൈബിൾ ( പി. ഡി. എഫ് & യൂണിക്കോഡ് ), ഓൺലൈൻ റേഡിയോ, ലൈവ് ടി.വി., ലേഖനങ്ങൾ, പുസ്തകങ്ങൾ, ക്രൈസ്തവ മാസികകൾ–പത്രങ്ങൾ, പാട്ടു പുസ്തകങ്ങൾ, ട്രാക്റ്റുകൾ, ബൈബിൾ വോൾപേപ്പറുകൾ, പ്രസംഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, ഓഡിയോ ബൈബിൾ, ബൈബിൾ കഥകൾ, ഗാനങ്ങൾ, കുട്ടികൾക്കുള്ള ഗാനങ്ങൾ, നിരവധി ഓഡിയോ – വീഡിയോ മെറ്റീരിയലുകൾ, ബൈബിൾ സോഫ്റ്റ്വെയറുകൾ, മൊബൈല് ആപ്ലിക്കേഷനുകൾ തുടങ്ങി ഒട്ടനേകം മലയാള ക്രൈസ്തവ വിഭവങ്ങൾ.... അതും തികച്ചും സൗജന്യമായി......



facebook WWW.FACEBOOK.COM/GODSOWNLANGUAGE


# ദൈവം മനസ്സിൽ സൂക്ഷിച്ച ഉണർവ്

അകലെ കുന്നിൻ മുകളിലായി മുനിഞ്ഞു കത്തുന്ന ഒരു റാന്തൽ നാളം പോലെയാണ് ഈ പുസ്തകം. നിങ്ങളുടെ വഴി കാണിച്ചു തരുവാൻ അതിനാവില്ല. പക്ഷേ ഒരു തിരി നാളമുണ്ടെങ്കിൽ മുൻപോട്ടുള്ള പാത എത്രയോ സുഗമമായേനേ എന്ന് നിങ്ങൾ ചിന്തിക്കുവാൻ ഇത് കാരണമാകും. നിങ്ങൾ സ്വയം തെളിയിക്കേണ്ട ആ വെളിച്ചത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുന്ന പ്രകാശനുറുങ്ങുകൾ ഇതിലുണ്ടാവും. വാസ്തവത്തിൽ ദൈവമനസ്സിനരികിലേക്ക് ഒരു യാത്ര പോകുവാൻ ക്ഷണിക്കുകയാണ് ഈ പുസ്തകം ചെയ്യുന്നത്. അവിടെയാണ് നിങ്ങളുടെ ആത്മീയ ഉണർവ്വുകൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. നിഗൂഢമായ ഒരു ധ്യാനത്തിലെന്ന പോലെ ഒളിച്ചു കഴിയുന്ന അന്തരാത്മാവ് തിരിച്ചറിവുകളിലേക്ക് കടക്കുന്നത് അവിടെ എത്തുമ്പോൾ മാത്രമായിരിക്കും.



**സുനിൽ വർഗീസ്**

ജനനം 1981 ജൂലൈ 28 ന് പത്തനംതിട്ട ജില്ലയിൽ. കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ നിന്ന് ഗണിതശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം. കോളജ് കാലയളവിൽ എഴുതി തുടങ്ങി. ക്രൂശിതന്റെ കണ്ണീരുകൾ എന്ന നോവലും നിരവധി ചെറുകഥകളും ലേഖനങ്ങളും പഠനങ്ങളും വിവിധ മാസികകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ബാംഗ്ലൂരിൽ അദ്ധ്യാപകവൃത്തിയോടൊപ്പം കർത്തൃശുശ്രൂഷയിലും ഏർപ്പെട്ടിരിക്കുന്നു. ഭാര്യ: ഷീന സുനിൽ, മകൻ: ആരോൺ.


SONORA
PUBLISHING
Kozhencherry - 689 641, Pathanamthitta Dist
Phone: 0097444118954; Mob. 09605050050
E-mail: sonora64@gmail.co,